## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിയഞ്ചാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24 -ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിയഞ്ചാമത് റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

332/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 124 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 157 |
| അനുബന്ധം III : സംസ്ഥാനത്തെ ഖരമാലിന്യസംസ്കരണ ശാലകൾ സംബന്ധിച്ച വിവരങ്ങൾ | .. | 332 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014 -2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# ആമുഖം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അറുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ഉപഭോഗരീതികളിൽ പ്രതിദിനമുണ്ടാകുന്ന മാറ്റങ്ങളും കേരളത്തിലെ ഖരമാലിന്യങ്ങളുടെ അളവിൽ ഗണ്യമായ വർദ്ധനയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനങ്ങൾക്കും, പരിസ്ഥിതിക്കും താങ്ങാൻ കഴിയുന്നതിനും അപ്പുറത്തേക്ക് മാലിന്യങ്ങളുടെ പുറന്തള്ളൽ വർദ്ധിച്ചുകഴിഞ്ഞു.

44 പുഴകളും, ലക്ഷക്കണക്കിന് കിണറുകളും, ആയിരക്കണക്കിന് കുളങ്ങളും, എണ്ണമറ്റ തോടുകളും, ജലസ്രോതസ്സുകളുമുള്ള കേരളം പോലൊരു ചെറിയ ഭൂപ്രദേശത്ത് ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ ദിവസവും സംസ്കരിക്കപ്പെടാതിരിക്കുമ്പോൾ പ്രശ്നം വളരെ സങ്കീർണ്ണമായി മാറുന്നു. വർഷത്തിൽ ശരാശരി 160 ദിവസമെങ്കിലും കേരളത്തിൽ മഴ ലഭിക്കുന്നു. അതുകൊണ്ട് തന്നെ മാലന്യസംസ്കരണം ശരിയായി നടക്കാതിരുന്നാൽ കടുത്ത ആരോഗ്യപ്രശ്നങ്ങൾക്കും, ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും അത് കാരണമാകും.

കേരളത്തിലെ ഉയർന്ന ജനസാന്ദ്രത, മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനും വിജയകരമായി പ്രവർത്തിപ്പിക്കാനും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചതുരശ്ര കിലോമീറ്ററിന് 859 പേർ എന്നതാണ് സംസ്ഥാനത്തെ ജനസാന്ദ്രത. എന്നാൽ നഗരപ്രദേശങ്ങളിൽ ഇത് ചതുരശ്ര കിലോമീറ്ററിന് 3000-ത്തിനും മേലെയാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളത്തിലെ നഗരജനസംഖ്യയിൽ 95%-ത്തിന്റെ വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. ഖരമാലിന്യ ഉൽപ്പാദനത്തിൽ കുതിച്ചുചാട്ടമാണ് കേരളത്തിലുണ്ടാവാൻ പോകുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. ഖരമാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്നുതന്നെ കൃത്യമായി വേർതിരിച്ച് ശേഖരിക്കാൻ കഴിയാതെ പോകുന്നതാണ്, മാലിന്യ സംസ്കരണരംഗത്തെ പ്രതിസന്ധിയുടെ കാരണങ്ങളിൽ പ്രധാനം. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഗുണകരമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ മാത്രമേ ഈ സ്ഥിതിയിൽ മാറ്റം വരുത്താനാവൂ.

കേരളത്തിൽ ഒരു ടൺ ഖരമാലിന്യം പരിപാലനം ചെയ്യുന്നതിന് 1,200 രൂപ മുതൽ 2,400 രൂപ വരെയാണ് ചെലവ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ നോക്കുമ്പോൾ കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും മാലിന്യ പരിപാലനത്തിനായി സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്നത്. പക്ഷേ, ഇത്തരമൊരു കനത്ത മുതൽമുടക്കിന് അനുസൃതമായ പ്രയോജനം ലഭിക്കുന്നില്ല എന്നു മാത്രമല്ല, പകർച്ചവ്യാധികൾ പടരാൻ പാകത്തിൽ കേരളം മലിനമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രത കൂടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇക്കാരണത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമം അനുശാസിക്കുന്ന ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് മാലിന്യസംസ്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയുന്നില്ല. പൊതുജനങ്ങളിൽ നിന്നുള്ള ശക്തമായ എതിർപ്പുമൂലം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാലിന്യസംസ്കരണ കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

ഖരമാലിന്യങ്ങൾമൂലമുള്ള പ്രതിസന്ധികൾ സംസ്ഥാനത്ത് രൂക്ഷമായി കൊണ്ടിരിക്കുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ ഖരമാലിന്യ പരിപാലന പദ്ധതികൾ ഇല്ല എന്നുള്ളത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. തദ്ദേശസ്ഥാപനങ്ങൾ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പുലർത്തുന്ന ഉദാസീനതയാണ് പൊതുജന പ്രക്ഷോഭങ്ങൾക്ക് കാരണമായിത്തീരുന്നത്.

കേരളത്തിലെ ഖരമാലിന്യങ്ങളിൽ 80%-ത്തോളം ജൈവമാലിന്യങ്ങളാണ്. ജൈവമാലിന്യങ്ങൾ അഴുകുമ്പോൾ 25-30% വരെ മീഥേനായി മാറും. തുറസായ സ്ഥലങ്ങളിൽ കിടന്നഴുകുന്ന മാലിന്യങ്ങൾ അന്തരീക്ഷത്തിലേക്ക് മീഥേൻ വാതകം വ്യാപിക്കാൻ ഇടയാക്കുന്നു. കാർബൺ ഡൈഓക്സൈഡിനേക്കാൾ 20 മടങ്ങ് ആഗോളതാപനശേഷിയുള്ള വാതകമാണ് മീഥേൻ. ഇത് ബയോഗ്യാസായി ഊർജ്ജാവശ്യത്തിന് ഉപയോഗിക്കുവാൻ സാധ്യതയുള്ളതുമാണ്.

ലോകം 1950-കളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയായ വിൻഡ്രോകമ്പോസ്റ്റിങ്ങാണ് മാലിന്യസംസ്കരണത്തിനായി കേരളത്തിൽ ഉപയോഗിക്കുന്നത്. കേന്ദ്രനിയമങ്ങളും വിൻഡ്രോ കമ്പോസ്റ്റിങ് ആണ് നഗരമാലിന്യസംസ്കരണത്തിന് മുഖ്യമായും ശിപാർശ ചെയ്യുന്നത്. എന്നാൽ കേരളത്തിന് അനുയോജ്യമല്ലാത്ത സാങ്കേതികവിദ്യയാണിത്. വിൻഡ്രോ കമ്പോസ്റ്റിങ് നടത്താൻ അന്തരീക്ഷ ആർദ്രത 55%-ത്തിൽ കൂടാൻ പാടില്ല. എന്നാൽ, ഇന്ത്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നായ കേരളത്തിൽ അന്തരീക്ഷ ആർദ്രത പൊതുവേ ഇതിലും കൂടുതലായിരിക്കും. മഴക്കാലത്ത് കേരളത്തിലെ അന്തരീക്ഷ ആർദ്രത 90%-നും മേലേയാണ്. ഖരമാലിന്യ പരിപാലന രംഗത്ത് കേരളം പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

പരമ്പരാഗതമായ മാലിന്യപ്രശ്നങ്ങളിൽ വ്യക്തമായ ആസൂത്രണവും പ്രവർത്തനങ്ങളും ഇല്ലാത്ത അവസ്ഥയിലാണ് ഇ-മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ഭീഷണിയുമുള്ളത്. ഏറ്റവും അപകടകാരികളായ മാലിന്യങ്ങളുടെ ഗണത്തിൽപ്പെടുന്ന ഇ-മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും കൈകാര്യം ചെയ്യാൻ സംസ്ഥാനത്ത് യാതൊരു സംവിധാനവുമില്ല. നാല് നൂറ്റാണ്ടിലേറെക്കാലം ജീർണ്ണിക്കാൻ സമയമെടുക്കുന്ന പ്ലാസ്റ്റിക് വലിയൊരു വിപത്തായി മാറിക്കഴിഞ്ഞു.

കേന്ദ്രീകൃതമായ ഖരമാലിന്യപരിപാലന സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഇപ്പോഴുള്ളത്. എന്നാൽ വളരെ ചെറിയൊരു വിജയശതമാനം മാത്രമേ ഇതിനുള്ളുവെന്ന് ഉദാഹരണങ്ങൾ തെളിയിക്കുന്നു. കൂടാതെ ലോകം കൈയൊഴിഞ്ഞ ഖരമാലിന്യസംസ്കരണ മാതൃക കൂടിയാണിത്. വികേന്ദ്രീകൃതമായ ഖരമാലിന്യസംസ്കരണ പരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാകൂ. ഇപ്പോൾ ഈ ദിശയിലാണ് സർക്കാരിന്റെയും പ്രവർത്തനങ്ങൾ.

## 3.1.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

**ഇനിപ്പറയുന്നവയായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ഉറവിടം, ഉൽപ്പാദനം, സംസ്കരണം എന്നിവയെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടുണ്ടോ?
- ഖരമാലിന്യങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നുണ്ടോ?
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ ശേഖരണ സംവിധാനം കാര്യക്ഷമമാണോ? മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോ?
- ഖരമാലിന്യ സംസ്കരണത്തിനായി തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ? ഖരമാലിന്യസംസ്കരണ പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും ശരിയായി പ്രവർത്തിക്കുന്നുണ്ടോ?
- ഖരമാലിന്യപരിപാലനാർത്ഥം ചെലവഴിച്ച തുകകൾ ഗുണകരമായി തീർന്നിട്ടുണ്ടോ? ഈ മേഖലയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാണോ?
- മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോ?
- മാലിന്യസംസ്കരണാർത്ഥം തദ്ദേശസ്ഥാപനങ്ങൾ ഭൂമി വാങ്ങിയിട്ടുണ്ടോ? ആയത് പ്രയോജനപ്പെടുത്തുന്നുണ്ടോ?
- പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോ?
- ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് മലിനീകരണനിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവയുടെ സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോ?

- മാലിന്യസംസ്കരണത്തിന് ജനകീയ പ്രക്ഷോഭങ്ങൾ തടസ്സമാകുന്നുണ്ടോ? അവ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ട നടപടികളേവ?
- ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയുടെ പരിപാലനം എത്രത്തോളം കാര്യക്ഷമമാണ്?

### 3.1.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

- 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(എ) മുതൽ 219(എസ്) വരെയുള്ള വകുപ്പുകൾ.
- 1994-ലെ കേരള മുനിസിപ്പൽ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ.
- 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ.
- 1998-ലെ ആശുപത്രി മാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ.
- 2011-ലെ ഇ-മാലിന്യ(പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ.
- സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും.
- ശുചിത്വ മിഷന്റെ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും.
- മുനിസിപ്പൽ ഖരമാലിന്യപരിപാലന മാന്വലിലെ പ്രസക്തഭാഗങ്ങൾ.
- ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും നയപരിപാടികളും.

### 3.1.4 ഓഡിറ്റിന്റെ രീതി, വ്യാപ്തി

കേരളത്തിലെ 45 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2010-11, 2011-12 വർഷങ്ങളിൽ ഖരമാലിന്യപരിപാലന രംഗത്ത് നടന്നിട്ടുള്ള പ്രവർത്തനങ്ങൾ 2012 സെപ്റ്റംബർ, നവംബർ മാസങ്ങളിലായി പ്രവർത്തനക്ഷമതാപരിശോധനയ്ക്ക് വിധേയമാക്കി. മേൽ തദ്ദേശസ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, നേരിട്ടുള്ള സ്ഥലസന്ദർശനം, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള വിവരശേഖരണം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠനം നടത്തിയ സ്ഥാപനങ്ങളിൽ 23 എണ്ണം ഗ്രാമപഞ്ചായത്തുകളും 17 എണ്ണം നഗരസഭകളും 5 എണ്ണം സിറ്റി കോർപ്പറേഷനുകളുമാണ്.

## 3.1.5 ഓഡിറ്റ് കണ്ടെത്തലുകൾ

### 1. കേരളത്തിലെ മാലിന്യങ്ങളുടെ ഉൽപ്പാദനം—കണക്കുകൾ ലഭ്യമല്ല

കേരളത്തിൽ പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ചുള്ള ആധികാരികമായ കണക്കുകൾ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങളും തുലോം കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന മാലിന്യ ഉൽപ്പാദനത്തിന്റെ കൃത്യമായ കണക്കുകൾ സൂക്ഷിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ടെങ്കിലും, അതൊട്ടും തന്നെ പാലിക്കപ്പെടുന്നില്ല. ഖരമാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്താൻ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗം തികച്ചും അശാസ്ത്രീയമാണ്. ഓരോ ദിവസവും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവിനനുസരിച്ച് മാത്രമാണ് ആകെ ഖരമാലിന്യങ്ങളുടെ അളവ് കണക്കാക്കുന്നത്. ഖരമാലിന്യങ്ങൾ സംസ്കരണത്തിന് കൊണ്ടുപോകുന്നതിനുമുമ്പ് അളവ് തിട്ടപ്പെടുത്താനുള്ള സംവിധാനങ്ങൾ നിലവിലുള്ള നഗരസഭകൾ/മുനിസിപ്പാലിറ്റികൾ വിരലിൽ എണ്ണാവുന്നവയാണ്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന കണക്കുകൾ ഒട്ടും തന്നെ ആധികാരികമല്ല. വിവിധ സ്രോതസ്സുകളിൽ നിന്ന് ദിനംപ്രതിയുള്ള മാലിന്യ ഉൽപ്പാദനത്തിന്റെ തോതുകളും ശരിയായി കണക്കാക്കപ്പെട്ടിട്ടില്ല.

ഖരമാലിന്യപരിപാലന സംവിധാനത്തിലെ വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് ഉൽപ്പാദിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവ് ശരിയായി തിട്ടപ്പെടുത്തുക എന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാര്യക്ഷമമായ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ സാധ്യമാകൂ. കേരളം അതീവഗുരുതരമായ ഖരമാലിന്യസംസ്കരണ പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോഴും അടിസ്ഥാനപരമായ വിവരശേഖരണം പോലും നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് വലിയ വീഴ്ചയാണ്. അടിസ്ഥാന വിവരങ്ങളുടെ അഭാവമാണ് ഖരമാലിന്യ പരിപാലന പദ്ധതികൾ പാളിപ്പോകുന്നതിന്റെ പിന്നിലെ പ്രധാന കാരണം.

കേരളത്തിലെ ഖരമാലിന്യ ഉൽപ്പാദനത്തെക്കുറിച്ചുള്ള സമഗ്ര പഠന റിപ്പോർട്ടുകൾ ദുർലഭമാണ്. ഈ മേഖലയിൽ നടന്നിട്ടുള്ള എടുത്തു പറയാവുന്ന പഠനം 2006-ൽ കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി (കെ.എസ്.യു.ഡി.പി.) നടത്തിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഖരമാലിന്യ ഉൽപ്പാദനത്തെ കുറിച്ചുള്ള ഒരു പഠന റിപ്പോർട്ട് ശുചിത്വ മിഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിലെ ഖരമാലിന്യ ഉൽപ്പാദനം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ജനസംഖ്യ (2001) | പ്രതിശീർഷ മാലിന്യ ഉൽപ്പാദനം (ഗ്രാം) | ആകെ മാലിന്യ ഉൽപ്പാദനം (ടൺ/ പ്രതി ദിനം) | ജനസംഖ്യ (2006) | പ്രതിശീർഷ മാലിന്യ ഉൽപ്പാദനം (ഗ്രാം) | ആകെ മാലിന്യ ഉൽപ്പാദനം (ടൺ/ പ്രതിദിനം) |
|---|---|---|---|---|---|---|
| കോർപ്പറേഷനുകൾ (5) | 2456618 | 435 | 1069 | 2543812 | 465 | 1183 |
| മുനിസിപ്പാലിറ്റികൾ (53) | 2731093 | 250 | 683 | 2328030 | 268 | 758 |
| ഗ്രാമപഞ്ചായത്തുകൾ (999) | 23574449 | 175 | 4126 | 24411200 | 187 | 4565 |
| ആകെ ഖരമാലിന്യ ഉൽപ്പാദനം | | | 5878 (2001) | | | 6506 (2006) |

(അവലംബം : *ശുചിത്വ മിഷൻ പഠനറിപ്പോർട്ട്—2006*)

കേരളത്തിലെ പ്രതിശീർഷ മാലിന്യഉൽപ്പാദനം 2006-ലെ കണക്കുകൾ പ്രകാരം 306.6 ഗ്രാമാണ്. കോർപ്പറേഷനുകളിൽ ഇത് കൂടുതലും, ഗ്രാമപഞ്ചായത്തുകളിൽ കുറവുമാണ്.

ലോകബാങ്കിന്റെ നഗരവികസന വിഭാഗം (കിഴക്കൻ ഏഷ്യ-പസഫിക് മേഖല), ഖരമാലിന്യ ഉൽപ്പാദനത്തിൽ പ്രതിവർഷമുണ്ടാകുന്ന വർദ്ധനവിന്റെ തോതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ഖരമാലിന്യ ഉൽപ്പാദനത്തിൽ പ്രതിവർഷമുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ തോതും കണ്ടെത്തിയിട്ടുണ്ട്. ആകെ ദേശീയോൽപ്പാദനം (ജി.എൻ.പി.), പ്രതിശീർഷ മാലിന്യ ഉൽപ്പാദനം എന്നിവ തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ, പ്രതിവർഷം മാലിന്യ ഉൽപ്പാദനത്തിലുണ്ടാകുന്ന വർദ്ധനവിന്റെ നിരക്ക് 1.4% ആണെന്നാണ് ലോകബാങ്ക് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഖരമാലിന്യ ഉൽപ്പാദനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് ഇനിപ്പറയും പ്രകാരമാണ്.

### കേരളത്തിലെ പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം

| തദ്ദേശസ്വയംഭരണ സ്ഥാപനം | ആകെ ഖരമാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം) | | | | | | |
|---|---|---|---|---|---|---|---|
| | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 |
| കോർപ്പറേഷനുകൾ | 1183 | 1200 | 1216 | 1233 | 1250 | 1268 | 1285 |
| മുനിസിപ്പാലിറ്റികൾ | 758 | 769 | 780 | 791 | 801 | 812 | 823 |
| ഗ്രാമപഞ്ചായത്തുകൾ | 4561.5 | 4629 | 4694 | 4760 | 4827 | 4895 | 4964 |
| ആകെ ഖരമാലിന്യ ഉൽപ്പാദനം | 6502.5 | 6598 | 6690 | 6784 | 6878 | 6975 | 7072 |

ഖരമാലിന്യ ഉൽപ്പാദനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ, 2012-ൽ കേരളത്തിലെ പ്രതിദിന മാലിന്യ ഉൽപ്പാദനം 7072 ടണ്ണാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ പ്രതിവർഷമുള്ള ഖരമാലിന്യോൽപ്പാദനത്തിന്റെ അളവ് പട്ടികയിൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ പ്രതിവർഷ ഖരമാലിന്യ ഉൽപ്പാദനം

| തദ്ദേശസ്വയംഭരണ സ്ഥാപനം | ആകെ ഖരമാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം) | | |
|---|---|---|---|
| കോർപ്പറേഷനുകൾ | 456250 | 462820 | 469025 |
| മുനിസിപ്പാലിറ്റികൾ | 292365 | 296380 | 300395 |
| ഗ്രാമപഞ്ചായത്തുകൾ | 1761855 | 1786675 | 1811860 |
| ആകെ ഖരമാലിന്യ ഉൽപ്പാദനം | 2510470 | 2545875 | 2581280 |

കേരളത്തിലെ പ്രതിവർഷ ഖരമാലിന്യ ഉൽപ്പാദനം 2012-ൽ 25.81 ലക്ഷം ടൺ ആണ്.

### ഖരമാലിന്യത്തിന്റെ അളവ്—തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന കണക്കുകളിൽ വൈരുദ്ധ്യം

കേരളത്തിലെ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും തങ്ങളുടെ പരിധികളുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവിനെക്കുറിച്ച് നൽകുന്ന കണക്കുകൾ പൊരുത്തപ്പെടുന്നവയല്ല. 2010-11 വർഷത്തിലെ വാർഷിക പത്രികയുടെ ഭാഗമായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന് നൽകിയ കണക്കുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയ കണക്കുകളും തമ്മിൽ വൈരുദ്ധ്യമുണ്ട്. ഉദാഹരണങ്ങൾ പട്ടികയിൽ

| കോർപ്പറേഷൻ | പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം (ടൺ) | |
|---|---|---|
| | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയ പത്രികയിലെ കണക്ക് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയ കണക്ക് |
| തിരുവനന്തപുരം | 100 | 328.77 |
| കൊല്ലം | 110 | 45 |
| കൊച്ചി | വിവരം നൽകിയിട്ടില്ല | 250 |
| തൃശ്ശൂർ | 33 | 80 |
| കോഴിക്കോട് | 300 | 70.1 |

| മുനിസിപ്പാലിറ്റി | പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം (ടൺ) | |
|---|---|---|
| | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയ പത്രികയിലെ കണക്ക് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയ കണക്ക് |
| തിരുവല്ല | 15 | 0.54 |
| കായംകുളം | 16 | 12.87 |
| ആലപ്പുഴ | 57.5 | വിവരം നൽകിയിട്ടില്ല |
| ചങ്ങനാശ്ശേരി | 12 | 6 |
| കോട്ടയം | 30 | വിവരം നൽകിയിട്ടില്ല |
| ആലുവ | വിവരം നൽകിയിട്ടില്ല | 18 |
| പെരുമ്പാവൂർ | വിവരം നൽകിയിട്ടില്ല | 0.60 |
| തിരൂർ | 15 | 6 |
| തലശ്ശേരി | 40 | വിവരം നൽകിയിട്ടില്ല |
| കണ്ണൂർ | 35 | 21.9 |
| കാസർഗോഡ് | 15 | 0.68 |

തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവിനെ സംബന്ധിച്ച് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൃത്യമായ ധാരണയില്ലെന്ന് മേൽകണക്കുകൾ വ്യക്തമാക്കുന്നു. ഒരു ഏജൻസിക്കും വകുപ്പിനും

ഒരേ വിഷയം സംബന്ധിച്ച് നൽകിയ കണക്കുകളിലാണ് ഇത്രയും വലിയ അന്തരമുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ ഗൗരവം ഈ വിഷയത്തിൽ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

**ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ കൃത്യമായ പഠനം നടത്തുന്നില്ല**

ഖരമാലിന്യ പരിപാലന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാനും വിജയകരമായി നടത്തിക്കൊണ്ടുപോകാനും വിവരശേഖരണം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ ഒട്ടുംതന്നെ ആശാവഹമല്ല. തങ്ങളുടെ പരധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെപ്പറ്റിയുള്ള പഠനവും, വിവരശേഖരണവും നടത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിരളമാണ്. ഖരമാലിന്യപരിപാലന സംവിധാനങ്ങൾ പരാജയപ്പെടാൻ ഇതു കാരണമാകുന്നു. ഖരമാലിന്യങ്ങളെപ്പറ്റി വിവിധ തദ്ദേശസ്ഥാപനങ്ങൾ നടത്തിയിട്ടുള്ള പഠനങ്ങൾ/വിവരശേഖരണങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ;

| ഗ്രാമപഞ്ചായത്ത് | പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ) | ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനം/വിവരശേഖരണം |
|---|---|---|
| പോത്തൻകോട് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| കൊട്ടാരക്കര | 2500 | പഠനം നടത്തിയിട്ടുണ്ട് |
| ചിറ്റാർ | 550 | പഠനം നടത്തിയിട്ടില്ല |
| കട്ടപ്പന | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ഉഴവൂർ | 45 | പഠനം നടത്തിയിട്ടില്ല |
| വടവുകോട്-പുത്തൻകുരിശ് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| അരിമ്പൂർ | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ആലത്തൂർ | 1157 | പഠനം നടത്തിയിട്ടുണ്ട് |
| കൊണ്ടോട്ടി | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| സുൽത്താൻ ബത്തേരി | 1700 | പഠനം നടത്തിയിട്ടില്ല |
| മുഴപ്പിലങ്ങാട് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| മംഗൽപാടി | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |

മിക്ക ഗ്രാമപഞ്ചായത്തുകളും ഖരമാലിന്യങ്ങളെപ്പറ്റി പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്ന് പട്ടിക വ്യക്തമാക്കുന്നു. കൂടാതെ വ്യക്തമായ പഠനം നടത്താതെയാണ് പല പഞ്ചായത്തുകളും മാലിന്യങ്ങളുടെ അളവിനെപ്പറ്റി നിഗമനത്തിൽ എത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ അവസ്ഥയും വ്യത്യസ്തമല്ല. വിശദാംശങ്ങൾ പട്ടികയിൽ

| മുനിസിപ്പാലിറ്റികൾ | പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ) | ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനം/വിവരശേഖരണം |
|---|---|---|
| തിരുവല്ല | 200 | പഠനം നടത്തിയിട്ടില്ല |
| കായംകുളം | 4700 | പഠനം നടത്തിയിട്ടില്ല |
| ആലപ്പുഴ | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ചങ്ങനാശ്ശേരി | 2190 | പഠനം നടത്തിയിട്ടില്ല |
| കോട്ടയം | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ആലുവ | 6570 | പഠനം നടത്തിയിട്ടുണ്ട് |
| പെരുമ്പാവൂർ | 219 | പഠനം നടത്തിയിട്ടില്ല |
| തിരൂർ | 21900 | പഠനം നടത്തിയിട്ടില്ല |
| തലശ്ശേരി | 7200 | പഠനം നടത്തിയിട്ടില്ല |
| കണ്ണൂർ | 8000 | പഠനം നടത്തിയിട്ടുണ്ട് |
| കാസർഗോഡ് | 250 | പഠനം നടത്തിയിട്ടില്ല |

മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ നിലവിൽ വന്നിട്ട് 12 വർഷങ്ങൾ കഴിഞ്ഞിട്ടും, ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള ഏറ്റവും അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ പോലും നടത്താൻ പല മുനിസിപ്പാലിറ്റികൾക്കും കഴിഞ്ഞിട്ടില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഖരമാലിന്യങ്ങളെപ്പറ്റി കൃത്യമായ പഠനങ്ങൾ നടത്തി വ്യക്തമായ കണക്കുകൾ തയ്യാറാക്കാൻ മുനിസിപ്പാലിറ്റികൾ അടിയന്തരനടപടികൾ കൈക്കൊള്ളണം.

## 2. ഖരമാലിന്യങ്ങളുടെ ഉറവിടങ്ങൾ

ശാസ്ത്രീയമായ ഖരമാലിന്യ പരിപാലന പദ്ധതിക്ക് ഉറവിടങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണ അത്യന്താപേക്ഷിതമാണ്. കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉറവിടങ്ങൾക്ക് ഏകീകൃതമായ സ്വഭാവമാണുള്ളത്. കേരളത്തിലെ ആകെ ഖരമാലിന്യങ്ങളുടെ 80%-ന്റെയും ഉറവിടം വീടുകളാണെന്നാണ് ശുചിത്വ മിഷൻ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഹോട്ടലുകൾ, തെരുവുകൾ, ആശുപത്രികൾ, നിർമ്മാണരംഗം, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയാണ് കൂടുതൽ ഖരമാലിന്യങ്ങൾ പുറന്തള്ളുന്ന മറ്റു മേഖലകൾ.

## 3. ഖരമാലിന്യങ്ങളുടെ ഘടന

ഒരു പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ ഘടനയിൽ അവിടത്തെ കാലവാസ്ഥയും ജീവിതരീതികൾക്കും നിർണ്ണായകമായ സ്വാധീനമുണ്ട്. കേരളത്തിലെ ഖരമാലിന്യങ്ങളുടെ 78% വരെ ജൈവ (അഴുകുന്ന) മാലിന്യങ്ങളാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കൂടാതെ, ഖരമാലിന്യങ്ങളുടെ ഈ സ്വഭാവംകൊണ്ടുതന്നെ ഇവയുടെ പരിപാലന സംവിധാനങ്ങൾ സമയബന്ധിതമായിരിക്കേണ്ടത് അടിയന്തരമായ സംഗതിയാണ്. അല്ലാത്തപക്ഷം, മാലിന്യങ്ങൾ ചീഞ്ഞുനാറി മലിനീകരണമുണ്ടാക്കുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യും.

കേരളത്തിലെ ഖരമാലിന്യങ്ങളിലുള്ള ജൈവവസ്തുക്കളുടെ ആധിക്യം മറ്റ് സാധ്യതകളും മുന്നോട്ടുവെയ്ക്കുന്നുണ്ട്. ജൈവവളനിർമ്മാണം, ബയോഗ്യാസ് ഉൽപ്പാദനം എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമാണ് കേരളത്തിലെ ജൈവമാലിന്യങ്ങളുടെ ഘടന.

<u>കേരളത്തിലെ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികളിലെ</u>
<u>ഖരമാലിന്യങ്ങളുടെ ഘടന</u>

| നഗരസഭ/ മുനിസിപ്പാലിറ്റി | ഖരമാലിന്യത്തിലെ പ്രധാന ഘടകങ്ങൾ (ശതമാനത്തിൽ) | | | | | | |
|---|---|---|---|---|---|---|---|
| | ജൈവ വസ്തുക്കൾ | പേപ്പർ | പ്ലാസ്റ്റിക് | ലോഹങ്ങൾ | ഗ്ലാസ്സ് | റബ്ബർ & ലെതർ | മറ്റുള്ളവ (തുണി, പാഴ്വസ്തുക്കൾ) |
| തിരുവനന്തപുരം | 69.09 | 2.25 | 2.79 | 1.02 | 1.30 | 2.11 | 11.52 |
| കൊല്ലം | 88.34 | 3.10 | 2.95 | 0.32 | 0.76 | 0.84 | 3.69 |
| ചങ്ങനാശ്ശേരി | 76.60 | 10.20 | 4.90 | 0.20 | 0.50 | 0.60 | 7.0 |
| കോട്ടയം | 73.45 | 6.80 | 4.25 | 2.0 | 2.25 | 2.20 | 9.05 |
| കൊച്ചി | 79.78 | 4.87 | 4.83 | 0.35 | 1.06 | 1.50 | 7.6 |
| ആലുവ | 70.83 | 9.72 | 6.94 | 1.38 | 1.0 | 1.77 | 8.36 |
| തൃശ്ശൂർ | 82.51 | 2.74 | 2.26 | 0.25 | 0.47 | 1.31 | 10.45 |
| കോഴിക്കോട് | 83.9 | 3.32 | 2.05 | 0.71 | 1.85 | 1.50 | 6.67 |
| കണ്ണൂർ | 68.73 | 8.20 | 6.67 | 1.40 | 1.60 | 1.67 | 11.73 |

(<u>അവലംബം</u>: *കെ.എസ്.യു.ഡി.പി.സർവ്വേ-2006, എസ്.ഇ.യു.എഫ്.പഠനറിപ്പോർട്ട്-2007)*

മേൽപഠനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ നഗരമാലിന്യങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയുള്ള സാമാന്യ ധാരണയിലെത്താം.

കേരളത്തിലെ നഗരമാലിന്യങ്ങളുടെ ഉള്ളടക്കം (ശതമാനത്തിൽ)

| ജൈവ വസ്തുക്കൾ | പേപ്പർ | പ്ലാസ്റ്റിക് | ലോഹങ്ങൾ | ഗ്ലാസ്സ് | റബ്ബർ & ലെതർ | മറ്റുള്ളവ (തുണി, തടി, പാഴ്‌വസ്തുക്കൾ) |
|---|---|---|---|---|---|---|
| 77.02 | 5.68 | 4.18 | 0.85 | 1.20 | 1.50 | 8.45 |

കേരളത്തിലെ നഗരമാലിന്യങ്ങളിൽ ജൈവവസ്തുക്കൾ കഴിഞ്ഞാൽ കൂടുതലായുള്ളത് മറ്റ് മാലിന്യങ്ങളായ തടി, തുണി, പാഴ്‌വസ്തുക്കൾ എന്നിവയുൾപ്പെടുന്ന വിഭാഗമാണ്. പേപ്പർ, പ്ലാസ്റ്റിക്, ലോഹങ്ങൾ, ഗ്ലാസ്സ് എന്നീ മാലിന്യങ്ങൾ കൂടുതലായി കാണുന്നത് മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യങ്ങളിലാണ്.

## 4. ഖരമാലിന്യശേഖരണ സംവിധാനത്തിൽ പോരായ്മകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219 (എ) പ്രകാരം, ചവറുകളും, ഖരമാലിന്യങ്ങളും നീക്കംചെയ്യാൻ ഗ്രാമപഞ്ചായത്തുകളാണ് ഏർപ്പാട് ചെയ്യേണ്ടത്. കാര്യക്ഷമമായ ഖരമാലിന്യപരിപാലനം നിലനിൽക്കുന്ന പ്രദേശങ്ങളുടെയെല്ലാം പ്രധാന പ്രത്യേകത ശാസ്ത്രീയമായ ശേഖരണ സംവിധാനങ്ങളാണ്. ഖരമാലിന്യങ്ങളുടെ ഉൽപ്പാദനത്തോത് കൂടിയ സ്ഥലങ്ങളിൽ മികച്ച ശേഖരണ മാർഗ്ഗങ്ങൾ ഏർപ്പാടുചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ, ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് ഒട്ടേറെ പോരായ്മകളുണ്ട്. ഇതുമൂലം മാലിന്യങ്ങളെ ശരിയായവിധം സംഭരിച്ച് സംസ്കരണ കേന്ദ്രത്തിൽ സമയബന്ധിതമായി എത്തിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഖരമാലിന്യങ്ങളെ ഇനംതിരിച്ചാണ് ശേഖരിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്താത്തത് സംസ്കരണ പരിപാടികൾ പാളിപ്പോകുന്നതിനുപുറമേ ഒട്ടേറെ പൊതുപണവും മനുഷ്യാധ്വാനവും വൃഥാവിലാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

കൃത്യമായ ശേഖരണ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ, ഖരമാലിന്യങ്ങൾ കുന്നുകൂട്ടിയിടുന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ പലതിന്റെയും അവസ്ഥ. ഇതുമൂലം പൊതുസ്ഥലത്തേക്ക് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് ദിനംപ്രതി വർദ്ധിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ഖരമാലിന്യ സംവിധാനങ്ങൾ പട്ടികയിൽ.

<u>ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ</u>

| ഗ്രാമപഞ്ചായത്ത് | പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ) | മാലിന്യശേഖരണത്തിനുള്ള തൊഴിലാളികൾ | മാലിന്യം ശേഖരിക്കുന്ന വാഹനങ്ങൾ |
|---|---|---|---|
| പോത്തൻകോട് | കണക്കാക്കിയിട്ടില്ല | ഇല്ല | ഇല്ല |
| കൊട്ടാരക്കര | 6.85 | 20 | 1 |
| ചിറ്റാർ | 1.51 | 3 | ഇല്ല |
| ഉഴവൂർ | 0.12 | 6 | രണ്ട് വീൽബാരോ |
| വടവുകോട്-പുത്തൻകരിശ് | കണക്കാക്കിയിട്ടില്ല | 8 | 1 |
| അരിമ്പൂർ | കണക്കാക്കിയിട്ടില്ല | 1 (പാർട്ട്-ടൈം സ്വീപ്പർ) | ഇല്ല |
| ആലത്തൂർ | 3.17 | 8 | 1 (ട്രാക്ടർ) |
| കൊണ്ടോട്ടി | കണക്കാക്കിയിട്ടില്ല | 4 (ദിവസക്കൂലി) | ഇല്ല |
| സുൽത്താൻ ബത്തേരി | 4.66 | 10 | 2 (ട്രാക്ടർ) |
| മുഴപ്പിലങ്ങാട് | കണക്കാക്കിയിട്ടില്ല | ഇല്ല | ഇല്ല |
| മംഗൽപാടി | കണക്കാക്കിയിട്ടില്ല | 4 | 1 |

ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ ഇപ്പോഴും ശൈശവദശയിൽ തന്നെയാണെന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഖരമാലിന്യശേഖരണ സംവിധാനങ്ങളാണ് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഉള്ളത്. മാലിന്യശേഖരണ തൊഴിലാളികളുടെയും വാഹനങ്ങളുടെയും എണ്ണം വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്തങ്ങളാണ്. കുടുംബശ്രീ/ജനശ്രീ പ്രവർത്തകരുടെ സഹായത്തോടെ വീടുവീടാന്തരം ഖരമാലിന്യം ശേഖരിക്കുന്ന മുനിസിപ്പൽ സ്ഥാപനങ്ങളുമുണ്ട്.

## കോർപ്പറേഷനുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ

| കോർപ്പറേഷൻ | പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ഖരമാലിന്യം (ടൺ) | മാലിന്യം ശേഖരിക്കുന്ന തൊഴിലാളികളുടെ എണ്ണം | മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിട്ടുള്ള കുടുംബശ്രീ/ ജനശ്രീ പ്രവർത്തകർ | മാലിന്യം ശേഖരിക്കുന്ന വാഹനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 328.77 | 922 | 850 | - |
| കൊല്ലം | 50 | 279 | 200 | 15 |
| കൊച്ചി | 250 | 1299 | - | - |
| തൃശ്ശൂർ | 80 | 246 | 16 | 30 |
| കോഴിക്കോട് | 70.1 | 594 | 370 | 51 |

പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യ ഉൽപ്പാദനത്തിന് ആനുപാതികമായി തൊഴിലാളികളോ വാഹനങ്ങളോ മുനിസിപ്പാലിറ്റികൾക്കില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ശരിയായതരത്തിലുള്ള മാലിന്യനീക്കത്തിന് ഇത് തടസ്സമായിത്തീരുന്നുണ്ട്.

## മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ

| മുനിസിപ്പാലിറ്റി | പ്രതിദിനമുള്ള ഖരമാലിന്യ ഉൽപ്പാദനം (ടൺ) | മാലിന്യം ശേഖരിക്കുന്ന തൊഴിലാളുടെ എണ്ണം | മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ പ്രവർത്തകർ | മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹനങ്ങൾ |
|---|---|---|---|---|
| തിരുവല്ല | 0.55 | - | 9 | 2 |
| കായംകുളം | 12.88 | 30 | - | 4 |
| ആലപ്പുഴ | - | - | 92 | - |
| ചങ്ങനാശ്ശേരി | 6 | 66 | - | 2 |

| | | | | |
|---|---|---|---|---|
| കോട്ടയം | - | 181 | 12 | 9 |
| ആലുവ | 18 | 86 | 30 | 3 |
| പെരുമ്പാവൂർ | 0.6 | 56 | - | 3 |
| തിരൂർ | 6 | - | - | - |
| തലശ്ശേരി | 19.73 | 153 | - | 10 |
| കണ്ണൂർ | 21.92 | 143 | - | 14 |
| കാസർഗോഡ് | 0.68 | - | - | - |

ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള സംവിധാനങ്ങളിൽ പൊരുത്തക്കേടുകളുണ്ട്. പ്രതിദിനം 12.88 ടൺ ഖരമാലിന്യങ്ങൾ പുറന്തള്ളുന്ന കായംകുളം മുനിസിപ്പാലിറ്റിയിൽ ശേഖരിക്കാനുള്ളത് 30 തൊഴിലാളികളും 4 വാഹനങ്ങളുമാണ്. എന്നാൽ ഒരു ടണ്ണിൽ താഴെമാത്രം പ്രതിദിനഖരമാലിന്യ ഉൽപ്പാദനമുള്ള പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ശേഖരിക്കാൻ 56 തൊഴിലാളികളും 3 വാഹനങ്ങളുമുണ്ട്.

## ഖരമാലിന്യശേഖരണം കാര്യക്ഷമമല്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനം ഉണ്ടാവുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും നീക്കംചെയ്യാൻ കഴിയുന്നില്ല. ഖരമാലിന്യശേഖരണ സംവിധാനം കാര്യക്ഷമമല്ല എന്നതാണ് ഈ വസ്തുത സൂചിപ്പിക്കുന്നത്. തങ്ങളുടെ പ്രദേശങ്ങൾക്കുള്ളിൽ ഉണ്ടാവുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നുവെന്ന് അവകാശപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ തീരെ ചെറിയൊരു ശതമാനം മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ ശേഖരണത്തിലുള്ള കാര്യക്ഷമതയില്ലായ്മ രൂക്ഷമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മാലിന്യഉൽപ്പാദനത്തിൽ പ്രതിവർഷം സംഭവിക്കുന്ന വർദ്ധനവ് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്.

ഖരമാലിന്യശേഖരണത്തിലെ കാര്യക്ഷമത—ഗ്രാമപഞ്ചായത്തുകൾ

| ഗ്രാമപഞ്ചായത്ത് | പ്രതിവർഷമുള്ള മാലിന്യം (ടൺ) | പ്രതിവർഷം ശേഖരിക്കപ്പെടുന്ന മാലിന്യം |
|---|---|---|
| കൊട്ടാരക്കര | 2500 | 2190 ലോഡ് |
| ചിറ്റാർ | 550 | 200 |
| കട്ടപ്പന | - | 1825 |
| ഉഴവൂർ | 45 | ഭാഗികം |
| വടവുകോട്-പുത്തൻകുരിശ് | - | 234 |
| ആലത്തൂർ | 1157 | 900 |
| കൊട്ടുവായൂർ | 1000 | 600 |
| സുൽത്താൻ ബത്തേരി | 1700 | 1700 |

തങ്ങളുടെ പ്രദേശത്തുണ്ടാകുന്ന ഖരമാലിന്യങ്ങളെപ്പറ്റിയോ അവയുടെ ശേഖരണത്തെപ്പറ്റിയോ വ്യക്തമായ കണക്കുകൾ നൽകാൻ പല ഗ്രാമപഞ്ചായത്തുകൾക്കും കഴിയുന്നില്ല. തങ്ങളുടെ പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യങ്ങൾ മുഴുവൻ ശേഖരിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിൽ ഇതിനായുള്ള സംവിധാനങ്ങൾ ഒട്ടുംതന്നെ വ്യക്തമല്ല. കേവലം രണ്ട് ട്രാക്ടറുകൾ മാത്രമാണ് മാലന്യനീക്കത്തിനായി ഗ്രാമപഞ്ചായത്തിനുള്ളത്. ഇതുപയോഗിച്ച് പ്രതിദിനം നാലര ടൺ മാലിന്യങ്ങൾ ശേഖരിക്കുന്നു എന്നത് വിശ്വസനീയമായ വിവരവുമല്ല.

മുനിസിപ്പൽ പ്രദേശങ്ങളിലെ ഖരമാലിന്യ ശേഖരണ നടപടികൾ വേണ്ടത്ര കാര്യക്ഷമമല്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അപൂർവ്വം മുനിസിപ്പാലിറ്റികൾക്ക് മാത്രമേ തങ്ങളുടെ പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന മാലിന്യങ്ങൾ മുഴുവനായി ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ശേഖരിക്കാതെ അവശേഷിക്കുന്ന ഖരമാലിന്യങ്ങൾ എന്തുചെയ്യുന്നു എന്നതും വ്യക്തമല്ല. ഇവ പരിസ്ഥിതിക്കും ജനജീവിതത്തിനും ദോഷമുണ്ടാക്കുന്ന രീതിയിൽ തെരുവുകളിൽ അവശേഷിക്കുന്നു എന്നുവേണം അനുമാനിക്കാൻ.

<u>മാലിന്യശേഖരണ കാര്യക്ഷമത—മുനിസിപ്പാലിറ്റികൾ</u>

| മുനിസിപ്പാലിറ്റി | മാലിന്യഉൽപ്പാദനം (ടൺ/പ്രതിദിനം) | ശേഖരിക്കപ്പെടുന്ന മാലിന്യം (ടൺ/പ്രതിദിനം) |
|---|---|---|
| നെടുമങ്ങാട് | 19 | 5 |
| ആറ്റിങ്ങൽ | 15 | 14 |
| നെയ്യാറ്റിൻകര | 8 | 8 |
| പുനലൂർ | 8.5 | 5 |
| കരുനാഗപ്പള്ളി | 5.5 | 2-2.5 |
| തിരുവല്ല | 15 | 12 |
| കോട്ടയം | 30 | 30 |
| ചങ്ങനാശ്ശേരി | 12 | 8 |
| ആലപ്പുഴ | 57.5 | 27.5 |
| ചേർത്തല | 14 | 5 |
| ചെങ്ങന്നൂർ | 8 | 6.5 |
| കോതമംഗലം | 7 | 7 |
| പാലക്കാട് | 40-45 | 42 |
| ഒറ്റപ്പാലം | 10 | 8 |
| തൊടുപുഴ | 11 | 8 |
| കൽപ്പറ്റ | 10 | 7.1 |
| മലപ്പുറം | 16 | 11 |
| കാസർഗോഡ് | 15 | 8 |
| കൊടുങ്ങല്ലൂർ | 5 | 1 |
| തലശ്ശേരി | 40 | 30 |
| കണ്ണൂർ | 35 | 25 |
| കൂത്തുപറമ്പ് | 8 | 3 |

(<u>അവലംബം</u>: *സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന് മുനിസിപ്പാലിറ്റികൾ നൽകിയ 2010-11-ലെ കണക്ക്*)

തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യങ്ങളുടെ പകുതിപോലും ശേഖരിക്കാൻ കഴിയാത്ത മുനിസിപ്പാലിറ്റികൾ ഉണ്ട് എന്നത് ഖരമാലിന്യശേഖരണ സംവിധാനത്തിലെ വൻപരാജയത്തെയാണ് കാണിക്കുന്നത്. നെടുമങ്ങാട്, കരുനാഗപ്പള്ളി, ആലപ്പുഴ, ചേർത്തല, കൊടുങ്ങല്ലൂർ എന്നിവ ഈ ഗണത്തിൽപ്പെടുന്ന മുനിസിപ്പാലിറ്റികളാണ്. നെടുമങ്ങാട്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളിലെ പ്രതിദിന മാലിന്യശേഖരണം ഉൽപ്പാദിപ്പിക്കപ്പെടുന്നതിന്റെ മൂന്നിലൊന്നിനും താഴെയാണ്.

കോർപ്പറേഷനുകളിലെ ഖരമാലിന്യശേഖരണവും കാര്യക്ഷമമല്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

<u>മാലിന്യശേഖരണ കാര്യക്ഷമത—കോർപ്പറേഷനുകൾ</u>

| കോർപ്പറേഷൻ | മാലിന്യഉൽപ്പാദനം (ടൺ/പ്രതിദിനം) | മാലിന്യശേഖരണം (ടൺ/പ്രതിദിനം) |
|---|---|---|
| തിരുവനന്തപുരം | 100 | 65 |
| കൊല്ലം | 110 | 40 |
| തൃശ്ശൂർ | 33 | 33 |
| കോഴിക്കോട് | 300 | - |

(<u>അവലംബം</u>: *സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന് കോർപ്പറേഷനുകൾ നൽകിയ 2010-11-ലെ കണക്ക്*)

തൃശ്ശൂർ കോർപ്പറേഷൻ മാത്രമാണ് പ്രതിദിനമുണ്ടാകുന്ന മാലിന്യം മുഴുവൻ ശേഖരിക്കുന്നുവെന്ന് അവകാശപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരത്തിത് 65% ആണ്. എന്നാൽ കൊല്ലത്തെ മാലന്യശേഖരണം കേവലം 36% മാത്രമാണ്.

## നഗരവൽക്കരണ വിസ്ഫോടനവും ഖരമാലിന്യവും

ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ദൃശ്യമാകാത്ത നഗരവൽക്കരണ പ്രവണതകളാണ് കേരളവുമായി ബന്ധപ്പെട്ടുള്ള 2011 സെൻസസിലെ വിവരങ്ങൾ വ്യക്തമാക്കുന്നത്. കേരളത്തിലെ നഗരജനസംഖ്യ ആകെ ജനസംഖ്യയുടെ 47.72%-മായി കുതിച്ചുയർന്നിരിക്കുകയാണ്. 2001-നും 2011-നും ഇടയ്ക്ക് നഗരജനസംഖ്യയിൽ ഉണ്ടായ വളർച്ചാനിരക്ക് 92.72%-മാണ്. എന്നാൽ ഇതേ കാലയളവിൽ ഗ്രാമീണ ജനസംഖ്യയിൽ 25.96%-ന്റെ കുറവുണ്ടായി. വിശദാംശങ്ങൾ പട്ടികയിൽ.

| സെൻസസ് വർഷം | ജനസംഖ്യ | | | ജനസംഖ്യ ശതമാനത്തിൽ | | ജനസംഖ്യയിലെ വ്യതിയാനം (%) | |
|---|---|---|---|---|---|---|---|
| | ഗ്രാമ വാസികൾ | നഗര വാസികൾ | ആകെ | ഗ്രാമ വാസി കൾ | നഗര വാസി കൾ | ഗ്രാമീണർ | നഗര വാസി കൾ |
| 2001 | 23574449 | 8266925 | 31841374 | 74.04 | 25.96 | - | - |
| 2011 | 17455506 | 15932171 | 33887677 | 52.28 | 47.72 | -25.96 | 92.72 |

ഗ്രാമീണരുടെ എണ്ണത്തിൽ നിർണ്ണയകമായ കുറവും നഗരവാസികളിൽ ഗണ്യമായ വർദ്ധനയുമാണ് ഒരു സെൻസസ് കാലയളവിനുള്ളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കേരളത്തിലെ ടൗണുകളുടെ എണ്ണം159-ൽ നിന്നും 520 ആയി ഉയർന്നതാണ് നഗരജനസംഖ്യയിൽ വൻവർദ്ധനവുണ്ടാക്കിയിരിക്കുന്നത്. സംസ്ഥാനമൊട്ടാകെയുള്ള ജനസംഖ്യാ വർദ്ധനവ് കേവലം 4.86% മാത്രമായിരിക്കെയാണ് നഗരജനസംഖ്യയിൽ 93%-ത്തോളം വർദ്ധനവ് സംഭവിച്ചിരിക്കുന്നത്. നഗരജനസംഖ്യയിലും ടൗണുകളുടെ എണ്ണത്തിലും ഉണ്ടായിരിക്കുന്ന കുതിച്ചുചാട്ടം ഖരമാലിന്യ പരിപാലനരംഗത്ത് സംസ്ഥാനം വരുംനാളുകളിൽ നേരിടാൻ പോകുന്ന കനത്ത വെല്ലുവിളികളെയാണ് സൂചിപ്പിക്കുന്നത്.

**ചവർ വീപ്പകൾക്ക് ചെലവഴിച്ച പണം പാഴാകുന്നു**

ഖരമാലിന്യ പരിപാലനത്തിലെ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഘട്ടമാണ് ശാസ്ത്രീയമായ ശേഖരണ സംവിധാനങ്ങൾ. ഖരമാലിന്യ സംസ്കരണം വിജയകരമായി നടക്കുന്ന എല്ലാ നഗരങ്ങളിലും ശേഖരണ രീതിയിൽ അവലംബിക്കുന്ന കൃത്യതയാണ് ശ്രദ്ധേയമായ വസ്തുത. ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും ഉതകുന്നവിധത്തിൽ മാലിന്യശേഖരണ സംവിധാനം ഏർപ്പെടുത്തണമെന്ന് 2000-ലെ മുനിസിപ്പൽ ഖരമാലിന്യചട്ടം അനുശാസിക്കുന്നു. ഇതിനായി വിവിധ നിറങ്ങളിലുള്ള മൂടിയോടുകൂടിയ ചവർ വീപ്പകൾ ലഭ്യമാക്കണമെന്ന് മേൽനിയമത്തിൽ പറയുന്നു. ജൈവമാലിന്യങ്ങൾക്ക് പച്ച, അജൈവമാലിന്യങ്ങൾക്ക് വെള്ള, മറ്റ് മാലിന്യങ്ങൾക്ക് കറുപ്പ് എന്നിങ്ങനെയാണ് ചവർ വീപ്പകൾ ഏർപ്പാടുചെയ്യേണ്ടത്. പല ഗ്രാമപഞ്ചായത്തുകളിലും ചവർ വീപ്പകൾ വാങ്ങിക്കൂട്ടിയിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കപ്പെടുന്നില്ല. ലക്ഷക്കണക്കിന് രൂപ ഇതുവഴി പാഴ്ചെലവ് ആയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ;

| ഗ്രാമപഞ്ചായത്ത് | ചവർ വീപ്പകൾ വാങ്ങിയ വർഷം | ചെലവായ തുക (രൂപ) | ചവർ വീപ്പകളുടെ എണ്ണം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| ചിറ്റാർ | 2009-10 | 50,000 | - | ഉപയോഗശൂന്യം |
| ആലത്തൂർ | 2011-12 | - | 193 | വിതരണം പൂർണ്ണമല്ല |
| മംഗൽപാടി | 2011-12 | 4,00,000 | 200 | വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു |
| കട്ടപ്പന | 2005-06 | - | - | വിതരണം പൂർണ്ണമല്ല. |

## 5. ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിക്കുന്നില്ല

കാര്യക്ഷമമായ ഖരമാലിന്യ പരിപാലനത്തിന്, ശാസ്ത്രീയമായി ഖരമാലിന്യങ്ങളെ വേർതിരിക്കേണ്ടതുണ്ട്. എന്നാൽ ഉറവിടങ്ങളിൽനിന്നും ഖരമാലിന്യങ്ങളെ ശേഖരിക്കുമ്പോൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകിക്കാണുന്നില്ല. ജൈവ-ജൈവേതര മാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്നുതന്നെ കൃത്യമായി വേർതിരിക്കാത്തതാണ് കേരളത്തിലെ ഖരമാലിന്യ സംസ്കരണത്തിലെ പ്രധാന പ്രതിസന്ധി. കൂടാതെ സംസ്കരണത്തിന് ശേഷമുണ്ടാകുന്ന ഉപയോഗശൂന്യമായ വസ്തുക്കളുടെ (Rejects) അളവിലും ഇത് വൻവർദ്ധനക്കുകാരണമാകുന്നുണ്ട്. മാലിന്യങ്ങളെ ശരിയായി വേർതിരിക്കാത്തത്, സംസ്കരണ പ്ലാന്റുകളിലെ യന്ത്രഭാഗങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ കുടുങ്ങുവാൻ കാരണമാകുന്നു. ഇതുമൂലം പ്ലാന്റുകളുടെ പ്രവർത്തനം പലതവണ നിർത്തിവെയ്ക്കേണ്ടതായും വരുന്നു. ഇപ്രകാരം പ്ലാന്റുകൾ നിർത്തിയിടുന്നത് ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

ഖരമാലിന്യങ്ങളെ ശേഖരിച്ച് പ്ലാന്റിൽ എത്തിച്ചതിനുശേഷമാണ് ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങളിലും അവയെ വേർതിരിക്കുന്നത്. പ്ലാന്റുകളിൽ ഉണ്ടാവുന്ന മാലിന്യങ്ങളുടെ ഭീമമായ അളവുമൂലം ഇത്തരത്തിലുള്ള വേർതിരിക്കൽ ശരിയായി നടക്കില്ല. കൂടാതെ വളരെയേറെ മനുഷ്യാധ്വാനവും പണവും അനാവശ്യമായി ഇതിലൂടെ പാഴാവുന്നു.

വീട്ടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും പ്രത്യേകം വേർതിരിച്ച് നൽകാൻ പൊതുജനങ്ങൾ ശ്രദ്ധിക്കുന്നില്ല. മൂടിയുള്ളതും ജൈവ-അജൈവ മാലിന്യങ്ങൾ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളവയുമായ വാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നന്നേ കുറവാണ്. മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ വലിയൊരു ശതമാനവും കാലഹരണപ്പെട്ടവയുമാണ്.

ഉറവിടങ്ങളിൽ നിന്നുതന്നെ മാലിന്യങ്ങളെ കൃത്യമായി വേർതിരിച്ച് ശേഖരിക്കേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്.

**ഖരമാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത വാഹനങ്ങൾ**

1994-ലെ കേരള പഞ്ചായത്ത് നിയമം അനുശാസിക്കുന്നത് (219-എം) മാലിന്യങ്ങൾ നീക്കം ചെയ്യാൻ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കരുത് എന്നാണ്. പരിസരശുചിത്വം നിലനിർത്താനും ജനജീവിതത്തിന് തടസ്സമില്ലാതിരിക്കാനും ഈ നിയമം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനുപയോഗിക്കുന്ന ബഹുഭൂരിപക്ഷം വാഹനങ്ങളും മേൽനിയമം പാലിക്കുന്നില്ല. ശരിയായവിധം മൂടിയില്ലാത്ത വാഹനങ്ങളാണ് പല ഗ്രാമപഞ്ചായത്തുകളും ഉപയോഗിക്കുന്നത്.

ശരിയായവിധത്തിൽ മൂടിയുള്ള വാഹനം മാത്രമേ ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനായി ഉപയോഗിക്കാവൂ എന്ന് മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങളും അനുശാസിക്കുന്നു. ഖരമാലിന്യങ്ങളെ വാഹനങ്ങളിൽ നീക്കം ചെയ്യുമ്പോൾ അവ പൊതുജനങ്ങൾക്ക് ദൃശ്യമാകരുതെന്ന് മേൽ ചട്ടം നിർദ്ദേശിക്കുന്നു. എന്നാൽ കൃത്യമായ മൂടിയുള്ളതും ജൈവ-അജൈവ മാലിന്യങ്ങളെ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളവയുമായ വാഹനങ്ങൾ നഗരസഭകളിലും കുറവാണ്.

**6. ഖരമാലിന്യസംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ പ്രാകൃതം**

ഖരമാലിന്യ പരിപാലനത്തിലെ ഏറ്റവും പ്രാധാന്യമേറിയ ഘട്ടങ്ങളാണ് സംസ്കരണം, നിർമ്മാർജ്ജനം എന്നിവ. കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവലംബിച്ചുവരുന്ന മൂന്ന് പ്രധാന ഖരമാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ ഇനി പറയുന്നു:

(1) പ്ലാന്റുകളിൽ സംസ്കരിച്ച് ജൈവവളമാക്കൽ

(2) ബയോഗ്യാസ് പ്ലാന്റുകളിലൂടെ ജൈവവാതകമാക്കൽ

(3) ലാന്റ്ഫില്ലിംഗിലൂടെ മറവുചെയ്യൽ

എന്നാൽ ഖരമാലിന്യ ശേഖരണം, നീക്കം ചെയ്യൽ എന്നിവയിൽ സ്വീകരിച്ച പോരുന്ന അശാസ്ത്രീയത, കൃത്യതയില്ലായ്മ എന്നിവമൂലം സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കൂടാതെ, സംസ്കരണ പ്ലാന്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ കൂടിക്കിടക്കുന്ന ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ, കേരളത്തിലെ ഖരമാലിന്യ സംസ്കരണരംഗത്തെ ദയനീയത വ്യക്തമാക്കുന്നു.

മാലിന്യസംസ്കരണാർത്ഥം പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായവ സ്ഥാപിക്കുന്നതിനായി കോടിക്കണക്കിന് രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത് വേണ്ടത്ര ഗുണപ്രദമായിട്ടില്ല. കേരളത്തിലെ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറെയും കൃത്യമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തവയാണെന്ന് മലിനീകരണനിയന്ത്രണ ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

<u>നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ</u>

| | | |
|---|---|---|
| ഖരമാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുവാൻ അധികാരപത്രം നേടിയ മുനിസിപ്പാലിറ്റികൾ | .. | 12 |
| കോർപ്പറേഷനുകൾ | .. | 3 |
| അധികാരപത്രത്തിനായി അപേക്ഷിച്ചിട്ടുള്ളവ-മുനിസിപ്പാലിറ്റികൾ | .. | 37 |
| കോർപ്പറേഷനുകൾ | .. | 5 |
| സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നിലവിലുള്ള മുനിസിപ്പാലിറ്റികൾ | .. | ഇല്ല |
| ഖരമാലിന്യപരിപാലന സംവിധാനം ഭാഗികമായി പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റികൾ | .. | 37 |
| വീട്ടുവീടാന്തരമുള്ള ഖരമാലിന്യശേഖരണ സംവിധാനമുള്ള മുനിസിപ്പാലിറ്റികൾ | .. | 13 |
| കോർപ്പറേഷനുകൾ | .. | 5 |
| സാനിട്ടറി ലാന്റ് ഫില്ലിനായി ഭൂമി കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ | .. | 8 |
| മാലിന്യങ്ങളിൽ നിന്നുള്ള ഊറൽ ദ്രാവകങ്ങൾ (Leachate) ശേഖരിക്കുവാനോ ശുദ്ധീകരിക്കാനോ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ/നഗരസഭകൾ | .. | ഇല്ല |

(<u>അവലംബം</u>: *സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് 2010-11)*

മുനിസിപ്പൽ ഖരമാലിന്യചട്ടം (പരിപാലനവും കൈകാര്യം ചെയ്യലും) 2000 പ്രകാരം, ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ നിലവിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അധികാരപത്രം ലഭിച്ച കോർപ്പറേഷനുകൾ മൂന്നും മുനിസിപ്പാലിറ്റികൾ പന്ത്രണ്ടും മാത്രമാണ്. ഒട്ടാകെ 37 മുനിസിപ്പാലിറ്റികൾ മാത്രമാണ് ഇതുവരെ മലിനീകരണനിയന്ത്രണ ബോർഡിന്റെ അധികാരപത്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(അവലംബം: Annual Report on Implementation of Municipal Solid Waste Rules-2000, for the year 2010-11).

വേണ്ടത്ര അടിസ്ഥാന സൗകര്യമോ സമയബന്ധിതമായ കാര്യപരിപാടിയോ ഇല്ലാതെ സമർപ്പിക്കപ്പെട്ട അപേക്ഷകളും ഇക്കൂട്ടത്തിലുണ്ടെന്ന് മലിനീകരണനിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിൽ പറയുന്നു. കൂടാതെ, മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ നേരിടുന്ന പ്രദേശങ്ങളിൽ നടപ്പാക്കാൻ പദ്ധതിയുള്ള പരിപാടികളും ഇത്തരത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതായി മേൽറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വൃത്തിയോടെ പ്രവർത്തിക്കുന്ന ലാന്റ്ഫിൽ സംവിധാനം സംസ്ഥാനത്തെ ഒരു മുനിസിപ്പാലിറ്റിക്കും ഇല്ലെന്ന് മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് വ്യക്തമാക്കുന്നു. മാലിന്യനിർമ്മാർജ്ജന രംഗത്തുള്ള ദയനീയാവസ്ഥയാണിത് കാണിക്കുന്നത്.

മുനിസിപ്പൽ ഖരമാലിന്യചട്ടം (പരിപാലനവും കൈകാര്യം ചെയ്യലും) 2000-ന്റെ ഷെഡ്യൂൾ 1 അനുശാസിക്കുന്നത്, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ 2003 ഡിസംബർ 31-നകം ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ആരംഭിച്ചിരിക്കണം എന്നതാണ്. എന്നാൽ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ 2010-11 റിപ്പോർട്ട് വ്യക്തമാക്കുന്നത് ഷെഡ്യൂൾ 1 ഭാഗികമായെങ്കിലും നടപ്പാക്കിയത് 37 മുനിസിപ്പാലിറ്റികൾ മാത്രമാണ് എന്നാണ്. മേൽ ഷെഡ്യൂൾ പ്രകാരമുള്ള അധികാരപത്രം ലഭിച്ച മുനിസിപ്പാലിറ്റികൾ പന്ത്രണ്ടും കോർപ്പറേഷനുകൾ മൂന്നുമാണ്.

ഖരമാലിന്യങ്ങളുടെ വീടുവീടാന്തരമുള്ള ശേഖരണം കേവലം 13 മുനിസിപ്പാലിറ്റികൾ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ. ഖരമാലിന്യങ്ങളെ ലാന്റ്ഫിൽ ചെയ്യുവാനായി ഭൂമി കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ കേവലം എട്ടെണ്ണം മാത്രമാണ്. മാലിന്യ സംസ്കരണമെന്ന പേരിൽ മുനിസിപ്പാലിറ്റികളുടെ അധീനതയിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളുക മാത്രമാണ് (Dumping) പല മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഏക ഖരമാലിന്യനിർമ്മാർജ്ജന പദ്ധതി. ഖരമാലിന്യങ്ങളെ തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കുന്ന മുനിസിപ്പാലിറ്റികളും കുറവല്ല. ഖരമാലിന്യപരിപാലനത്തിലെ അടിസ്ഥാനപ്രമാണങ്ങൾപോലും പാലിക്കുവാൻ വലിയൊരളവ് മുനിസിപ്പാലിറ്റികൾക്കും കഴിയുന്നില്ലെന്നത് ഇത് വ്യക്തമാക്കുന്നു.

## മാലിന്യസംസ്കരണത്തിന് യാതൊരു സംവിധാനവുമില്ലാത്ത കേരളത്തിലെ മുനിസിപ്പാലിറ്റികൾ

| മുനിസിപ്പാലിറ്റി | നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം |
|---|---|
| നെയ്യാറ്റിൻകര | ഭൂമി കണ്ടെത്തിയിട്ടില്ല |
| നെടുമങ്ങാട് | ലാന്റ്ഫില്ലിംഗ് സ്വകാര്യ ഭൂമിയിൽ |
| വർക്കല | വിവരം ലഭ്യമല്ല |
| പരവൂർ | ഇല്ല |
| കരുനാഗപ്പള്ളി | ഇല്ല |
| തിരുവല്ല | ഇല്ല |
| അടൂർ | ഇല്ല |
| ചങ്ങനാശ്ശേരി | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| വൈക്കം | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| മാവേലിക്കര | ഇല്ല |
| നോർത്ത് പരവൂർ | ഇല്ല |
| ആലുവ | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| കളമശ്ശേരി | ഇല്ല |
| മരട് | ഇല്ല |
| കുന്ദംകുളം | ഇല്ല |
| പാലക്കാട് | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| ഒറ്റപ്പാലം | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| ഷൊർണ്ണൂർ | ലാന്റ്ഫില്ലിംഗിന് ഭൂമിയില്ല |
| തൊടുപുഴ | ഇല്ല |
| കൽപ്പറ്റ | തുറസ്സായ സ്ഥലത്ത് കത്തിക്കുന്നു |
| നീലേശ്വരം | ഇല്ല |
| തലശ്ശേരി | ഇല്ല |
| കണ്ണൂർ | ഇല്ല |

(അവലംബം: *സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് 2010-11)*

തങ്ങളുടെ പ്രദേശങ്ങൾക്കുള്ളിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ട പ്രദേശത്ത് തള്ളുന്നതു മാത്രമായി ഖരമാലിന്യ പരിപാലനത്തെ ഒതുക്കിയിട്ടുള്ള ഒട്ടേറെ മുനിസിപ്പാലിറ്റികളുണ്ട്. ഉദാഹരണങ്ങൾ:—തിരുവല്ല, അടൂർ, മാവേലിക്കര, ഏലൂർ, വടക്കൻ പറവൂർ, ചെങ്ങന്നൂർ, തളിപ്പറമ്പ്, ആലുവ, കളമശ്ശേരി, മരട്, തൊടുപുഴ, കൽപ്പറ്റ, തലശ്ശേരി, കണ്ണൂർ, മട്ടന്നൂർ

7. **നിലവിലുള്ള ഖരമാലിന്യ പരിപാലന മാർഗ്ഗങ്ങൾ**

നഗര ഖരമാലിന്യങ്ങളിലെ ജൈവാവശിഷ്ടങ്ങൾ 80%-ത്തോളമാണ്. അവ വേഗത്തിൽ അഴുകുന്നത് ദുർഗന്ധത്തിനും പരിസരമലിനീകരണത്തിനും ഇടയാക്കുന്നു. അതിനാൽത്തന്നെ, നഗര ഖരമാലിന്യങ്ങൾ സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. ഖരമാലിന്യ പരിപാലനത്തിനായി ഇന്ത്യയിലെ നഗരങ്ങളിൽ നിലവിലുള്ള പ്രധാന മാർഗ്ഗങ്ങളാണ് സാനിട്ടറി ലാന്റ്ഫിൽ, ഭസ്മീകരണം (Incineration), ഊർജ്ജമാക്കി മാറ്റൽ (Waste to Energy Projects) എന്നിവ.

(i) സാനിട്ടറി ലാന്റ്ഫിൽ: കേരളമുൾപ്പെടെയുള്ള ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും നഗര ഖരമാലിന്യ പരിപാലനത്തിനായി അവലംബിച്ചുവരുന്ന പ്രധാന മാർഗ്ഗമാണിത്. ഖരമാലിന്യങ്ങളെ ദിനംപ്രതി മണ്ണിട്ട് മൂടുന്നതുകൊണ്ട് ലാന്റ്ഫില്ലിംഗിന് വളരെ കൂടിയ അളവിൽ ഭൂമി വേണ്ടിവരുന്നു. ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതെയിരുന്നാൽ ഭൂഗർഭജലം, പരിസ്ഥിതി എന്നിവ മലിനമാകാൻ സാധ്യത കൂടുതലാണ് എന്നതാണ് ലാന്റ്ഫില്ലിംഗിന്റെ പ്രധാന ന്യൂനത. ഖരമാലിന്യങ്ങളിലെ പുനഃചംക്രമണം നടത്താൻ കഴിയുന്ന വസ്തുക്കളും ജൈവാവശിഷ്ടങ്ങളും ലാന്റ്ഫില്ലിംഗിനായി ഉപയോഗിക്കാൻ പാടില്ല. ഖരമാലിന്യ പരിപാലന പ്ലാന്റുകളിൽ കൈകാര്യം ചെയ്തശേഷവും അവശേഷിക്കുന്ന നിഷ്ക്രിയ പാഴ്‌വസ്തുക്കളെയും മറ്റ് അജൈവവസ്തുക്കളെയും മാത്രമാണ് ലാന്റ്ഫില്ലിംഗിനായി ഉപയോഗിക്കേണ്ടത്. ജൈവാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ മിശ്രിതത്തെ ലാന്റ്ഫില്ലിംഗിന് ഉപയോഗിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് അതിടയാക്കും. ഖരമാലിന്യ പരിപാലനത്തിലെ അവസാനപടിയാണ് ലാന്റ്ഫില്ലിംഗ്. എന്നാൽ കേരളത്തിലെ പകുതിയിലധികം നഗരസഭകളും മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്രധാന പ്രവർത്തനമായി അവലംബിക്കുന്നത് ഈ മാർഗ്ഗത്തെയാണ്.

(ii) ഭസ്മീകരിക്കൽ (Incineration): 800 ഡിഗ്രി സെൽഷ്യസിനും മേലെയുള്ള താപനിലയുപയോഗിച്ച് ഖരമാലിന്യങ്ങളെ നേരിട്ട് കത്തിച്ചുകളയുന്ന രീതിയാണ് ഭസ്മീകരിക്കൽ. ഇതിൽ നിന്നും ലഭിക്കുന്ന താപോർജ്ജത്തെ വൈദ്യുതോൽപ്പാദനം പോലുള്ള ഗുണകരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാവും. ഇന്ത്യയിലെ ഖരമാലിന്യങ്ങളിൽ, സംസ്കരണ കേന്ദ്രങ്ങളിൽ എത്തുമ്പോഴേക്കും 3 മുതൽ 7% വരെ മാത്രമേ കത്തുന്ന വസ്തുക്കളായ പേപ്പർ, പ്ലാസ്റ്റിക് മുതലായവ ഉണ്ടാകുവെന്നാണ്

കണക്ക്. കത്തുന്ന വസ്തുക്കളുടെ വളരെ താഴ്ന്ന അളവിൽ മാത്രമുള്ള സാന്നിദ്ധ്യംമൂലം ഭസ്മീകരണ പ്രക്രിയയിൽ നിന്നും ഊർജ്ജോൽപ്പാദനം നടത്തുക ഇന്ത്യയിൽ പൊതുവേ പ്രായോഗികമല്ല. കൂടാതെ, ഇനിപ്പറയുന്ന കാരണങ്ങളാൽ ഖരമാലിന്യങ്ങളുടെ ഭസ്മീകരണം ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല:

(1) ഖരമാലിന്യങ്ങളിലെ പൊടി, ചാരം എന്നിവയുടെ ഉയർന്ന സാന്നിദ്ധ്യവും മഴക്കാലത്തെ കനത്ത ഈർപ്പവും ചേരുമ്പോൾ ഭസ്മീകരണം ശരിയായി നടക്കില്ല.

(2) കത്തിക്കുമ്പോൾ ദോഷകരമായ വാതകങ്ങൾ പുറംതള്ളപ്പെടുമെന്നതിനാൽ പരിസ്ഥിതിക്കിണങ്ങിയ മാർഗ്ഗമല്ല.

(3) ഭസ്മീകരണ സംവിധാനങ്ങളുടെ കൈകാര്യം ചെയ്യലിന് ഉയർന്ന ചെലവാണുള്ളത്.

(4) മേൽത്തരം സാങ്കേതികവിദ്യകൾ വേണ്ടിവരുന്നു.

(iii) <u>ഊർജ്ജമാക്കിമാറ്റൽ (Waste to Energy Projects)</u>: അനുയോജ്യമായ സാങ്കേതികവിദ്യകളിലൂടെ ഖരമാലിന്യങ്ങളിൽ നിന്നും ഊർജ്ജത്തെ വിഘടിപ്പിച്ച് ഗുണകരമായി ഉപയോഗിക്കുന്ന രീതിയാണിത്. മാലിന്യങ്ങളിലെ അഴുകുന്നവയും അഴുകാത്തവയുമായ ജൈവഘടകങ്ങളിൽ നിന്നും ഒരേപോലെ ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യകളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇനിപ്പറയുന്നു:

(1) *താപ-രാസ പരിവർത്തനം (Thermo-Chemical Conversion)*: ജൈവവസ്തുക്കളെ ഉയർന്ന ഊഷ്മാവിൽ കത്തിച്ച് താപോർജ്ജമോ ബയോഗ്യാസോ ആക്കിമാറ്റുന്ന വിദ്യയാണിത്. അഴുകാത്ത ജൈവാവശിഷ്ടങ്ങൾ കൂടിയ അളവിലും കുറഞ്ഞ ഈർപ്പവുമുള്ള ഖരമാലിന്യങ്ങളാണ് ഈ രീതിക്ക് ഏറ്റവും അനുയോജ്യം. ഭസ്മീകരണം, പൈറോലൈസിസ് (Pyrolysis) എന്നിവയാണ് ഈ രീതിയിലുള്ള പ്രധാന സാങ്കേതികവിദ്യകൾ.

(2) *ജൈവ-രാസ പരിവർത്തനം (Bio-chemical Conversion):* അഴുകുന്ന ജൈവാവശിഷ്ടങ്ങൾ കൂടിയ അളവിലുള്ളതും കനത്ത ഈർപ്പമുള്ളതുമായ ഖരമാലിന്യങ്ങളുടെ പരിപാലനത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണിത്. സൂക്ഷ്മജീവികളുടെ പ്രവർത്തനഫലമായി ജൈവമാലിന്യങ്ങൾ അഴുകുന്നതിലൂടെ മീഥേയ്ൻ ഗ്യാസ് ഉൽപ്പാദിപ്പിക്കപ്പെടുന്നു. ബയോ മീഥേനേഷൻ എന്നറിയപ്പെടുന്ന അനെയ്റോബിക് ഡൈജക്ഷനാണ് ഇതിലുപയോഗിക്കുന്ന സാങ്കേതികവിദ്യ. കേരളത്തിലെ നഗര ഖരമാലിന്യങ്ങളുടെ ഘടന, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഖരമാലിന്യ പരിപാലന രീതികളിൽ സംസ്ഥാനത്തിന് ഏറ്റവും യോജിക്കുന്നതാണ് ജൈവ-രാസ പരിവർത്തന സാങ്കേതികവിദ്യ.

<u>ഖരമാലിന്യ സംസ്കരണത്തിന് കേരളത്തിൽ നിലവിലുള്ള സംവിധാനങ്ങൾ</u>

ഖരമാലിന്യ പരിപാലനരംഗത്ത് കേന്ദ്രീകൃത സംവിധാനമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രധാനമായുള്ളത്. വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ കേന്ദ്രീകൃത സംസ്കരണ പ്ലാന്റുകളിൽ എത്തിച്ച്, ജൈവമാലിന്യങ്ങളെ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നു. ഇതിൽ അഴുകാത്തവയും അജൈവികവുമായ മാലിന്യങ്ങളെ ലാന്റ്ഫില്ലിംഗിന് വിധേയമാക്കുന്നു. ഇതിന് കൂടിയ അളവിൽ ഭൂമി വേണ്ടിവരുന്നതിനാൽ, ലാന്റ്ഫില്ലിംഗിലൂടെ മാത്രം മാലിന്യ സംസ്കരണം നടത്തുക എന്നത് ഒട്ടുംതന്നെ പ്രായോഗികമല്ല. കേരളത്തിലെ പകുതിയിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനുവർത്തിക്കുന്ന ഏകമാലിന്യ സംസ്കരണ സംവിധാനമാണ് ലാന്റ്ഫില്ലിംഗ്.

മേൽപ്പറഞ്ഞ രണ്ട് മാർഗ്ഗങ്ങൾക്കുപുറമേ ചന്തകൾ, തിരക്കേറിയ പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളെ സംസ്കരിക്കുന്ന സംവിധാനവും കേരളത്തിൽ വ്യാപകപ്രചാരം നേടിയിട്ടുണ്ട്. ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് ഉപയോഗിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കാനാവും.

വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനങ്ങളായ മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയവയ്ക്ക് കേരളത്തിൽ പ്രചാരം കിട്ടിവരുന്നതേയുള്ളൂ.

## 8. അശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണം

(എ) <u>കോർപ്പറേഷനുകൾ</u>

1. *തിരുവനന്തപുരം:* കോർപ്പറേഷന്റെ വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് ബഹുജനപ്രക്ഷോഭത്തെ തുടർന്ന് 2011 ഡിസംബർ 21 ന് അടച്ചുപൂട്ടി. അതിനുശേഷം, മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ ബദൽ സംവിധാനങ്ങൾ ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുനിരത്തുകൾ, ഓടകൾ, ജലാശയങ്ങൾ, കുറ്റിക്കാടുകൾ എന്നിവിടങ്ങളിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് അപകടകരമായി വർദ്ധിച്ചിട്ടുണ്ട്.

2. *കൊല്ലം:* കൊല്ലം കോർപ്പറേഷനിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. കരീപ്പുഴയിലെ ചണ്ടി ഡിപ്പോയിലാണ് മുൻപ് മാലിന്യങ്ങൾ കൊണ്ടുവന്ന് കൂട്ടിയിട്ടിരുന്നത്. ബഹുജന സമരത്തെ തുടർന്ന് ഇതിപ്പോൾ നിലച്ചിരിക്കുകയാണ്. കോർപ്പറേഷൻ പ്രദേശത്തെ ഒഴിഞ്ഞപ്രദേശങ്ങളിൽ മാലിന്യങ്ങൾ തള്ളുന്നതാണ് ഇപ്പോഴത്തെ രീതി.

3. *തൃശ്ശൂർ:* തൃശ്ശൂർ കോർപ്പറേഷന്റെ ലാലൂരിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് 2012 ജനുവരി 23 മുതൽ നിലച്ചിരിക്കുകയാണ്. ഇതുമൂലം സമയബന്ധിതമായി ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ കോർപ്പറേഷനു കഴിയുന്നില്ല. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യങ്ങൾ ചീഞ്ഞുനാറുകയാണ്.

(ബി) <u>മുനിസിപ്പാലിറ്റികൾ</u>

1. *തിരുവല്ല നഗരസഭ:* നഗരസഭ ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് ജെ. സി. ബി. ഉപയോഗിച്ച് രണ്ട് ദിവസത്തിലൊരിക്കൽ മണ്ണിട്ട് മൂടുന്നു. ചട്ടങ്ങളിൽ പറയും പ്രകാരം മാലിന്യങ്ങളെ ലാന്റ്ഫില്ലിംഗിനു വിധേയമാക്കേണ്ട സ്ഥലത്തിനുണ്ടായിരിക്കേണ്ട യാതൊരു മാനദണ്ഡങ്ങളും മേൽസ്ഥലത്തിനില്ല. ചുറ്റുമതിൽ ഇല്ലാത്ത ഈ സ്ഥലം വർഷങ്ങളായി കൃഷി ചെയ്യാതെകിടക്കുന്ന പുഞ്ചപ്പാടത്തിനു സമീപമാണ്.

2. *കായംകുളം നഗരസഭ:* നഗരസഭാ പരിധിക്കുള്ളിലെ മാലിന്യങ്ങളെ ശേഖരിച്ച് ഡമ്പിംഗ് യാർഡിൽ തള്ളുക മാത്രമാണ് ചെയ്യുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. മാലിന്യക്കൂമ്പാരത്തിൽ നിന്നുമുള്ള ഊറൽ ഒഴുകി ഡമ്പിംഗ് യാർഡിന് സമീപമുള്ള തോട്ടിൽ എത്തുകയാണ്.

3. *ആലപ്പുഴ നഗരസഭ:* 2009-ൽ ഒക്ടോബറിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. വർഷങ്ങളായി ശേഖരിച്ചുകൊണ്ടുവന്നിട്ടുള്ള മാലിന്യങ്ങൾ പ്ലാന്റ് സ്ഥിതി ചെയ്യുന്നിടത്ത് കുന്നുകൂടി കിടക്കുന്നു. പരിസര പ്രദേശങ്ങളിൽ അസഹ്യമായ ദുർഗന്ധം വ്യാപിച്ചിട്ടുണ്ട്.

4. *ചങ്ങനാശ്ശേരി നഗരസഭ:* പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫാത്തിമപുരത്തുള്ള ഡമ്പിംഗ് യാർഡിൽ കുന്നുകൂടി കിടക്കുന്നു. 2007 ഫെബ്രുവരി മുതൽ മാലിന്യ സംസ്കരണ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ജൈവവളം നീക്കം ചെയ്യാതെ പ്ലാന്റിന് സമീപത്തുതന്നെ കൂട്ടിയിട്ടിരിക്കുന്നു. ജൈവവളം ജീർണ്ണിച്ച് പരിസരമലിനീകരണത്തിന് കാരണമാകുന്നു.

5. *കോട്ടയം നഗരസഭ:* നഗരസഭയുടെ വടവാതൂരിലുള്ള ഡമ്പിംഗ് യാർഡിൽ 2 ലക്ഷം ടണ്ണോളം വരുന്ന ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതെ അവശേഷിക്കുന്നു. ഈ മാലിന്യങ്ങളിൽ നിന്നുള്ള ഊറൽ വെളിയിലേക്ക് ഒഴുകിയെത്തി കടുത്ത പരിസ്ഥിതിപ്രശ്നങ്ങളുണ്ടാകുന്നു. അസഹ്യമായ ദുർഗന്ധമാണ് പ്രദേശത്ത് അനുഭവപ്പെടുന്നത്.

6. *ആലുവ നഗരസഭ:* യാതൊരു തരത്തിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനമില്ലാത്ത കേരളത്തിലെ ഏക മുനിസിപ്പാലിറ്റിയാണ് ആലുവ നഗരസഭ.

മാലിന്യ സംസ്കരണത്തിന് നഗരസഭയ്ക്ക് സ്വന്തമായി ഭൂമിയോ, പ്ലാന്റോ ഇല്ല. നഗരസഭാ പ്രദേശത്തുനിന്നും ശേഖരിക്കപ്പെടുന്ന ഖരമാലിന്യങ്ങളെ ഒരു ട്രാൻസ്ഫർ പോയിന്റിൽ താൽക്കാലികമായി സംഭരിച്ച് വേർതിരിക്കുന്നു. ഇതിൽ ജൈവമാലിന്യങ്ങളെ കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിലേക്കും, അജൈവമാലിന്യങ്ങളെ സംഭരിക്കുന്നതിന് അനുസൃതമായി കരാർ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് പുറത്തേക്കും നീക്കം ചെയ്യുന്നു.

7. *പെരുമ്പാവൂർ നഗരസഭ:* സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റ് നഗരസഭയ്ക്കില്ല. നിലവിൽ ഖരമാലിന്യങ്ങളെ ശേഖരിച്ച് യാതൊരു വേർതിരിക്കലും നടത്താതെ അശാസ്ത്രീയമായി ലാന്റ്ഫില്ലിംഗിന് വിധേയമാക്കിവരുന്നു. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാടത്താണ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്.

8. *നിലമ്പൂർ നഗരസഭ:* നഗരസഭയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. പ്ലാസ്റ്റിക് മാലിന്യങ്ങളെ കൂട്ടിയിട്ട് കത്തിക്കുന്നു. ജൈവമാലിന്യങ്ങളെ കൃഷിയിടങ്ങളിൽ കൊണ്ടിടുന്നു.

9. *വടകര നഗരസഭ:* മാലിന്യങ്ങളെ പുതിയാപ്പയിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തള്ളുന്നത് മാത്രമാണ് നഗരസഭയുടെ മാലിന്യ സംസ്കരണ പരിപാടി. മാലിന്യങ്ങളെ ശരിയായി വേർതിരിക്കുകപോലും ചെയ്യാതെയാണ് ഇത്തരത്തിൽ തള്ളിക്കൊണ്ടിരിക്കുന്നത്.

10. *തലശ്ശേരി നഗരസഭ:* നഗരസഭയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റില്ല. നഗരസഭാ പരിധിക്കുള്ളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ പെട്ടിപ്പാലത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കൊണ്ടുചെന്ന് തള്ളിക്കൂട്ടിയിടുന്നതുമൂലം പരിസരമാകെ ചീഞ്ഞുനാറുകയാണ്.

11. *കണ്ണൂർ നഗരസഭ:* നഗരസഭാ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ ചേലോറയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കൊണ്ടുതള്ളുന്നു. ഇവിടെ മാലിന്യക്കൂമ്പാരം ഭീമാകാരമായി കഴിഞ്ഞു.

12. *കാസർഗോഡ് മുനിസിപ്പാലിറ്റി:* സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റില്ലാത്ത മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ രണ്ടുവർഷം മുൻപുവരെ കേളുഗുഡ്ഡയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തള്ളുകയായിരുന്നു ചെയ്തുവന്നിരുന്നത്. പൊതുജനപ്രക്ഷോഭംമൂലം ഇത് തടയപ്പെട്ടു. നിലവിൽ, ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ ഏത് രീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്ന് നഗരസഭ വ്യക്തമാക്കിയിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തുകൾ

1. *കൊട്ടാരക്കര (കൊല്ലം ജില്ല)*: ഗ്രാമപഞ്ചായത്തിന്റെ വകയായി ഉഗ്രൻകുന്നിലുള്ള സ്ഥലത്താണ് മാലിന്യങ്ങൾ കൊണ്ടുവന്നിടുന്നത്. ദിനംപ്രതി ഇവിടെ മാലിന്യങ്ങൾ കുന്നുകൂടുകയാണ്. മാംസാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ളവ ചീഞ്ഞുനാറി, പക്ഷിമൃഗാദികൾ കൊത്തിവലിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

2. *ചിറ്റാർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)*: ഖരമാലിന്യങ്ങളെ റോഡുവക്കിലും ഓടകളിലും തുറസ്സായ സ്ഥലങ്ങളിലും കൊണ്ടിടുന്നു. ചിറ്റാർ മാർക്കറ്റിൽ നിന്നുള്ള ഖരമാലിന്യങ്ങളിൽ ഒരുഭാഗം വേർതിരിക്കാതെ കുഴിയിലിട്ട് കത്തിക്കുന്നു. ബാക്കിയുള്ളത് സമീപത്തുള്ള വനപ്രദേശത്തുതള്ളുന്നു.

3. *കട്ടപ്പന ഗ്രാമപഞ്ചായത്ത് (ഇടുക്കി)*: ചന്തകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്ത് അതിർത്തിയിലുള്ള സംസ്ക്കരണ കേന്ദ്രത്തിൽ കൊണ്ടുതള്ളുന്നു. ചരിഞ്ഞുകിടക്കുന്ന ഈ പ്രദേശത്തു നിന്നും മഴക്കാലത്ത് മാലിന്യങ്ങൾ ഒഴുകിയിറങ്ങുന്നു.

4. *വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (എറണാകുളം)*: പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് വടയമ്പാടിയിലുള്ള പഞ്ചായത്തുവക സ്ഥലത്ത് കൊണ്ടുവന്ന് തള്ളുന്നു. ജൈവ-അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങളെ തമ്മിൽ വേർതിരിക്കുകയോ സംസ്ക്കരിക്കുകയോ ചെയ്യുന്നില്ല.

5. *കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് (എറണാകുളം)*: പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാലിന്യങ്ങളെ പഞ്ചായത്ത് മാർക്കറ്റിനടുത്തുള്ള ഡമ്പിംഗ് യാർഡിൽ തള്ളുന്നു. മാലിന്യങ്ങളെ വേർതിരിക്കാതെ ഇവിടെ കൂട്ടിയിടുക മാത്രമാണ് ചെയ്യുന്നത്.

6. *കൊടുവായൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്)*: പഞ്ചായത്തിന്റെ തിരക്കേറിയ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിൽ ചെറിയൊരളവുമാത്രമേ ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടുന്നുള്ളൂ. ബാക്കി പഞ്ചായത്തുവക സംസ്ക്കരണ സ്ഥലത്ത് കുമ്പാരമായി കിടക്കുന്നു.

7. *കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് (മലപ്പുറം)*: കൊണ്ടോട്ടി ടൗണിലെ അങ്ങാടിയിൽ നിന്നുള്ള മാലിന്യങ്ങൾ ഉത്തുകൂട്ടി തീയിടുന്നു. മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് വേർതിരിക്കുന്നില്ല.

8. *രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)*: ടൗണിൽനിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് നഗരമധ്യത്തിൽ, ഇൻസിനേറ്റർ സ്ഥിതി ചെയ്തിരുന്നിടത്ത് കൂട്ടുകയാണ് ചെയ്യുന്നത്. മാലിന്യങ്ങളെ വേർതിരിക്കാൻപോലും കഴിഞ്ഞിട്ടില്ല.

## 9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യസംസ്കരണത്തിനായുള്ള ഭൂമിയും

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലനത്തിന് സ്വന്തമായി ഭൂമിയില്ലാത്തവയാണ്. ഖരമാലിന്യ സംസ്കരണത്തിനായി പ്ലാന്റ് സ്ഥാപിക്കുക, അജൈവ മാലിന്യങ്ങളെ ലാന്റ്ഫിൽ ചെയ്യുക, മാലിന്യങ്ങളിൽ നിന്നും ഒഴുകിയിറങ്ങുന്ന മലിനജലത്തെ ശുദ്ധീകരിക്കാൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക എന്നിവയാണ് മാലിന്യപരിപാലനാർത്ഥമുള്ള ഭൂമിയുടെ പ്രധാന ഉപയോഗങ്ങൾ. ശുചിത്വ മിഷൻ അറിയിച്ചിരിക്കുന്നത് (കത്ത് നമ്പർ 4675/ബി/2012/എസ്.എം.) ഭാഗികമായോ പൂർണ്ണമായോ പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുള്ള കേരളത്തിലെ മുനിസിപ്പാലിറ്റികൾ 30 എണ്ണമെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ, മാലിന്യ ഉൽപ്പാദനത്തിന്റെ അളവ് എന്നിവയെക്കുറിച്ച് 2008 ജൂലൈയിൽ പഠനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 20 വർഷത്തേക്ക് കേരളത്തിലെ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾക്ക് മാലിന്യസംസ്കരണാർത്ഥം ആവശ്യമുള്ള ഭൂമിയുടെ അളവും നിർദ്ദേശിച്ചിട്ടുണ്ട്.

<u>നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യസംസ്കരണാർത്ഥം ആവശ്യമുള്ളതും കൈവശമുള്ളതുമായ ഭൂമി (ഏക്കറിൽ)</u>

| നഗര തദ്ദേശസ്വയംഭരണ സ്ഥാപനം | മാലിന്യസംസ്കരണത്തിന് അടുത്ത 20 വർഷത്തേക്ക് ആവശ്യമായ ഭൂമി (ഏക്കർ) | നിലവിൽ കൈവശമുള്ള ഭൂമി (ഏക്കർ) |
|---|---|---|
| ആറ്റിങ്ങൽ | 4.45 | 4.20 |
| ആലപ്പുഴ | 22.10 | 11.00 |
| ചേർത്തല | 5.63 | ഇല്ല |
| അടൂർ | 3.61 | 1.05 |
| പെരുമ്പാവൂർ | 3.31 | 1.56 |
| അങ്കമാലി | 4.76 | 0.50 |
| തൃശ്ശൂർ | 39.62 | 6.91 |
| ചാവക്കാട് | 4.17 | 0.50 |
| പെരിന്തൽമണ്ണ | 5.57 | 5.00 |
| തിരൂർ | 6.70 | 4.97 |
| മലപ്പുറം | 7.30 | 2.50 |

| | | |
|---|---|---|
| കോഴിക്കോട് | 54.48 | 16.00 |
| തളിപ്പറമ്പ് | 8.42 | 2.02 |
| പയ്യന്നൂർ | 8.58 | 3.50 |
| കാസർഗോഡ് | 6.57 | 7.05 |
| കാഞ്ഞങ്ങാട് | 8.17 | 2.00 |

(അവലംബം: *സി & എജി.-യുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട്നമ്പർ 5)*

കോർപ്പറേഷനും മുനിസിപ്പാലിറ്റികളും ഉൾപ്പെടെയുള്ള നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തന്നെ നേരിടാൻ പോകുന്ന രൂക്ഷമായ പ്രതിസന്ധിയിലേക്കാണ് മേൽപ്പട്ടിക വിരൽചൂണ്ടുന്നത്. അടുത്ത ഇരുപത് വർഷത്തേക്ക് മാലിന്യ സംസ്കരണത്തിന് വേണ്ടിവരുന്ന അളവിൽ ഭൂമി സ്വന്തമായുള്ള സ്ഥാപനം കാസർഗോഡ് മുനിസിപ്പാലിറ്റി മാത്രമാണ്. കോർപ്പറേഷനുകളിൽ അവസ്ഥ കൂടുതൽ ഗൗരവമുള്ളതാകുമെന്നാണ് മേൽ കണക്കുകൾ സൂചിപ്പിക്കുന്നത്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ—ഖരമാലിന്യ സംസ്കരണാർത്ഥം വാങ്ങിയ ഭൂമിയുടെ കണക്കുകൾ

### 1. *ഗ്രാമപഞ്ചായത്തുകൾ*

| ഗ്രാമ പഞ്ചായത്ത് | വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക (രൂപ) | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| കൊട്ടാരക്കര | 41.95 ആർ. | 2009-10 | | പ്ലാന്റ് നിർമ്മാണം ഭാഗികമായി മാത്രം നടന്നു. മാലിന്യം കൊണ്ടിടുന്നു. |
| വടവുകോട് - പുത്തൻകുരിശ് | 65.84 ആർ. | 1999-2000 | 14,48,480 | മാലിന്യം കൊണ്ടിടുന്നു. |
| ആലത്തൂർ | 66.50 സെന്റ് | 2000-01 | 2 ലക്ഷം | പ്ലാന്റ് പ്രവർത്തിക്കുന്നു |
| കൊണ്ടോട്ടി | 33 സെന്റ് | 1997-98 | 2,32,750 | സ്ഥലം വെറുതെ കിടക്കുന്നു |
| സുൽത്താൻ ബത്തേരി | 50 സെന്റ് | 1984 | 18,750 | പ്ലാന്റ് പ്രവർത്തിക്കുന്നു |
| മംഗൽപാടി | 1.77 ഏക്കർ | 2003-04 | 3,18,600 | പ്ലാന്റ് പ്രവർത്തിക്കുന്നു |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 (എഫ്) വകുപ്പ് അനുശാസിക്കുന്നത് ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിയുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും തങ്ങളുടെ പ്രദേശത്തിന്റെ ഉള്ളിലോ വെളിയിലോ ആയി അനുയോജ്യമായ സ്ഥലം കണ്ടെത്തണം എന്നാണ്. എന്നാൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും ഇതു പാലിച്ചിട്ടില്ല.

## 2. *മുനിസിപ്പാലിറ്റികൾ*

| മുനിസിപ്പാലിറ്റി | ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| കായംകുളം | 1.56 ഹെക്ടർ | 2008-09 | 50,87,000 | ജനകീയപ്രക്ഷോഭം കാരണം പ്ലാന്റ് സ്ഥാപിക്കാനായിട്ടില്ല |
| കോട്ടയം | 1.36 ഏക്കർ | 2007 | 27,84,000 | ഭൂമി വെറുതെ കിടക്കുന്നു |
| പെരുമ്പാവൂർ | 1.56 ഏക്കർ | 2005-06 | 16,47,047 | ഭൂമി വെറുതെ കിടക്കുന്നു |
| കണ്ണൂർ | 23.29 ഏക്കർ | - | - | പ്ലാന്റ് സ്ഥാപിച്ചിട്ടില്ല |
| കാസർഗോഡ് | 5.46 ഏക്കർ | 2005-06 | - | സ്ഥലം കാടുപിടിച്ച് കിടക്കുന്നു |

## 3. *കോർപ്പറേഷനുകൾ*

| കോർപ്പറേഷൻ | ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| തിരുവനന്തപുരം | 21.65 ഹെക്ടർ | പല ഘട്ടങ്ങളിലായി | - | പ്ലാന്റ് സ്ഥാപിച്ചു |
| കൊല്ലം | 12.52 ഏക്കർ | 2005-09 | 6,85,18,136 | പ്ലാന്റിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു |
| കൊച്ചി | 110 ഏക്കർ | - | - | പ്ലാന്റ് പ്രവർത്തിക്കുന്നു |
| തൃശ്ശൂർ | 25.4 ഏക്കർ (തുടക്കത്തിലേയുള്ള ഭൂമി) | - | - | പ്ലാന്റ് സ്ഥാപിച്ചു |

## 10. തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ ഉൽപ്പാദനവും പ്ലാന്റുകളുടെ സ്ഥാപിതശേഷിയും

സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകളുള്ള കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാന്റുകളുടെ പ്രവർത്തനശേഷി പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെക്കാളും തുലോം കുറവാണ്. ഇതുകൊണ്ടുതന്നെ ഖരമാലിന്യങ്ങൾ പൂർണ്ണമായി സംസ്കരിക്കാൻ കഴിയാതെവരുന്നു. വേണ്ടത്ര പഠനം നടത്താതെ പ്ലാന്റുകൾ സ്ഥാപിച്ചതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. സംസ്കരിക്കപ്പെടാതെ അവശേഷിക്കുന്ന മാലിന്യങ്ങൾ പ്ലാന്റുകൾക്ക് ചുറ്റും കുന്നുകൂടി കിടക്കുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്നു. ആരോഗ്യത്തിനും പരിസ്ഥിതിക്കും അത്യന്തം ദോഷകരമാണ് സംസ്കരിക്കപ്പെടാത്ത ഖരമാലിന്യങ്ങൾ.

<u>തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ ഉൽപ്പാദനവും പ്ലാന്റുകളുടെ സംസ്കരണശേഷിയും</u>

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഖരമാലിന്യ ഉൽപ്പാദനം (പ്രതിദിനം/ടൺ) | മാലിന്യ സംസ്കരണ പ്ലാന്റിന്റെ ശേഷി (പ്രതിദിനം/ടൺ) |
|---|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | 328 | 155.4 |
| കൊല്ലം കോർപ്പറേഷൻ | 45 | 40 (നിർമ്മാണ ഘട്ടത്തിൽ) |
| കൊച്ചി കോർപ്പറേഷൻ | 250 | 200 |
| തൃശ്ശൂർ കോർപ്പറേഷൻ | 80 | 30 |
| ചങ്ങനാശ്ശേരി നഗരസഭ | 6 | 4 |
| കോട്ടയം നഗരസഭ | - | 30 |
| ചാലക്കുടി നഗരസഭ | 8.5 | 2 |
| പാലക്കാട് നഗരസഭ | 40.72 | 30 |
| തിരൂർ നഗരസഭ | - | 10 |

**ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്കായി ചെലവഴിച്ചത് കോടികൾ; പ്രവൃത്തിക്കുന്നവ നാമമാത്രം**

ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന ഏറ്റവും പ്രധാന പ്രവർത്തനമാണ് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ. പ്ലാന്റിനുള്ള സ്ഥലം വാങ്ങൽ, പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി കോടിക്കണക്കിന് രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത്രയും ഭീമമായ ചെലവുകൾക്ക് ആനുപാതികമായി ഖരമാലിന്യപരിപാലന സംവിധാനങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ അന്വേഷണങ്ങൾ വ്യക്തമാക്കുന്നത്.

കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിക്കപ്പെട്ട പ്ലാന്റുകളിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച പ്ലാന്റുകൾക്കും ഉദാഹരണങ്ങളുണ്ട്. പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ കയ്യൊഴിഞ്ഞതിനാൽ പ്രവർത്തനം നിലച്ചവയുമുണ്ട്. കൂടാതെ, ബഹുജന പ്രക്ഷോഭംമൂലം പ്രവർത്തിപ്പിക്കാനാവാത്ത ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ എണ്ണം കൂടിവരികയാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം</u>

**(എ) *മുനിസിപ്പാലിറ്റികൾ***

| മുനിസിപ്പാലിറ്റി | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റ് സ്ഥാപിക്കുവാൻ ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കായംകുളം | 2003 (ഇൻസിനേറ്റർ) | 21.50 ലക്ഷം | ചീരൻമയൂര ഇൻഡസ്ട്രീസ് | ഒരു പുകക്കുഴൽ മാത്രം സ്ഥാപിച്ചു |
| ആലപ്പുഴ | 2010 | 3.34 കോടി | എ.പി.റ്റി.ഡി.സി. (ആന്ധ്രാപ്രദേശ്) | പ്ലാന്റ് പ്രവർത്തന ക്ഷമമല്ല |
| ചങ്ങനാശ്ശേരി | 2007 (ജൈവവള യൂണിറ്റ്) | 28 ലക്ഷം | കെയ്കോ | പ്രവർത്തിക്കുന്നു |
| കോട്ടയം | 2006 | ബി.ഒ.ടി. വ്യവസ്ഥ | രാംകി എനർജി എൻവയോൺ മെന്റൽ ലിമിറ്റഡ്, ഹൈദരബാദ് | പ്രവർത്തിക്കുന്നു |
| ചാലക്കുടി | 2000 | 18 ലക്ഷം | ഐ.ആർ.ടി.സി. | സംസ്കരണ പ്രക്രിയ പൂർണ്ണമല്ല |
| പാലക്കാട് | 2007 | 1.67 കോടി | ഐ.ആർ.ടി.സി. മുണ്ടൂർ | സാങ്കേതിക തകരാറിനാൽ പ്രവർത്തനമില്ല |
| തിരൂർ | 2008 | 33.44 ലക്ഷം | ടെക്നോ ഗ്രൂപ്പ്, ആലുവ | നഗരസഭയിലെ മാലിന്യങ്ങളെ പൂർണ്ണമായും സംസ്കരിക്കാൻ കഴിയുന്നില്ല |
| നിലമ്പൂർ | 2010 ൽ നിർമ്മാണം നടത്തി | 8.15 ലക്ഷം | സോഷ്യോ ഇക്കോണമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ | 2010 സെപ്റ്റംബറിൽ പ്രവർത്തനം തുടങ്ങേണ്ടതായിരുന്നു. ഇതുവരെ പണി പൂർത്തിയായില്ല. |

| | | | | |
|---|---|---|---|---|
| വടകര | 2002 | 10,62,998 | സേഫ് മോട്ടോഴ്സ് കൊടുങ്ങല്ലൂർ | പ്രവർത്തിക്കുന്നില്ല |
| കണ്ണൂർ | - | 1.06 ലക്ഷം (ടെണ്ടർ പരസ്യ ചെലവ്) | - | പ്ലാന്റ് സ്ഥാപിക്കാനുള്ള യാതൊരു നടപടിയു മായിട്ടില്ല. |
| നീലേശ്വരം | 2010 | 25.17 ലക്ഷം | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | ജനകീയ പ്രക്ഷോഭംമൂലം പ്രവർത്തിക്കുന്നില്ല |

## (ബി) പഞ്ചായത്തുകൾ

| ഗ്രാമ പഞ്ചായത്ത് | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റ് സ്ഥാപിക്കുവാൻ ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കൊട്ടാരക്കര | 2004 | 25 ലക്ഷം | ചീരൻമയൂര, തൃശ്ശൂർ | പ്ലാന്റ് തകർന്നു കിടക്കുന്നു |
| ഇളമ്പത്തൂർ | 2009-ൽ നിർമ്മാണം തുടങ്ങി ഇതുവരെ പൂർത്തിയായില്ല | 8 ലക്ഷം | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | പ്രവർത്തനം തുടങ്ങിയിട്ടില്ല |
| ആലത്തൂർ | 2003 (ഒന്നാം ഘട്ടം) 2012 (രണ്ടാം ഘട്ടം) (മണ്ണിര കമ്പോസ്റ്റ് പ്ലാന്റ്) | 17.41 ലക്ഷം 13.81 ലക്ഷം | ഐ.ആർ.ടി.സി. യുടെ സാങ്കേതിക സഹായത്തോടെ ഗ്രാമപഞ്ചായത്ത് ,, | വിൻഡ്രോ കമ്പോസ്റ്റ് ഉൽപ്പാദനം മാത്രം നടക്കുന്നു. പ്ലാന്റ് പ്രവർത്തിക്കുന്നില്ല |
| കൊടുവായൂർ | 2005 (മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്) | 7.08 ലക്ഷം | ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തി | പ്രവർത്തനം ഫലപ്രദമല്ല |
| രാമനാട്ടുകര | 2005 (ഇൻസിനേറ്റർ) | 20.95 ലക്ഷം | ചീരൻമയൂര, തൃശ്ശൂർ | 4 വർഷമായി പ്രവർത്തനരഹിതം |
| സുൽത്താൻ ബത്തേരി | 2008 (ഇൻസിനേറ്റർ) | 10 ലക്ഷം | കൊച്ചിൻ ഇൻഡസ്ട്രീസ് | പ്രവർത്തിക്കുന്നു |
| മംഗൽപാടി | 2007 | 22.20 ലക്ഷം | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | പ്രവർത്തിക്കുന്നു |

## (സി) കോർപ്പറേഷനുകൾ

| കോർപ്പറേഷൻ | പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റിന് ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| തിരുവനന്തപുരം | 1999 | ബി.ഒ.ഒ.എം. വ്യവസ്ഥ | പോബ്സ് എൻവിറോ ടെക് പ്രൈ. ലിമിറ്റഡ് | ബഹുജന പ്രക്ഷോഭത്താൽ പ്ലാന്റ് പ്രവർത്തിക്കുന്നില്ല |
| കൊല്ലം | - | 1.54 കോടി | - | വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നു |
| കൊച്ചി | 2009 | 22.93 കോടി | ആന്ധ്രാപ്രദേശ് ടെക് നോളജി ഡെവലപ്പ്മെന്റ് പ്രൊമോഷൻ സെന്റർ | പ്രവർത്തിക്കുന്നു |
| തൃശ്ശൂർ | 2003 | 1.70 കോടി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | ബഹുജന പ്രക്ഷോഭംമൂലം പ്രവർത്തിക്കുന്നില്ല |
| കോഴിക്കോട് | 1999 | 4.5 കോടി | എക്സൽ ഇൻഡസ്ട്രീസ് | പ്രവർത്തിക്കുന്നു |

## നിർമ്മാണം നിലച്ച ഖരമാലിന്യ പ്ലാന്റുകൾ

വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രക്രിയ പാതിവഴിയിലായ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഒട്ടേറെ ഉദാഹരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. നടത്തിപ്പിലെ പോരായ്മ, ഏജൻസികളുടെ ഉദാസീനത എന്നിവയാണ് ഇതിന് പ്രധാന കാരണങ്ങളായി കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

1. ***താമരശ്ശേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)***: മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ 2008-09-ൽ 4,35,000 രൂപ അടങ്കലിൽ പദ്ധതി ആസൂത്രണം ചെയ്തു. 4,38,096 രൂപയാണ് പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. 2011-12-ൽ 1,60,580 രൂപ കൂടി പദ്ധതിക്കായി വിനിയോഗിച്ചു. 2012 നവംബർ 14-ന് സ്ഥലം സന്ദർശിച്ച ഓഡിറ്റ് ടീമിന് പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. കൂടാതെ പ്ലാന്റിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പ്ലാന്റിന് ചെലവായ 5,98,677 രൂപ പാഴായിരിക്കുകയാണ്.

**2. ചെങ്ങന്നൂർ നഗരസഭ:** അടൂർ ആസ്ഥാനമായുള്ള കോർഫൗണ്ടേഷൻ എന്ന സ്ഥാപനത്തെയാണ് 2007-08-ൽ 54,00,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി പ്രകാരം മാലിന്യസംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചത്. ഒരുവർഷത്തിനുശേഷം പണി പൂർത്തിയായത് മണ്ണിര കമ്പോസ്റ്റ് യൂണിറ്റിനുള്ള ഷെഡ് മാത്രമാണ്. എന്നാൽ 31-3-2008-ൽ ബിൽ നമ്പർ 86/07-08 പ്രകാരം അഞ്ച് ലക്ഷം രൂപ ഏജൻസിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മാലിന്യസംസ്കരണശാലയുടെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

**3. കായംകുളം നഗരസഭ:** ഇൻസിനേറ്റർ സ്ഥാപിക്കുന്നതിലേക്കായി ചീരൻമയൂര ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 2002-03 സാമ്പത്തിക വർഷം 21,50,000 രൂപ മുൻകൂറായി നൽകി (28-3-2003-ലെ 849969 മുതൽ 974 വരെയുള്ള ചെക്കുകൾ പ്രകാരം) ഇത്രയും വലിയ തുക കൈപ്പറ്റിയിട്ടും ഒരു പുകക്കുഴൽ മാത്രമാണ് ഏജൻസി സ്ഥാപിച്ചിട്ടുള്ളത്. 3-6-2003-ൽ നഗരസഭ പ്രസ്തുത സ്ഥാപനവുമായുള്ള കരാർ റദ്ദാക്കി. ഇൻസിനേറ്ററോ, പ്ലാന്റോ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

**4. ആലപ്പുഴ നഗരസഭ:** നഗരസഭയുടെ സർവോദയപുരത്തുള്ള മാലിന്യസംസ്കരണ കേന്ദ്രത്തിൽ പ്ലാന്റ് നിർമ്മാണം ആരംഭിച്ചത് 2006-ലാണ്. ആന്ധ്രാപ്രദേശ് ടെക്നോളജി ഡെവലപ്പ്മെന്റ് ആന്റ് പ്രൊമോഷൻ സെന്റർ (എ.പി.റ്റി.ഡി.സി.) ആയിരുന്നു നിർമ്മാണ ഏജൻസി. കരാർപ്രകാരം 18-3-2007-ൽ 3.34 കോടി രൂപ ചെലവഴിച്ച് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി.

ട്രയൽ റൺ, ഗ്യാരന്റി റൺ എന്നിവ നടത്തി 18-3-2009-ൽ പ്ലാന്റ് നഗരസഭയ്ക്ക് കൈമാറേണമായിരുന്നു. എന്നാൽ, 2010 മേയ് 26-ന് ഔപചാരിക ഉദ്ഘാടനം നടത്തി എന്നതല്ലാതെ നാളിതുവരെ പ്ലാന്റ് പ്രവർത്തനക്ഷമമാക്കി നഗരസഭയ്ക്ക് കൈമാറിയിട്ടില്ല.

**5. കൊല്ലം കോർപ്പറേഷൻ:** കോർപ്പറേഷന്റെ കരീപ്പുഴയിലുള്ള സ്ഥലത്ത് കമ്പോസ്റ്റ് പ്ലാന്റ്, ലാന്റ്ഫിൽ, മലിനജല ശുദ്ധീകരണ പ്ലാന്റ് എന്നിവ നിർമ്മിക്കാനായിരുന്നു പദ്ധതി. കമ്പോസ്റ്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് 29,84,648 രൂപയും ലാന്റ്ഫില്ലിംഗിനായി 90,32,717 രൂപയും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ 34,22,829 രൂപയും വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങാനായി 1,46,51,181 രൂപയും ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്ലാന്റിന്റെ പ്രവർത്തനം മാത്രമാണ് ഏറെക്കുറെ പൂർത്തിയായിട്ടുള്ളത്. മറ്റ് പ്രവർത്തനങ്ങൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്.

### മാലിന്യസംസ്കരണ രംഗത്തെ മംഗൽപാടി മാതൃക

ഖരമാലിന്യസംസ്കരണം കാര്യക്ഷമമായി നടത്തുന്നതിലൂടെ തനത് വരുമാന മാർഗ്ഗം കണ്ടെത്തിയ പഞ്ചായത്താണ് കാസർഗോഡ് ജില്ലയിലെ മംഗൽപാടി. കുബന്നൂരിൽ 22.20 ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്ത് സ്ഥാപിച്ച ഖരമാലിന്യ പ്ലാന്റ് പ്രവർത്തനമാരംഭിച്ചത് 2007-ലാണ്. കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് പ്ലാന്റിന്റെ നിർമ്മാണം നടത്തിയ ഏജൻസി. കുബന്നൂരിലെ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റ് മിതമായ വിലയ്ക്കാണ് കർഷകർക്ക് നൽകുന്നത്. 2011-12-ൽ, ജൈവവളം വിൽപ്പനയിലൂടെ 1,12,500 രൂപ മംഗൽപാടി പഞ്ചായത്തിന് വരുമാനമുണ്ടായി. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ ഗുണമേന്മാ പരിശോധന നടത്തുന്നത് കാസർഗോട്ടുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രമാണ്. ഖരമാലിന്യ പരിപാലന സംവിധാനത്തെ ലാഭകരമാക്കുക എന്ന ആധുനിക സങ്കൽപ്പവുമായി ഒത്തുപോകുന്നതാണ് മംഗൽപാടിയിലെ ഖരമാലിന്യ പരിപാലന മാതൃക.

ഇതിനുപുറമേ, തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തായ കുമ്പളയിൽ നിന്നുള്ള 750 ടൺ ഖരമാലിന്യങ്ങൾ 2006 മുതൽ 2009 വരെയുള്ള കാലത്ത് മംഗൽപാടിയിലെ പ്ലാന്റിൽ സംസ്കരിക്കുകയും ഇതിലൂടെ, പ്രോസസിംഗ് ചാർജ്ജിനത്തിൽ 97,500 രൂപ മംഗൽപാടി പഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

### കൊട്ടാരക്കരയിലെ ഖരമാലിന്യ പ്രതിസന്ധി

അതിവേഗം നഗരവൽക്കൃതമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തമോദാഹരണമാണ് കൊല്ലം ജില്ലയിലെ കൊട്ടാരക്കര. ഗ്രാമപഞ്ചായത്ത് നടത്തിയ പഠനപ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രതിവർഷം 2500 ടൺ ഖരമാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 2190 ലോഡ് മാലിന്യങ്ങളാണ് പ്രതിവർഷം പഞ്ചായത്ത് ശേഖരിക്കുന്നത്. ഖരമാലിന്യ സംസ്കരണത്തിനായി ഉഗ്രൻകുന്നിൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് 25 ലക്ഷം രൂപ ചെലവഴിച്ച് 2004 ൽ സ്ഥാപിച്ച സംസ്കരണ പ്ലാന്റ് 2008-ൽ തകർന്നുവീണു. പ്രധാന ചന്തയോട് ചേർന്ന് 24 ലക്ഷം രൂപ മുടക്കി 2008-ൽ പണിപൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. ഉഗ്രൻകുന്നിൽ പുതിയൊരു മാലിന്യ സംസ്കരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2010 സെപ്റ്റംബറിൽ തുടങ്ങിയെങ്കിലും, തൂണുകൾ മാത്രമാണ് ഇതുവരെയായി പൂർത്തിയായിട്ടുള്ളത്. ഈ പണിയുമായി ബന്ധപ്പെട്ട് കരാറുകാരന് 2011 ഡിസംബറിലെ പാർട്ട് ബിൽ പ്രകാരം

6,06,975 രൂപ (ആറു ലക്ഷത്തി ആറായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി ഇതുവരെ പുനരാരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന ഏഴ് ടണ്ണോളം മാലിന്യങ്ങൾ ശേഖരിച്ച് ഉഗ്രൻകുന്നിൽ കൂട്ടിയിടുക മാത്രമാണ് ഇപ്പോൾ ചെയ്തുവരുന്നത്. ഇവിടുത്തെ മാലിന്യക്കൂമ്പാരം ദിനംപ്രതി വലുതായിക്കൊണ്ടിരിക്കുമ്പോഴും ഈ പ്രതിസന്ധി എങ്ങനെ മറികടക്കാനാവുമെന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് പഞ്ചായത്തധികൃതർക്കില്ല.

കഴിഞ്ഞ എട്ട് വർഷങ്ങൾക്കിടയിൽ അറുപത് ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും ഗുണകരമായ മാലിന്യസംസ്കരണ സംവിധാനം നിലവിൽ വരുത്താൻ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 'ആരോബയോ:'—ഖരമാലിന്യപരിപാലനത്തിലെ ആധുനിക സങ്കേതം

നഗരമാലിന്യസംസ്കരണ രംഗത്തെ ഏറ്റവും പുതിയ സങ്കേതങ്ങളിൽ ഒന്നാണ് ഇസ്രയേലി ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തിട്ടുള്ള 'ആരോബയോ (Arrowbio)'. ദുർഗന്ധമില്ലാതെ നഗരമാലിന്യങ്ങളെ സംസ്കരിക്കാം എന്നതാണ് ഈ സങ്കേതത്തിലെ ഏറ്റവും വലിയ മേന്മകളിലൊന്ന്. ആരോബയോ സംവിധാനത്തിൽ ദിനംപ്രതി 200 ടൺ മാലിന്യങ്ങൾ സംസ്കരിക്കുന്ന പ്ലാന്റ് സ്ഥാപിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വെറും രണ്ടര ഏക്കർ ഭൂമി മതി. വായുമലിനീകരണം, ജലമലിനീകരണം എന്നിവയില്ലാത്തതിനാൽ നഗരത്തിനുള്ളിൽത്തന്നെ ആരോബയോ പ്ലാന്റ് സ്ഥാപിക്കാം.

സംസ്കരണത്തിനായി എത്തിക്കുന്ന മാലിന്യങ്ങളെ മുൻകൂട്ടി വേർതിരിക്കണമെന്നില്ല എന്നതാണ് ആരോബയോ സാങ്കേതികവിദ്യയുടെ പ്രധാന സവിശേഷത. ഖരമാലിന്യ സംസ്കരണ രംഗത്ത് കേരളം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ഖരമാലിന്യങ്ങളെ വേണ്ടതരത്തിൽ വേർതിരിക്കാനാവാത്തതാണ് എന്നതും ഈ സാഹചര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. ഖരമാലിന്യങ്ങളെ ഒന്നോടെ വെള്ളത്തിലിട്ടാൽ പ്ലാസ്റ്റിക് പോലുള്ളവ പൊങ്ങിക്കിടക്കുകയും കുപ്പിച്ചില്ല്, ലോഹങ്ങൾ മുതലായവ അടിയിൽ എത്തുകയും മാലിന്യത്തിലെ ദുർഗന്ധമുണ്ടാക്കുന്ന ദ്രവഭാഗം വെള്ളത്തിൽ ഒഴുകിപ്പോകുകയും ചെയ്യും എന്ന ലളിതമായ തത്വമാണ് ഈ സാങ്കേതികവിദ്യയിൽ ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക്, ഗ്ലാസ്സ്, ലോഹങ്ങൾ എന്നിവ കഴുകി വൃത്തിയാക്കിയ നിലയിൽ ലഭിക്കുമെന്നതിനാൽ അവ വീണ്ടും ഉപയോഗിക്കുവാനും സാധിക്കും. പ്ലാന്റിലെത്തുന്ന ജൈവസമ്പുഷ്ടമായ ജലത്തിൽ നിന്നുള്ള ഗ്യാസുപയോഗിച്ച് വൈദ്യുതോൽപ്പാദനം നടത്താനാവുന്നതും പ്ലാന്റിൽ അവശേഷിക്കുന്ന ജൈവവസ്തുക്കൾ മികച്ച ജൈവവളമായി മാറ്റാവുന്നതും സവിശേഷതയാണ്. പ്രതിദിനം 200 ടൺ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ആരോബയോ പ്ലാന്റിൽ നിന്നും മൂന്ന് മെഗാവാട്ട്

വൈദ്യുതിവരെ ഉൽപ്പാദിപ്പിക്കാൻ കഴിയും. നഗരഖരമാലിന്യ പരിപാലനരംഗത്ത് കേരളം നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ മാലിന്യങ്ങളുടെ ശരിയായ വേർതിരിക്കലും, സംസ്കരണ സംവിധാനം സ്ഥാപിക്കാനാവശ്യമായ അളവിൽ ഭൂമി ലഭ്യമാക്കുന്നതുമാണ്. ഈ രണ്ട് പ്രശ്നങ്ങളും അനായാസം കൈകാര്യം ചെയ്യാൻ ആരോബയോ സംവിധാനത്തിന് കഴിയും.

**മൈസൂരിലെ ഖരമാലിന്യപരിപാലനം**

പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന 450 ടണ്ണോളം ഖരമാലിന്യങ്ങളെ കാര്യക്ഷമമായി സംസ്കരിക്കുന്ന സംവിധാനമാണ് മൈസൂരിലേത്. മാലിന്യസംസ്കരണത്തിലെ ഈ മികവ് കൊണ്ടുതന്നെയാണ് മൈസൂർ നഗരം ഇപ്പോഴും ഒരു പ്രമുഖ വിനോദസഞ്ചാരകേന്ദ്രമായി തുടരുന്നത്. ഇതിലൂടെ കൊതുകും ഈച്ചയും ഇല്ലാത്ത വൃത്തിയുള്ള നഗരമായി മൈസൂർ മാറിയിരിക്കുന്നു.

മൈസൂർ നഗരത്തിലെ 22 ഏക്കറോളം വരുന്ന സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്ന ഖരമാലിന്യങ്ങളുടെ മേൽ ഒരു ജൈവലായനി തളിക്കുകയാണ് ആദ്യമായി ചെയ്യുന്നത്. ഇതിനെത്തുടർന്ന് 20 മിനിട്ടിനുള്ളിൽ മാലിന്യങ്ങളിൽ നിന്നുള്ള ദുർഗന്ധം ശമിക്കും. മൈസൂരിലെ സ്വകാര്യ സ്ഥാപനമായ ജെ.എം.എസ്. ബയോടെക്കാണ് ഈ ജൈവലായനി തയ്യാറാക്കുന്നത്. ലായനി തളിച്ച് കഴിഞ്ഞാൽ ഈച്ച, കൊതുക് തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. നാൽപ്പത് ദിവസങ്ങൾ കഴിയുമ്പോൾ മാലിന്യങ്ങൾ ഉത്തമ ജൈവവളമായി മാറുന്നു.

സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്ന മാലിന്യങ്ങളിൽ പ്ലാസ്റ്റിക്കുമുണ്ടാകും. പ്രത്യേക യന്ത്രത്തിന്റെ സഹായത്തോടെ പ്ലാസ്റ്റിക്കിനെ മാലിന്യങ്ങളിൽ നിന്നും നീക്കം ചെയ്യുന്നു. ദിനംപ്രതി 40 ടൺ ജൈവവളമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ചാക്കൊന്നിന് 280 രൂപ വിലയ്ക്കാണ് കോർപ്പറേഷൻ ഈ ജൈവവളം വിറ്റഴിക്കുന്നത്. 'മൈസൂർ ഗോൾഡ് ' എന്ന പേരിൽ ജൈവവളം നേരിട്ട് വിറ്റഴിക്കാൻ കോർപ്പറേഷന് പദ്ധതിയുണ്ട്. ഒരു ടൺ ഖരമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റാൻ മൈസൂർ കോർപ്പറേഷന് ചെലവാകുന്നത് കേവലം 450 രൂപ മാത്രമാണ്. അത്യന്തം ലാഭകരം, ഖരമാലിന്യപരിപാലന സൗകര്യം എന്നിവയാണ് മൈസൂർ മാതൃകയെ വ്യത്യസ്തമാക്കുന്നത്. യന്ത്രഭാഗങ്ങൾ സ്ഥാപിക്കുവാനുള്ള കൂടിയ ചെലവും വൻതോതിലുള്ള വൈദ്യുതി ബില്ലുകളും ഈ സംവിധാനത്തിലൂടെ ഒഴിവാക്കാനാവുന്നു.

**11. മാലിന്യസംസ്കരണ പ്ലാന്റുകൾക്ക് അനുവദിച്ച തുകകൾ നിഷ്ക്രിയമായി കിടക്കുന്നു**

അതിരൂക്ഷമായ ഖരമാലിന്യപരിപാലന പ്രശ്നങ്ങൾ നേരിടുമ്പോഴും പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഖരമാലിന്യപരിപാലനത്തിന് ലഭിച്ച തുകകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്ന തദ്ദേശസ്ഥാപനങ്ങളുണ്ട്. സംസ്ഥാന മലിനീകരണനിയന്ത്രണ

ബോർഡിൽ നിന്നുള്ള സമ്മതപത്രവും ശുചിത്വ മിഷനിൽ നിന്നുള്ള സാമ്പത്തിക സഹായവും ലഭിച്ചിട്ടും പ്ലാന്റുകൾ സ്ഥാപിക്കുവാൻ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളാൻ ഇവർക്കായിട്ടില്ല. ലഭിച്ച തുകകൾ ബാങ്കുകളിൽ നിഷ്ക്രിയമായി കിടക്കുകയാണ്. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

**1. *കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത്*:** മാലിന്യസംസ്കരണ പദ്ധതികൾക്കായി ക്ലീൻ കേരള 2006-07 സാമ്പത്തിക വർഷം 7,78,000 രൂപ ഗ്രാമപഞ്ചായത്തിന് നൽകി (ഡി.ഡി.നമ്പർ-524869, തീയതി 9-2-2007) ഇതിൽ 2,40,595 രൂപ ഇതുവരെ ചെലവഴിക്കപ്പെടാതെ ബാക്കിയുണ്ട്. (ജില്ലാ സഹകരണ ബാങ്ക് കൂത്താട്ടുകുളം ശാഖ, അക്കൗണ്ട് നമ്പർ 281/1) ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് മേൽത്തുക പ്രയോജനപ്പെടുത്താൻ ആറുവർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

**2. *തിരുവല്ല നഗരസഭ*:** ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി ക്ലീൻ കേരള മിഷൻ 32.40 ലക്ഷം രൂപ 2005-ൽ നഗരസഭയ്ക്ക് അനുവദിച്ചു. ഈ തുകയിൽ നിന്നും മാലിന്യശേഖരണത്തിനുപയോഗിച്ച ലോറി, ജെ.സി.ബി. എന്നിവയുടെ വാടകയും കുപ്പത്തൊട്ടികൾ, നോട്ടീസ് ബോർഡുകൾ എന്നിവ സ്ഥാപിക്കാൻ 2010-11, 2011-12 വർഷങ്ങളിൽ ചെലവായ തുകയും ചേർത്ത് ഏകദേശം 8 ലക്ഷം രൂപ ഒഴികെ ബാക്കി തുക ഇന്ത്യൻ ബാങ്കിന്റെ തിരുവല്ല ശാഖയിൽ (അക്കൗണ്ട് നമ്പർ 551087440) നിഷ്ക്രിയമായി തുടരുന്നു.

**3. *കായംകുളം നഗരസഭ*:** കേന്ദ്രീകൃത ഖരമാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുവാനായി ക്ലീൻ കേരള മിഷനിൽ നിന്നും 2005-06 വർഷം 24,35,000 രൂപ നഗരസഭയ്ക്ക് ലഭിച്ചു. ഇതിൽ നിന്നും 16,22,140 രൂപ ചെലവഴിച്ചു. ബാക്കി തുകയായ 8,12,860 രൂപ നഗരസഭയുടെ സിൻഡിക്കേറ്റ് ബാങ്കിലെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു. പ്ലാന്റ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

**4. *പെരുമ്പാവൂർ നഗരസഭ*:** മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 2008 ജനുവരിയിൽ നഗരസഭയ്ക്ക് 30.26 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും ലഭിച്ചുവെങ്കിലും പ്ലാന്റ് നിർമ്മിച്ചിട്ടില്ല. 2008 മാർച്ച് മുതൽ ഈ തുക സ്ഥിരനിക്ഷേപമായി എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ രണ്ട് അക്കൗണ്ടുകളിലുമായി നിക്ഷേപിച്ചിരിക്കുകയാണ്. (അക്കൗണ്ട് നമ്പർ-020385000000034, 020385000000036).

**5. *നിലമ്പൂർ നഗരസഭ*:** കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2012 മാർച്ചിൽ 52.90 ലക്ഷം രൂപ നഗരസഭയ്ക്ക് ശുചിത്വ മിഷനിൽ നിന്നും ലഭിച്ചു. (ഉത്തരവ് നമ്പർ എസ്.എം./സി.2/66/09, തീയതി 23-3-2012). ഈ തുക പഞ്ചാബ് നാഷണൽ ബാങ്കിന്റെ നിലമ്പൂർ ശാഖയിൽ നിക്ഷേപിച്ചിരിക്കുകയാണ്. (അക്കൗണ്ട് നമ്പർ: എസ്.ബി. 4323000100054839). പ്ലാന്റ് സ്ഥാപിക്കുവാനുള്ള യാതൊരു പ്രവർത്തനങ്ങളും തുടങ്ങിയിട്ടില്ല.

**6. *വടകര നഗരസഭ*:** മാലിന്യസംസ്കരണശാല സ്ഥാപിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കാനമായി ക്ലീൻ കേരള മിഷൻ 2005-06-ൽ 24.22 ലക്ഷം രൂപ നഗരസഭയ്ക്ക് അനുവദിച്ചു. ഈ തുക വിജയ ബാങ്കിന്റെ വടകര ശാഖയിൽ നിക്ഷേപിച്ചിരിക്കുകയാണ്. (അക്കൗണ്ട് നമ്പർ-എസ്.ബി-971). മാലിന്യസംസ്കരണശാല ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

**7. *കണ്ണൂർ നഗരസഭ*:** ഖരമാലിന്യസംസ്കരണ സംവിധാനമൊരുക്കാനുള്ള പ്രത്യേക പദ്ധതി എന്ന നിലയിൽ 51,80,000 രൂപ ശുചിത്വ മിഷൻ 11-5-2005-ൽ നഗരസഭയ്ക്ക് അനുവദിച്ചു. ഇത് എസ്.ബി.ഐ.യുടെ കണ്ണൂർ പ്രധാന ശാഖയിൽ സ്ഥിരനിക്ഷേപമായി (അക്കൗണ്ട് നമ്പർ-984949) ഉപയോഗിക്കാതെ കിടക്കുകയാണ്. നഗരം അതിരൂക്ഷമായ മാലിന്യപ്രതിസന്ധിയും നേരിടുന്നു. 22-8-2012 വരെ പലിശയടക്കം തുക 80,58,100 രൂപയാണ്.

**8. *നീലേശ്വരം നഗരസഭ*:** ഖരമാലിന്യസംസ്കരണ സംവിധാനമൊരുക്കാൻ ശുചിത്വ മിഷനിൽ നിന്നും 2012 മാർച്ചിൽ 55,83,600 രൂപ നഗരസഭയ്ക്ക് ലഭിച്ചു. നഗരസഭയിലെ വീടുകൾതോറും മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ട്രീറ്റ്മെന്റ് യൂണിറ്റ് സ്ഥാപിക്കുവാനായി അടങ്കൽ തുകയുടെ 50% ആയ 23,25,000 രൂപയും 23-3-2012-ൽ ലഭിച്ചു. ഇവ രണ്ടുംചേർത്ത് ആകെ 79,08,600 രൂപ സിൻഡിക്കേറ്റ് ബാങ്കിന്റെ നീലേശ്വരം ശാഖയിലുള്ള 67955-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. മാലിന്യനിർമ്മാർജ്ജനാർത്ഥം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**9. *കാസർഗോഡ് നഗരസഭ*:** നഗരസഭ വാങ്ങിയ ഭൂമിയിൽ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 2009 മാർച്ചിൽ 41.26 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ശുചിത്വ മിഷനിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചു. ഈ തുകയിൽ നിന്നും 2010-11-ൽ ടിപ്പർലോറിയും ഡമ്പർ പ്ലേസറും കണ്ടെയ്നറുകളും വാങ്ങാൻ 27,39,302 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക കാനറാ ബാങ്കിലുള്ള അക്കൗണ്ടിൽ (നമ്പർ 0711101668403) നിഷ്ക്രിയമായിക്കിടക്കുന്നു.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യസംസ്കരണാർത്ഥം ലഭിച്ച തുകയിൽ നിഷ്ക്രിയമായി കിടക്കുന്നവ</u>

| തദ്ദേശസ്വയംഭരണ സ്ഥാപനം | സാമ്പത്തിക സഹായം അനുവദിച്ച ഏജൻസി | തുക (രൂപ) | വർഷം | ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|
| കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | ക്ലീൻ കേരള മിഷൻ | 7,78,000 | 2007 | 2,40,595 |
| തിരുവല്ല നഗരസഭ | ക്ലീൻ കേരള മിഷൻ | 32,40,000 | 2005 | 24,40,000 |
| കായംകുളം നഗരസഭ | ക്ലീൻ കേരള മിഷൻ | 24,35,000 | 2006 | 8,12,860 |
| പെരുമ്പാവൂർ നഗരസഭ | ശുചിത്വ മിഷൻ | 30,26,000 | 2008 | 30,26,000 |
| നിലമ്പൂർ നഗരസഭ | ശുചിത്വ മിഷൻ | 52.90 ലക്ഷം | 2012 | 52.90 ലക്ഷം |
| വടകര നഗരസഭ | ക്ലീൻ കേരള മിഷൻ | 24.22 ലക്ഷം | 2006 | 24.22 ലക്ഷം |
| കണ്ണൂർ നഗരസഭ | ശുചിത്വ മിഷൻ | 51.80 ലക്ഷം | 2005 | 51.80 ലക്ഷം |
| നീലേശ്വരം നഗരസഭ | ശുചിത്വ മിഷൻ | 79,08,600 | 2012 | 79,08,600 |
| കാസർഗോഡ് നഗരസഭ | ശുചിത്വ മിഷൻ | 41.26 ലക്ഷം | 2009 | 13,86,698 |

മാലിന്യസംസ്കരണ സംവിധാനമൊരുക്കാൻ ലഭിച്ച തുക നിഷ്ക്രിയമായി അക്കൗണ്ടുകളിൽ നിക്ഷേപിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലംകഴിക്കുകയാണ് എന്ന് മേൽ പട്ടിക വ്യക്തമാക്കുന്നു. മേൽ തുകകളുടെ ഫലപ്രദമായ വിനിയോഗത്തിന് സർക്കാരിൽ നിന്നും അടിയന്തരമായി ഇടപെടലുകൾ ഉണ്ടാവണം.

## 12. **ബയോഗ്യാസ് പ്ലാന്റുകൾ വൻപരാജയമായി**

ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാനുതകുന്ന കേരളത്തിലെ ഖരമാലിന്യപരിപാലന സംവിധാനത്തിലെ പ്രധാനപ്പെട്ടൊരു ഘടകമാണ് ബയോഗ്യാസ്

പ്ലാന്റുകൾ. പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസുപയോഗിച്ച് ചുരുങ്ങിയ പ്രദേശത്തുള്ള തെരുവ് വിളക്കുകൾ കത്തിക്കാനുമാകും. എന്നാൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളിൽ വളരെച്ചെറിയൊരു ശതമാനം മാത്രമാണ് പ്രവർത്തിക്കുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് ഗുണകരമായി പ്രയോജനപ്പെടുത്തുന്ന തദ്ദേശസ്ഥാപനങ്ങൾ വിരളമാണ്.

ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച ഏജൻസികൾ വരുത്തിയ പിഴവുകളാണ് പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാത്തതിന് പ്രധാന കാരണം. കോടിക്കണക്കിന് തുക ഈയിനത്തിൽ പാഴായിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ നിന്നും മുൻകൂർ തുക വാങ്ങിയശേഷം പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം പാതിവഴിയിൽ ഉപേക്ഷിച്ച ഏജൻസികളുമുണ്ട്. ശരിയായ വിധത്തിൽ ഏജൻസികളുമായി കരാറുകൾ ചമയ്ക്കാത്തതിനാൽ ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് കത്തിച്ച് കളയുന്നത് പാരിസ്ഥിതിക സൗഹൃദപരമായ നടപടിയല്ല. കൃത്യമായ പഠനങ്ങൾ നടത്താതെ പ്ലാന്റുകൾ സ്ഥാപിച്ചതിനാൽ അവ പ്രവർത്തിപ്പിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയുമുണ്ട്.

<u>തദ്ദേശസ്ഥാപനങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം</u>

**(1) ഗ്രാമപഞ്ചായത്തുകൾ**

| ഗ്രാമപഞ്ചായത്ത് | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | നിർമ്മാണം നടത്തിയ ഏജൻസി | ചെലവ് (രൂപ) | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പോത്തൻകോട് | 2009 | ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ | 16,62,357 | പ്രവർത്തന രഹിതം |
| കൊട്ടാരക്കര | 2008 | ബയോടെക്ക് | 23,99,692 | പ്രവർത്തന രഹിതം |
| ഉഴവൂർ | 2009 | സോഷ്യോ-ഇക്കോണമിക് യൂണിറ്റ് | 3,92,010 | പ്രവർത്തന രഹിതം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ഏറ്റുമാനൂർ | 2010 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 5,13,916 | പ്രവർത്തന രഹിതം |
| കൂത്താട്ടുകുളം | 2007 | സോഷ്യോ-ഇക്കണോമിക് ഫൗണ്ടേഷൻ | 4,57,150 | പ്രവർത്തന രഹിതം |
| രാമനാട്ടുകര | 2008 | ബയോ ഡിസൈൻ ആന്റ് എനർജി സിസ്റ്റംസ് | 5,26,645 | പ്രവർത്തന രഹിതം |
| മംഗൽപാടി | - | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | 7.50 ലക്ഷം | 2007-08-ൽ 7.50 ലക്ഷം രൂപ മുൻകൂർ വാങ്ങിയിട്ടും നിർമ്മാണ പ്രവർത്തികൾ ഏജൻസി ആരംഭിച്ചിട്ടില്ല. |

## (2) മുനിസിപ്പാലിറ്റികൾ

| മുനിസിപ്പാലിറ്റി | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | നിർമ്മാണം നടത്തിയ ഏജൻസി | ചെലവ് (രൂപ) | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| കായംകുളം | - | - | - | പ്രവർത്തനരഹിതം |
| ചങ്ങനാശ്ശേരി | 2010 | കെയ്ക്കോ | 8,75,754 | പ്രവർത്തനരഹിതം |
| കോട്ടയം | 2012 | - | 40,00,000 | പ്രവർത്തിക്കുന്നു |
| പെരുമ്പാവൂർ | (1) 2009 | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | 4 ലക്ഷം | പ്രവർത്തനരഹിതം |
| | (2) 2009 | ,, | 4.55 ലക്ഷം | ഭാഗികമായി പ്രവർത്തിക്കുന്നു |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ചാലക്കുടി | 2005-06 | - | - | പ്രവർത്തനരഹിതം |
| തിരൂർ | - | ജ്യോതി ഏജൻസീസ് | 4,51,702 | പ്രവർത്തനരഹിതം |
| നിലമ്പൂർ | - | സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | 8,15,500 | 2010-ൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തിയായിട്ടില്ല |
| വടകര | - | സോഷ്യോ-ഇക്കണോമിക് ഫൗണ്ടേഷൻ | - | പ്രവർത്തനരഹിതം |
| കാസർഗോഡ് | 2011 | സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കോഴിക്കോട് | 11 ലക്ഷം | പ്രവർത്തനരഹിതം |

**(3) കോർപ്പറേഷനുകൾ**

| കോർപ്പറേഷൻ | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | നിർമ്മാണം നടത്തിയ ഏജൻസി | ചെലവ് (രൂപ) | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| കൊല്ലം | 2012-ൽ 4 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി | ഗ്രീൻ ടെക്ക് | - | പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| | | റിന്യൂവബിൾ എനർജി സൊല്യൂഷൻസ്, തിരുവനന്തപുരം | 8,85,500 | ട്രയൽ റൺ തുടങ്ങി |
| | | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 7,52,000 | പ്രവർത്തനം ആരംഭിച്ചിട്ടില്ല |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | റിന്യൂവബിൾ എനർജി സൊല്യൂഷൻസ് | 6,40,000 | ട്രയൽ റൺ തുടങ്ങി |
| | 2008 | ജ്യോതി ബയോഗ്യാസ് | 7,88,403 | പ്രവർത്തനരഹിതം |
| | 2008 | ജ്യോതി ബയോഗ്യാസ് | 6,60,000 | ശരിയായി പ്രവർത്തിക്കുന്നില്ല |
| കൊച്ചി | 7 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായി | ജ്യോതി ബയോഗ്യാസ് | 60,76,438 | 4 പ്ലാന്റുകൾ പ്രവർത്തനസജ്ജം |
| കോഴിക്കോട് | - | ബയോ എനർജി സിസ്റ്റംസ് | 9.14 ലക്ഷം | പ്രവർത്തനരഹിതം |

ഖരമാലിന്യപരിപാലനാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിൽ വരുത്തിയ പ്രധാന സംവിധാനങ്ങളിലൊന്നായ ബയോഗ്യാസ് പ്ലാന്റുകൾ വൻപരാജയമായിരിക്കുകയാണെന്ന് മേൽക്കണക്കുകൾ വ്യക്തമാക്കുന്നു. കൂടാതെ, പ്രവർത്തനമുള്ള പ്ലാന്റുകളിലെ ഗ്യാസുപയോഗിച്ച് തെരുവുവിളക്കുകൾ കത്തിക്കുക തുടങ്ങിയവ ചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾ വിരളമാണ്. ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് കത്തിച്ചുകളയുകയാണ് കൂടുതൽ തദ്ദേശസ്ഥാപനങ്ങളും ചെയ്തുവരുന്നത്.

ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം അവതാളത്തിലായതിന്റെ പ്രധാന കാരണങ്ങൾ

**(1) ശരിയായ പഠനം നടത്താതെ പ്ലാന്റുകൾ സ്ഥാപിച്ചു**

ചന്തകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായി പഠനം നടത്തിയിട്ടില്ല. ഇതുമൂലം സ്ഥാപിക്കപ്പെട്ട ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാനാവശ്യമായ ഖരമാലിന്യങ്ങൾ ലഭ്യമാകുമോ എന്നുപോലും അറിയാൻ കഴിഞ്ഞില്ല. പ്ലാന്റിന്റെ ശേഷിക്കനുസൃതമായി ഖരമാലിന്യങ്ങൾ ലഭിക്കാത്തതിനാൽ പ്രവർത്തിക്കാത്തവയാണ് ബയോഗ്യാസ് പ്ലാന്റുകളിൽ കൂടുതലും. കൂടാതെ, പ്രവർത്തനമില്ലാത്ത അറവുശാലകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകളുമുണ്ട്.

**(2) നിർമ്മാണപ്പിഴവുകൾ**

ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തോടനുബന്ധിച്ചുണ്ടായ സാങ്കേതിക പിഴവുകൾമൂലം പ്രവർത്തിക്കാത്ത പ്ലാന്റുകളുമുണ്ട്. എന്നാൽ ശരിയായ വിധത്തിൽ കരാർ ചമച്ച് പ്രവൃത്തി നടത്താത്തതിനാൽ, നിർമ്മാണം നടത്തിയ ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

**(3) ജീവനക്കാരുടെ അഭാവം**

നിർമ്മാണ ഏജൻസികൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ ബയോഗ്യാസ് പ്ലാന്റുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ അവ പ്രവർത്തിക്കാത്ത അവസ്ഥയാണ്.

**ബയോഗ്യാസ് പ്ലാന്റുകൾ—ഏജൻസികളുമായുള്ള ഇടപാടിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വീഴ്ചപറ്റി**

ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം നടത്തിയ സ്വകാര്യ ഏജൻസികളുമായി ശരിയായവിധം കരാർ ചമയ്ക്കാനും അവ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെയും വന്നതിലൂടെ പ്ലാന്റുകളുടെ പ്രവർത്തനം അവതാളത്തിലായി. ഇതിലൂടെ കോടിക്കണക്കിന് രൂപയുടെ ദുർവ്യയവും നഷ്ടവുമാണ് സംഭവിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതരുടെ ഭാഗത്തുനിന്നുള്ള ഉദാസീനതയാണ് ഈ വീഴ്ചയ്ക്ക് പ്രധാന കാരണം. ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു:

***(1) പോത്തൻകോട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം):***

ഗ്രാമപഞ്ചായത്തിലെ പൊതുചന്തയിൽ 16,62,357 രൂപ ചെലവഴിച്ചാണ് 500 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത്. 2009 ഒക്ടോബർ 13-ന് പ്രവർത്തനം ആരംഭിച്ച പ്ലാന്റിന്റെ നിർമ്മാണം നടത്തിയത് ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്ററാണ്. കരാർ പ്രകാരം, പണി പൂർത്തിയായി ആറ് മാസക്കാലം പ്ലാന്റിന്റെ പ്രവർത്തനമേൽനോട്ടം വഹിക്കേണ്ടതും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും നിർമ്മാണം നടത്തിയ ഏജൻസിയാണ്. എന്നാൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയുണ്ടായില്ല. കൂടാതെ, പ്ലാന്റ് തുടർന്നുപ്രവർത്തിപ്പിക്കാനുള്ള കരാറും ബന്ധപ്പെട്ട ഏജൻസിയുമായി ഒപ്പുവെച്ചില്ല. ഇക്കാരണങ്ങളാൽ 2011 ഒക്ടോബർ മുതൽ പ്ലാന്റ് പ്രവർത്തിക്കാതെ കിടക്കുകയാണ്.

***(2) ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് (കൊല്ലം):***

ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റിഹാൾ കോമ്പൗണ്ടിൽ 2008-09-ൽ 800 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനായിരുന്നു നിർമ്മാണച്ചുമതല. എന്നാൽ കരാർ വ്യവസ്ഥകൾ പാലിക്കാതെ തുടങ്ങിയ പ്ലാന്റിന്റെ നിർമ്മാണം ഇതേവരെ പൂർത്തിയാക്കാനായിട്ടില്ല.

**(3) കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് (കൊല്ലം):**

ചന്തമുക്ക് പൊതുമാർക്കറ്റിൽ 23,99,692 രൂപ ചെലവിൽ 2008-ൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായി. തിരുവനന്തപുരം ആസ്ഥാനമായുള്ള ബയോടെക്ക് എന്ന സ്ഥാപനമായിരുന്നു നിർമ്മാണ ഏജൻസി. പ്ലാന്റ് പ്രവർത്തിപ്പിക്കുവാനായി പ്രതിവർഷം 1,92,480 രൂപ ഏജൻസി ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടു. എന്നാൽ തുക കൂടുതലായതിനാൽ അത് നൽകേണ്ടതില്ലെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിനാൽ 2010 ഡിസംബർ മുതൽ പ്ലാന്റ് പ്രവർത്തിക്കുന്നില്ല.

**(4) ഉഴവൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം):**

ഗ്രാമപഞ്ചായത്തിലെ പ്രധാന മാർക്കറ്റിൽ 2008-09 ലാണ് 3,92,010 രൂപ ചെലവഴിച്ച് 100 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് എന്ന സ്ഥാപനമാണ് നിർമ്മാണം നടത്തിയത്. 2009-10-ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,08,150 രൂപ ചെലവഴിച്ച് ജനറേറ്ററും പ്ലാന്റിനോട് ചേർന്ന് സ്ഥാപിച്ചു. എന്നാൽ ഏതാനും നാളുകൾക്കുള്ളിൽ ജനറേറ്റർ തകരാറിലായി. ജനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏജൻസിയും ഗ്രാമപഞ്ചായത്തുമായി 17-12-2009-ൽ കരാർവച്ചിട്ടുണ്ട്. എന്നാൽ ജനറേറ്റർ നന്നാക്കാനോ പുതിയത് സ്ഥാപിക്കാനോ നാളിതുവരെ ഏജൻസി തയ്യാറായിട്ടില്ല.

**(5) ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം):**

5,13,916 രൂപ ചെലവഴിച്ച് മത്സ്യമാർക്കറ്റിന് സമീപം പണികഴിപ്പിച്ച 1000 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങിയത് 9-9-2010-ൽ ആണ്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് പ്ലാന്റ് സ്ഥാപിച്ചത്. 9-7-2011 മുതൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറി. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 10-10-2011-ലെ തീരുമാനം പ്ലാന്റ് നിലവിൽ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല എന്നും കമ്മീഷൻ ചെയ്തപ്പോൾത്തന്നെ ചോർച്ച ഉണ്ടായിരുന്നു എന്നുമാണ്. എന്നാൽ നിർമ്മാണം നടത്തിയ ഏജൻസി അറിയിച്ചിട്ടുള്ളത് അവർ പ്രവർത്തിപ്പിച്ചിരുന്നപ്പോൾ പ്ലാന്റിന് കുഴപ്പമൊന്നും ഇല്ലായിരുന്നുവെന്നാണ്. നിലവിൽ പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

**(6) കുത്താട്ടുകുളം ഗ്രാമപഞ്ചായത്ത് (എറണാകുളം):**

ഗ്രാമപഞ്ചായത്ത് മാർക്കറ്റിനോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുവാൻ സോഷ്യോ ഇക്കണോമിക് യൂണിറ്റുമായി കരാറിൽ ഏർപ്പെട്ടുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ല. 4,57,150 രൂപ പഞ്ചായത്തിന് ഈ ഇനത്തിൽ

ചെലവായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയും ഗ്രാമപഞ്ചായത്തുമായി 23-5-2009-ൽ ഒപ്പുവെച്ച കരാർപ്രകാരം, 30-9-2009-ൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. എന്നാൽ കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധി കഴിഞ്ഞ് മൂന്ന് വർഷം കഴിഞ്ഞിട്ടും ഏജൻസിയുടെ പേരിൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

**(7) *രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (കോഴിക്കോട്):***

മാലിന്യസംസ്കരണ പ്ലാന്റിന് സമീപം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള കരാറിൽ ഗ്രാമപഞ്ചായത്ത് 18-3-2008-ന് ബയോ ഡിസൈൻ & എനർജി സിസ്റ്റംസ് എന്ന സ്ഥാപനവുമായി ഒപ്പുവച്ചു. കരാർ പ്രകാരം, വർക്ക് ഓർഡർ ലഭിച്ച് 75 ദിവസത്തിനുള്ളിൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. ഒട്ടാകെ 5,26,645 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചുവെങ്കിലും ഇതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ല.

**(8) *താമരശ്ശേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്):***

മത്സ്യമാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി അടങ്കൽ തുകയുടെ 20% ആയ 1,33,000 രൂപ മുൻകൂറായി നിർമ്മാണ ഏജൻസിയായ കെയ്ക്കോവിന് നൽകി (വൗച്ചർ നമ്പർ 25/4-10, തീയതി 12-4-2010). എന്നാൽ നാളിതുവരെ പ്ലാന്റ് നിർമ്മാണം നടത്തിയിട്ടില്ല. കൂടാതെ, മത്സ്യമാർക്കറ്റ് നിലവിൽ ഉപയോഗിക്കുന്നുമില്ല. മുൻകൂറായി നൽകിയ തുക തിരികെ വാങ്ങാൻ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

**(9) *മംഗൽപാടി ഗ്രാമപഞ്ചായത്ത് (കാസർഗോഡ്):***

പഞ്ചായത്തിന്റെ ഖരമാലിന്യസംസ്കരണ പ്ലാന്റിനോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് 2007-08-ൽ അംഗീകാരം ലഭിച്ചു. പദ്ധതിയുടെ നടത്തിപ്പുകാരായി തെരഞ്ഞെടുത്ത കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് 2007-08-ൽ രണ്ട് ഗഡുക്കളായി 7.50 ലക്ഷം രൂപ നൽകി. എന്നാൽ നാളിതുവരെയായി പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പണികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. മേൽ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ഒപ്പുവെച്ചത് മുദ്രപ്പത്രം ഉപയോഗിക്കാതെയാണ്. ഒന്നാം ഗഡുവായി ഏജൻസിക്ക് രണ്ടരലക്ഷം രൂപ മുൻകൂർ നൽകിയശേഷം, പ്രവർത്തി തുടങ്ങി എന്നുറപ്പ് വരുത്താതെയാണ് രണ്ടാം ഗഡുവായി അഞ്ചുലക്ഷം രൂപ കൂടി നൽകിയത്. ഗ്രാമപഞ്ചായത്ത് അധികൃതർ സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബയോഗ്യാസ് പ്ലാന്റുകൾ; കാര്യക്ഷമമല്ലാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തണം**

തദ്ദേശസ്ഥാപനങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, മേൽനോട്ടം എന്നിവ നിർവ്വഹിക്കുന്ന ഏജൻസികളിൽ ചിലതിന്റെ പ്രവർത്തനം തീർത്തും മോശമായാണ് കാണുന്നത്. പ്ലാന്റുകൾ സമയബന്ധിതമായി പണിയാനും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും ഇവയ്ക്കാവുന്നില്ല. ഇത്തരം ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 13. ഖരമാലിന്യപരിപാലനം; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

സർക്കാരിന്റെ കണക്കുകൾ പ്രകാരം, 2009-10-ൽ ഖരമാലിന്യപരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വിഹിതത്തിൽ 54.13% മാത്രമാണ് ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതേയിനത്തിൽ 2010-11-ൽ സർക്കാർ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡിൽ 56.35% ആണ് ചെലവഴിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2010-11 വർഷത്തെ വികസന ഫണ്ടിൽ സേവനമേഖലയിലെ ഉപമേഖല തിരിച്ചുള്ള വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ ചെലവാക്കിയിട്ടുള്ളത് കേവലം 10.13% മാത്രമാണ്. വിശദാംശങ്ങൾ പട്ടികകളായി നൽകിയിരിക്കുന്നു.

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവും ചെലവും;</u>
<u>2009-10 വർഷത്തെ ഫണ്ട്—ഖരമാലിന്യ പരിപാലനം</u>

| തദ്ദേശസ്ഥാപനം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 199.37 | 114.35 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 24.22 | 11.31 |
| ജില്ലാ പഞ്ചായത്തുകൾ | 12.45 | 3.93 |
| നഗരസഭകൾ | 171.39 | 79.31 |
| കോർപ്പറേഷനുകൾ | 143.91 | 89.56 |
| ആകെ | 551.34 | 298.46 |

(<u>അവലംബം</u>: *സാമ്പത്തിക അവലോകനം—2011 സംസ്ഥാന ആസൂത്രണ ബോർഡ്*)

ഖരമാലിന്യ പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2010-11-ൽ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ്

| തദ്ദേശസ്ഥാപനം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 136.83 | 64.31 | 47.0 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 8.60 | 2.88 | 33.49 |
| ജില്ലാ പഞ്ചായത്തുകൾ | 135.31 | 95.45 | 70.54 |
| നഗരസഭകൾ | 53.15 | 25.50 | 47.98 |
| കോർപ്പറേഷനുകൾ | - | - | - |
| ആകെ | 333.89 | 188.14 | 56.35 |

(അവലംബം: *സാമ്പത്തിക അവലോകനം—2011 സംസ്ഥാന ആസൂത്രണ ബോർഡ്*)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2010-11 വർഷത്തെ വികസനഫണ്ട്, സേവനമേഖലയിലെ ഉപമേഖല തിരിച്ചുള്ള വിഹിതവും ചെലവും (ഖരമാലിന്യപരിപാലനം)

| തദ്ദേശസ്ഥാപനം | വിഹിതം (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 12.1 | 2.24 |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | - |
| ജില്ലാ പഞ്ചായത്തുകൾ | 10 | - |
| നഗരസഭകൾ | - | - |
| കോർപ്പറേഷനുകൾ | - | - |
| ആകെ | 22.10 | 2.24 |

(അവലംബം: *സാമ്പത്തിക അവലോകനം—2011 സംസ്ഥാന ആസൂത്രണ ബോർഡ്*)

**ഖരമാലിന്യപരിപാലനത്തിന് വകയിരുത്തിയ തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നില്ല**

ഖരമാലിന്യപരിപാലനാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുകകൾ ഗുണകരമായ തരത്തിൽ വിനിയോഗിക്കാൻ കഴിയുന്നില്ല. തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ

കാര്യക്ഷമതയില്ലായ്മയെയാണ് ഇത് കാണിക്കുന്നത്. ഖരമാലിന്യസംസ്കരണത്തിനായി തുക വകയിരുത്താത്ത ഗ്രാമപഞ്ചായത്തുകൾ ഇപ്പോഴുമുണ്ടെന്നാണ് ഓഡിറ്റ് നടത്തിയ പഠനത്തിൽ വ്യക്തമായിട്ടുള്ളത്. ഖരമാലിന്യപരിപാലനാർത്ഥം വകയിരുത്തിയ തുകകളെ നാമമാത്രമായി വിനിയോഗിച്ച തദ്ദേശസ്ഥാപനങ്ങളാണ് കൂടുതലും. വകയിരുത്തുന്ന തുകകളെ കൂടുതൽ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഖരമാലിന്യപരിപാലനാർത്ഥം തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ;

**(1) ഗ്രാമപഞ്ചായത്തുകൾ**

| ഗ്രാമപഞ്ചായത്ത് | വർഷം | മാലിന്യശേഖരണം | | സംസ്കരണം | |
|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| പോത്തൻകോട് | 2010-11 | - | - | 1,00,000 | 38,500 |
| | 2011-12 | - | - | 2,00,000 | 36,758 |
| കൊട്ടാരക്കര | 2010-11 | 6,00,000 | 4,82,500 | 42,22,988 | ഇല്ല |
| | 2011-12 | 12,00,000 | 12,00,000 | 42,09,545 | 16,06,975 |
| കട്ടപ്പന | 2010-11 | 21,50,000 | 10,68,260 | 15,00,000 | 7,00,000 |
| | 2011-12 | 24,00,000 | 8,69,410 | 8,00,000 | ഇല്ല |
| ഉഴവൂർ | 2010-11 | 1,25,000 | 1,24,428 | 2,74,574 | ഇല്ല |
| | 2011-12 | - | - | 1,87,500 | ഇല്ല |
| ഏറ്റുമാനൂർ | 2010-11 | 4,00,000 | 2,76,450 | - | - |
| | 2011-12 | 6,79,000 | 2,85,600 | - | - |
| ആലത്തൂർ | 2010-11 | 10,00,000 | 7,74,078 | - | - |
| | 2011-12 | 20,00,000 | 817415 | - | - |
| കൊടുവായൂർ | 2010-11 | 4,50,000 | 2,37,487 | 1,00,000 | 4,490 |
| | 2011-12 | 5,25,000 | 2,04,310 | - | - |
| രാമനാട്ടുകര | 2010-11 | - | - | 10,11,411 | ഇല്ല |
| | 2011-12 | - | - | 11,16,411 | 50,000 |
| സുൽത്താൻ ബത്തേരി | 2010-11 | 15,68,080 | 15,68,080 | 4,74,500 | 4,74,500 |
| | 2011-12 | 23,06,380 | 23,06,380 | 4,74,500 | 4,74,500 |
| മുള്ളൻകൊല്ലി | 2010-11 | 9,936 | 9,936 | - | - |
| | 2011-12 | 1,36,162 | 1,36,162 | - | - |

ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യപരിപാലനാർത്ഥമുള്ള ഫണ്ട് വിനിയോഗം 50%-ത്തിനും താഴെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കൊട്ടാക്കര, കട്ടപ്പന, ഉഴവൂർ, രാമനാട്ടുകര ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്തിയ തുക ഒട്ടുംതന്നെ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

## (2) കോർപ്പറേഷനുകൾ

| കോർപ്പറേഷൻ | വർഷം | മാലിന്യശേഖരണം | | സംസ്കരണം | |
|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| കൊല്ലം | 2010-11 | 3.371 കോടി | 3.189 കോടി | 2.75 കോടി | 2.60 കോടി |
| | 2011-12 | 4.97 കോടി | 3.65 കോടി | 4.07 കോടി | 2.98 കോടി |
| തൃശ്ശൂർ | 2010-11 | 3.52 കോടി | 3.11 കോടി | 1.20 കോടി | 99,88,200 |
| | 2011-12 | 4 കോടി | 3.85 കോടി | 1.19 കോടി | 94,03,000 |

## (3) മുനിസിപ്പാലിറ്റികൾ

| മുനിസിപ്പാലിറ്റി | വർഷം | മാലിന്യശേഖരണം | | സംസ്കരണം | |
|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| കായംകുളം | 2010-11 | 2,00,000 | 1,89,850 | - | - |
| | 2011-12 | 21,00,000 | 20,49,744 | - | - |
| ചങ്ങനാശ്ശേരി | 2010-11 | 13,00,000 | 13,00,000 | - | - |
| | 2011-12 | 54,00,000 | 51,11,838 | - | - |
| കോട്ടയം | 2010-11 | 3 കോടി | 2.36 കോടി | 70,04,300 | 2,82,100 |
| | 2011-12 | 4 കോടി | 3.73 കോടി | 83,99,735 | 26,90,820 |
| പെരുമ്പാവൂർ | 2010-11 | 1.385 കോടി | 1.09 കോടി | - | - |
| | 2011-12 | 1.424 കോടി | 1.253 കോടി | 8,25,000 | ഇല്ല |
| ചാലക്കുടി | 2010-11 | 66,45,000 | 54,61,338 | 9,00,000 | 6,03,825 |
| | 2011-12 | 69,10,000 | 68,88,196 | 10 ലക്ഷം | 7,99,989 |
| തലശ്ശേരി | 2010-11 | 62,32,694 | 32,32,919 | 39,64,115 | 13,22,453 |
| | 2011-12 | 67,49,775 | - | 26,41,662 | 65,427 |
| കണ്ണൂർ | 2010-11 | ഇല്ല | - | ഇല്ല | ഇല്ല |
| | 2011-12 | ഇല്ല | - | ഇല്ല | ഇല്ല |
| നീലേശ്വരം | 2010-11 | 1 ലക്ഷം | 27,797 | - | - |
| | 2011-12 | 7.5 ലക്ഷം | 3,16,944 | - | - |

ഖരമാലിന്യപരിപാലനാർത്ഥം വകയിരുത്തിയ ഫണ്ടുകളുടെ വിനിയോഗം മുനിസിപ്പാലിറ്റികളിൽ, ഗ്രാമപഞ്ചായത്തുകളേക്കാൾ മെച്ചപ്പെട്ട രീതിയിലാണെന്ന് കണക്കുകൾ തെളിയിക്കുന്നു. കേരളത്തിലെ ഏറ്റവും ജനസംഖ്യ കൂടിയ മുനിസിപ്പാലിറ്റികളിലൊന്നായ കണ്ണൂർ, ഖരമാലിന്യപരിപാലനരംഗത്ത് പുലർത്തിവരുന്ന ഉദാസീനത കണക്കുകളിൽനിന്നും വ്യക്തമാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും മാലിന്യശേഖരണം, സംസ്കരണം എന്നിവയ്ക്കായി യാതൊരുവിധമായ ഫണ്ടുകളും കണ്ണൂർ നഗരസഭ മാറ്റിവെച്ചിട്ടില്ല. ഖരമാലിന്യസംസ്കരണാർത്ഥം വകയിരുത്തുന്ന ഫണ്ടുകളുടെ വിനിയോഗത്തോത് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഗ്രാമപഞ്ചായത്തുകളേക്കാൾ കൂടുതലാണ്.

## മാലിന്യസംസ്കരണവും ജനകീയപ്രക്ഷോഭങ്ങളും

ഖരമാലിന്യപരിപാലന സംവിധാനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി ബഹുജനപ്രക്ഷോഭങ്ങൾ മാറിക്കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകൾ മുതൽ കോർപ്പറേഷനുകൾ വരെ ഈ ഭീഷണി നേരിടുന്നു. മാലിന്യസംസ്കരണാർത്ഥം കോടികൾ മുടക്കി സ്ഥാപിച്ച യന്ത്രസാമഗ്രികളും അനുബന്ധ സംവിധാനങ്ങളും ജനകീയ സമരങ്ങളാൽ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നു. ഇതുമൂലം മാലിന്യങ്ങൾ സംസ്കരിക്കാനാവാതെ കുമിഞ്ഞുകൂടി ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സമയബന്ധിതമായി ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നട്ടംതിരിയുന്നു.

മാലിന്യസംസ്കരണശാലകൾക്കെതിരെ കേരളത്തിൽ നടക്കുന്ന ജനകീയ സമരങ്ങൾക്ക് പ്രധാനകാരണമായിട്ടുള്ളത് ഇനിപ്പറയുന്നവയാണ്:

(1) <u>സാങ്കേതികവിദ്യകളിലെ പോരായ്മകൾ.</u>—കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുള്ളത് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിലുള്ള (എക്സോതെർമിക്) ഖരമാലിന്യസംസ്കരണ പ്ലാന്റുകളാണ്. ഇത്തരം സംസ്കരണ സംവിധാനത്തിൽ ഖരമാലിന്യങ്ങളെ 7 മുതൽ 9 ദിവസം വരെ വായുസഞ്ചാരം ലഭിക്കത്തക്ക രീതിയിൽ തുറസ്സായ സ്ഥലത്ത് മഴനനയാതെ സൂക്ഷിക്കുകയും കമ്പോസ്റ്റിംഗ് എളുപ്പത്തിലാക്കാൻ ബാക്ടീരിയ ലായനി തളിച്ച് ഇളക്കിമറിക്കുകയും ചെയ്യുന്നു. ഇതിനുശേഷമാണ് ജീർണ്ണിച്ചുതുടങ്ങിയ മാലിന്യങ്ങളെ ജൈവവളമാക്കാനുള്ള പ്രക്രിയ തുടങ്ങുന്നത്. ഇപ്രകാരം ഓരോ ദിവസവും പ്ലാന്റിൽ എത്തിക്കുന്ന നൂറ് കണക്കിന് ടൺ ഖരമാലിന്യങ്ങളെ തുറസ്സായ സ്ഥലത്തിടുന്നതിലൂടെ അസഹ്യമായ ദുർഗന്ധമാണ് ഉണ്ടാകുന്നത്. ഇത് പ്ലാന്റിനോട് ചേർന്നുള്ള കിലോമീറ്ററുകളോളം പ്രദേശങ്ങളിലെ ജനജീവിതം ദുസ്സഹമാക്കുന്നു. കേരളത്തെപ്പോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്തിന് ഒട്ടുംതന്നെ അനുയോജ്യമല്ലാത്ത ഖരമാലിന്യസംസ്കരണ സംവിധാനമാണ് വിൻഡ്രോ കമ്പോസ്റ്റിംഗ്.

(2) ഒലിച്ചിറങ്ങുന്ന മലിനജലം.—ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരെയുള്ള ജനകീയപ്രക്ഷോഭങ്ങളിലെ ഏറ്റവും പ്രധാന കാരണമിതാണെന്നാണ് ഓഡിറ്റിൽ വ്യക്തമായത്. മാലിന്യക്കൂമ്പാരങ്ങളിൽനിന്നും ഒലിച്ചിറങ്ങുന്ന മലിനജലം മണ്ണിനടിയിലൂടെ സമീപപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, മറ്റു ജലാശയങ്ങൾ എന്നിവയിൽ കലരുകയും കുടിവെള്ളത്തിന് നിറംമാറ്റവും, ദുർഗന്ധവുമുണ്ടാകുകയും ചെയ്യുന്നു. 2000-ലെ മുനിസിപ്പൽ ഖരമാലിന്യ ചട്ടങ്ങളുടെ IV-ാം ഷെഡ്യൂൾ പ്രകാരം പ്ലാന്റുകളോട് ചേർന്ന്, ഒലിച്ചിറങ്ങുന്ന മലിനജലത്തെ ശുദ്ധീകരിക്കാനുള്ള സംവിധാനം വേണമെന്നതാണ് വ്യവസ്ഥ. എന്നാൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന് സമർപ്പിച്ച 2010-11-ലെ റിപ്പോർട്ട് പ്രകാരം, ശരിയായ വിധത്തിലുള്ള മലിനജലസംസ്കരണ സംവിധാനമുള്ള മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ കേരളത്തിൽ ഇല്ല.

(3) ബദൽ സംവിധാനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല.—മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെ ബഹുജന പ്രക്ഷോഭങ്ങൾ നടക്കുമ്പോൾപോലും അതിന്റെ കാരണങ്ങൾ മനസ്സിലാക്കി സമയബന്ധിതമായ ബദലുകൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. പണി തുടങ്ങി രണ്ടുവർഷം കഴിഞ്ഞിട്ടും പൂർത്തിയാവാത്ത തിരുവനന്തപുരം കോർപ്പറേഷന്റെ വിളപ്പിൽശാലയിലെ മലിനജലസംസ്കരണ പ്ലാന്റ് ഇതിനുദാഹരണമാണ്.

(4) ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിയുന്നില്ല.—മാലിന്യസംസ്കരണ പ്ലാന്റ് പോലെയുള്ള ഒരു സംവിധാനം ശരിയായി നടത്താൻ പ്രദേശവാസികളെ വിശ്വാസത്തിൽ എടുത്തുകൊണ്ട് മാത്രമേ സാധിക്കു. സംസ്കരണ പ്ലാന്റുകൾക്കെതിരെയുള്ള അടിസ്ഥാനമില്ലാത്ത പ്രചാരണങ്ങൾപോലും ജനങ്ങളുടെയുള്ളിൽ കടുത്ത ആശങ്കകൾ സൃഷ്ടിക്കുകയും പ്രക്ഷോഭങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യുന്നു. പ്രദേശവാസികൾക്ക് ഇടയിൽ വേണ്ടത്ര ബോധവൽക്കരണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

14. **തദ്ദേശസ്ഥാപനങ്ങളിലെ ജനകീയപ്രക്ഷോഭങ്ങൾ**

I. **ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ**

(1) കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്.—ഗ്രാമപഞ്ചായത്തിന്റെ ഉഗ്രൻകുന്നിലുള്ള മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുവന്ന, ഓണക്കാലത്ത് പൊതുചന്തയിൽ കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ 2012 സെപ്റ്റംബർ 1-ന് നാട്ടുകാർ തടഞ്ഞു. ഉഗ്രൻകുന്നിൽ മുമ്പ് കൊണ്ടുചെന്നിറക്കിയ മാലിന്യങ്ങൾ യഥാവിധി സംസ്കരിച്ചശേഷമേ വാഹനങ്ങൾ

കടത്തിവിട്ട എന്നതായിരുന്നു നാട്ടുകാരുടെ നിലപാട്. പഞ്ചായത്തധികൃതർ നാട്ടുകാരുമായി നടത്തിയ ചർച്ചകളെത്തുടർന്നാണ് പ്രശ്നത്തിന് താൽക്കാലിക പരിഹാരമായത്.

(2) കായംകുളം നഗരസഭ.—നഗരസഭയുടെ ഡമ്പിംഗ് യാർഡിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് നാട്ടുകാർ തടഞ്ഞു. നാട്ടുകാരുടെ എതിർപ്പുമൂലം വസ്തുവിന് ചുറ്റുമതിൽ കെട്ടാൻപോലും കഴിഞ്ഞിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും പ്ലാന്റ് സ്ഥാപിക്കുവാൻ ലഭിച്ച തുക വിനിയോഗിക്കാൻ കഴിയുന്നില്ല.

(3) കോട്ടയം നഗരസഭ.—വടവാതൂരിലുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റിനെതിരെ ശക്തമായ ജനകീയപ്രക്ഷോഭം നടന്നുവരികയാണ്. സംസ്കരണരീതി അശാസ്ത്രീയമായതിനാൽ ഈ പ്രദേശത്ത് ജനജീവിതം ദുസ്സഹമാണ്. ഡമ്പിംഗ് യാർഡിൽ കുന്നുകൂടിക്കിടക്കുന്ന രണ്ട് ലക്ഷത്തോളം ടൺ ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനായിട്ടില്ല. മാലിന്യശേഖരത്തിൽനിന്നും ഊറിവരുന്ന മലിനജലം ശുദ്ധീകരിക്കാനും ഇവിടെ സംവിധാനങ്ങളില്ല.

(4) പെരുമ്പാവൂർ നഗരസഭ.—ഖരമാലിന്യസംസ്കരണാർത്ഥം നഗരസഭ ഭൂമി വാങ്ങിയിട്ടുണ്ടെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം പ്ലാന്റ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. മാലിന്യങ്ങൾ ഇപ്പോൾ ലാന്റ് ഫില്ലിംഗിന് വിധേയമാക്കുന്നു.

(5) നിലമ്പൂർ നഗരസഭ.—നഗരസഭയിലെ മുതുകാട് ഭാഗത്ത് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനായി ഭൂമി വിലയ്ക്കുവാങ്ങിയിരുന്നു. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികളുടെ ഭാഗത്തുനിന്നും ശക്തമായ എതിർപ്പാണുള്ളത്.

(6) കാസർഗോഡ് നഗരസഭ.—നഗരസഭയുടെ കേളുഗുഡ്ഡയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിലായിരുന്നു മാലിന്യങ്ങൾ വർഷങ്ങളായി തള്ളിയിരുന്നത്. നാട്ടുകാർ ഇതിനെതിരെ സംഘടിച്ച് പ്രക്ഷോഭമാരംഭിച്ചതിനാൽ രണ്ട് വർഷമായി ഈ ഭൂമി കാട്ടുപിടിച്ചുകിടക്കുന്നു.

## II. കോർപ്പറേഷനുകൾ

(1) തിരുവനന്തപുരം കോർപ്പറേഷൻ.—കേരളത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ജനകീയ പ്രക്ഷോഭമായിരുന്നു തിരുവനന്തപുരം കോർപ്പറേഷന്റെ വിളപ്പിൽശാലയിലുള്ള ഖരമാലിന്യസംസ്കരണ പ്ലാന്റിനെതിരെ പ്രദേശവാസികൾ നടത്തിയത്. നീണ്ടസമരങ്ങൾക്കൊടുവിൽ പ്ലാന്റ് അടച്ചുപൂട്ടി. പ്ലാന്റ് വീണ്ടും പ്രവർത്തിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടു. ഖരമാലിന്യസംസ്കരണത്തിന് കൃത്യമായ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ കോർപ്പറേഷൻ വലയുകയാണ്.

1999-ലാണ് വിളപ്പിൽ ഗ്രാമപഞ്ചായത്തിലുള്ള വിളപ്പിൽശാലയിൽ തിരുവനന്തപുരം കോർപ്പറേഷൻ ഖരമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. നഗരസഭ പലപ്പോഴായി വാങ്ങിയ 21.655 ഹെക്ടർ സ്ഥലത്ത്, പ്ലാന്റ് സ്ഥാപിക്കുവാനായി ചുമതലപ്പെടുത്തിയത് പോബ്സ് എൻവിറോടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ്. ബി. ഒ. ഒ. എം. (Build-Own-Operate-Maintain) വ്യവസ്ഥയിൽ ആയിരുന്നു ഇത്. 2000 ജൂലൈ 31-നാണ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചത്.

ഖരമാലിന്യത്തെ ജൈവവളമാക്കി മാറ്റുമ്പോൾ 12% മാലിന്യങ്ങളാണ് ഉപയോഗയോഗ്യമല്ലാത്തതായി (Rejects) കണക്കാക്കിയിരുന്നത്. എന്നാൽ മാലിന്യങ്ങളെ ശരിയായി വേർതിരിക്കാത്തതിനാൽ ഉപയോഗയോഗ്യമല്ലാത്തവയുടെ അളവ് 30%-മായി ഉയരുകയും പ്ലാന്റിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ യന്ത്രഭാഗങ്ങളിൽ പ്ലാസ്റ്റിക് കുടുങ്ങി പ്ലാന്റിന്റെ പ്രവർത്തനം പലതവണ തടസ്സപ്പെട്ടു. സംസ്കരിക്കപ്പെടാതെ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളിൽ നിന്നുള്ള അസഹ്യമായ ദുർഗന്ധവും ഒലിച്ചിറങ്ങിയ മലിനജലവുംമൂലം കുടിവെള്ള സ്രോതസ്സുകൾ മലിനമായി. ഇത് പ്രദേശവാസികളുടെ കനത്ത പ്രതിഷേധത്തിനിടയാക്കി. ഇതിനിടെ കുന്നുകൂടിക്കിടന്ന ജൈവേതര മാലിന്യങ്ങൾ ലാന്റ് ഫിൽ ചെയ്യുന്നതിനും മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനും കോർപ്പറേഷൻ നടപടികൾ ആരംഭിച്ചു. എന്നാൽ പണികൾ ഉദ്ദേശിച്ച വേഗതയിൽ നടന്നില്ല. ഇതേസമയം പ്ലാന്റിൽ നിന്നുള്ള പരിസരമലിനീകരണത്തിനെതിരെയുള്ള പൊതുജനപ്രക്ഷോഭം പാരമ്യത്തിൽ എത്തുകയും പ്ലാന്റ് അടച്ചുപൂട്ടാൻ വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും ചെയ്തു. 21-12-2011-ൽ പ്ലാന്റ് പൂട്ടി.

**(2)** <u>കൊല്ലം കോർപ്പറേഷൻ</u>.—കരീപ്പുഴയിലുള്ള കോർപ്പറേഷന്റെ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം നടക്കുമ്പോൾതന്നെ, മാലിന്യങ്ങൾ തരംതിരിക്കാതെ ഇതിനോടുചേർന്നുള്ള ചണ്ടി ഡിപ്പോയിൽ കൂട്ടിയിട്ടു. ഇതിൽ നിന്നുണ്ടായ ദുർഗന്ധം പരിസരവാസികളെ ആശങ്കയിലാഴ്ത്തി. മാലിന്യങ്ങളിൽനിന്നും ഒലിച്ചിറങ്ങിയ മലിനജലം ദുർഗന്ധം അസഹ്യമാക്കുകയും ഈച്ച, കൊതുക് എന്നിവ പെരുകാൻ ഇടയാക്കുകയും ചെയ്തു. ഭയാശങ്കയിൽ ജനങ്ങൾ സംഘടിച്ച് ശക്തമായ സമരം ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്.

**(3)** <u>തൃശ്ശൂർ കോർപ്പറേഷൻ</u>.—കോർപ്പറേഷന്റെ ലാലൂരിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റിന്റെ അശാസ്ത്രീയമായ പ്രവർത്തനത്തെ തുടർന്നുണ്ടായ പരിസരമലിനീകരണം കനത്ത ബഹുജനപ്രക്ഷോഭത്തിന് കാരണമായി.

2012 ജനുവരി 23 മുതൽ ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ മാലിന്യം കൊണ്ടിടാൻ കഴിയാത്ത അവസ്ഥയാണ്. നിലവിൽ, കോർപ്പറേഷൻ പ്രദേശത്തെ മാലിന്യം നീക്കംചെയ്യാൻ ടണ്ണൊന്നിന് 2,700 രൂപ നിരക്കിൽ തമിഴ്നാട് സ്വദേശിയുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിരിക്കുകയാണ്. മാലിന്യങ്ങളെ ഇപ്പോൾ തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നു.

## 15. വികേന്ദ്രീകൃത ഖരമാലിന്യപരിപാലനം; കാലഘട്ടത്തിന്റെ ആവശ്യകത

കേരളമുൾപ്പെടെ ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും അടുത്തകാലംവരെ പ്രധാന ഊന്നൽ നൽകിവന്നിരുന്ന ഖരമാലിന്യപരിപാലന സംവിധാനം കേന്ദ്രീകൃതമായ സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. എന്നാൽ ശേഖരണം, വേർതിരിക്കൽ, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിങ്ങനെ സങ്കീർണ്ണമായ പല ഘട്ടങ്ങളിലൂടെയും വളരെ സൂക്ഷ്മതയോടും കൃത്യതയോടും കടന്നുപോയാൽ മാത്രമേ കേന്ദ്രീകൃത സംസ്കരണ പ്ലാന്റുകളെ ആശ്രയിച്ചുള്ള സംവിധാനങ്ങൾ വിജയിക്കൂ. മേൽപ്പറഞ്ഞ ഘട്ടങ്ങളിൽ എവിടെയെങ്കിലും സംഭവിക്കുന്ന ചെറിയ വീഴ്ചകൾപോലും സംവിധാനത്തെ ഒന്നാകെ താറുമാറാക്കും എന്നതാണ് കേന്ദ്രീകൃത ഖരമാലിന്യ സംവിധാനങ്ങളിലെ പ്രധാന ന്യൂനത.

ഖരമാലിന്യങ്ങളെ ഉറവിടങ്ങളിൽതന്നെ പരിപാലനം ചെയ്യാൻ കഴിയുന്ന ഉറവിട/വികേന്ദ്രീകൃത ഖരമാലിന്യപരിപാലന സംവിധാനങ്ങൾക്കാണ് ഇപ്പോൾ സർക്കാരുകൾ വലിയ പ്രാധാന്യം നൽകുന്നത്. കേന്ദ്രീകൃത സംവിധാനത്തേക്കാളും ഒട്ടേറെ മേന്മകൾ വികേന്ദ്രീകൃത ഖരമാലിന്യപരിപാലന സംവിധാനങ്ങൾക്കുണ്ട്.

<u>കേന്ദ്രീകൃത-വികേന്ദ്രീകൃത ഖരമാലിന്യപരിപാലന സംവിധാനങ്ങൾ—ഒരു താരതമ്യം</u>

| കേന്ദ്രീകൃത സംവിധാനം | വികേന്ദ്രീകൃത സംവിധാനം |
|---|---|
| മാലിന്യശേഖരണം, തരംതിരിക്കൽ, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം തുടങ്ങിയ സങ്കീർണ്ണ ഘട്ടങ്ങളുണ്ട്. ഇവയിൽ ഏതിലെങ്കിലും ഉണ്ടാകുന്ന പാളിച്ചകൾ മൊത്തം സംവിധാനത്തെതന്നെ ബാധിക്കും | നിയന്ത്രിതമായ രീതിയിൽ ആയതിനാൽ വിവിധ ഘട്ടങ്ങൾ ഭംഗിയായി നിർവ്വഹിക്കാൻ കഴിയുന്നു. |
| ഉയർന്ന മനുഷ്യാധ്വാനവും ചെലവും | മനുഷ്യാധ്വാനം കുറവ്, ചെലവ് നാമമാത്രം |
| ഒട്ടേറെ യന്ത്രസാമഗ്രികൾ വേണ്ടിവരുന്നു. ഉന്നതമായ സാങ്കേതികവിദ്യകൾ ആവശ്യമാണ്. | കുറച്ച് ഉപകരണങ്ങളേ വേണ്ടിവരുന്നുള്ളൂ. ചെറിയ സാങ്കേതികവിദ്യകളും |
| പ്ലാന്റുകളുടെ പ്രവർത്തനത്തിന് ഉയർന്ന തോതിൽ വൈദ്യുതി വേണം. സാങ്കേതിക വിദഗ്ദ്ധരും വേണം | പലപ്പോഴും വൈദ്യുതി വേണ്ടിവരുന്നില്ല. സാധാരണക്കാർക്കും കൈകാര്യം ചെയ്യാവുന്ന സാങ്കേതികവിദ്യകൾ |
| അപ്രതീക്ഷിതമായി ഉണ്ടാവുന്ന മാലിന്യ വർദ്ധനവ് നേരിടാൻ കഴിയില്ല | മാലിന്യങ്ങളുടെ അളവുകളിലെ വ്യത്യാസം കൈകാര്യം ചെയ്യാനാവും |

വികേന്ദ്രീകൃത ഉറവിടഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി ഒട്ടേറെ സാങ്കേതികവിദ്യകൾ ഇപ്പോൾ പ്രചാരത്തിലുണ്ട്. കുറഞ്ഞ ചെലവും കൈകാര്യം ചെയ്യാനുള്ള എളുപ്പവുമാണ് ഈ സാങ്കേതികവിദ്യകളുടെ പ്രധാന പ്രത്യേകതകൾ. വീടുകളിലും ഫ്ലാറ്റുകൾ പോലുള്ള പാർപ്പിട സമുച്ചയങ്ങളിലും ഉപയോഗിക്കാനാവുന്ന പ്രധാന സാങ്കേതികവിദ്യകൾ ഇനിപ്പറയുന്നു:

## 1. *വീടുകളിൽ ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യകൾ*

| ക്രമ നമ്പർ | സാങ്കേതികവിദ്യ | സംക്ഷിപ്ത വിവരണം |
|---|---|---|
| 1 | മൺകലത്തിലെ കമ്പോസ്റ്റിംഗ് | ഏകദേശം ഓരോ അടി വീതം ഉയരവും വ്യാസവുമുള്ള മൺകലത്തിൽ ജൈവമാലിന്യം ഇട്ട് എയ്റോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്നു. 2 വീതം കലങ്ങൾ, ട്രൈപോഡ് സ്റ്റാന്റ് എന്നിവ വേണം. |
| 2 | ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ് | ചുറ്റും സുഷിരങ്ങളുള്ള പ്ലാസ്റ്റിക് ബക്കറ്റ് മണ്ണിൽ കുഴിയെടുത്ത് കമഴ്ത്തിവെച്ച് രണ്ട് പി. വി. സി. പൈപ്പുകൾ അതിലേക്ക് സ്ഥാപിച്ച് എയ്റോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്നു. |
| 3 | മോസ്പിറ്റ് കമ്പോസ്റ്റിംഗ് | മണ്ണിൽ ചെറിയ കുഴിയെടുത്ത് 10 സെ. മീ. വീതി, 40 സെ. മീ. നീളവുമുള്ള പി. വി. സി. പൈപ്പ് ഘടിപ്പിച്ച് കോൺക്രീറ്റ് സ്ലാബ് കൊണ്ട് അടച്ചശേഷം മാലിന്യങ്ങളിട്ട് എയ്റോബിക് കമ്പോസ്റ്റ് ചെയ്യുന്നു. |
| 4 | ജൈവസംസ്കരണ ഭരണി കമ്പോസ്റ്റിംഗ് | മൂന്ന് തട്ടുകളായുള്ള കളിമൺ ഭരണികളിൽ ജൈവമാലിന്യമിട്ട് എയ്റോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്നു. |
| 5 | ചെറിയ ബയോബിൻ കമ്പോസ്റ്റിംഗ് | 50 ലിറ്റർ ശേഷിയുള്ള രണ്ട് എച്ച്. ഡി. പി. ഇ. ഷീറ്റിൽ നിർമ്മിച്ച ബിന്നുകളിൽ മാലിന്യം നിറച്ച് അനെയറോബിക് കമ്പോസ്റ്റിംഗ് ചെയ്യുന്നു. |
| 6 | പോളിമർ ടംബ്ലറിൽ കമ്പോസ്റ്റിംഗ് | പോളിമർ ടംബ്ലറിൽ അനെയറോബിക് കമ്പോസ്റ്റിംഗ് നടത്തുന്നു. |
| 7 | പൈപ്പ് കമ്പോസ്റ്റിംഗ് | 30 സെ. മീ. ആഴത്തിൽ മണ്ണിൽ കുഴിയെടുത്ത ശേഷം 20 സെ. മീ. വ്യാസവും 1 മീറ്റർ നീളവുമുള്ള രണ്ട് പി. വി. സി. പൈപ്പുകളും അടപ്പും ഉറപ്പിക്കുന്നു. പൈപ്പിനുള്ളിൽ ജൈവമാലിന്യങ്ങളിട്ട് കമ്പോസ്റ്റ് ചെയ്യുന്നു. |
| 8 | പോർട്ടബിൾ പ്ലാസ്റ്റിക് ബിൻ/ ബക്കറ്റ് കമ്പോസ്റ്റിംഗ് | 50 ലിറ്റർ ശേഷിയുള്ള രണ്ട് കലങ്ങളും മൂടിയും അല്ലെങ്കിൽ പ്ലാസ്റ്റിക് ബിൻ/ബക്കറ്റ് 2 എണ്ണം. ഇവയ്ക്കിടയിൽ മലിനജലം ശേഖരിക്കാനുള്ള ടാപ്പ്. മാലിന്യങ്ങളെ എയ്റോബിക് രീതിയിൽ കമ്പോസ്റ്റ് ചെയ്യുന്നു. മാലിന്യത്തിൽ ഇടയ്ക്ക് ചാണകപ്പൊടി വിതറണം. |

ഓരോ വീടിനോടും ചേർന്ന് ലഭ്യമായ സ്ഥലസൗകര്യത്തിനനുസരിച്ച് സ്ഥാപിക്കാനാവുന്ന സാങ്കേതങ്ങളാണിവ എന്നതാണ് പ്രത്യേകത.

## 2. പാർപ്പിടസമുച്ചയങ്ങൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കിണങ്ങുന്ന സാങ്കേതികവിദ്യകൾ

| ക്രമ നമ്പർ | സാങ്കേതികവിദ്യ | സംക്ഷിപ്ത വിവരണം |
|---|---|---|
| 1 | ബയോബിന്നുകൾ/ പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ് | ഫ്ളാറ്റുകളുടെ ടെറസിൽ 180 സെ.മീ., 90.സെ.മീ., 75 സെ.മീ. അളവുകളിൽ പ്രതിദിനം 40-45 കിലോഗ്രാം അടുക്കള മാലിന്യങ്ങൾ കൈകാര്യം ചെയ്യാവുന്ന ബിന്നുകളിൽ എയ്റോബിക് കമ്പോസ്റ്റിംഗ്. |
| 2 | കേന്ദ്രീകൃത ബയോടാങ്ക് കമ്പോസ്റ്റിംഗ് | തറയിൽ പാറകൊണ്ട് കെട്ടിയെടുത്ത പ്ലാറ്റ്ഫോമിൽ 2 മീ., 1.2 മീ., 1 മീ. അളവുകളിൽ സ്ഥാപിക്കുന്ന ബയോബിന്നുകളിൽ എയ്റോബിക് കമ്പോസ്റ്റിംഗ്. |
| 3 | എയ്റോബിക് ഫെറോസിമന്റ് ബിൻ കമ്പോസ്റ്റിംഗ് | വിവിധ അളവുകളിൽ 4 സെ. മീ. കനത്തിൽ വാർത്തെടുക്കുന്ന ഫെറോസിമന്റ് ടാങ്കിൽ എയ്റോബിക് കമ്പോസ്റ്റ് ചെയ്യുന്നു. |
| 4 | മെക്കാനിക്കൽ കമ്പോസ്റ്റിംഗ് | ജൈവമാലിന്യങ്ങളെ യന്ത്രമുപയോഗിച്ച് അരച്ചെടുത്ത ശേഷം പ്ലാസ്റ്റിക് ബാസ്കറ്റുകളിൽ പ്രത്യേകമായി സൂക്ഷിച്ച് എയ്റോബിക് കമ്പോസ്റ്റ് ചെയ്യുന്നു. |

വികേന്ദ്രീകൃത/ഉറവിട മാലിന്യസംസ്ക്കരണ സംവിധാനങ്ങൾക്ക് വേണ്ടത്ര പ്രചാരം കിട്ടിത്തുടങ്ങിയിട്ടില്ല എന്നതാണ് ഓഡിറ്റിന്റെ അന്വേഷണത്തിൽ വ്യക്തമാകുന്നത്. ഇവയ്ക്ക് വ്യാപകപ്രചാരം നൽകുന്നതിനൊപ്പം ആകർഷകമായ സബ്സിഡികൾകൂടി അനുവദിക്കാനായാൽ വികേന്ദ്രീകൃത ഖരമാലിന്യസംസ്ക്കരണ പദ്ധതികൾ വൻവിജയമാകും.

## 16. പ്ലാസ്റ്റിക്കിന്റെ വിപത്തുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യസംസ്ക്കരണ പദ്ധതികളെ തകിടം മറിക്കുന്നതിൽ പ്ലാസ്റ്റിക്കിന് പ്രധാന പങ്കുണ്ട്. നഗരതദ്ദേശസ്ഥാപനങ്ങളിലെ ഖരമാലിന്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കൂടുതലാണ്. മറ്റു മാലിന്യങ്ങളിൽനിന്നും പ്ലാസ്റ്റിക്കിനെ വേർതിരിക്കുന്നത് ഏറെ ശ്രമകരവും അധികച്ചെലവ് വരുത്തുന്നതുമാണ്. മാലിന്യസംസ്കരണ പ്ലാന്റുകളിൽ എത്തുന്ന പ്ലാസ്റ്റിക്, യന്ത്രങ്ങളുടെ ശരിയായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും സംസ്കരിക്കപ്പെടാതെ ബാക്കിയാവുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റുകൾക്ക് ചുറ്റും വലിയ കുന്നുകൾ തീർക്കുകയും ചെയ്യുന്നു.

പ്ലാസ്റ്റിക്കിനെ ശരിയായി സംസ്കരിക്കാനുള്ള സാങ്കേതികവിദ്യകൾ ഒന്നുംതന്നെ നിലവിൽ ഇല്ല. പ്ലാസ്റ്റിക്കിനെ പ്രത്യേക യന്ത്രമുപയോഗിച്ച് പൊടിച്ചശേഷം റോഡ് ടാറിംഗ് പോലുള്ളവയ്ക്ക് ഉപയോഗിക്കുന്നതാണ് ഇപ്പോൾ നിലവിലുള്ളവയിലെ ഏറ്റവും പ്രായോഗികമായ സാങ്കേതികവിദ്യ. കൂടാതെ സിമന്റ് നിർമ്മാണത്തിനും പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ ഉണ്ടാവുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ പുനരുപയോഗം ചെയ്യാൻ കഴിയുന്നവ താരതമ്യേന കുറവാണ്. നേർത്ത പ്ലാസ്റ്റിക് കവറുകൾ പോലെയുള്ള പുനരുപയോഗ സാധ്യത കുറഞ്ഞ മാലിന്യങ്ങളാണ് കൂടുതലും എന്നുള്ളത് ഭീഷണി വർദ്ധിപ്പിക്കുന്നു. ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനം, ഉപയോഗം എന്നിവ കുറയ്ക്കുവാൻ ഉദ്ദേശിച്ചുള്ള സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും നിലവിൽ ഉണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പ്ലാസ്റ്റിക് ബാഗുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന രാസവസ്തുക്കൾ പരിസരമലിനീകരണത്തിനും ഭൂഗർഭജലത്തിന്റെ ശുദ്ധി ഇല്ലാതാകാനും കാരണമാകുന്നു. പ്ലാസ്റ്റിക് ബാഗുകൾക്ക് കടുത്തനിറം ലഭിക്കാൻ ചേർക്കുന്ന വർണ്ണകങ്ങളിലുള്ള ഘനലോഹങ്ങൾ കടുത്ത ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മറ്റു ജൈവവസ്തുക്കളെപ്പോലെ ജീർണ്ണിക്കാതെ അവശേഷിക്കുന്ന പ്ലാസ്റ്റിക്കുകൾ നൂറ്റാണ്ടുകളോളം പരിസ്ഥിതിക്ക് ബാധ്യതയായി തുടരും. 27-12-2011-ലെ സർക്കാർ ഉത്തരവിലൂടെ [ജി. ഒ. (എംഎസ്.) നമ്പർ 323/2011/എൽ.എസ്. ജി. ഡി.] സംസ്ഥാനത്തെ പ്ലാസ്റ്റിക് ഉൽപ്പാദനം, ഉപയോഗം എന്നിവയിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ഇനിപ്പറയുന്നവയാണ്:

1. പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ നിർബന്ധമായും ഉൽപ്പാദകരുടെ പേര്, രജിസ്ട്രേഷൻ വിവരങ്ങൾ, ബാഗുകളുടെ കനം എന്നിവ രേഖപ്പെടുത്തിയിരിക്കണം. 40 മൈക്രോണിൽ താഴെകനമുള്ള പ്ലാസ്റ്റിക് ബാഗുകളുടെ ഉൽപ്പാദനം, വിൽപ്പന എന്നിവ നിരോധിച്ചിരിക്കുന്നു.

2. പ്ലാസ്റ്റിക് ഉൽപ്പാദകർ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും നിർബന്ധമായും രജിസ്ട്രേഷൻ നേടിയിരിക്കണം.

3. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകളുടെ ശേഖരണത്തിനായി കേന്ദ്രങ്ങൾ തുറക്കണം. ഇത്തരം ശേഖരണ കേന്ദ്രങ്ങളിൽ എത്തുന്ന പ്ലാസ്റ്റിക്കുകളെ ഉൽപ്പാദകർ ഏറ്റെടുത്ത് പുനഃചംക്രമണം/പുനരുപയോഗം എന്നിവ നടത്തണം.

4. പ്ലാസ്റ്റിക് കപ്പികളുടെ നിർമ്മാതാക്കൾ/വിതരണക്കാർ, ശീതളപാനീയങ്ങളുടെ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവർ കുപ്പികളുടെ ശേഖരണത്തിനായി കേന്ദ്രങ്ങൾ തുറക്കണം.

5. പേപ്പർ, ചണം, കയർ എന്നിവ കൊണ്ടുള്ള ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

6. വിനോദസഞ്ചാരകേന്ദ്രങ്ങൾ, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ എന്നിവയെ പ്ലാസ്റ്റിക്മുക്ത മേഖലകളായി പ്രഖ്യാപിക്കണം.

സംസ്ഥാനത്തെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനുള്ള സർക്കാർ ഉത്തരവ് വേണ്ടവണ്ണം പാലിക്കപ്പെടുന്നില്ല. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുമ്പോൾ ഉടമകളിൽനിന്നും വാങ്ങുന്ന സമ്മതപത്രം മാത്രമാണ് പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൈക്കൊണ്ടുവരുന്ന ഏക നടപടി. കൂടാതെ, മേൽപ്പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ പാലിക്കപ്പെടുന്നില്ല. പ്ലാസ്റ്റിക് നിരോധനം കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ശക്തമായ ബോധവൽക്കരണ പരിപാടികളും ഈ വിഷയത്തിൽ ആവശ്യമാണ്.

## 17. **ശുചിത്വ മിഷൻ**

കേരളത്തെ മാലിന്യമുക്തമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനുള്ള പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പാക്കാനായാണ് 2008-ൽ ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന സമ്പൂർണ്ണ ശുചിത്വം പരിപാടി നടപ്പിലാക്കി വന്നിരുന്ന ഏജൻസിയായ കേരള ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷനും സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യപരിപാലന പരിപാടികൾക്ക് നേതൃത്വം നൽകിവന്നിരുന്ന ഏജൻസിയായ ക്ലീൻ കേരള മിഷനും സംയോജിപ്പിച്ചാണ് ശുചിത്വ മിഷൻ രൂപീകരിച്ചത്. ഖര-ദ്രവമാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത-സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം എന്നിവയിൽ പൂർണ്ണനേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വ മിഷന്റെ ഉദ്ദേശം. ശുചിത്വ മിഷൻ നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്:

1. ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ ഉപദേശം നൽകൽ.
2. ഖരമാലിന്യ സംസ്കരണ-ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ.
3. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തികസഹായം ലഭ്യമാക്കാൻ കഴിയാത്ത നഗരപ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽനിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ.
4. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതരസ്ഥാപനങ്ങളുമായി/വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.

5. ശുചിത്വ പ്രോജക്ടുകളുടെ വിലയിരുത്തലും, പഠനവും, റിപ്പോർട്ടുകളും.

6. വിപുലമായ വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വബോധം സൃഷ്ടിക്കുകയും, ആരോഗ്യകരമായ പരിസരം വീടുകളിലും, തൊഴിലിടങ്ങളിലും, പൊതുയിടങ്ങളിലും ഉറപ്പുവരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, അവയുടെ അനിവാര്യചുമതലയിൽപ്പെട്ട ശുചിത്വപരിപാലനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കുക എന്നതാണ് ശുചിത്വ മിഷന്റെ പ്രധാന കർത്തവ്യം.

ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ശുചിത്വ മിഷൻ നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്:

1. സമ്പൂർണ്ണ ശുചിത്വയജ്ഞം

2. ഖര-ദ്രവമാലിന്യ സംസ്കരണം

3. നിർമ്മൽ ഗ്രാമപുരസ്കാർ യോജന

4. നവീന അറവുശാലകൾ സ്ഥാപിക്കൽ

5. തണ്ണീർത്തട ശുചിത്വസംരക്ഷണം

6. കുറഞ്ഞചെലവിലുള്ള ശുചിത്വ പദ്ധതികൾക്കുള്ള സംയോജിത പരിപാടികൾ

7. വിവരവിനിമയവും കാര്യശേഷി ഉയർത്തലും

8. മാലിന്യമുക്ത കേരളം കർമ്മപരിപാടി

ഖരമാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2011-12 സാമ്പത്തിക വർഷത്തിനുമുൻപ് പദ്ധതി തുകയുടെ 50% വിഹിതം ശുചിത്വ മിഷനും, ശേഷിക്കുന്ന 50% നിർദ്ദിഷ്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമാണ് ചെലവാക്കി വന്നിരുന്നത്. 2011-12 മുതൽ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള മുഴുവൻ തുകയും ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലനാർത്ഥമുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തശേഷം സാങ്കേതികാനുമതിക്കായി ശുചിത്വ മിഷന് സമർപ്പിക്കുന്നു. പദ്ധതികളുടെ പ്രായോഗികക്ഷമത പരിശോധിച്ചശേഷം ശുചിത്വ മിഷൻ അവ തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കുകയും അവിടെനിന്നും ഭരണാനുമതി നൽകുകയും ചെയ്യുന്നു. സർക്കാർ അംഗീകൃത സേവനദാതാക്കൾ/ഏജൻസികൾ വഴിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കുന്നത്.

ശുചിത്വകേരളം പദ്ധതിയിലൂടെ ശുചിത്വ മിഷനിൽ നിന്നും 2011-12-ൽ അനുവദിച്ച തുക

| പ്രോജക്ട് | അനുവദിച്ച തുക (കോടി) | ചെലവഴിച്ച തുക (കോടി) |
|---|---|---|
| 27 മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ/മെച്ചപ്പെടുത്തൽ | 20 | 19.19 |
| 7 മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ | 7.0 | 7.0 |
| മാതൃകാ സെപ്റ്റേജ് പ്ലാന്റ് സ്ഥാപിക്കൽ | 1 | 1 |
| തിരുവനന്തപുരം കോർപ്പറേഷനിൽ ആധുനിക ഖരമാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കൽ | 3 | 0.13 |
| വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ | 5 (കോർപ്പറേഷനുകൾ) | 8.56 |
| | 10 (മുനിസിപ്പാലിറ്റികൾ) | 7.19 |

**മാലിന്യസംസ്കരണവും ശുചിത്വ മിഷൻ സബ്സിഡിയും**

വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന സബ്സിഡി ശുചിത്വ മിഷനിലൂടെയാണ് അനുവദിക്കുന്നത്. അതത് പഞ്ചായത്തുകൾ/നഗരസഭകൾ വഴിയാണ് ശുചിത്വ മിഷൻ സബ്സിഡി വിതരണം ചെയ്യുന്നത്. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90% (ശുചിത്വ മിഷൻ 75%, തദ്ദേശസ്വയംഭരണ സ്ഥാപനം 15%, ഉപഭോക്താവ് 10%), ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% (ശുചിത്വ മിഷൻ 50%, തദ്ദേശസ്വയംഭരണ സ്ഥാപനം 25%, ഉപഭോക്താവ് 25%) എന്നീ നിരക്കുകളിലാണ് നിലവിൽ സബ്സിഡി നൽകിവരുന്നത്.

**ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അനുവദിച്ച ഫണ്ടുകൾ; ശുചിത്വ മിഷന്റെ മേൽനോട്ടം കാര്യക്ഷമമല്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനാർത്ഥം കേന്ദ്രീകൃത സംവിധാനമായ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ശുചിത്വ മിഷൻവഴി നൽകിയ തുകകളുടെ വിനിയോഗം വേണ്ടരീതിയിൽ വിലയിരുത്താനോ നടപടികൾ കൈക്കൊള്ളാനോ കഴിയാത്ത അവസ്ഥയാണുള്ളത്. പ്ലാന്റുകൾ സ്ഥാപിക്കുവാൻ ശുചിത്വ മിഷൻ നൽകിയ കോടിക്കണക്കിന് രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ

നിഷ്ക്രിയമായി കിടക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് സമയബന്ധിതമായി പണികൾ തീർക്കുവാനോ അല്ലാത്തപക്ഷം തുകകൾ തിരികെ ഈടാക്കുവാനോ യാതൊരു നടപടികളും ശുചിത്വ മിഷന്റെ ഭാഗത്തുനിന്നും നാളിതുവരെയായി ഉണ്ടായിട്ടില്ല. ഈ രംഗത്ത് കർശനമായ ഇടപെടൽ ഇല്ലാത്തതുമൂലം തദ്ദേശസ്ഥാപനങ്ങൾ ഫണ്ടുകൾ വകമാറ്റിയും ചെലവഴിക്കുന്നു. ഖരമാലിന്യ സംസ്കരണാർത്ഥം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ വിനിയോഗം ഉറപ്പുവരുത്താൻ ശുചിത്വ മിഷൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വികേന്ദ്രീകൃത മാലിന്യസംസ്കരണവും ശുചിത്വ മിഷനും**

വീടുകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ഖരമാലിന്യ പരിപാലന പരിപാടികൾക്കാണ് ശുചിത്വ മിഷൻ ഇപ്പോൾ കൂടുതൽ ശ്രദ്ധ നൽകുന്നത്. ഈ മേഖലയിലേക്കുണ്ടായ സാമ്പത്തിക സഹായത്തിലെ വർദ്ധനവ് ഇത് വ്യക്തമാക്കുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിലായി വികേന്ദ്രീകൃത ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് ശുചിത്വ മിഷൻ നൽകിയ ഫണ്ടിന്റെ വിവരങ്ങൾ:

<u>വികേന്ദ്രീകൃത ഖരമാലിന്യ പരിപാലനാർത്ഥം ശുചിത്വ മിഷൻ അനുവദിച്ച തുകകൾ</u>

| വർഷം | ആകെ നൽകിയ തുക | മുനിസിപ്പാലിറ്റി | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 2008-09 | 1,97,44,000 | 1,48,44,000 | 49,00,000 |
| 2009-10 | 91,40,000 | 84,25,000 | 7,15,000 |
| 2010-11 | 1,31,17,500 | 1,09,34,500 | 21,83,000 |
| 2011-12 | 41,68,09,354 | 39,51,16,896 | 2,16,92,458 |

## 3.1.6 ഖരമാലിന്യ പരിപാലനരംഗത്തെ പുതിയ വെല്ലുവിളികൾ

### 1 ആശുപത്രി മാലിന്യങ്ങളും പൊതുജനാരോഗ്യവും

ശാസ്ത്രീയമായും സമയബന്ധിതമായും കൈകാര്യം ചെയ്യേണ്ടവയിൽപ്പെടുന്നതാണ് ആശുപത്രി മാലിന്യങ്ങൾ അഥവാ ബയോമെഡിക്കൽ മാലിന്യങ്ങൾ. ആശുപത്രികൾക്കു പുറമേ ലാബുകൾ, മറ്റു പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, മൃഗാശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങളും ബയോമെഡിക്കൽ മാലിന്യങ്ങളിൽപ്പെടുന്നു.

ഇന്ത്യയിലെ ആരോഗ്യസ്ഥാപനങ്ങളിൽ 27%-ത്തോളം കേരളത്തിലാണ്. അതുകൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആശുപത്രി മാലിന്യങ്ങളുടെ

ഭീഷണി കൂടുതലായി നേരിടുന്നതും കേരളമാണ്. ആശുപത്രി മാലിന്യങ്ങൾ സമയബന്ധിതമായി പരിപാലിക്കാനുള്ള മികച്ച സംവിധാനങ്ങൾ കേരളത്തിൽ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലവിലുള്ള സംവിധാനങ്ങൾ പൂർണ്ണമായും തൃപ്തികരമല്ല.

ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ മുഴുവനും അപകടകാരികളല്ല. അവയിൽ 80% വരെ മറ്റു മാലിന്യങ്ങൾക്കൊപ്പം സംസ്കരിക്കാൻ കഴിയുന്നവയാണ്. പരിശോധനകൾ, ശസ്ത്രക്രിയകൾ, ചികിത്സ എന്നിവയുടെ ഭാഗമായുണ്ടാകുന്ന അണുബാധയുള്ള അപകടകാരികളായ മാലിന്യങ്ങൾ 10 ശതമാനത്തോളംവരും. ഇവയെയാണ് പ്രത്യേക ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടത്. അപകടകാരികളായ ആശുപത്രി മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ചില്ലെങ്കിൽ അത് ഹെപ്പറ്റൈറ്റിസ് ബി, സി തുടങ്ങിയ മാരകരോഗങ്ങൾ പടരാനും പ്രതിരോധശേഷി കൂടിയ രോഗാണുക്കൾ പ്രത്യക്ഷപ്പെടാനുമെല്ലാം കാരണമാകും.

നഗരങ്ങളിലെ ആശുപത്രി മാലിന്യങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കൃത്യമായ പരിശോധനകളോ നടപടികളോ നടത്തുന്നില്ല. കൂടാതെ നഗരങ്ങളിലെ വൻകിട ലാബുകൾ മാലിന്യപരിപാലനത്തിന് അനുവർത്തിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റി അധികൃതർക്ക് വ്യക്തമായ ധാരണപോലുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡോ ഇത്തരം സ്ഥാപനങ്ങളിലെ മാലിന്യപരിപാലന സംവിധാനങ്ങൾ പരിശോധിക്കുകയോ നടപടിയെടുക്കുകയോ ചെയ്യുന്നില്ല.

ആശുപത്രി മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന്റെ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. സംസ്കരണത്തിന് കൊണ്ടുപോകുന്ന നഗരമാലിന്യങ്ങളിൽ ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയത് പലതവണ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഇമേജ് ആണ് കേരളത്തിൽ നിലവിലുള്ള പ്രധാന ബയോമെഡിക്കൽ മാലിന്യപരിപാലന കേന്ദ്രം. ഇത്തരത്തിലുള്ള കൂടുതൽ സംവിധാനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടത്, ആശുപത്രി മാലിന്യ പരിപാലനത്തിന് അത്യന്താപേക്ഷിതമാണ്.

## ആശുപത്രി മാലിന്യച്ചട്ടങ്ങൾ (1998) (പരിപാലനവും, കൈകാര്യം ചെയ്യലും)

1998-ലാണ് ഇൻഡ്യൻ പാർലമെന്റ് ആശുപത്രി മാലിന്യ പരിപാലനച്ചട്ടങ്ങൾ (ബയോമെഡിക്കൽ മാലിന്യച്ചട്ടങ്ങൾ) പാസ്സാക്കിയത്. ഓരോ ആരോഗ്യസ്ഥാപനത്തിലു മുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായും സുരക്ഷിതമായും നിർമ്മാർജ്ജനം ചെയ്യാൻ സ്ഥാപനങ്ങൾതന്നെ മുൻകൈ എടുക്കണമെന്ന് ചട്ടം അനുശാസിക്കുന്നു. ചട്ടങ്ങൾ പ്രകാരം,

ബയോമെഡിക്കൽ മാലിന്യങ്ങൾ എന്ന വിവക്ഷിക്കപ്പെടുന്നത് മനുഷ്യരിൽ രോഗപരിശോധന, ചികിത്സ, രോഗപ്രതിരോധ നടപടികൾ എന്നിവയുടെ ഭാഗമായുണ്ടാകുന്ന മാലിന്യങ്ങൾ, ജന്തുക്കളിൽ നിന്നും സമാനമായി ഉണ്ടാകുന്ന മാലിന്യങ്ങൾ, വൈദ്യശാസ്ത്ര ഗവേഷണഫലമായുണ്ടാകുന്ന മാലിന്യങ്ങൾ എന്നിവയാണ്.

ആശുപത്രി മാലിന്യങ്ങളെ യാതൊരു കാരണവശാലും മറ്റു മാലിന്യങ്ങളുമായി കൂട്ടിക്കലർത്തരുതെന്നും ആശുപത്രി മാലിന്യച്ചട്ടങ്ങൾ പ്രത്യേകം നിഷ്കർഷിക്കുന്നു. പ്രത്യേക നിറങ്ങളോടുകൂടിയ ശേഖരണികളിൽ തരംതിരിച്ച് ശേഖരിക്കുന്ന ആശുപത്രി മാലിന്യങ്ങളെ 48 മണിക്കൂറിനുള്ളിൽ സംസ്കരിക്കുകയും ചെയ്യണം. ആശുപത്രി മാലിന്യച്ചട്ടങ്ങളുടെ (പരിപാലനവും കൈകാര്യം ചെയ്യലും) ഒന്നാം പട്ടികയിൽ, വിവിധ മാലിന്യങ്ങളെ ഇനംതിരിച്ച് നൽകിയിട്ടുണ്ട്. അവ ഇനിപ്പറയുന്നു:

| | |
|---|---|
| കാറ്റഗറി 1 | മനുഷ്യശരീരമാലിന്യങ്ങൾ (കലകൾ, അവയവങ്ങൾ, ശരീരഭാഗങ്ങൾ) |
| കാറ്റഗറി 2 | ജന്തുജന്യമാലിന്യങ്ങൾ (ജന്തുകലകൾ, അവയവങ്ങൾ, ശരീരഭാഗങ്ങൾ, മൃഗാശുപത്രിമാലിന്യങ്ങൾ, പരീക്ഷണ മൃഗങ്ങൾ) |
| കാറ്റഗറി 3 | മൈക്രോബയോളജി, ബയോടെക്നോളജി മാലിന്യങ്ങൾ |
| കാറ്റഗറി 4 | സിറിഞ്ച്, സൂചി, ബ്ലേഡ്, ഗ്ലാസ് മുതലായ മാലിന്യങ്ങൾ |
| കാറ്റഗറി 5 | കാലഹരണപ്പെട്ടതും കേടുപാട് സംഭവിച്ചതുമായ മരുന്നുകൾ |
| കാറ്റഗറി 6 | ഖരമാലിന്യങ്ങൾ (രക്തം, ശരീരദ്രവങ്ങൾ എന്നിവ പറ്റിയ പഞ്ഞി, തുണി, പ്ലാസ്റ്ററുകൾ മുതലായവ ഈ വിഭാഗത്തിൽപ്പെടുന്നു) |
| കാറ്റഗറി 7 | ട്യൂബിംഗ്, കാത്തീറ്ററുകൾ തുടങ്ങിയ ഉപകരണഭാഗങ്ങൾ |
| കാറ്റഗറി 8 | ദ്രവമാലിന്യങ്ങൾ (ലബോറട്ടറികൾ, ഉപകരണങ്ങൾ വൃത്തിയാക്കൽ, അണുവിമുക്തമാക്കൽ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങളാണിവ) |
| കാറ്റഗറി 9 | മാലിന്യങ്ങളെ ഭസ്മീകരിച്ചതിനുശേഷമുള്ള അവശിഷ്ടങ്ങൾ |
| കാറ്റഗറി 10 | രാസമാലിന്യങ്ങൾ (അണുനാശിനികളുടെയും മറ്റും നിർമ്മാണത്തിനുപയോഗിക്കുന്നവ) |

വിവിധ കാറ്റഗറികളിൽപ്പെടുന്ന ആശുപത്രി മാലിന്യങ്ങൾ ശേഖരിക്കുന്നതിന്റെയും പരിപാലനം ചെയ്യേണ്ടതിന്റെയും വിശദാംശങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. അവ ഇനിപ്പറയും പ്രകാരമാണ്:

| സംഭരണി/നിറം | മാലിന്യത്തിന്റെ കാറ്റഗറി | പരിപാലന മാർഗ്ഗം |
|---|---|---|
| മഞ്ഞനിറത്തിലുള്ള പ്ലാസ്റ്റിക് ബാഗ് | കാറ്റഗറി 1, 2, 3, 6 | ഭസ്മീകരണം/ആഴത്തിൽ കുഴിച്ചുമൂടൽ (അഞ്ചുലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മാത്രമേ ആഴത്തിൽ കുഴിച്ചുമൂടൽ പാടുള്ളൂ) |
| ചുവന്ന നിറത്തിലുള്ള പ്ലാസ്റ്റിക് ബാഗ്/സംഭരണി | കാറ്റഗറി 3, 6, 7 | ഓട്ടോക്ലേവിങ്ങ്/മൈക്രോ വേവിങ്ങ്/കെമിക്കൽ ട്രീറ്റ്മെന്റ് |
| നീല/വെളുപ്പ് നിറമുള്ള പ്ലാസ്റ്റിക് ബാഗ് | കാറ്റഗറി 4, 7 | ഓട്ടോക്ലേവിങ്ങ്/മൈക്രോ വേവിങ്ങ്/കെമിക്കൽ ട്രീറ്റ്മെന്റ്/ ഷ്രെഡിംഗ് |
| കറുത്ത പ്ലാസ്റ്റിക് ബാഗ് | കാറ്റഗറി 5,9,10 | ലാന്റ്ഫില്ലിംഗ് |

**ആശുപത്രി മാലിന്യ സംസ്കരണവും 'ഇമേജും'**

കേരളത്തിലെ സർക്കാർ/സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ലബോറട്ടറികൾ എന്നിവയിൽ നിന്നുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ പരിപാലനം ചെയ്യുന്നതിനുള്ള ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ശാഖയുടെ ബൃഹത് പദ്ധതിയാണ് 'ഇമേജ് '. IMA Goes Eco-Friendly എന്നതാണ് ഇമേജിന്റെ മുഴുവൻ രൂപം. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 2001-ൽ 26 ഏക്കറിൽ സ്ഥാപിതമായ 'ഇമേജ്' 2003 ഡിസംബറിൽ പ്രവർത്തനമാരംഭിച്ചു.

25 ആശുപത്രികളുമായാണ് 'ഇമേജ്' പ്രവർത്തനമാരംഭിച്ചത്. നിലവിൽ, സംസ്ഥാനത്തെ 75% ആശുപത്രികളിൽ നിന്ന് പ്രതിദിനം സൃഷ്ടിക്കപ്പെടുന്ന 20 ടണ്ണോളം വരുന്ന ബയോമെഡിക്കൽ മാലിന്യങ്ങളെ ഇമേജിൽ സംസ്കരിക്കുന്നു. ജി. ജെ. മൾട്ടിക്ലേവ് എന്ന സ്ഥാപനമാണ് ഇമേജിന്റെ നടത്തിപ്പ്.

ആശുപത്രി മാലിന്യസംസ്കരണ രംഗത്ത് ശ്രദ്ധേയമായൊരു മാതൃക കേരളത്തിൽ ഉണ്ടാക്കാൻ 'ഇമേജിന്' കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിലുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ പരിശീലനം ഇമേജിൽ നിന്നുള്ള പരിശീലകർ നൽകുന്നു. ഇമേജിന്റെ പ്രത്യേക സജ്ജീകരണമുള്ള വാഹനം അഫിലിയേറ്റ് ചെയ്തിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ദിവസവും മാലിന്യങ്ങൾ ശേഖരിക്കുന്നു. സ്വകാര്യ ആശുപത്രികൾ അഫിലിയേഷൻ ഫീസ് നൽകണം. എന്നാൽ സർക്കാർ ആശുപത്രികൾക്ക് ഫീസില്ല. കൂടാതെ, മാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങൾ ദിനംപ്രതി കിടക്കയൊന്നിന് നിശ്ചിതതുക ഇമേജിന് യൂസർ ഫീ നൽകുകയും വേണം.

ഇമേജിന്റെ പ്ലാന്റിൽ വിവിധ ആവശ്യങ്ങൾക്കായുപയോഗിക്കുന്ന വെള്ളം ശുദ്ധീകരിച്ച് ചെടികൾ നനയ്ക്കാനും മറ്റുമായി ഉപയോഗിക്കുന്നു. മാലിന്യങ്ങളുടെ ഭസ്മീകരണത്തിനു ശേഷമുണ്ടാകുന്ന ചാരം, ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം മണ്ണിൽ കുഴിയെടുത്ത് ഇഷ്ടികനിരത്തി മറവുചെയ്യുന്നു. ശാസ്ത്രീയവും കാര്യക്ഷമവുമായ പ്രവർത്തന രീതി അവലംബിച്ചാൽ മാലിന്യപരിപാലനം തീർത്തും വിജയകരമാക്കാം എന്ന പാഠമാണ് 'ഇമേജ്' കേരളീയരെ ബോധ്യപ്പെടുത്തുന്നത്.

| സ്ഥാപനത്തിന്റെ സ്വഭാവം | ആകെ സ്ഥാപനങ്ങൾ | ആകെ കിടക്കകൾ |
|---|---|---|
| സ്വകാര്യ സ്ഥാപനങ്ങൾ | 3852 | 56581 |
| സർക്കാർ സ്ഥാപനങ്ങൾ | 238 | 24396 |
| ഇ. എസ്. ഐ. കോർപ്പറേഷനു കീഴിലുള്ള സ്ഥാപനങ്ങൾ | 4 | 538 |
| ഇ. എസ്. ഐ. ആശുപത്രികൾ | 9 | 750 |
| ആകെ | 4103 | 82265 |

(അവലംബം—ഐ. എം. എ. റിപ്പോർട്ട്-2012)

## 2 ഇ-മാലിന്യങ്ങൾ ഉയർത്തുന്ന ഭീഷണികൾ

പരിസ്ഥിതിക്കും ആരോഗ്യത്തിനും അത്യന്തം ദോഷകരമായ നിരവധി വസ്തുക്കളുടെ സഞ്ചയമാണ് ഇ-മാലിന്യങ്ങൾ. ഉപയോഗത്തിനുശേഷമോ അല്ലാതെയോ ഉപേക്ഷിക്കപ്പെടുന്ന, വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളും അനുബന്ധ വസ്തുക്കളുമാണ് ഇ-മാലിന്യം അഥവാ ഇലക്ട്രോണിക് മാലിന്യം എന്നു വിവക്ഷിക്കപ്പെടുന്നത്.

കേരളത്തിലെ നഗര ഖരമാലിന്യങ്ങളുടെ 10 ശതമാനത്തോളംവരുന്ന പാഴ്‌വസ്തുക്കളിൽ വലിയൊരളവുവരെ ഇ-മാലിന്യങ്ങൾ അടങ്ങിയിരിക്കുന്നു. ഇ-മാലിന്യങ്ങളിൽ അടങ്ങിയിട്ടുള്ള ഘനലോഹങ്ങളായ ലെഡ്, കാഡ്മിയം, രസം, ക്രോമിയം തുടങ്ങിയവ മനുഷ്യരുടെ മാനസികാരോഗ്യത്തെയും നാഡീവ്യവസ്ഥയുടെ പ്രവർത്തനങ്ങളെയും തകരാറിലാക്കുന്നു. ഇന്ത്യയിൽ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളാണ് ഇ-മാലിന്യ ഭീഷണി കൂടുതലായി നേരിടുന്നത് എന്നതാണ് ശ്രദ്ധേയമായ വസ്തുത. വിവരസാങ്കേതിക വിദ്യാരംഗത്ത് വൻകുതിപ്പിനൊരുങ്ങുന്ന കേരളം വരുംനാളുകളിൽ നേരിടാൻപോകുന്ന വലിയ വെല്ലുവിളികളിലൊന്നാണ് ഇ-മാലിന്യങ്ങൾ.

വികസിത രാജ്യങ്ങൾ അപകടകാരികളായ വസ്തുക്കളായി കണക്കാക്കി സമഗ്രമായ ഇ-മാലിന്യ സംസ്കരണ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഇ-മാലിന്യച്ചട്ടങ്ങൾ (പരിപാലനവും കൈകാര്യം ചെയ്യലും) 2012 മേയ് 1-ന് പ്രാബല്യത്തിൽ വന്നു.

ഇലക്ട്രോണിക് മാലിന്യങ്ങളെ പ്ലാസ്റ്റിക്കിന്റെ ഗണത്തിൽപ്പെടുത്തി കത്തിച്ചുകളയുന്നതാണ് ഇപ്പോഴത്തെ രീതി. എന്നാലിത് പരിസ്ഥിതിക്കും സാമൂഹ്യജീവിതത്തിനും ദോഷമാണ് വരുത്തിവെയ്ക്കുന്നത്. ഇലക്ട്രോണിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുവാനുള്ള യാതൊരു സംവിധാനവും കേരളത്തിൽ നിലവിൽ ഇല്ല. ഈ സാഹചര്യത്തിൽ ഇ-മാലിന്യങ്ങളുടെ കാര്യത്തിൽ അടിയന്തരമായി നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

## ഇ-മാലിന്യ ചട്ടങ്ങൾ—2011 (പരിപാലനവും, കൈകാര്യം ചെയ്യലും)

രാജ്യത്ത് വർദ്ധിച്ചുവരുന്ന ഇലക്ട്രോണിക് മാലിന്യങ്ങളുടെ ഭീഷണി നേരിടാനായാണ് ഇ-മാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ-2011-ന് ഭാരത സർക്കാർ രൂപം നൽകിയത്. 2012 മേയ് 1-ന് പ്രാബല്യത്തിൽ വന്ന ചട്ടങ്ങളുടെ പരിധിയിൽ ഇലക്ട്രോണിക്/ഇലക്ട്രിക് ഉപകരണ നിർമ്മാതാക്കൾ, വിൽപ്പനക്കാർ, ഉപഭോക്താക്കൾ, മേൽയന്ത്രങ്ങളുടെ ഭാഗങ്ങൾ നിർമ്മിക്കുന്നവർ എന്നിവരെല്ലാം ഉൾപ്പെടുന്നു.

ചട്ടപ്രകാരം, ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ ഉപകരണങ്ങളെ ശേഖരിച്ച് ഉചിതമായ രീതിയിൽ പുനഃചംക്രമണം നടത്തുകയോ സംസ്കരിക്കുകയോ ചെയ്യേണ്ടത് ഉൽപ്പാദകന്റെ ചുമതലയാണ്. ഇതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ശേഖരണ കേന്ദ്രങ്ങൾ തുടങ്ങേണ്ടതുണ്ട്. കൂടാതെ ഉപയോഗശൂന്യമായ ഉപകരണങ്ങൾ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് പൊതുജനമാധ്യമങ്ങളിലൂടെ വേണ്ടത്ര അറിയിപ്പുകൾ നൽകണമെന്നും ചട്ടം അനുശാസിക്കുന്നു. മറ്റു ഖരമാലിന്യങ്ങൾക്കൊപ്പം ഇ-മാലിന്യങ്ങൾ കലരുന്നത് തടയാൻ കഴിയുംവിധം സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ഉൽപ്പാദകരുടെ ചുമതലയാണ്.

ഇ-മാലിന്യങ്ങളെ ബന്ധപ്പെട്ട ശേഖരണകേന്ദ്രങ്ങളിൽ കൃത്യമായി എത്തിക്കേണ്ടത് ഉപഭോക്താക്കളുടെ ചുമതലയാണ്. ശേഖരണകേന്ദ്രങ്ങളിൽ പരമാവധി 180 ദിവസം വരെ മാത്രമേ ഇ-മാലിന്യങ്ങൾ സൂക്ഷിക്കുവാൻ പാടുള്ളൂ. കൂടാതെ, ഇ-മാലിന്യങ്ങളെ സംബന്ധിച്ചുള്ള ശേഖരണം, വിൽപ്പന, കൈമാറ്റം, വേർതിരിക്കൽ തുടങ്ങിയവയുടെ കൃത്യമായ രേഖകളും വിവരങ്ങളും ഉൽപ്പാദകർ/ശേഖരണകേന്ദ്രങ്ങൾ സൂക്ഷിക്കണമെന്നും ചട്ടം അനുശാസിക്കുന്നു. വിഷലോഹങ്ങളായ കാഡ്മിയം, രസം, ലെഡ്, ക്രോമിയം തുടങ്ങിയവയുടെ ഉപയോഗം ഉപകരണങ്ങളിൽ പരമാവധി കുറച്ചുകൊണ്ടുവരാൻ ഉൽപ്പാദകർ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ചട്ടം പറയുന്നു.

### ഇ-മാലിന്യ ചട്ടങ്ങൾ—2011-ന്റെ പരിധിയിൽപ്പെടുന്ന ഉപകരണങ്ങൾ

**1. *ഐ.ടി. ഉപകരണങ്ങൾ***

പേഴ്സണൽ കമ്പ്യൂട്ടർ, മിനി കമ്പ്യൂട്ടർ, ലാപ്ടോപ്പ്, നോട്ട്ബുക്ക്/നോട്ട്പാഡ് കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ/കാട്രിഡ്ജുകൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ടൈപ്പ്റൈറ്ററുകൾ, ടെലക്സ്, ടെലിഫോൺ, സെൽഫോൺ, കോർഡ്ലെസ് ടെലിഫോൺ.

**2. *ഇലക്ട്രോണിക്/ഇലക്ട്രിക് ഉപകരണങ്ങൾ***

ടി. വി. സെറ്റ്, റെഫ്രിജറേറ്റർ, വാഷിംഗ്മെഷീൻ, എയർ കണ്ടീഷനറുകൾ

കൂടാതെ, ഉപകരണങ്ങളിൽ മേൽപ്പറഞ്ഞ ലോഹങ്ങളുടെ സാന്നിദ്ധ്യത്തെക്കുറിച്ച്, ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ നൽകുന്ന ലഘുലേഖയിൽ പരാമർശിക്കുകയും വേണം. ഇ-മാലിന്യ ചട്ടങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുകൾ എല്ലാ വർഷവും സെപ്റ്റംബർ 30-നകം കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിനു നൽകേണ്ടതുണ്ട്. കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡ് എല്ലാ വർഷവും ഡിസംബർ 30-നകം മേൽവിഷയത്തിൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണം.

തങ്ങളുടെ പരിധിക്കുള്ളിൽ കാണപ്പെടുന്ന ഇ-മാലിന്യങ്ങളെ പ്രത്യേകമായി ശേഖരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കുകയോ ശാസ്ത്രീയമായി സംസ്കരിക്കുകയോ ചെയ്യേണ്ടത് നഗരസഭ/കോർപ്പറേഷനുകളുടെ കടമയാണ്.

### 3. നിർമ്മാണ മേഖലയിൽ നിന്നുള്ള ഖരമാലിന്യങ്ങൾ

റോഡുകൾ, ബഹുനിലക്കെട്ടിടങ്ങൾ, പാലങ്ങൾ, വീടുകൾ തുടങ്ങിയവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയുടെ ഭാഗമായി ഒട്ടേറെ ഖരമാലിന്യങ്ങൾ ഉണ്ടാവുന്നുണ്ട്. നിഷ്ക്രിയവും അജൈവികവുമായ വസ്തുക്കളായ കോൺക്രീറ്റ് പാളികൾ, പ്ലാസ്റ്ററുകൾ, തടി, പ്ലാസ്റ്റിക്, ലോഹങ്ങൾ എന്നിവയാണ് നിർമ്മാണമേഖലയിൽ നിന്നുള്ള ഖരമാലിന്യങ്ങളിൽ പ്രധാനപ്പെട്ടവ. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം ഖരമാലിന്യങ്ങളുടെ 10 മുതൽ 20 ശതമാനം വരെ നിർമ്മാണ മേഖലയിലെ മാലിന്യങ്ങളാണ്. പുനഃചംക്രമണത്തിന് വിധേയമാക്കി ഉപയോഗിക്കാനുള്ള സാധ്യതകൾ തീരെ കുറവാണ് എന്നതാണ് നിർമ്മാണ മേഖലയിൽ നിന്നുള്ള ഖരമാലിന്യങ്ങളുടെ പ്രധാന പ്രശ്നം.

കേന്ദ്ര നഗരവികസനകാര്യ മന്ത്രാലയം വിലയിരുത്തുന്നത് പ്രതിവർഷം ഇന്ത്യയിൽ ഉണ്ടാവുന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള മാലിന്യങ്ങൾ 10 മുതൽ 20 വരെ ദശലക്ഷം ടൺ ആണെന്നാണ്. നിർമ്മാണ മേഖലയിലെ മാലിന്യങ്ങളിൽ പുനരുപയോഗ സാധ്യതയുള്ള തടി, ലോഹങ്ങൾ, ഇഷ്ടിക തുടങ്ങിയവ 50%-ത്തോളം വരും. അവശേഷിക്കുന്ന 50% മാലിന്യങ്ങളാണ് ഭീഷണിയുയർത്തുന്നത്. കോൺക്രീറ്റ് ഷീറ്റുകൾ തുടങ്ങിയവയെ പുനഃചംക്രമണം ചെയ്യാനുള്ള സംവിധാനങ്ങൾ വികസിതരാജ്യ ങ്ങളിലുണ്ടെങ്കിലും ഇന്ത്യയിൽ ഇതുവരെയായി നടപ്പിൽവന്നിട്ടില്ല.

മുംബൈ പോലുള്ള വൻനഗരങ്ങൾ നിർമ്മാണ മേഖലയിൽ നിന്നുള്ള മാലിന്യങ്ങൾ പുറംതള്ളുന്നത് നിയന്ത്രിക്കാൻ ശക്തമായ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. പ്രതിവർഷം ഏറ്റവുമധികം കോൺക്രീറ്റ് കെട്ടിടങ്ങൾ പണികഴിക്കപ്പെടുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ആയതിനാൽ ഈ മേഖലയിൽ നിന്നുള്ള മാലിന്യങ്ങളുടെ ശരിയായ പരിപാലനം, നിയന്ത്രണം എന്നിവ ഉറപ്പാക്കുന്ന നിയമങ്ങൾ സംസ്ഥാനത്ത് അടിയന്തരമായി പ്രാവർത്തികമാക്കേണ്ടതുണ്ട്.

## 3.1.7 നിഗമനങ്ങൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശങ്ങൾക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവിനെക്കുറിച്ച് വിശദമായ പഠനം നടത്തുകയോ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

2. തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാവുന്ന ഖരമാലിന്യങ്ങളുടെ ഉറവിടം, ഘടന, സ്വഭാവം എന്നിവയെപ്പറ്റി തദ്ദേശസ്ഥാപനങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ഖരമാലിന്യങ്ങളെപ്പറ്റിയുള്ള അടിസ്ഥാനവിവരങ്ങൾ ശേഖരിക്കാതെ പരിപാലന പദ്ധതികൾക്ക് രൂപം കൊടുക്കുന്നതാണ് അവയുടെ പരാജയത്തിൽ കലാശിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ തൃപ്തികരമല്ല. ഖരമാലിന്യങ്ങളുടെ നീക്കം ചെയ്യൽ, ചട്ടങ്ങൾ അനുശാസിക്കും പ്രകാരമല്ല നടത്തുന്നത്. ഖരമാലിന്യങ്ങളെ നീക്കം ചെയ്യാൻ പല തദ്ദേശസ്ഥാപനങ്ങളും ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് മൂടിയില്ല.

4. തങ്ങളുടെ പരിധിക്കുള്ളിൽ ദിനംപ്രതിയുണ്ടാകുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഉറവിടങ്ങളിൽത്തന്നെ ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് ശേഖരിക്കാനാവാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

5. ഖരമാലിന്യ പരിപാലനാർത്ഥം ആവശ്യമുള്ളത്ര ഭൂമി സ്വന്തമായുള്ള തദ്ദേശസ്ഥാപനങ്ങൾ വിരളമാണ്. ഖരമാലിന്യ പരിപാലനാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമല്ല.

6. ശേഖരിക്കുന്ന മാലിന്യങ്ങൾ ഡമ്പിംഗ് യാർഡുകളിൽ കൊണ്ടിടുന്നത് മാത്രമാണ് വലിയൊരു ശതമാനം മുനിസിപ്പാലിറ്റികളിലെയും ഏക ഖരമാലിന്യ സംസ്കരണ സംവിധാനം.

7. തദ്ദേശസ്ഥാപനങ്ങൾക്കുള്ളിലെ ഖരമാലിന്യ ഉൽപ്പാദനത്തിന്റെ അളവിനനുസൃതമായി പ്രവർത്തനശേഷിയുള്ള സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

കോടിക്കണക്കിന് രൂപ മുടക്കി നിർമ്മിച്ചിട്ടും, പല മാലിന്യ സംസ്കരണ പ്ലാന്റുകളും പ്രവർത്തിക്കുന്നില്ല. നിർമ്മാണം പൂർത്തിയാവാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട പ്ലാന്റുകളുമുണ്ട്.

8. വലിയൊരളവ് തദ്ദേശസ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ല. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപാടുകളിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

9. കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷനിലൂടെ നൽകിയ കോടിക്കണക്കിന് രൂപ തദ്ദേശസ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുന്നു. അനുമതി നൽകിയ പദ്ധതികൾ, അനുവദിച്ച ഫണ്ടുകൾ എന്നിവയിൽ കാര്യക്ഷമമായ മേൽനോട്ടം നടത്താൻ ശുചിത്വ മിഷനു കഴിയുന്നില്ല.

10. ജനകീയ പ്രക്ഷോഭങ്ങളെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ട്.

11. ഖരമാലിന്യസംസ്കരണാർത്ഥം ഒട്ടേറെ ഉറവിട/വികേന്ദ്രീകൃത സംവിധാനങ്ങൾ ഉണ്ടെങ്കിലും, അവയ്ക്ക് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

12. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളുന്നില്ല.

13. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, കോഴിക്കടകൾ എന്നിവയ്ക്കെതിരെ കർശന നടപടികൾ എടുക്കുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

14. ആശുപത്രികൾ, മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യപരിപാലന സംവിധാനങ്ങൾ തൃപ്തികരമാണോ എന്നു പരിശോധിക്കാൻ തദ്ദേശസ്ഥാപനങ്ങളോ മലിനീകരണനിയന്ത്രണ ബോർഡോ തയ്യാറാവുന്നില്ല.

15. ഇ-മാലിന്യങ്ങളെ കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ ഒന്നുംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഇല്ല.

16. നിർമ്മാണമേഖലയിൽ നിന്നുള്ള മാലിന്യങ്ങളെ ശരിയായ വിധത്തിൽ നിയന്ത്രിക്കാനും സംസ്കരിക്കാനും സംവിധാനങ്ങളില്ല.

17. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഫലപ്രദമായ തരത്തിൽ ബോധവൽക്കരണം നടത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

### 3.1.8 ശിപാർശകൾ

1. ഖരമാലിന്യങ്ങളുടെ ഉറവിടം, അളവ്, ഘടന എന്നിവയെക്കുറിച്ച് വിശദമായ പഠനം നടത്തി, ഇവ സംബന്ധിച്ചുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകണം.

2. മാലിന്യം നീക്കം ചെയ്യുന്നതിന് ചട്ടങ്ങളിൽ അനുശാസിക്കുംവിധമുള്ള സംവിധാനങ്ങളോടുകൂടിയ വാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

3. തങ്ങളുടെ പ്രദേശത്ത് ദിനംപ്രതിയുണ്ടാകുന്ന ഖരമാലിന്യങ്ങൾ മുഴുവനായി ശേഖരിക്കാനുള്ള സജ്ജീകരണങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ചെയ്യണം.

4. ഖരമാലിന്യങ്ങളെ ഉറവിടങ്ങളിൽത്തന്നെ ജൈവം/അജൈവം എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കണം.

5. ഖരമാലിന്യ ശേഖരണം, സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പരിശീലനം, രക്ഷാ ഉപകരണങ്ങൾ എന്നിവ അടിയന്തരമായി നൽകണം.

6. ഖരമാലിന്യ പരിപാലനത്തിന് ആവശ്യമുള്ള ഭൂമി കണ്ടെത്താനും സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാനും തദ്ദേശസ്ഥാപനങ്ങൾ സത്വരനടപടികൾ കൈക്കൊള്ളണം.

7. ഖരമാലിന്യസംസ്കരണ പ്ലാന്റുകളോടുചേർന്ന് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കണം.

8. പ്രവർത്തനം നിലച്ച ബയോഗ്യാസ് പ്ലാന്റുകൾ പുനരുജ്ജീവിപ്പിക്കാൻ അടിയന്തര നടപടികൾ എടുക്കണം.

9. നിർമ്മാണം നിലച്ച അവസ്ഥയിലും, പ്രവർത്തനമില്ലാതെയും കിടക്കുന്ന മാലിന്യ സംസ്കരണപ്ലാന്റുകൾ സമയബന്ധിതമായി പ്രവർത്തനസജ്ജമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണം.

10. സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്കകളകറ്റി ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.

11. മാലിന്യ പരിപാലനാർത്ഥം വകയിരുത്തപ്പെടുന്ന ഫണ്ടുകളുടെ വിനിയോഗ കാര്യക്ഷമത ഉറപ്പാക്കണം.

12. ശുചിത്വ മിഷന്റെ പ്രവർത്തനങ്ങളുടെ നിർവ്വഹണ കാര്യക്ഷമത ഉറപ്പാക്കണം.

13. ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തണം.

14. പൊതുസ്ഥലങ്ങളിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ നാട്ടുകാരുടെ സഹകരണത്തോടെ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

15. പ്ലാസ്റ്റിക് നിരോധനം പ്രാവർത്തികമാക്കാൻ കൂടുതൽ ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളണം.

16. ഖരമാലിന്യ സംസ്കരണരംഗത്ത് പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികസഹായം നൽകണം.

17. വികേന്ദ്രീകൃത-ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം.

18. ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയുടെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങൾ ശരിയാംവിധം പാലിക്കപ്പെടുന്നുണ്ടെന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 3.1.1 മുതൽ 3.1.8 വരെ]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിലുൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം സംബന്ധിച്ച പ്രവർത്തനക്ഷമതാ റിപ്പോർട്ടിലെ (ഓഡിറ്റ് ഖണ്ഡിക 3.1) ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് 12-11-2014-ലും മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ 19-11-2014-ലും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

## ഗ്രാമപഞ്ചായത്തുകൾ

2. കേരളത്തിലെ മാലിന്യങ്ങളുടെ ഉൽപ്പാദന കണക്കുകൾ ലഭ്യമല്ല, ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ കൃത്യമായ പഠനം നടത്തുന്നില്ല എന്ന വിഷയം സംബന്ധിച്ച്, സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞതിന്

ശുചിത്വ മിഷൻ മുഖേന, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തലത്തിലാണ് ഖരമാലിന്യ പരിപാലനം നടത്തിവരുന്നത് എന്നും ഇതിനെക്കുറിച്ച് സർക്കാർ ഗൗരവതരമായ പഠനം നടത്തിയിട്ടില്ല എന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഖരമാലിന്യ പരിപാലനത്തിന് കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോഴും യാതൊരു പ്രയോജനവും ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കിയ സമിതി, കേരളത്തിന് അനുയോജ്യവും ഫലപ്രദവുമായ ഖരമാലിന്യ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാൻ ആവശ്യപ്പെട്ടു.

3. മാലിന്യപ്രശ്നം രൂക്ഷമായതിനെത്തുടർന്ന്, ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക ഉപദേശം നൽകുന്നതിനുവേണ്ടിയാണ് ശുചിത്വ മിഷൻ രൂപീകരിച്ചത് എന്നും കുറെയധികം പദ്ധതികൾക്ക് സാങ്കേതികോപദേശം നൽകുന്നതിനും പദ്ധതികൾ നടപ്പിൽവരുത്തുന്നതിനും ശുചിത്വ മിഷന് കഴിഞ്ഞിട്ടുണ്ട് എന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ഇ-വേസ്റ്റ് പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

4. ശുചിത്വ മിഷന്റെ നിർദ്ദേശപ്രകാരം, മാലിന്യ സംസ്കരണത്തിനായി പഞ്ചായത്തുകളിൽ വൻതുക ചെലവഴിച്ച് ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിയെങ്കിലും, അവയിൽ 99% പദ്ധതികളും പരാജയമായിരുന്നുവെന്ന് സമിതി വിലയിരുത്തി. മാലിന്യ സംസ്കരണരംഗത്ത്, അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

5. ഖരമാലിന്യ ഉൽപ്പാദനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ലായെന്നറിയിച്ച പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്തിലെ ഹെൽത്ത് വിഭാഗം ജീവനക്കാരും ആശാവർക്കർമാരും തെരഞ്ഞെടുത്ത ജനപ്രതിനിധികളും ചേർന്ന് നടത്തിയ പഠനത്തിൽ പ്രതിദിനം 1500 കി.ഗ്രാം മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണ്ടെത്തിയെന്നും വെളിപ്പെടുത്തി. ടി മാലിന്യം നീക്കം ചെയ്യുന്നതിന് ദിവസക്കൂലി അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ടെന്നും മാലിന്യം 75,000 രൂപയ്ക്ക് ലേലം ചെയ്തിട്ടുണ്ടെന്നും ലേലം പിടിച്ചയാൾ സ്വന്തം ഉത്തരവാദിത്വത്തിൽ അവരുടെ പുരയിടത്തിലേക്ക് മാലിന്യം മാറ്റുകയാണ് എന്നും അറിയിച്ചു.

6. ഖരമാലിന്യങ്ങളുടെ ഉൽപ്പാദനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ പഠനം നടത്തുകയെന്നത് പ്രായോഗികമല്ലെന്ന് നിരീക്ഷിച്ച സമിതി, ഇത് സംബന്ധിച്ച് സർക്കാർ തലത്തിലാണ് പഠനം നടത്തേണ്ടത് എന്ന് അഭിപ്രായപ്പെട്ടു.

7. 2007-08 വർഷത്തിൽ പോത്തൻകോട് ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് 2010 വരെ പ്രവർത്തിച്ചിരുന്നുവെന്നും മൂന്ന് നാല് വർഷത്തെ മാലിന്യം മുഴുവൻ പ്ലാന്റിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും അതുമുഴുവൻ നീക്കംചെയ്ത് മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നും പ്ലാന്റിനുവേണ്ടി ഇതിനകം 16,62,357 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

8. ഇത്തരത്തിൽ വൻതുക ചെലവഴിച്ച് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായിത്തീർന്ന അവസ്ഥയാണ് ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട എല്ലാ പഞ്ചായത്തിലുമുള്ളത് എന്ന് സമിതി കണ്ടെത്തി.

9. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ, സ്വകാര്യ വ്യക്തി മാലിന്യസംസ്കരണത്തിനായി നിശ്ചിത തുകയ്ക്ക് ക്വട്ടേഷനെടുത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുകയും സ്വന്തം സ്ഥലത്ത് ജൈവമാലിന്യങ്ങൾ മണ്ണിര കമ്പോസ്റ്റാക്കുകയുമാണ് ചെയ്തുവരുന്നത് എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

10. സന്നദ്ധ സംഘടനകളുടേയും വാർഡുതല സാനിട്ടേഷൻ സമിതികളുടേയും സഹകരണത്തോടെ കട്ടപ്പന ഗ്രാമപഞ്ചായത്ത് നടത്തിയ പഠനത്തിൽ പ്രതിദിനം ഏകദേശം 6.93 എം$^3$ അളവിൽ മാലിന്യം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ടൗണിലെ 32 പോയിന്റുകളിൽ പ്രത്യേകം വീപ്പകൾവച്ച് പ്ലാസ്റ്റിക് മാലിന്യവും ജൈവമാലിന്യവും വേർതിരിച്ച് വെർമി കമ്പോസ്റ്റും പ്ലാസ്റ്റിക് ഗ്രാന്യൂൾസും ആക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

11. ഖരമാലിന്യങ്ങളുടെ ഉൽപ്പാദനം സംബന്ധിച്ച് പഞ്ചായത്തുകൾ പഠനം നടത്തിയിട്ടില്ലെന്ന് പരക്കെ ആക്ഷേപമുണ്ടെന്നും അത്തരത്തിൽ പഠനം നടത്തുന്നതിനുള്ള സംവിധാനം പഞ്ചായത്ത് വകുപ്പിനില്ലാത്ത സാഹചര്യത്തിൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ ഇത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. ഓരോ പഞ്ചായത്തിലെയും ആകെ വീടുകളുടെയും കച്ചവടസ്ഥാപനങ്ങളുടെയും എണ്ണം സംബന്ധിച്ചും ഓരോദിവസവും അവിടെയുണ്ടാകുന്ന ജൈവമാലിന്യം, പ്ലാസ്റ്റിക് മാലിന്യം, കടലാസ്, ഇരുമ്പ് തുടങ്ങി റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ സംബന്ധിച്ചും വ്യക്തമായ രൂപരേഖയുണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു. നിലവിൽ എത്ര പഞ്ചായത്തുകളിൽ ശുചിത്വ മിഷൻ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്, അതിൽ എത്രയെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്, എത്രയെണ്ണം പ്രവർത്തനരഹിതമാണ് തുടങ്ങിയ വിശദമായ റിപ്പോർട്ട് ശുചിത്വ മിഷൻ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

12. 800 ഗ്രാമപഞ്ചായത്തുകൾക്ക് ഉറവിടമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കുവേണ്ട ഫണ്ട് ശുചിത്വ മിഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

13. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിന് പൈപ്പ് കമ്പോസ്റ്റ് വളരെ നല്ല ഒരു മാർഗ്ഗമാണെങ്കിലും, അത് ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിലുള്ള ജാഗ്രത കുറവുമൂലം സംസ്ഥാനത്ത് പരാജയമാകുകയായിരുന്നു എന്ന് സമിതി വിലയിരുത്തി.

14. തിരുവനന്തപുരത്തെ മാലിന്യസംസ്കരണശാല പൂട്ടിയ സമയത്ത്, ചെറിയ സ്ഥലത്ത്, ചെറിയ രീതിയിൽ, ചുരുങ്ങിയ ചെലവിൽ ചെയ്യുണമെന്ന ഉദ്ദേശത്തിലാണ് എയ്റോബിക് കമ്പോസ്റ്റ് രീതിയിലുള്ള പൈപ്പ് കമ്പോസ്റ്റിംഗ് തുടങ്ങിയതെന്ന് ശുചിത്വ മിഷൻ ഡയറക്ടർ വിശദീകരിച്ചു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പൈപ്പ് കമ്പോസ്റ്റിംഗ് ഫലപ്രദമല്ലെന്നും എന്നാൽ പാലക്കാട് പോലുള്ള വരണ്ട സ്ഥലങ്ങളിൽ വിജയകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

15. മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ഒന്നുംതന്നെ വിജയകരമാകുന്നില്ല എന്ന് നിരീക്ഷിച്ച സമിതി, ഇത് സംബന്ധിച്ച് ശുചിത്വ മിഷന്റെ അഭിപ്രായമാരാഞ്ഞു. ചീഞ്ഞളിയുന്ന മാലിന്യങ്ങൾ, പ്രധാനമായും ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനാണ് ശുചിത്വ മിഷൻ പ്രോത്സാഹനം നൽകുന്നതെന്നും ഉറവിടമാലിന്യ സംസ്കരണത്തിനായി 825 പഞ്ചായത്തുകൾക്ക് ഒന്നാം ഘട്ടം തുക വിതരണം ചെയ്തിട്ടുണ്ട് എന്നും അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് അടുത്ത ഗഡു തുക നൽകുന്നതാണെന്നും ഡയറക്ടർ അറിയിച്ചു. സംസ്ഥാനത്തിന്റെ ഫണ്ട് കൂടാതെ, കേന്ദ്രസർക്കാരിന്റെ നിർമ്മൽ ഭാരത് അഭിയാൻ സ്കീമിലും തുക വകയിരുത്തിയിട്ടുണ്ട് എന്നും ഡയറക്ടർ അറിയിച്ചു. പാലക്കാട്, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയതിൽ ഉറവിടമാലിന്യ സംസ്കരണം ഒരു പരിധിവരെ വിജയമാണെന്നും വെള്ളം ശരിയായ രീതിയിൽ വാർന്നുപോകാത്ത സ്ഥലങ്ങളിൽ മാത്രമാണ് പൈപ്പ് കമ്പോസ്റ്റിംഗ് പ്രശ്നങ്ങളുണ്ടാക്കുന്നത് എന്നും പൈപ്പ് കമ്പോസ്റ്റല്ലാതെ എട്ടോളം തരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങളുണ്ടെന്നും അദ്ദേഹം വിശദമാക്കി.

16. കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ, അത് പരിശോധനയ്ക്ക് വിധേയമാക്കി വിജയമാണോ പരാജയമാണോ എന്ന് വിലയിരുത്തുന്നതിനും പരാജയമാണെങ്കിൽ അതിന്റെ കാരണം സംബന്ധിച്ചും ശുചിത്വ മിഷൻ ഒരു പഠനം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

17. പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ ശുചിത്വ മിഷൻ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെന്നും ശരിയായ ബോധവൽക്കരണം ഇല്ലാതിരുന്നതിനാൽ പൊതുജനങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് പ്രവർത്തിപ്പിക്കേണ്ട രീതിയെക്കുറിച്ച് വ്യക്തമായ

ധാരണയുണ്ടായിരുന്നില്ലെന്നും ആയതിലേക്കായി പൊതുജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ വർഷം ഒരു I.E.C. ആക്ടിവിറ്റി ആവിഷ്ക്കരിക്കുന്നുണ്ട് എന്നും കൂടാതെ രണ്ടാം ഘട്ടം എന്ന നിലയിൽ നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

18. ശുചിത്വ മിഷൻ തെരഞ്ഞെടുക്കുന്ന കമ്പനികളെയാണ് പഞ്ചായത്തുകൾ പദ്ധതിയേൽപ്പിക്കുന്നതെങ്കിലും കമ്പനികൾ ആവശ്യമായ തുടർസർവ്വീസോ മോണിറ്ററിംഗോ നടത്തുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. പ്ലാന്റുകൾ പ്രവർത്തിക്കാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തുകളിൽ പതിനൊന്ന് സ്ഥലങ്ങളിൽ മാത്രമേ കോമൺ പ്ലാന്റ് നിലവിലുള്ളൂ എന്നും വടക്കൻ ജില്ലകളിൽ പകുതിയോളം പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. കൂടാതെ, യോഗത്തിൽ ചൂണ്ടിക്കാണിച്ച പോരായ്മകളെല്ലാം പഠിച്ച്, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുയോജ്യമായ മോഡലുകളുണ്ടാക്കാമെന്നും അദ്ദേഹം അറിയിച്ചു.

19. സംസ്ഥാനത്ത് ആകെ സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകളുടെ എണ്ണം, ഇപ്പോഴും പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദവിവരങ്ങളടങ്ങുന്ന റിപ്പോർട്ട് 19-11-2014– ന് മുമ്പ് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. അപ്രകാരം ലഭ്യമാക്കാമെന്ന് ശുചിത്വ മിഷൻ ഡയറക്ടർ മറുപടി നൽകി.

20. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ശുചിത്വ മിഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല എന്നും ആയതിനാൽ, പഞ്ചായത്തുകളിലെ എൻജിനീയർമാർക്ക് ശുചിത്വ മിഷൻ പരിശീലനം നൽകുന്നത് പ്രയോജനപ്രദമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. പഞ്ചായത്തിലെ എഞ്ചിനീയർമാർക്കും ആരോഗ്യവകുപ്പ് ജീവനക്കാർക്കും പരിശീലനം നൽകിയതിന് ശേഷം അവരെക്കൊണ്ട് പ്രോജക്ട് തയ്യാറാക്കിയിട്ടാണ് സാങ്കേതികാനുമതി നൽകുന്നതെന്ന് ശുചിത്വ മിഷൻ ഡയറക്ടർ മറുപടി പറഞ്ഞു. നേരത്തെ ചില ഏജൻസികൾ വ്യക്തമായ മാനദണ്ഡമില്ലാതെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും ഇപ്പോൾ അതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടെന്നും കൂടാതെ നിശ്ചയിച്ച ഏജൻസിതന്നെ ആറുമാസം പ്രവർത്തിപ്പിക്കണമെന്ന ഉറപ്പ് വാങ്ങാറുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

21. ആലത്തൂർ ഗ്രാമപഞ്ചായത്ത് മാത്രമാണ്, മികച്ച രീതിയിൽ മാലിന്യനിർമ്മാർജ്ജനം നടത്തുന്നത് എന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതി മുമ്പാകെ വെളിപ്പെടുത്തി.

22. ആലത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്ടുള്ള ഐ.ആർ.ടി.സി. എന്ന ഏജൻസി മുഖേന ശാസ്ത്രീയമായ ഒരു പഠനം നടത്തിയിരുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത പഠനറിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്ന മാലിന്യം 3170 കി.ഗ്രാമാണെന്നും കച്ചവടസ്ഥാപനങ്ങൾ, വീടുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ

ജൈവവളമാക്കി കി.ഗ്രാമിന് 5 രൂപ നിരക്കിൽ വിൽപ്പന നടത്തുന്നുണ്ടെന്നും കൂടാതെ പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും ഉണ്ടെന്നും അവിടെ വേർതിരിക്കുന്ന പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ സാധിക്കുമോ എന്ന് എഞ്ചിനീയറിംഗ് വിഭാഗവുമായി ആലോചിച്ച് വരികയാണെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

23. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്ത് അതിന്റെ അളവ് കുറയ്ക്കാൻ സ്വീകരിച്ച നടപടിയെക്കുറിച്ച് സമിതി ആരാഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനം സുഗമമായി നടത്തുന്നതിനുവേണ്ടി ശുചിത്വ മിഷനുമായി ചേർന്ന് ഉറവിടമാലിന്യ സംസ്കരണത്തിന് 825 ഗ്രാമപഞ്ചായത്തുകൾക്ക് 10,80,100 എന്ന കണക്കിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് നൽകിയിട്ടുണ്ടെന്നും അതനുസരിച്ചുള്ള യൂണിറ്റുകൾ ഓരോ സ്ഥലത്തും സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

24. ഖരമാലിന്യങ്ങളുടെ സംസ്കരണത്തിന് അവയുടെ ഘടനയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ആവശ്യമായതിനാൽ, ആയതിന്മേൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടു. മാലിന്യത്തിന്റെ സ്വഭാവം, അളവ്, നാട്ടിൻപുറങ്ങളിലെയും നഗരപ്രദേശങ്ങളിലെയും മാലിന്യങ്ങളിലുണ്ടാകുന്ന വ്യത്യാസം എന്നിവ സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ടെന്ന് ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. W.S.P. ആണ് ഇതിനുവേണ്ടി ഫണ്ട് കൊടുത്തതെന്നും സോഷ്യോ-എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയാണ് ഈ പദ്ധതി തെരഞ്ഞെടുത്തതെന്നും 6 ഏജൻസികൾ ഇതിനായി പ്രൊപ്പോസൽ തന്നിട്ടുണ്ടെന്നും ഡയറക്ടർ വിശദീകരിച്ചു. നീതി എന്ന സ്ഥാപനവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും ദേശീയ തലത്തിൽ ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

25. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഗ്രാമങ്ങളിൽപ്പോലും ക്രമാതീതമായി വർദ്ധിക്കുന്ന പ്രവണത തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് സമിതി ചർച്ച ചെയ്തു. പരിസ്ഥിതി സംരക്ഷണ നിയമമനുസരിച്ച് 40 മൈക്രോണിന് താഴെയുള്ളവ നിരോധിച്ചിട്ടുണ്ടെന്നും പൂർണ്ണമായ പ്ലാസ്റ്റിക് നിരോധനം ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും ശുചിത്വ മിഷൻ ഡയറക്ടർ അഭിപ്രായപ്പെട്ടു. നിലവിൽ പതിനാറോളം ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും പെല്ലറ്റിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടെന്നും ഇവിടെ പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്ത് കുടം, പി.വി.സി. പൈപ്പ് തുടങ്ങിയവ നിർമ്മിക്കാൻ ഉപയോഗിക്കുന്നുണ്ടെന്നും കനം കുറഞ്ഞ പ്ലാസ്റ്റിക്കുകൾ ടാറിംഗിന് ഉപയോഗിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) വിശദമാക്കി. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രീകൃതമായ ശ്രമമുണ്ടാവുകയാണെങ്കിൽ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

26. ശുചിത്വ മിഷൻ 54 ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് നൽകിയിരുന്നുവെന്നും എന്നാൽ പ്രസ്തുത യൂണിറ്റുകളിൽ, പല നിറത്തിലും തരത്തിലുമുള്ള പ്ലാസ്റ്റിക്കുകൾ ഒരുമിച്ച് ഷ്രെഡ്ഡ് ചെയ്യുന്നതുകൊണ്ട്, അത് പുനരുപയോഗത്തിന് കഴിയാത്ത അവസ്ഥയാണെന്നും ഇപ്പോൾ പഞ്ചായത്തുകളിൽ നിന്നും ശുചിത്വ മിഷൻ നേരിട്ട് പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് തരംതിരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിലേക്ക് കൈമാറാനുള്ള നടപടിയാണ് സ്വീകരിക്കുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്ത് മികച്ച രീതിയിൽ ഈ പദ്ധതി കൈകാര്യം ചെയ്യുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

27. 40 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക് നിരോധിക്കാനാകുമോ എന്ന് സമിതി ആരാഞ്ഞു. ശബരിമലയിലും ഗുരുവായൂരും അത് നടപ്പാക്കിയിട്ടുണ്ടെന്ന് ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. സാഹചര്യങ്ങൾക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് എന്ന് ധനകാര്യ വകുപ്പ് അറിയിച്ചു. ഒരുപാട് വൈദ്യുതി ആവശ്യമായി വരുന്നതിനാൽ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്യുന്നത് സാമ്പത്തികമായി ലാഭമുള്ളതല്ലെന്നും ടാറിംഗിന് 10 ശതമാനം പ്ലാസ്റ്റിക് ചേർക്കണമെന്ന് നിയമം കൊണ്ടുവന്നാൽ പ്ലാസ്റ്റിക് കൊണ്ടുള്ള വിപത്ത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

28. ടാറിംഗിന് പ്ലാസ്റ്റിക് ചേർക്കുന്നതിന്റെ സാങ്കേതികത്വത്തെക്കുറിച്ച് സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടാറിംഗിൽ നിശ്ചിത ശതമാനം പ്ലാസ്റ്റിക് നിർബന്ധമായി ചേർക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ഉത്തരവിറക്കണമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു. അതിനുള്ള ഉത്തരവ് നിലവിലുണ്ടെന്നും മാത്രമല്ല ടാറിംഗിൽ പ്ലാസ്റ്റിക് ചേർക്കുന്നതുകൊണ്ട് കൂടുതൽ കാലം നിലനിൽക്കുമെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

29. കേരളത്തിൽ എവിടെയെല്ലാം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും അതിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം-ചാവടിമുക്ക് റോഡ് അത്തരത്തിൽ നിർമ്മിച്ചിട്ടുള്ളതാണെന്നും 8 വർഷംമുമ്പ് നിർമ്മിച്ച ടി റോഡ് വിജയകരമായിരുന്നുവെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗിലൂടെ സാധാരണ ടാറിംഗിനേക്കാൾ 25 മുതൽ 30 ശതമാനംവരെ കൂടുതൽ കാലം റോഡ് നിലനിൽക്കുമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിംഗ് നടത്തിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) വെളിപ്പെടുത്തി. റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച

ചെയ്യുന്നതിന് പി.ഡബ്ല്യ.ഡി.യിലെ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിംഗ്, റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരോട് 19-11-2014-ലെ യോഗത്തിൽ ഹാജരാകണമെന്നാവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

30. ഒരുപാട് അധികാരങ്ങളും സാധാരണ ജനങ്ങളുമായി ധാരാളം സമ്പർക്കവുമുള്ള ശക്തമായ ഒരു സംവിധാനമായിരുന്നിട്ടും, 40 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക് നിരോധിക്കുന്നതിന് പഞ്ചായത്തുകൾ തീരുമാനമെടുക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് അത് സർക്കാർതലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമാണെന്നും പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുന്നതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു. നിലവിൽ സർക്കാർ നിരോധിച്ചിട്ടുള്ള, 40 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക്, പഞ്ചായത്തുകൾ പിടിച്ചെടുക്കാറുണ്ടെന്നും അദ്ദേഹം അറിയിച്ചു.

31. പഞ്ചായത്ത് സമിതിക്ക് ജനങ്ങളുമായി വളരെവലിയ ഒരു ബന്ധമാണുള്ള തെന്നതിനാൽ, ടി സമിതി പ്ലാസ്റ്റിക് നിരോധിക്കുന്നതിന് തീരുമാനമെടുത്താൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ ഇതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം റോഡ് കൂടുതൽ കാലം ഈടുനിൽക്കുമെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ, റോഡ് ടാറിംഗിന് നിശ്ചിത ശതമാനം പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. ഇതിലൂടെ റോഡുകൾ കൂടുതൽ കാലം നിലനിൽക്കുമെന്ന് മാത്രമല്ല, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വലിയൊരു ശതമാനം ഇല്ലായ്മ ചെയ്യാനും കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

32. മാലിന്യ സംസ്കരണത്തിനായി ആലത്തൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച മാർഗ്ഗം വിജയകരമായതിനാൽ, അത് മറ്റ് പഞ്ചായത്തുകളിലും നടപ്പാക്കാവുന്നതാണെന്ന് സമിതി നിരീക്ഷിച്ചു. മറ്റ് പഞ്ചായത്തുകളിൽ അത് എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും ശുചിത്വ മിഷനും പഠനം നടത്തണമെന്നും ഇത് സംബന്ധിച്ച് ആലത്തൂർ ഗ്രാമപഞ്ചായത്തധികൃതരുമായി ചർച്ച നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. എല്ലാ പഞ്ചായത്തുകൾക്കും ആലത്തൂർ മാതൃകയുടെ വിവരങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) ആലത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

33. ആലത്തൂർ ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിൽ വാങ്ങിയ 193 ചവർ വീപ്പകളുടെ വിതരണം നടത്താത്തതിനാൽ അതിനു ചെലവഴിച്ച പണം പാഴായതിനെക്കുറിച്ച് സമിതി ആരാഞ്ഞു. വാങ്ങിവച്ച ചവർ വീപ്പകൾ ഏത് രീതിയിൽ വിതരണം ചെയ്യണമെന്ന് അന്ന് ധാരണയുണ്ടായിരുന്നില്ലെന്നും പിന്നീട് പച്ച, ചുവപ്പ്

എന്നീ നിറത്തിലുള്ള ചവർ വീപ്പകൾ വിതരണം നടത്തിയെന്നും നിലവിൽ ജൈവവും അജൈവവുമായി വേർതിരിച്ച് മാലിന്യങ്ങൾ സംഭരിക്കുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഭാവിയിൽ ചവർ വീപ്പകൾ വിതരണം ചെയ്യുമ്പോൾ വിവിധ നിറത്തിലുള്ളവ വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

34. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ചട്ടം 219 എം പ്രകാരം മാലിന്യങ്ങൾ നീക്കം ചെയ്യാൻ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നിയമം പാലിക്കുന്നില്ല എന്ന് സമിതി വിലയിരുത്തി. മൂടിയുള്ള വാഹനങ്ങളിൽ ചവർ കൊണ്ടുപോകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടെന്നും തിരുവനന്തപുരത്ത് മൂടിയുള്ള വാഹനത്തിൽ ചവർ കൊണ്ടുപോകുന്നതിന് ശ്രമിച്ചിരുന്നുവെന്നും പിന്നീടത് പ്രായോഗികമായി നടപ്പിലായി ല്ലെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു. 'ജൻറം' പദ്ധതിയനുസരിച്ച് മൂടിയുള്ളതും ഊറിവരുന്ന മലിനജലം ശേഖരിക്കുന്നതിന് ടാങ്ക് ഘടിപ്പിച്ചിട്ടുള്ളതുമായ വാഹനങ്ങൾ ഇപ്പോഴുണ്ടെന്നും ചില കോർപ്പറേഷനുകൾ അത് വാങ്ങിയിട്ടുണ്ടെന്നും വാഹനത്തിന്റെ പുറകിൽക്കൂടിയാണ് മാലിന്യം കയറ്റുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. നിയമമനുസരിച്ച് മൂടിയുള്ള വാഹനങ്ങളിലേ മാലിന്യം കൊണ്ടുപോകാൻ പാടുള്ളൂവെന്നും തുറന്ന വാഹനങ്ങളാണെങ്കിൽ ടാർപോളിൻ കൊണ്ട് മൂടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള വാഹനങ്ങൾ മാറ്റി ആധുനിക രീതിയിലുള്ള ജൻറം പദ്ധതിയനുസരിച്ചുള്ള വാഹനങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് വൻസാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ മാലിന്യം കയറ്റുന്ന വാഹനങ്ങൾ ടാർപോളിൻ ഇട്ട് മൂടിക്കൊണ്ടുപോകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35. ബയോഗ്യാസ് പ്ലാന്റുകൾ വൻ പരാജയമാണെന്നും വളരെ കുറച്ച് പ്ലാന്റുകൾ മാത്രമാണ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതെന്നും ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് ഗുണകരമായി പ്രയോജനപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുരുക്കമാണെന്നും സമിതി വിലയിരുത്തി.

36. ബയോഗ്യാസ് പ്ലാന്റുകളിൽ എല്ലാത്തരത്തിലുള്ള മാലിന്യങ്ങളും സംസ്കരിക്കുമ്പോഴാണ് പ്രശ്നമുണ്ടാവുന്നതെന്നും ഭക്ഷണാവശിഷ്ടങ്ങൾ, അറവുശാലയിലെ മാലിന്യങ്ങൾ തുടങ്ങി വേഗത്തിൽ ചീയുന്ന മാലിന്യങ്ങൾ മാത്രം പ്ലാന്റിൽ ഇടുന്നതിനും ബാക്കിയുള്ളവ കമ്പോസ്റ്റ് സംവിധാനത്തിലേക്ക് പോകുന്ന രീതിയിലുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. ചില ഗ്രാമപഞ്ചായത്തുകൾ പ്ലാന്റിൽ നിന്നും വൈദ്യുതിയുണ്ടാക്കിയിരുന്നുവെന്നും എന്നാൽ ചെറിയ പ്ലാന്റുകളിൽ അത് പ്രായോഗികമല്ലെന്നും അദ്ദേഹം വിശദമാക്കി. ഏതുതരത്തിലുള്ള മാലിന്യം നിക്ഷേപിച്ചാലും വൈദ്യുതിയും ബയോഗ്യാസുമുണ്ടാക്കാൻ കഴിയുമോ എന്ന സമിതിയുടെ

ചോദ്യത്തിന് വൈദ്യുതിയുണ്ടാക്കുന്ന രീതിയിൽ തുടങ്ങിയ പദ്ധതികളെല്ലാം പരാജയമായിയെന്നും അതിനാൽ ഗ്യാസുണ്ടാക്കുന്നതരം പദ്ധതികൾക്കാണ് പ്രോത്സാഹനം നൽകുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ മറുപടി നൽകി. ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇത് വിജയകരമായി നടപ്പാക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി. ഇളമ്പല്ലൂർ കമ്മ്യൂണിറ്റി ഹാളിലെ മാലിന്യങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാന്റിൽ നിന്നും 2 മണിക്കൂർ പാചകത്തിനുള്ള ഗ്യാസ് ലഭിക്കുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ബാലരാമപുരം ആയുർവേദ ആശുപത്രിയിൽ ചൂടുവെള്ളമുണ്ടാക്കുന്നതിനും മരുന്ന് നിർമ്മാണത്തിനും ബയോഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന വാതകമുപയോഗിക്കുന്നുണ്ടെന്നും കൂടാതെ എറണാകുളം ജില്ലയിലെ പല ആയുർവേദ ആശുപത്രികളിലും പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. ഇത്തരത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശുചിത്വ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി. ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം സംബന്ധിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് ഒരു പഠനം നടത്തുന്നുണ്ടെന്ന് ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

37. തുടർന്ന് മാലിന്യം കത്തിച്ചുകളയുന്നതിന് ഇൻസിനറേറ്ററുകൾ പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി സമിതി ആരാഞ്ഞു. മാലിന്യങ്ങളിൽ ഈർപ്പം കൂടുതലായതിനാൽ ഇൻസിനറേറ്റർ ഇവിടെ പ്രയോജനകരമല്ലെന്നും പരിസരമലിനീകരണമുണ്ടാക്കുന്നതിന് പുറമേ, കൂടുതൽ ഡീസലുപയോഗിച്ച് കത്തിക്കുന്നതുകൊണ്ട് ചെലവും വളരെ കൂടുതലായിരിക്കുമെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

38. കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ ചിരട്ടയുപയോഗിച്ചുള്ള ഇൻസിനറേറ്റർ സംവിധാനമുണ്ടായിരുന്നുവെന്നും എന്നാൽ അമിതലോഡ് കാരണം അത് പ്രവർത്തനരഹിതമായിയെന്നും കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

39. ഇൻസിനറേറ്റർ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡത്തെക്കുറിച്ച് വിശദമാക്കാൻ സമിതി ശുചിത്വ മിഷൻ ഡയറക്ടറോടാവശ്യപ്പെട്ടതിന് ഇൻസിനറേറ്ററിന് ദേശീയ നിലവാരത്തിലുള്ള മാനദണ്ഡങ്ങളുണ്ടെന്നും കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലേത് അത്തരത്തിലുള്ളതായിരുന്നില്ലെന്നും ഡയറക്ടർ അറിയിച്ചു. 600 ഡിഗ്രി സെന്റിഗ്രേഡിന് മുകളിൽ ചൂടുപയോഗിച്ച് കത്തുന്നതരമാണ് ശാസ്ത്രീയമായിട്ടുള്ളതെന്നും സെക്രട്ടേറിയറ്റിലും ചില ആശുപത്രികളിലും ഇതുപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം വിശദമാക്കി. ചെലവ് കൂടുതലാണെങ്കിലും ഡീസലുപയോഗിക്കുന്ന തരമാണ് മെച്ചമെന്നും എന്നാൽ പഞ്ചായത്ത് തലത്തിൽ ഇത് പ്രായോഗികമല്ലെന്നും പൊതുവെ നമ്മുടെ രാജ്യത്ത് ഇൻസിനറേറ്റർ പ്രായോഗികമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

40. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രായോഗികമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് 19-11-2014-ന് മുമ്പ് ലഭ്യമാക്കുന്നതിന് സമിതി ശുചിത്വ മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപയുടെ പൊതുപ്പണം പാഴായിപ്പോകുന്ന അവസ്ഥ പരിഹരിക്കാൻ പഞ്ചായത്തുകളുടെയും ശുചിത്വ മിഷന്റെയും ഭാഗത്തുനിന്നും കൂട്ടായ ശ്രമമുണ്ടാകണമെന്നും സമിതി ആവശ്യപ്പെട്ടു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.1.7, 3.1.8 എന്നിവകളിലെ നിഗമനങ്ങളും ശിപാർശകളും സമിതി അംഗീകരിക്കുന്നതായി ചെയർമാൻ അറിയിച്ചു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും ഇതു സംബന്ധിച്ച് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും സമിതി അറിയിച്ചു.

## നഗരസഭകൾ

41. ഖരമാലിന്യ പരിപാലനം സംസ്ഥാനം മുഴുവൻ നേരിടുന്ന ഗുരുതരമായ ഒരു പ്രതിസന്ധിയാണെന്നും വ്യക്തമായ ആസൂത്രണവും കൃത്യമായ നിർവ്വഹണവു മില്ലാത്തതിനാൽ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പ്രയോജനമുണ്ടാവുന്നില്ലെന്നും അഭിപ്രായപ്പെട്ട സമിതി ആരോഗ്യത്തിനും പരിസ്ഥിതിക്കും കനത്ത ഭീഷണി സൃഷ്ടിക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് അനുയോജ്യമായ ശാസ്ത്രീയമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടിരിക്കുകയാണെന്നും വിലയിരുത്തി. ഓഡിറ്റ് പരാമർശിച്ചിട്ടുള്ള ഓരോ വിഷയത്തെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട സമിതി, മാലിന്യനിർമ്മാർജ്ജനത്തിന് ശുചിത്വ മിഷൻ സ്വീകരിച്ച നടപടികൾ, റോഡ് നിർമാണത്തിൽ നിശ്ചിത ശതമാനം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്നിവ സംബന്ധിച്ച് വിശദമാക്കുവാൻ ആവശ്യപ്പെട്ടു.

42. അതേത്തുടർന്ന്, പൊതുമരാമത്ത് (റോഡ്സ്) വിഭാഗം ചീഫ് എഞ്ചിനീയർ റോഡ് ടാറിംഗിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകി. കേരള ഹൈവേ റിസർച്ച് വിഭാഗം ഒരു പഠനം നടത്തിയതിന്റെ ഭാഗമായി 2006-ൽ ശ്രീകാര്യത്തിനടുത്തുള്ള ഒരു റോഡിൽ 500 മീറ്റർ ദൂരം കെ. എച്ച്. ആർ. ഐ. യുടെ ആഭിമുഖ്യത്തിൽ ചിപ്പിങ് കാർപ്പെറ്റ് മിക്സിൽ, പൊടിച്ചെടുത്ത പ്ലാസ്റ്റിക് ചേർത്ത് ടാർ ചെയ്യുകയുണ്ടായെന്നും പ്രസ്തുത റോഡിൽ ഗതാഗതം കുറവാണെങ്കിലും, സാധാരണ ബിറ്റുമിൻ ഉപയോഗിക്കുന്നതിനെക്കാൾ ഗുണനിലവാരം മെച്ചപ്പെട്ടതായാണ് കണ്ടെത്തിയത് എന്നും ചീഫ് എഞ്ചിനീയർ (റോഡ്സ്) അറിയിച്ചു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് ഇത് ഏറ്റെടുക്കുകയും എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു കിലോമീറ്ററെങ്കിലും പൊടിച്ചെടുത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യണമെന്ന് ഉത്തരവിറക്കുകയും ചെയ്തുവെന്നും ചിപ്പിങ് കാർപ്പെറ്റ് ചെയ്ത പല റോഡുകളിലും ഇതു നടപ്പാക്കുകയും ചെയ്തുവെന്നും അദ്ദേഹം അറിയിച്ചു. ഇതിനാവശ്യമായ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയതെന്നും 120 ഡിഗ്രിയോളം ചൂടാക്കിയ മെറ്റലിലേക്ക് മിൽമയുടെ കവർ പോലെയുള്ള പ്ലാസ്റ്റിക് കവറുകൾ ഒരിഞ്ച് വീതിയിൽ മുറിച്ചിടുമ്പോൾ അത് ഉരുകി ഒരു പാളിപോലെ മെറ്റലിൽ പിടിക്കുമെന്നും പിന്നീട് ബിറ്റുമിനും കൂടി ചേർത്ത് റോഡിൽ ഇടുകയാണ് ചെയ്യുന്നതെന്നും ഉരുകിക്കഴിയുമ്പോൾ പ്ലാസ്റ്റിക്കും ബിറ്റുമിനും കൂടി ഒരു ബോണ്ടിംഗ് ഉണ്ടാകുന്നുവെന്നതാണ് ഇതിലെ തത്വമെന്നും അദ്ദേഹം വിവരിച്ചു.

43. തിരുവനന്തപുരം, വയനാട്, കാസർഗോഡ്; എറണാകുളം തുടങ്ങിയ ജില്ലകളിൽ ഇത്തരത്തിൽ ടാർ ചെയ്തിട്ടുള്ള റോഡുകൾ കൂടുതൽ കാലം നിലനിൽക്കുന്നതായാണ് കണ്ടുവരുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. തമിഴ്നാട്ടിലും മറ്റും ആയിരം കി. മീറ്ററോളം റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോർപ്പറേഷനുകളിൽ നിന്ന് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കിട്ടുമെങ്കിൽ ടാറിന്റെ കൂടെ മിക്സ് ചെയ്തുപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 20 മി.മീ. ചിപ്പിങ് കാർപ്പെറ്റ് ചെയ്യുന്ന റോഡുകളിൽ മാത്രമേ ഇതുപയോഗിച്ചിട്ടുള്ളുവെന്നും ബി. എം., ബി. സി. റോഡുകളിൽ ഇതുപയോഗിച്ചിട്ടില്ലെന്നും അറിയിച്ചു. ടാറിംഗ് നടത്തുന്നത് ഐ. ആർ. സി.യുടെ വ്യക്തമായ നിർദ്ദേശങ്ങൾ ക്കനുസരിച്ചാണെന്നും ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രസ്തുത നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ സ്ഥലങ്ങളിൽ വ്യാപകമായി ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ വെളിപ്പെടുത്തി.

44. പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടും, ഒരു പരീക്ഷണമെന്ന നിലയിലുമാണ് ഇത് ചെയ്തതെങ്കിലും പൊതുജനങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതികരണം ആശാവഹമാണെന്നും കഴിഞ്ഞവർഷം എല്ലാ ജില്ലകളിലും ഓരോ കി.മീ. വീതം റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിരുന്നുവെന്നും ഈ വർഷവും അങ്ങനെ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കൂട്ടിച്ചേർത്തു. കെ. എച്ച്. ആർ. ഐ.യുടെ പഠനറിപ്പോർട്ട് അനുസരിച്ച് ബിറ്റുമിന്റെ 8% പ്ലാസ്റ്റിക് എന്ന തോതിൽ അഞ്ചരമീറ്റർ വീതിയുള്ള ഒരു കി. മീ. റോഡ് ടാർ ചെയ്യുന്നതിന് 500 കിലോഗ്രാം പ്ലാസ്റ്റിക് വേണമെന്നും 7 മീറ്റർ വീതിയുള്ള റോഡിൽ ഒരു കി.മീ. ദൂരം ടാർ ചെയ്തപ്പോൾ ഒരു ടണ്ണോളം പ്ലാസ്റ്റിക് ഉപയോഗിച്ചുവെന്നും ടാറിംഗിനാവശ്യമായ പ്ലാസ്റ്റിക്കിന്റെ ലഭ്യതയെക്കുറിച്ച് ശുചിത്വ മിഷനുമായി ചർച്ച നടത്തിയെങ്കിലും നിരക്ക് സംബന്ധിച്ച് തീരുമാനമായില്ലെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

45. 20 മി.മീ. ചിപ്പിങ് കാർപ്പെറ്റ് ചെയ്തുകഴിഞ്ഞാൽ, സാധാരണ അടുത്ത മഴക്കാലത്ത് തകരുന്നതായും 40 മി.മീ. ചെയ്താൽ കുറച്ചുകാലംകൂടി നിലനിൽക്കുന്നതായുമാണ് കാണുന്നതെന്നും എന്നാൽ 20 മി.മീ. ചിപ്പിങ് കാർപ്പെറ്റ് ചെയ്യുമ്പോൾ പ്ലാസ്റ്റിക് കൂടി ഉപയോഗിച്ചാൽ ഒരു വർഷം കൂടുതൽ നിലനിൽക്കുമെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്ന് സമിതി വിലയിരുത്തി. അതിന് വലിയ സാമ്പത്തിക

ചെലവില്ലായെന്നതിന് പുറമേ പ്ലാസ്റ്റിക് മാലിന്യപ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും അതോടൊപ്പം റോഡിന്റെ ഗുണനിലവാരവും ആയുസ്സും വർദ്ധിക്കുകയും ചെയ്യുമെന്നിരിക്കെ, പൊതുമരാമത്ത് വകുപ്പിന്റെ സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലായെന്ന കാരണത്താൽ ഇതിന് പരിഗണന നൽകാത്തത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

46. പൊതുമരാമത്ത് വകുപ്പ് ഈ വിഷയത്തിൽ താൽപര്യം കാണിക്കുന്നുണ്ടെന്നും കഴിഞ്ഞവർഷത്തെപ്പോലെ ഈ വർഷവും എല്ലാ ജില്ലകളിലും ഓരോ കി.മീ. റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. പ്രതിദിനമുണ്ടാകുന്ന 800 ടണ്ണോളം മാലിന്യത്തിന്റെ 10% പ്ലാസ്റ്റിക്കാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നതെന്ന് ശുചിത്വ മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

47. ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുകൊണ്ട് മലിനീകരണപ്രശ്നമോ ആരോഗ്യപ്രശ്നമോ ഉണ്ടാകുവാൻ സാധ്യതയുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ഇതുവരെ അത്തരത്തിലുള്ള പഠനം നടത്തിയിട്ടില്ലെന്നും അഞ്ച് കൊല്ലത്തിനുള്ളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

48. തുടർന്ന് പൊതുമരാമത്ത് വകുപ്പിന്റെ ഗവേഷണ വിഭാഗത്തോട് സമിതി അഭിപ്രായമാരാഞ്ഞു. ശ്രീകാര്യത്ത് ഗാന്ധിപുരം-പുല്ലാനിവിള റോഡ് (20 മി.മീ. ഒ.ഡി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ, അര കി.മീ. പ്ലാസ്റ്റിക്കുപയോഗിച്ചും അര കി.മീ. പ്ലാസ്റ്റിക്കില്ലാതെയും ടാറിംഗ് പൂർത്തിയാക്കിയെന്നും പിന്നീട് 5 വർഷം തുടർച്ചയായി റോഡിന്റെ നിലവാരം നിരീക്ഷിച്ചതിൽ, പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തഭാഗത്ത്, അധികം കുഴികളുണ്ടാവുകയോ റിപ്പയർ ചെയ്യേണ്ടിവരുകയോ ഉണ്ടായില്ല എന്ന് കെ.എച്ച്.ആർ.ഐ. ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടർ-ഇൻ-ചാർജ്ജ്) അറിയിച്ചു. പ്ലാസ്റ്റിക് ഉപയോഗിച്ച് വിപുലമായ രീതിയിൽ ടാർ ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ലാബ് പഠനം നടന്നുകൊണ്ടിരിക്കുകയാണെന്നും ഇതുകൊണ്ട് എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കൂട്ടിച്ചേർത്തു. പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നത് സംബന്ധിച്ച് ഇന്ത്യയിലെ ഒരു സംസ്ഥാനവും ആധികാരികമായി പഠനം നടത്തിയിട്ടില്ലെങ്കിലും തമിഴ്നാട്ടിൽ ആയിരം കി.മീറ്ററോളം റോഡ് ഇങ്ങനെ ടാർ ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞുവെന്ന് പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ ട്രാൻസ്പോർട്ടേഷൻ വിഭാഗം ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെന്നും തമിഴ്നാട്ടിലെ അണ്ണാമലൈ യൂണിവേഴ്സിറ്റിയിലെ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണത് നടത്തിയത് എന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

49. പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്ത റോഡുകളുടെ നിലവാരം നിരീക്ഷിച്ചതിൽ നിന്നും ഗുണഫലങ്ങൾ മാത്രമാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും ഇതുമൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രത്യാഘാതങ്ങളുള്ളതായി വിവരം ലഭിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി. സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വിപത്തായ പ്ലാസ്റ്റിക് മാലിന്യത്തെ, ഇത്തരത്തിൽ പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കാൻ കഴിയുമെങ്കിൽ അനുകൂലമായ തീരുമാനമെടുക്കുന്നതിനുള്ള തടസ്സമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഐ.ആർ.സി.യുടെ സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്തതാണ് പ്രധാന പ്രശ്നമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതേക്കുറിച്ച് പഠനം നടത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സ്പെസിഫിക്കേഷൻ നൽകാൻ തയ്യാറായിട്ടില്ലെന്നും സംസ്ഥാന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടാൽ അതിനുള്ള കാരണമെന്താണെന്ന് മനസ്സിലാക്കാൻ കഴിയുമെന്നും ഒരുപക്ഷേ, പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുകൊണ്ടുള്ള പാരിസ്ഥിതിക പ്രത്യാഘാതം സംബന്ധിച്ചുള്ള പഠനം പൂർത്തിയാകാത്തതായിരിക്കാം കാരണമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

50. പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച റോഡുകളെക്കുറിച്ച് സമിതി ആരാഞ്ഞു. വടകര മുനിസിപ്പാലിറ്റിയിൽ ടൗൺ ഹാൾ റോഡിന്റെ 400 മീറ്റർ, കോഴിക്കോട് കോർപ്പറേഷനിലെ പുതിയറ റോഡ്, തലശ്ശേരി ലോഗൻസ് റോഡ്, തൃശ്ശൂർ കോക്കാല മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വരെയുള്ള റോഡ്, തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു റോഡ് എന്നിവ ഇത്തരത്തിൽ ടാർ ചെയ്തിട്ടുള്ളതാണെന്നും ഇവയ്ക്ക് സാധാരണ റോഡിനേക്കാൾ രണ്ട് മടങ്ങ് ഗുണനിലവാരമുള്ളതായും കൂടുതൽ കാലം നിലനിൽക്കുന്നതുമായാണ് കാണാൻ കഴിഞ്ഞത് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. നാറ്റ്പാക്ക്, എഞ്ചിനീയറിംഗ് കോളേജുമായി ചേർന്ന് ഇത് സംബന്ധിച്ച് ഒരു പഠനം നടത്തിയിരുന്നുവെന്നും പ്ലാസ്റ്റിക് ചേർക്കുമ്പോൾ ബിറ്റുമിന്റെ അളവ് 10 ശതമാനം കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതുമൂലം 10 ശതമാനം ചെലവ് കുറയുമെന്നും ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. ഇത്തരത്തിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ചേർത്ത് 10% ബിറ്റുമിൻ കുറച്ച് റോഡ് നിർമ്മിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെന്നും പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

51. ഇത്തരത്തിൽ റോഡ് നിർമ്മിച്ച പ്രദേശങ്ങളിൽ, എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്

പൊടിച്ചെടുത്ത പ്ലാസ്റ്റിക് 170 ഡിഗ്രിയിൽ ചൂടാക്കിയാൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാവില്ല എന്നാണ് പറയുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

52. സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ പ്ലാസ്റ്റിക് മാലിന്യം, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാമെന്ന സാധ്യതയുള്ളപ്പോൾ, അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാരിസ്ഥിതിക-ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തേണ്ട പ്രാഥമിക ഉത്തരവാദിത്വം പോലും വകുപ്പുകൾ നിർവ്വഹിച്ചിട്ടില്ല എന്നത് അപലപനീയമാണെന്ന് സമിതി വിലയിരുത്തി. സാധാരണഗതിയിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന പ്ലാസ്റ്റിക്, 170 ഡിഗ്രിയിൽ ചൂടാക്കിയാൽ പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കില്ലെന്ന നിഗമനം ശരിയാണോ എന്നത് സംബന്ധിച്ച് പഠിച്ച് ശാസ്ത്രീയമായ ഒരു റിപ്പോർട്ട് തയ്യാറാക്കണമെന്നും അതിന് പൊതുമരാമത്ത് വകുപ്പ് മുൻകൈ എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളില്ലെങ്കിൽ, മാലിന്യസംസ്കരണ വിഷയത്തിൽ രൂക്ഷമായ പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന് ഒരു വലിയ സാധ്യതയാണ് തുറന്നുകിട്ടുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

53. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ജോലികൾ ഐ.ആർ.സി. സ്പെസിഫിക്കേഷന് വിധേയമായിരിക്കണമെന്ന വ്യവസ്ഥയുണ്ടെന്നും അതിനാൽ വിപുലമായ രീതിയിൽ ഇത്തരത്തിൽ റോഡ് നിർമ്മിക്കുന്നതിന്, ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഇതുകൂടി ഉൾപ്പെടുത്തണമെന്നും പൊതുമരാമത്ത് (റോഡ്സ്) വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചു.

54. ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഇതുൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതെന്ന് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

55. സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പരീക്ഷിച്ചിട്ട് അഞ്ച് വർഷത്തോളമായെന്നും പൊതുമരാമത്ത് വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നടത്തിയ പരീക്ഷണത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ലെന്ന് മാത്രമല്ല, റോഡിന്റെ ആയുസ്സ് വർദ്ധിച്ചതായി ബോധ്യപ്പെട്ടിരിക്കുകയാണെന്നും സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം ഇത് ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുമോ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പഠനം നടത്തി റിപ്പോർട്ട്

ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും പഞ്ചായത്ത് റോഡുകളിലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ഒ.ഡി.ആർ. റോഡുകളിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

56. തുടർന്ന് സമിതി ഓഡിറ്റ് ഖണ്ഡിക 3.1.5.10-ൽ പ്രതിപാദിച്ചിട്ടുള്ള 'ആരോബയോ' ഖരമാലിന്യപരിപാലനത്തിലെ ആധുനിക സങ്കേതം എന്ന വിഷയത്തെക്കുറിച്ചും മൈസൂരിലെ ഖരമാലിന്യ പരിപാലനത്തെക്കുറിച്ചും ചർച്ച ചെയ്തു.

57. പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന 450 ടണ്ണോളം ഖരമാലിന്യങ്ങളെ കാര്യക്ഷമമായി സംസ്കരിക്കുന്ന സംവിധാനമാണ് മൈസൂർ നഗരത്തിലുള്ളതെന്നും 22 ഏക്കറോളം വരുന്ന സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്ന ഖരമാലിന്യങ്ങളുടെ മുകളിൽ, മൈസൂരിലെ സ്വകാര്യസ്ഥാപനമായ ജെ.എം.എസ്. ബയോടെക്ക് തയ്യാറാക്കിയ ഒരു ജൈവലായനി തളിക്കുന്നതിനെത്തുടർന്ന് 20 മിനിറ്റിനുള്ളിൽ മാലിന്യത്തിൽനിന്ന് ദുർഗന്ധമില്ലാതാവുകയും ഈച്ച, കൊതുക് തുടങ്ങിയവയുടെ പ്രശ്നങ്ങളുണ്ടാകുന്നില്ലെന്നും 40 ദിവസം കഴിയുമ്പോൾ മാലിന്യം ഉത്തമ ജൈവവളമായി മാറുമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും വ്യക്തമായി. ദിനംപ്രതി 40 ടൺ ജൈവവളം അവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഒരു ടൺ ഖരമാലിന്യം ജൈവവളമാക്കാൻ മൈസൂർ കോർപ്പറേഷന് കേവലം 450 രൂപ മാത്രമാണ് ചെലവ് വരുന്നതെന്നും ഉൽപ്പാദിപ്പിക്കുന്ന ജൈവവളം ചാക്കൊന്നിന് 280 രൂപയ്ക്കാണ് വിൽക്കുന്നതെന്നും യന്ത്രഭാഗങ്ങൾ സ്ഥാപിക്കുന്നതിനുള്ള കൂടിയ ചെലവും വൈദ്യുതി ചെലവും ഈ സംവിധാനത്തിലൂടെ ഒഴിവാക്കാനാകുമെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

58. ഇസ്രയേലി ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത 'ആരോബയോ' ഖരമാലിന്യ പരിപാലനത്തിലെ ആധുനിക സങ്കേതമാണ്. ഈ സംവിധാനത്തിലൂടെ ദുർഗന്ധമില്ലാതെ മാലിന്യസംസ്കരണം നടത്താൻ കഴിയുമെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2½ ഏക്കർ ഭൂമി മതിയാകുമെന്നും ദിനംപ്രതി 200 ടൺ മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുമെന്നും ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതായി സമിതി ശ്രദ്ധിച്ചു. കൂടാതെ ഈ സംവിധാനത്തിൽ, സംസ്കരണത്തിനായി എത്തിക്കുന്ന മാലിന്യങ്ങളെ മുൻകൂട്ടി വേർതിരിക്കേണ്ടതില്ലെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഖരമാലിന്യങ്ങളെ ഒന്നോടെ വെള്ളത്തിലിട്ടാൽ പ്ലാസ്റ്റിക് പോലെയുള്ളവ പൊങ്ങിക്കിടക്കുകയും കുപ്പിച്ചില്ല്, ലോഹങ്ങൾ തുടങ്ങിയവ അടിയിലെത്തുകയും മാലിന്യത്തിലെ ദുർഗന്ധമുണ്ടാക്കുന്ന ദ്രവഭാഗം വെള്ളത്തിലൊഴുകി പോകുകയും ചെയ്യും എന്ന ലളിതമായ തത്വമാണ് ഈ സാങ്കേതിക വിദ്യയിൽ ഉപയോഗിക്കുന്നതെന്നും പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹങ്ങൾ എന്നിവ കഴുകി

വൃത്തിയാക്കിയ നിലയിൽ ലഭിക്കുമെന്നും ജൈവ സമ്പുഷ്ടമായ ജലത്തിൽ നിന്നുള്ള ഗ്യാസുപയോഗിച്ച് വൈദ്യുതോൽപ്പാദനം നടത്താനാവുമെന്നും പ്ലാന്റിൽ അവശേഷിക്കുന്ന ജൈവവസ്തുക്കൾ മികച്ച ജൈവവളമാക്കി മാറ്റാനാവുമെന്നും ഈ സങ്കേതത്തിന്റെ സവിശേഷതകളാണെന്നും ബോധ്യപ്പെട്ടു.

59. തുടർന്ന് സമിതി ഖരമാലിന്യ സംസ്കരണത്തിനുള്ള മൈസൂർ മോഡൽ, ഇസ്രയേൽ മോഡൽ എന്നീ സംവിധാനങ്ങളെക്കുറിച്ച് ശുചിത്വ മിഷന്റെ അഭിപ്രായമാരാഞ്ഞു.

60. മൈസൂർ മോഡലിലുള്ള വിൻഡ്രോ കമ്പോസ്റ്റ് സംവിധാനം തന്നെയാണ് സംസ്ഥാനത്തും നിലവിലുള്ളതെന്നും മൈസൂരിൽ കെമിക്കൽ ഇനോക്കുലം ഉപയോഗിക്കുന്നതിനാലാണ് ദുർഗന്ധമില്ലാതിരിക്കുന്നതും കൊതുകും ഈച്ചയും ഇല്ലാതാകുന്നതുമെന്നും ബാക്ടീരിയകളുടെ പ്രവർത്തനം അവിടെ ഉണ്ടാകുന്നില്ലെന്നും ദേശീയതലത്തിൽ നടന്ന പഠനങ്ങളുടെ അടിസ്ഥാനത്തിൽ കെമിക്കൽ ഇനോക്കുലം ഉപയോഗിക്കരുതെന്ന റിപ്പോർട്ടുണ്ടെന്നും കേരളത്തിൽ ശർക്കരയും ഓറഞ്ചുനീരുംകൂടി ചേർന്നുള്ള ബയോളജിക്കൽ ഇനോക്കുലമാണ് ഉപയോഗിക്കുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. കെമിക്കൽ ഇനോക്കുലം ഉപയോഗിക്കുന്നതുമൂലം പാർശ്വഫലങ്ങൾ ഉണ്ടാകുമെന്നും അത് മണ്ണിനെ ബാധിക്കുമെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. ജപ്പാനിലും മറ്റും ഭൂകമ്പംപോലെയുള്ള വൻദുരന്തങ്ങൾമൂലം വളരെയധികം മരണങ്ങൾ സംഭവിക്കുമ്പോഴാണ് കെമിക്കൽ ഇനോക്കുലം തളിക്കുന്നതെന്നും നമ്മുടെ സംസ്ഥാനത്ത് ബയോളജിക്കൽ ഇനോക്കുലം തളിക്കുന്നതിനാണ് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതെന്നും വിളപ്പിൽശാലയിലെയും ആററിങ്ങലിലെയും പ്ലാന്റുകളിൽ അതാണുപയോഗിക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു.

61. ഇസ്രായേൽ മോഡൽ എന്നത് ആരോബയോ സംവിധാനമാണെന്നും മാലിന്യം വെള്ളത്തിൽ ലയിപ്പിച്ച് ബയോഗ്യാസ് ആക്കുകയും ബാക്കിയുള്ള മാലിന്യത്തെ വേർതിരിച്ച് മാറ്റുകയും ചെയ്യുന്ന പ്രസ്തുത സംവിധാനം പരീക്ഷണഘട്ടത്തിലാണെന്നും അദ്ദേഹം അറിയിച്ചു. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സാങ്കേതിക തത്വങ്ങളെക്കുറിച്ച് പഠനം നടത്തി കേന്ദ്ര നഗരവികസന വകുപ്പ് മന്ത്രാലയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിൽ ആരോബയോ സംവിധാനം ഉൾപ്പെടുന്നില്ലെന്നും വിശദമാക്കി. ജലമലിനീകരണം ഉണ്ടാകുന്നുവെന്നതാണ് പ്രധാന പ്രശ്നമെന്നും ഇത്രയധികം വെള്ളം ശുദ്ധീകരിക്കുന്നത് ഒരു വലിയ വെല്ലുവിളിയാണെന്നും കൂട്ടിച്ചേർത്തു.

62. ഇന്ത്യയിൽ ഒരിടത്തും ആരോബയോ സംവിധാനം പരീക്ഷിച്ചിട്ടില്ലെന്നും ദേശീയതലത്തിൽ നടന്ന പല ചർച്ചകളിലും ശില്പശാലകളിലും ഇത് സംബന്ധിച്ച ചർച്ചകൾ നടന്നിട്ടുണ്ടെന്നും ജലമലിനീകരണത്തിന്റെ പ്രശ്നമാണ് പ്രധാനമായും ഉയർന്നുവന്നതെന്നും ബയോഗ്യാസ് പ്ലാന്റിൽ 1:1 എന്ന അനുപാതത്തിലാണ് വെള്ളം ചേർക്കുന്നതെന്നും അതിൽനിന്നൂറിവരുന്ന മലിനജലംപോലും ശുദ്ധീകരിക്കാൻ വളരെ പ്രയാസമാണെന്നും ഡയറക്ടർ അറിയിച്ചു.

63. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പോ പൊതുമരാമത്ത് വകുപ്പോ മറ്റ് സംവിധാനങ്ങളോ ദേശീയതലത്തിൽ വിജയിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് പഠിക്കുകയോ പരീക്ഷണം നടത്തുകയോ ചെയ്തിട്ടില്ലെന്നും ഇവിടെ തുടങ്ങിയ പദ്ധതികളൊന്നും. വിജയിക്കുകയുമുണ്ടായില്ലെന്നും അഭിപ്രായപ്പെട്ട സമിതി മേലുദ്ധരിച്ച ആരോപണയോ, മൈസൂർ മോഡൽ സമ്പ്രദായങ്ങളെക്കുറിച്ച് ശുചിത്വ മിഷൻ പഠിക്കുകയോ പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോയെന്നും മൈസൂർ മോഡൽ കേരളത്തിൽ നടപ്പാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും ആരാഞ്ഞു.

64. കേരളത്തിൽ സ്വീകരിച്ചിട്ടുള്ള കമ്പോസ്റ്റ് സംവിധാനം തന്നെയാണ് മൈസൂരിലും സ്വീകരിച്ചിട്ടുള്ളതെന്നും മൈസൂരിലെ കാലാവസ്ഥയിൽ അത് വിജയകരമാണെന്നും കേരളത്തിൽ മഴയും ഈർപ്പവും കൂടുതലായതിനാലാണ് വിജയിക്കാത്തതെന്നും ഇവിടെ അന്തരീക്ഷത്തിൽ 85% വരെ ഈർപ്പമുള്ളതിനാലാണ് മേൽക്കൂര ഉണ്ടാക്കി കമ്പോസ്റ്റ് ചെയ്തിട്ടുപോലും ദുർഗന്ധം ഉണ്ടാകുന്നതെന്നും ഈർപ്പം ഒഴിവാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും കമ്പോസ്റ്റിംഗ് സംവിധാനം കുറച്ചുകൂടി മെച്ചപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

65. സംസ്ഥാനത്ത് മാലിന്യസംസ്കരണത്തിനുള്ള ഒരു സംവിധാനവും വിജയിച്ചിട്ടില്ലെന്ന് വിലയിരുത്തിയ സമിതി മുമ്പാകെ ആറ്റിങ്ങൽ, ചാലക്കുടി, മലപ്പുറം ജില്ലയിലെ ചില മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നല്ല രീതിയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വലിയ പ്ലാന്റുകളിൽ പ്രശ്നങ്ങളുണ്ടാകുന്നതുകൊണ്ട് തെർമ്മൽ ടെക്നോളജിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും കൊച്ചിയിൽ ഇത്തരത്തിൽ ഒന്ന് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഡയറക്ടർ ബോധിപ്പിച്ചു.

66. നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതകൊണ്ടും അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് കാരണവും, മൈസൂരിൽ വിജയകരമായി നടപ്പാക്കിയ സംവിധാനം ഇവിടെ പ്രായോഗികമല്ലെന്ന് വ്യക്തമായ സാഹചര്യത്തിൽ, നമ്മുടെ കാലാവസ്ഥയ്ക്കനുസരിച്ച് പ്രസ്തുത സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തി നടപ്പാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് സമിതി അഭിപ്രായമാരാഞ്ഞു.

67. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഒരു സാങ്കേതികവിദ്യ കണ്ടെത്തുന്നതിന്റെ ഭാഗമായി സർക്കാർ ഒരു കമ്മിറ്റി (ആർ.വി.ജി. മേനോൻ കമ്മിറ്റി) രൂപീകരിച്ചിരുന്നുവെന്നും മൈസൂർ പദ്ധതിയുടെ സേവനദാതാക്കൾ ആ കമ്മിറ്റിയിൽ ഒരു പ്രസന്റേഷൻ നടത്തിയിരുന്നുവെന്നും മൈസൂർ മോഡലിന് സംസ്ഥാനത്തെ സാങ്കേതിക സംവിധാനവുമായി ഒരു വ്യത്യാസവുമില്ലെന്നാണ് കമ്മിറ്റി വിലയിരുത്തിയത് എന്നും ഡയറക്ടർ അറിയിച്ചു.

68. സാങ്കേതികവിദ്യയിലെ വ്യത്യാസമല്ല പ്രധാന പ്രശ്നമെന്ന് നിരീക്ഷിച്ച സമിതി നമ്മുടെ കാലാവസ്ഥയ്ക്കനുയോജ്യമായ ഒരു മാലിന്യസംസ്കരണ സംവിധാനം വികസിപ്പിച്ചെടുക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ലെന്ന് വിലയിരുത്തി.

69. മറ്റുസ്ഥലങ്ങളിൽ വിജയകരമായി നടപ്പാക്കിയ പദ്ധതി, നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. അതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നറിയിച്ച ശുചിത്വ മിഷൻ ഡയറക്ടർ, സംസ്ഥാനത്തെ പ്ലാന്റുകളുടെ വശങ്ങൾമൂടി അതിനകത്തുള്ള വായു പുറത്തേക്ക് കളഞ്ഞശേഷം മാലിന്യങ്ങൾ സംസ്കരിക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു. പാപ്പനംകോടുള്ള ആർ.ആർ.എൽ. എന്ന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് കമ്പോസ്റ്റ് പ്ലാന്റിനെ നവീകരിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നും കോഴിക്കോടാണ് ഈ ശ്രമം തുടങ്ങിയിട്ടുള്ളതെന്നും അദ്ദേഹം വിശദമാക്കി.

70. മാലിന്യസംസ്കരണത്തിനായി 2008-09 മുതൽ 2011-12 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻവഴി സബ്സിഡിയായി നൽകിയിട്ടുള്ള 41,73,08,263 രൂപകൊണ്ട് എന്ത് പ്രയോജനമാണുണ്ടായതെന്ന് സമിതി ആരാഞ്ഞു.

71. പൊതുവായ പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുള്ളതുകൊണ്ട് ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയപരമായ തീരുമാനമെന്നും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കഴിയുന്നത്ര കൂടുതൽ സബ്സിഡി നൽകുന്നുണ്ടെന്നും ഇതിന്റെ ഒന്നാം ഘട്ടമായി ഏകദേശം 825 ഗ്രാമപഞ്ചായത്തുകൾക്കും എല്ലാ നഗരസഭകൾക്കും ആവശ്യമായ ഫണ്ട് നൽകിയിട്ടുണ്ടെന്നും 30-9-2014-ന് മുമ്പായി പദ്ധതി നടപ്പിലാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നഗരസഭകളോടും മുനിസിപ്പാലിറ്റികളോടും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ഇത് ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ അടുത്ത പദ്ധതിക്ക് അനുമതി നൽകുകയുള്ളൂവെന്നും ഇതുവഴി പൊതുവായ പ്ലാന്റിലേക്ക് വരുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ കഴിയുമെന്നും ശുചിത്വ മിഷൻ ഡയറക്ടർ വെളിപ്പെടുത്തി.

72. പദ്ധതി മോണിറ്റർ ചെയ്യുന്നതിനായി പഞ്ചായത്ത് വകുപ്പിൽനിന്ന് ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്ന നിർദ്ദേശവും അതിനായി കുറച്ച് മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നുവെങ്കിലും വ്യക്തമായ പഠനം ഇല്ലാത്തതുകൊണ്ടായിരിക്കാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് ഫലവത്താവാത്തതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

73. പഞ്ചായത്ത് ഒരു പ്ലാന്റിനുവേണ്ടി 25-35 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും 6 മാസം കഴിയുമ്പോഴേക്കും പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കുകയാണെന്നും വേണ്ടത്ര ശ്രദ്ധയോടെയും ദീർഘവീക്ഷണത്തോടെയും പൊതുപണം ചെലവഴിക്കാത്തതും കൃത്യമായി മോണിറ്റർ ചെയ്യാത്തതുമാണ് ഇതിന് കാരണമെന്നും സമിതി വിലയിരുത്തി.

74. ഒരു പദ്ധതിയും രണ്ടോ മൂന്നോ വർഷം പോലും നന്നായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്തതുകൊണ്ടാണ് നാട്ടുകാർ പ്രക്ഷോഭങ്ങളുണ്ടാക്കുന്നതെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

75. മാലിന്യസംസ്കരണത്തിന് പുതിയ മാതൃകകൾ പരീക്ഷിക്കുന്നതിനെക്കാൾ നല്ലത് കേരളത്തിൽ മാലിന്യസംസ്കരണത്തിൽ വിജയിച്ച പഞ്ചായത്തുകളുടെ മാതൃക പിന്തുടരുന്നതായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. തൃശ്ശൂർ ജില്ലയിലെ അടാട്ട് പഞ്ചായത്ത് മികച്ച രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത മാതൃക മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിന്തുടരാൻ കഴിയുമോ എന്ന് ആരാഞ്ഞു. സ്ഥലപരിമിതിയുള്ളതിനാൽ നഗരസഭകളിൽ ഇത് ബുദ്ധിമുട്ടായിരിക്കുമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റിയിലും മെച്ചപ്പെട്ട രീതിയിൽ മാലിന്യസംസ്കരണം നടക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തി.

76. മാലിന്യസംസ്കരണത്തിനായുള്ള തുമ്പൂർമൂഴി സംവിധാനത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് വളരെ ചെലവ് കുറഞ്ഞതും കുറച്ച് സ്ഥലം മാത്രം ആവശ്യമുള്ളതുമായ ഒരു എയ്റോബിക് സംവിധാനമാണിതെന്നും ഫ്ലാറ്റുകൾക്കും കോളനികൾക്കുമായി ആരംഭിച്ച പദ്ധതി സിറ്റിയുടെ ചില ഭാഗങ്ങളിലും കല്യാണമണ്ഡപങ്ങളിലും ഉപയോഗിച്ച് വരുന്നുണ്ടെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. ഫെറോസിമെന്റ് കൊണ്ടുണ്ടാക്കിയ, നാലടി നീളവും നാലടി വീതിയും നാലടി പൊക്കവുമുള്ള മൂന്നോ നാലോ ടാങ്കുകളിലായി ചാണകമോ മണലോ കൂട്ടിക്കലർത്തി അടുക്കടുക്കായി മാലിന്യങ്ങൾ ഇടുന്ന ഒരു രീതിയാണിതെന്നും ഒരു യൂണിറ്റിന് 32,000 രൂപ മാത്രമേ ചെലവ് വരുന്നുള്ളുവെന്നും എങ്കിലും പ്ലാന്റിന്റെ പ്രവർത്തനത്തിൽ ആളുകളുടെ ശ്രദ്ധ വളരെയധികം ആവശ്യമാണെന്നും ശുചിത്വ മിഷൻ ഡയറക്ടർ വിശദീകരിച്ചു.

77. ഇത്തരത്തിൽ നമ്മുടെ കാലാവസ്ഥയെ അതിജീവിച്ച് വിജയകരമായി പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകകൾ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിന്തുടരാൻ കഴിയുമോ എന്നത് സംബന്ധിച്ച്, പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്ന പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും പങ്കെടുപ്പിച്ച് ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണനിയന്ത്രണ ബോർഡ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവ ചേർന്ന് വിശദമായ ചർച്ചയും ശില്പശാലയും

സംസ്ഥാനതലത്തിൽ അടിയന്തരമായി സംഘടിപ്പിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. കൂടാതെ മാലിന്യസംസ്കരണത്തിനുള്ള ആരോബയോ, മൈസൂർ മാതൃകകളിൽ ആവശ്യമായ മാറ്റം വരുത്തി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും സമിതി നിർദ്ദേശിച്ചു. മൈസൂർ സന്ദർശിച്ച് പ്രസ്തുത പദ്ധതിയുടെ സേവനദാതാക്കളുമായി വിശദമായ ചർച്ച നടത്താവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

78. ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് സമിതിയും ഓഡിറ്റ് വകുപ്പും അയയ്ക്കുന്ന കത്തുകൾക്ക് തിരുവനന്തപുരം നഗരസഭ മറുപടി നൽകാത്തത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയോട് സമിതി വിശദീകരണമാരാഞ്ഞു. ഇത് ഗൗരവമായ വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് ചെയ്തു. ലഭ്യമായ വിവരം ഉചിതമായതല്ലാത്തതിനാലും പഴയ ഫയലിലെ വിവരങ്ങൾ ശേഖരിക്കുന്നതിന് ബുദ്ധിമുട്ടായതിനാലുമാണ് മറുപടി താമസിച്ചതെന്നും ഇനി ഇപ്രകാരം വീഴ്ച സംഭവിക്കില്ലെന്നും നഗരസഭാ സെക്രട്ടറി ഉറപ്പുനൽകി.

79. സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ കൊച്ചി നഗരസഭയുടെ മറുപടി ചേർക്കാത്തതിനെക്കുറിച്ച് സമിതി വിശദീകരണമാരാഞ്ഞു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ മറുപടികൾ ശേഖരിച്ച് സമിതിക്ക് അയച്ചതിനുശേഷം ലഭിച്ച കൊച്ചി നഗരസഭയുടെ മറുപടിക്കുറിപ്പിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെന്ന് നഗരകാര്യ ഡയറക്ടർ മറുപടി നൽകി.

80. തുടർന്ന് സമിതി തിരുവനന്തപുരം നഗരസഭയിലെ ഖരമാലിന്യങ്ങളുടെ ഉൽപ്പാദനം, അളവ്, അവയുടെ കണക്കുകൾ സംബന്ധിച്ചുള്ള പഠനം, ഖരമാലിന്യങ്ങളുടെ ഘടന, വേർതിരിക്കൽ, നിർമ്മാർജ്ജനം, ശാസ്ത്രീയമായ സംസ്കരണം, ഇതിനാവശ്യമായ ഭൂമി, പ്ലാന്റ് തുടങ്ങിയവയെക്കുറിച്ച് വിശദമാക്കുവാൻ നഗരസഭാ സെക്രട്ടറിയോടാവശ്യപ്പെട്ടു.

81. മേൽപ്പറഞ്ഞ വിഷയങ്ങളെക്കുറിച്ച് 2006-ൽ ഒരു പഠനം നടത്തിയിരുന്നുവെന്നും കൂടാതെ 2014-ലെ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡിയുടെ റിപ്പോർട്ട് പ്രകാരം തൽപ്പരകക്ഷികളുടെ ഒരു യോഗം ചേരുകയും അതിൽ ഇസ്രയേൽ മോഡലിൽ മാലിന്യസംസ്കരണം നടത്തുന്നതിനായി ലഭിച്ച 'ഗ്രീൻ ആപ്പിൾ' എന്ന കമ്പനിയുടെ പ്രൊപ്പോസൽ നഗരസഭ പരിഗണിച്ചിരുന്നുവെന്നും വൻതോതിൽ ജലമലിനീകരണം ഉണ്ടാകുമെന്നതും കൂടുതൽ ഭൂമി ആവശ്യമാണെന്നതുമാണ് ഈ പദ്ധതിയുടെ പ്രശ്നമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശുചിത്വ മിഷന് കത്തയച്ചിട്ടുണ്ടെന്നും മാത്രമല്ല നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതയും ഭൂഗർഭജലം മലിനമാകുമെന്നതും കണക്കിലെടുത്ത് 'എന്റെ നഗരം സുന്ദര നഗരം' പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. പ്രതിദിനം ശരാശരി 200-250 ടൺ മാലിന്യം ഉണ്ടാകുന്നതായാണ് 2004 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നതെന്നും നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു.

82. നഗരസഭ നേരിട്ട് നടത്തുന്ന മാലിന്യസംസ്കരണത്തിന്റെയും മറ്റ് സ്ഥാപനങ്ങൾവഴി നടത്തുന്ന ഉറവിടമാലിന്യ സംസ്കരണത്തിന്റെയും കൃത്യമായ കണക്ക് സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പുതുതായി ഏതെങ്കിലും വീടോ സ്ഥാപനമോ നിർമ്മിക്കുന്നതിന് അനുമതി നൽകുമ്പോൾ മാലിന്യസംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകാവൂ എന്ന് സമിതി നിഷ്കർഷിച്ചു.

83. വലിയ കെട്ടിടങ്ങൾക്കും ഫ്ലാറ്റുകൾക്കും അനുമതി നൽകുമ്പോൾ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാറുണ്ടെന്നും ആശുപത്രികൾക്ക് അനുമതി നൽകുമ്പോൾ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹോദര സ്ഥാപനമായ 'ഇമേജ്' -ന്റെയും മലിനീകരണനിയന്ത്രണ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാറുണ്ടെന്നും കച്ചവടസ്ഥാപനങ്ങൾ തുടങ്ങുമ്പോൾപോലും നിബന്ധനകൾ കൃത്യമായി പാലിക്കാൻ നിഷ്കർഷിക്കാറുണ്ടെന്നും നഗരസഭാ സെക്രട്ടറി വിശദമാക്കി.

84. പുതുതായി കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും അനുമതി നൽകുമ്പോൾ നിബന്ധനകൾ കൃത്യമായി പാലിക്കാറുണ്ടെന്ന് എങ്ങനെയാണുറപ്പ് വരുത്തുന്നതെന്ന് സമിതി ആരാഞ്ഞു. ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 'ഇമേജ്'-മായി കരാർവച്ചതിനുശേഷം മാത്രമേ മെഡിക്കൽ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയുള്ളൂ വെന്നും രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തും ഇക്കാര്യം ഉറപ്പുവരുത്താറുണ്ടെന്നും കൂടാതെ ടി സ്ഥാപനങ്ങളിലുണ്ടാകുന്ന ഖരദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

85. ഒരു പുതിയ സ്ഥാപനം തുടങ്ങുന്നതിന് ഏർപ്പെടുത്തേണ്ട മാലിന്യസംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച് ലിഖിതമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ടെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

86. നഗരസഭയുടെ നിബന്ധനയ്ക്കനുസരിച്ചാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ പൊതുസ്ഥലങ്ങളിൽ ഇത്രയേറെ മാലിന്യം തള്ളുന്നതിന് കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന്, പൊതുജനങ്ങളുടെ എതിർപ്പുമൂലമാണ് പലയിടത്തും കാര്യങ്ങൾ ശരിയായി നടക്കാത്തതെന്ന് കൊല്ലം കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു.

87. കൊല്ലം ജില്ലയിൽ പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് പ്ലാന്റ് പൂട്ടിയിട്ടിരിക്കുകയാണെന്നും അവിടെ വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതടക്കമുള്ള ഉറവിടമാലിന്യസംസ്കരണത്തിനാണ് ശുചിത്വ മിഷൻ പ്രാധാന്യം നൽകുന്നതെന്നും ഇപ്പോൾ കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം ഒരു പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും ജനങ്ങൾ സമരം ആരംഭിച്ചതിനെത്തുടർന്ന് പ്രസ്തുത

പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും ഗ്രീൻ ട്രൈബ്യൂണലിലും ബഹു. ഹൈക്കോടതിയിലും കേസ് നടക്കുകയാണെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. കൊല്ലത്ത് അഷ്ടമുടിക്കായലിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം കായൽ തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് സമിതി വിലയിരുത്തി.

88. മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കാതെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. കമ്പോസ്റ്റ് പ്ലാന്റ് നവീകരിക്കാൻ ഒരു ശ്രമം നടക്കുന്നുണ്ടെന്നും നമ്മുടെ കാലാവസ്ഥ കണക്കിലെടുത്ത്, വിദേശരാജ്യങ്ങളിലുള്ളതു പോലെ ഒരു തരത്തിലും ദുർഗന്ധം പുറത്തേക്ക് വ്യാപിക്കാത്തവിധം പ്ലാന്റിനെ നവീകരിക്കാനാണുദ്ദേശിക്കുന്നതെന്നും കോഴിക്കോടാണ് ഇത് ആദ്യമായി നടപ്പിലാക്കുന്ന തെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

89. വിദേശങ്ങളിൽ പലതരത്തിലുള്ള സംസ്കരണ രീതികൾ വിജയകരമായി നടപ്പാക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് ഒരെണ്ണംപോലും വിജയിക്കുന്നതായി കാണുന്നില്ലെന്ന് സമിതി വിലയിരുത്തി. എന്നാൽ ചെറിയ രീതിയിലുള്ളവ പലതും വിജയകരമാണെന്നും ആറ്റിങ്ങൽ, ചാലക്കുടി, തിരൂർ, മംഗൽപാടി, അജാനൂർ തുടങ്ങിയവ ഉദാഹരണങ്ങളാണെന്നും ഡയറക്ടർ അറിയിച്ചു.

90. സമിതി കൊച്ചി നഗരസഭയുടെ മാലിന്യസംസ്കരണ സംവിധാനത്തെപ്പറ്റി ആരാഞ്ഞു. കൊച്ചി നഗരത്തിൽ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ചാണ് എടുക്കുന്നതെന്നും ഏകദേശം 170 ടണ്ണോളം ജൈവമാലിന്യങ്ങളും 60 ടണ്ണോളം അജൈവ മാലിന്യങ്ങളും ദിനംപ്രതി ഉണ്ടാകാറുണ്ടെന്നും ജൈവമാലിന്യങ്ങൾ ബ്രഹ്മപുരത്ത് വിൻഡ്രോ കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റുകയാണെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിലവിൽ തമിഴ്നാട്ടിലുള്ള ഒരു കമ്പനിക്ക് വിൽക്കുകയാണെന്നും ഇപ്പോൾ ക്ലീൻ കേരള കമ്പനിക്ക് വിൽക്കുന്നതിന് ധാരണയായിട്ടുണ്ടെന്നും കൊച്ചി നഗരസഭാ സെക്രട്ടറി അറിയിച്ചു.

91. തുടർന്ന് സമിതി തൃശ്ശൂർ നഗരസഭയിലെ മാലിന്യസംസ്കരണ സംവിധാനങ്ങളെ കുറിച്ചാരാഞ്ഞു. ലാലൂരിലുണ്ടായിരുന്ന ബയോകമ്പോസ്റ്റിങ് പ്ലാന്റ് പൊതുജനസമരം കാരണം 2012 മുതൽ അടച്ചുപൂട്ടിയെന്നും ഇപ്പോൾ ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡ് പരിസരത്ത് പുതുതായി ഒരു പ്ലാന്റ് നിർമ്മിച്ചിട്ടുണ്ടെന്നും ഇനിയും 4 പ്ലാന്റ് കൂടി നിർമ്മിക്കാൻ ശ്രമിക്കുകയാണെന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു. വീടുകളിൽ നിന്നും ഫ്ലാറ്റുകളിൽ നിന്നുമുള്ള മാലിന്യം ഉറവിടമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംസ്കരിക്കുകയാണെന്നും സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം മാത്രമാണ് നഗരസഭ ശേഖരിക്കുന്നതെന്നും പ്ലാസ്റ്റിക് വേർതിരിച്ചാണ് വാങ്ങുന്നതെന്നും അത് ഒരു സ്വകാര്യ വ്യക്തിക്ക് വിൽപ്പന നടത്തുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

92. തുടർന്ന് സമിതി കോഴിക്കോട്ടെ സംവിധാനത്തെക്കുറിച്ചാരാഞ്ഞു. ഒരു സ്വകാര്യ കമ്പനി മുഖേന എയ്റോബിക് വിൻഡ്രോ കമ്പോസ്റ്റിങ് സംവിധാനത്തിലാണ് മാലിന്യങ്ങൾ സംസ്കരിക്കുന്നതെന്നും കോഴിക്കോട് നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും വിജയകരമായി സംസ്കരിക്കുന്നുണ്ടെന്നും പ്ലാസ്റ്റിക് പെല്ലറ്റാക്കിമാറ്റി സ്വകാര്യവ്യക്തിക്ക് വിൽക്കുകയാണെന്നും പ്രതിമാസം 40,000 രൂപ ഇതിൽനിന്നും കോർപ്പറേഷന് ലഭിക്കുന്നുണ്ടെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി അറിയിച്ചു. സംസ്കരണത്തിന് ശേഷമുള്ള ഉപയോഗശൂന്യമായ മാലിന്യം കൂട്ടിയിടുകയാണെന്നും പിന്നീട് ശുചിത്വ മിഷന്റെ സഹായത്തോടെ കൈകാര്യം ചെയ്യാനാണുദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്ലാന്റിന്റെ നവീകരണമാണുദ്ദേശിക്കുന്നതെന്നും ഐ.എൽ. &എഫ്.എസ്. എന്ന സ്വകാര്യ ഏജൻസിയാണ് പ്ലാന്റ് നടത്തുന്നതെന്നും അവർ മാലിന്യത്തിൽ നിന്നും വളമുണ്ടാക്കി വിൽക്കുകയാണ് ചെയ്യുന്നതെന്നും അതിൽനിന്നുള്ള വരുമാനത്തിൽ നിന്നാണ് ഇവർക്ക് 40,000 രൂപ റോയൽറ്റി കൊടുക്കുന്നതെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു.

93. മൈസൂരിൽ വൻതോതിൽ മാലിന്യം സംസ്കരിച്ച് വരുമാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് സമിതി പരാമർശിച്ചു. ബ്രഹ്മപുരത്തെ പ്ലാന്റിൽ നടപ്പാക്കുന്ന വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിതന്നെയാണ് മൈസൂരിലുമുള്ളതെന്നും മഴയുള്ളതുകൊണ്ട് ഇവിടെ ഷെഡ്ഡ് കെട്ടി ചെയ്യുന്നുവെന്നും മൈസൂരിൽ തുറന്ന സ്ഥലത്തും ഇതു ചെയ്യുന്നു എന്ന വ്യത്യാസം മാത്രമേ ഉള്ളൂവെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. മൈസൂരിൽ ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി ഇവിടെ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാത്ത ജൈവ ഇനോക്കുലമാണ് ഉപയോഗിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

94. തുടർന്ന് സമിതി ആലുവ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ പരിപാലന സംവിധാനത്തെക്കുറിച്ച് ആരാഞ്ഞു. ആലുവ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി സംസ്കരണ പ്ലാന്റില്ലെന്ന് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിനായി 18,86,033 രൂപ മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുള്ളതായി സർക്കാർ കുറിപ്പിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത തുക എങ്ങനെയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാൻ ആവശ്യപ്പെട്ടു. തുക ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും മൂന്ന് തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും തയ്യാറാവാത്തതിനാൽ വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

95. ബ്രഹ്മപുരത്ത് ആധുനിക സംവിധാനങ്ങളുള്ള പദ്ധതി വരുന്നുണ്ടെന്നും ആലുവ മുനിസിപ്പാലിറ്റിയെ ബ്രഹ്മപുരം പദ്ധതിയുമായി കൂട്ടിച്ചേർക്കണമെന്നും സമിതി നിർദ്ദേശിച്ചു.

96. പുനലൂർ മുനിസിപ്പാലിറ്റിക്ക് മാലിന്യ സംസ്കരണ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് സമിതി ആരാഞ്ഞു. 2,60,27,999 രൂപയാണ് അനുവദിച്ച് കിട്ടിയതെന്നും അതിൽ 1,57,50,229 രൂപ ചെലവഴിച്ച് പ്ലാന്റ് സ്ഥാപിച്ചുവെങ്കിലും ശുചിത്വ മിഷൻ നിശ്ചയിച്ച കൂലിക്ക് ജോലി ചെയ്യാൻ തൊഴിലാളികൾ തയ്യാറാകാത്തതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് 12 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറി കൂട്ടിച്ചേർത്തു.

97. ശബരിമല സീസൺ സമയത്ത് ധാരാളം ഭക്തജനങ്ങൾ വന്നുപോകുന്ന പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, എരുമേലി, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ ശരിയായ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ സീസൺ സമയം കഴിയുമ്പോൾ മാലിന്യങ്ങൾ നിറഞ്ഞ് പകർച്ചവ്യാധികൾ പടരുന്ന സ്ഥിതിയുണ്ടാകുമെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാരും ശുചിത്വ മിഷനും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും തദ്ദേശീയരായ തൊഴിലാളികളെ ലഭിക്കുന്നില്ലെങ്കിൽ അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ശ്രമിക്കണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

98. വിജയകരമായി മാലിന്യസംസ്കരണ പദ്ധതി നടപ്പാക്കിയ മുനിസിപ്പാലിറ്റികളെ കുറിച്ച് സമിതി ആരാഞ്ഞു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എയ്റോബിക് കമ്പോസ്റ്റ് സംവിധാനം വിജയകരമായി നടക്കുന്നുണ്ടെന്നും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രശ്നമില്ലെന്നും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. ആലപ്പുഴ മാതൃക മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പരീക്ഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

99. സമിതി കായംകുളം മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണ സംവിധാനത്തെക്കുറിച്ച് ആരാഞ്ഞു. കായംകുളം മുനിസിപ്പാലിറ്റിയിൽ നിലവിൽ പ്ലാന്റ് ഇല്ലെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1.56 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും ശുചിത്വ മിഷനിൽ നിന്നും 2.40 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2006-ൽ ലഭ്യമായ തുകയെക്കുറിച്ച് സമിതി ആരാഞ്ഞു. 2006-ലേത് ഒരു ഇൻസിനറേറ്റർ വാങ്ങിയതുമായി ബന്ധപ്പെട്ടാണെന്നും 21.5 ലക്ഷം രൂപയായിരുന്നു അന്നനുവദിച്ചത് എന്നും പ്രസ്തുത പദ്ധതി പൂർത്തിയാകാതെ കിടക്കുക യാണെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

100. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഭൂരിപക്ഷം മുനിസിപ്പാലിറ്റികളും തൃപ്തികരമായി കാര്യങ്ങൾ നിർവ്വഹിക്കുന്നില്ലെന്നും ശുചിത്വ മിഷൻവഴി വൻതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ടെങ്കിലും പദ്ധതികളൊന്നും പൂർണ്ണമാകുന്നില്ലെന്നും സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ, വിജയകരമായി മാലിന്യസംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും ഉൾപ്പെടുത്തി അടിയന്തരമായി ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിനും മറ്റ് സ്ഥലങ്ങളിൽ അത് എങ്ങനെ പ്രായോഗികമാക്കാം എന്ന് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ യോഗം ചേർന്ന് പ്രായോഗിക നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

101. മൈസൂരിലെ ഖരമാലിന്യ സംസ്കരണ കേന്ദ്രം സമിതി 2016 ജനുവരി മാസം സന്ദർശിക്കുകയും ആയതിന്റെ പ്രവർത്തനം നേരിൽ കാണുകയും ചെയ്തു.

102. ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള നഗരം എന്ന പദവിക്ക് അർഹമായ മൈസൂരിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്തതും ഫലദായകവുമാണ്. ഏകദേശം 128.42 Km$^2$ ഭൂവിസ്തൃതിയുള്ള മൈസൂർ നഗരത്തിലെ ജനസംഖ്യ 914919 ആണ്. 65 മുനിസിപ്പൽ വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്ന മൈസൂർ നഗരത്തിൽ പ്രതിദിനം 402 MT മാലിന്യങ്ങളാണ് ഉത്ഭവിക്കുന്നത്. ഇവ കൈകാര്യം ചെയ്യുന്നതിന് മൈസൂർ നഗരസഭ സ്വീകരിച്ചിട്ടുള്ള വിപുലവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ പ്രത്യേക പ്രശംസാർഹമാണ്.

103. മൈസൂർ നഗരസഭ വ്യത്യസ്ത മേഖലകളിൽ സ്വീകരിച്ചുവരുന്ന നടപടികളാണ് നഗരത്തെ ശുചിത്വ നഗരമായി നിലനിർത്തുന്നത്. തുറസ്സായ സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതും മല-മൂത്ര വിസർജ്ജനം നടത്തുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. മണ്ണിനടിയിലെ മലിനജല പൈപ്പുകളിലൂടെ കക്കൂസ് മാലിന്യം നഗരത്തിന് പുറത്തുള്ള സ്വീവേജ് ഫാമുകളിൽ എത്തിക്കുന്നു. സുരക്ഷിതവും ആവശ്യപ്രകാരമുള്ളതുമായ കുടിവെള്ള വിതരണ സംവിധാനവും വളരെ പ്രാധാന്യമർഹിക്കുന്നു. മാലിന്യങ്ങൾ അവയുടെ ഉറവിടങ്ങളിൽ തന്നെ കുറവ് വരുത്തുന്നതിനും തരംതിരിക്കുന്നതിനും ശേഖരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യങ്ങളുടെ പുനഃസംസ്കരണത്തിനും പുനരുപയോഗത്തിനും വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെയും ഗവൺമെന്റിതര സംഘടനകളുടെയും സ്വകാര്യ സംരംഭകരുടെയും സഹകരണം, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുവാനും പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും മൈസൂർ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

104. മൈസൂർ നഗരസഭയിലെ 65 വാർഡുകളിലെ വീട്ടുകളിൽനിന്നും വാണിജ്യ വ്യാപാര കേന്ദ്രങ്ങളിൽ നിന്നും തരംതിരിച്ച മാലിന്യങ്ങൾ ശേഖരിക്കുന്നതിന്, 652 സ്ഥിരം തൊഴിലാളികളും 1645 താൽക്കാലിക തൊഴിലാളികളും ഉൾപ്പെടെ 2297 'പൗരകർമ്മിക'-മാർ പ്രവർത്തിക്കുന്നുണ്ട്. ഉറവിടങ്ങളിൽ തന്നെ മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി നിറവ്യത്യാസമുള്ള 1.5 ലക്ഷം ബക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ദിനംപ്രതിയും അജൈവ മാലിന്യങ്ങൾ ആഴ്ചയിൽ രണ്ട് പ്രാവശ്യവും ശേഖരിക്കുന്നു. ഇവ ശേഖരിക്കുവാൻ 168 ആട്ടോ ടിപ്പറുകളും 130 ഉന്തുവണ്ടികളും സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുവാൻ അൻപതോളം വലിയ വാഹനങ്ങളും ഉപയോഗിക്കുന്നു.

105. മൈസൂർ നഗരത്തിൽ, ദിനംപ്രതി 42 MT മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന എട്ട് സീറോ വേസ്റ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ സ്വയംസഹായ സംഘങ്ങൾ നടത്തുന്ന പ്രസ്തുത യൂണിറ്റുകളിൽ ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുകയും, അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി തരംതിരിച്ച് വില്പന നടത്തുകയും ചെയ്യുന്നു.

106. മൈസൂർ നഗരത്തിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത്, എ.ഡി.ബി. പ്രോജക്റ്റിന് കീഴിൽ 2001-ൽ വിദ്യാരായപുരത്ത് സ്ഥാപിച്ചതും നിലവിലും മാതൃകാപരമായി പ്രവർത്തിക്കുന്നതുമായ ഖരമാലിന്യ പരിപാലന പ്ലാന്റ് ആണ്. 13 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനശേഷി 200 ടൺ ആണ്. പ്രസ്തുത പ്ലാന്റിന് ചുറ്റും ഏകദേശം 26 അടി പൊക്കത്തിൽ ഷീറ്റുകൾ കൊണ്ടുള്ള മറ നിർമ്മിച്ചിരിക്കുന്നതിനാൽ, നേരിയ തോതിലുള്ള ദുർഗന്ധം പോലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നില്ല. കൂടാതെ പ്ലാന്റിന് ചുറ്റുമായി ഏകദേശം 6700 മരങ്ങളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

107. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനങ്ങൾ നടത്തുന്ന IL&FS കമ്പനി പ്രതിവർഷം 4.2 ലക്ഷം രൂപ പാട്ടമായും 1.8 ലക്ഷം രൂപ റോയൽറ്റിയായും മൈസൂർ കോർപ്പറേഷന് നൽകിവരുന്നു. കൂടാതെ ഇവിടെ ഉല്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ അഞ്ച് ശതമാനവും കോർപ്പറേഷന് നൽകുന്നുണ്ട്.

108. വിദ്യാരായപുരത്തെ പ്ലാന്റിൽ 'എയ്റോബിക് വിൻഡ്രോ കമ്പോസ്റ്റിംഗ് ' രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ദിനംപ്രതി ഇവിടെയെത്തിക്കുന്ന 170 MT മാലിന്യങ്ങളെ ആദ്യം 65 MM ടണലിലൂടെ സ്ക്രീനിംഗ് ഏരിയായിൽ എത്തിക്കുന്നു. അവിടെവച്ച് ഖര-ദ്രവ മാലിന്യങ്ങൾ തരംതിരിക്കപ്പെടുകയും ഖരമാലിന്യങ്ങൾ ഒരു കൺവേയർ ബെൽറ്റിലൂടെ പ്ലാന്റിന് പുറത്തെത്തിക്കുകയും അവ ലാന്റ് ഫില്ലിംഗിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. തരംതിരിക്കപ്പെടുന്ന ദ്രവമാലിന്യങ്ങൾ അതേദിവസംതന്നെ കമ്പോസ്റ്റിംഗിനായി 'വിൻഡ്രോ' യിലെത്തിക്കുന്നു. അതത് ദിവസത്തെ മാലിന്യങ്ങൾ അതേദിവസംതന്നെ 'വിൻഡ്രോ'യിലെത്തിക്കുന്നതിനാൽ ദുർഗന്ധത്തെ ഏകദേശം പൂർണ്ണമായിത്തന്നെ ഇല്ലായ്മ ചെയ്യുന്നു. ദ്രവമാലിന്യങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന ലായനി (leachate) ജല ഉറവിടങ്ങളിലോ മണ്ണിനടിയിലോ എത്താതിരിക്കുവാൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

109. വിൻഡ്രോയിലെത്തിക്കുന്ന ദ്രവമാലിന്യങ്ങൾ ചെറുകൂനകളായി കൂട്ടി ഊഷ്മാവും ഈർപ്പവും ക്രമീകരിച്ച് 45 ദിവസം സൂക്ഷിക്കുന്നു. കമ്പോസ്റ്റിനെ ആദ്യം 16 mm ടണലിലൂടെയും ശേഷം 4 mm ടണലിലൂടെയും അരിച്ചെടുക്കുന്നു. ശേഷം ആയതിനെ ഡ്രയർ ഉപയോഗിച്ച് ഉണക്കുകയും അരിച്ചെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ അരിച്ചെടുക്കുന്ന കമ്പോസ്റ്റിനെ അവിടെയുള്ള ലാബിൽ 22 തരം ഗുണപരിശോധനാ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പരിശോധിക്കുന്നു. ഗുണമേന്മ ഉറപ്പുവരുത്തിയ ജൈവവളം കർഷകർക്കും വിവിധ വളം നിർമ്മാണ കമ്പനികൾക്കും മെട്രിക് ടണ്ണിന് 3,500-3,800 രൂപാ നിരക്കിൽ വില്പന നടത്തുന്നു. പ്രസ്തുത പ്ലാന്റിൽ പ്രതിവർഷം 6000-7000 മെട്രിക് ടൺ ജൈവവളം ഉല്പാദിപ്പിക്കുന്നുണ്ട്.

110. സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സംബന്ധിച്ച വിവരങ്ങൾ, മാലിന്യസംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എന്നിവയടങ്ങുന്ന സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശുചിത്വ മിഷൻ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരോട് സമിതി നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ലഭ്യമാക്കിയ, പഞ്ചായത്ത് ഡയറക്ടറുടെയും ശുചിത്വ മിഷൻ ഡയറക്ടറുടെയും സംയുക്ത റിപ്പോർട്ട് താഴെ ചേർക്കുന്നു (സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന പൊതുമാലിന്യസംസ്കരണ പ്ലാന്റുകളുടെയും വികേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകളുടെയും വിവരങ്ങളുടെ ചുരുക്കപ്പട്ടിക അനുബന്ധം III ആയി ചേർക്കുന്നു):

111. "ഖരമാലിന്യം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്ന ലോക്കൽ ഫണ്ട് ശിപാർശ അംഗീകരിക്കുന്നു. ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ശാസ്ത്രീയമായ പഠനം ഇക്കാര്യത്തിൽ നടത്തുന്നതിന് സാങ്കേതിക സഹായം ലഭ്യമല്ല എന്നു കാണുന്നു. മാത്രവുമല്ല കേന്ദ്രീകൃത നിലയിൽ ഒരു പഠനം 978 ഗ്രാമപഞ്ചായത്തുകളും നടത്തുക പ്രായോഗികമല്ല. ശാസ്ത്രീയപഠനം നടത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽവരുന്ന പ്രദേശത്ത് നിലവിലുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, മത്സ്യ-മാംസ മാർക്കറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയുടെ കൃത്യമായ വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ശേഖരിക്കേണ്ടതുണ്ട്. ഇവയിൽ നിന്നും പുറന്തള്ളപ്പെടുന്ന ജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക്, ഇരുമ്പ്, അലുമിനിയം തുടങ്ങിയ ലോഹമാലിന്യങ്ങൾ, ഇ-മാലിന്യം എന്നിവ സംബന്ധിച്ച കൃത്യമായ പഠനവും വേണ്ടിവരുന്നു. ശാസ്ത്രീയമായ രീതിയിൽ എപ്രകാരം പഠനം നടത്താം എന്നതിനെ സംബന്ധിച്ചും നിലവിൽ ലഭ്യമായിട്ടുള്ള സാങ്കേതികമികവ്, മനുഷ്യശേഷി എന്നിവ ഉപയോഗിച്ചുകൊണ്ട് പഠനം നടത്തുന്നതിന് ഒരു മാർഗ്ഗം ശുചിത്വ മിഷൻ, പഞ്ചായത്ത് ഡയറക്ടർ, നഗരവികസനം-പരിസ്ഥിതി എന്നീ വകുപ്പുകളിലെ പ്രതിനിധികളും അടങ്ങുന്ന

സംഘം ചേർന്ന് തയ്യാറാക്കുന്നത് ഉചിതമായിരിക്കും. അനുദിനം നഗരവൽക്കരണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഗ്രാമീണമേഖലയിൽ ഇത്തരത്തിൽ കൃത്യമായ ഇടവേളകളിൽ പഠനം നടത്തുന്നത് മാലിന്യപ്രശ്നം എത്ര ഗൗരവമേറിയതാണെന്ന് അറിയാൻ സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാധിക്കും.

112. മാലിന്യസംസ്കരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ചുരുങ്ങിയ പ്രദേശം മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് ദുർഗന്ധം ഇല്ലാത്ത നിലയിലും ഊറിവരുന്ന മലിനജലംമൂലം ഭൂഗർഭജലം മലിനമാകാത്ത രീതിയിലും നമ്മുടെ ജൈവമാലിന്യത്തെ സംസ്കരിക്കുന്നതിനുള്ള ഫലപ്രദമായ സാങ്കേതികവിദ്യകൾ ലഭ്യമല്ല എന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്നം. ആലത്തൂർ, കുമിളി ഗ്രാമപഞ്ചായത്തുകൾ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്നിങ്ങനെയുള്ള ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ് എന്നീ സങ്കേതങ്ങൾ ഉപയോഗിച്ച് വിജയകരമായ മാലിന്യസംസ്കരണം നടത്തുന്നുണ്ടെങ്കിലും ഇതിലേക്കായി വേണ്ടിവരുന്ന ജനവാസമില്ലാത്ത മതിയായ ഭൂമി ഇന്ന് ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ലഭ്യമല്ല. അനെയ്റോബിക് കമ്പോസ്റ്റിംഗ് പോലെയുള്ള സാങ്കേതികവിദ്യകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്ന പല സ്ഥാപനങ്ങളും നമ്മുടെ അയൽസംസ്ഥാനങ്ങളിൽ ഉണ്ട്. പല ഗ്രാമപഞ്ചായത്തുകളും സ്വന്തംനിലയിൽ അവ കണ്ടെത്തുകയും ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിനെയും ശുചിത്വ മിഷനെയും (ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്ത്) സമീപിച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും അനുമതി നൽകാൻ ആരുംതന്നെ തയ്യാറായിട്ടില്ല. ഫലപ്രദമായ ഒരു മാലിന്യ സംസ്കരണവിദ്യ ലഭ്യമാക്കാത്തതും പുതുതായി ഒന്നുംതന്നെ വികസിപ്പിക്കാൻ കഴിയാത്തതും പരീക്ഷണാടിസ്ഥാനത്തിലെങ്കിലും വിജയകരമെന്ന് തോന്നുന്നവ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഈ രംഗത്തുള്ള പ്രധാന തടസ്സങ്ങളാണ്.

113. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം വിജയകരമായി നിർവ്വഹിച്ചുവരുന്ന 15-ഓളം ഗ്രാമപഞ്ചായത്തുകൾ കേരളത്തിലുണ്ട്. Scrap dealers-ന്റെ സേവനം ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് സംഭരിച്ച് അവ വൃത്തിയാക്കി കൈമാറൽ, Shredding Machine സ്ഥാപിച്ച് Shred ചെയ്ത് പ്ലാസ്റ്റിക് Scrap dealers-ന് കൈമാറൽ, Shred ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യൽ, പ്ലാസ്റ്റിക് ഗ്രാന്യൂൾസ് ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ തുടങ്ങി ഇത്തരത്തിൽ പ്ലാസ്റ്റിക് വളരെ വിജയകരമായി കൈകാര്യം ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ടെങ്കിലും ഇവ ഏകോപിപ്പിക്കാനോ പൂർണ്ണമായും പ്രയോജനപ്പെടുത്താനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശരിയായ നേതൃത്വം ലഭിക്കുന്നില്ല എന്നതാണ് അവസ്ഥ.

114. ഒരു Shredding Unit-ൽ ശരാശരി 100 മുതൽ 200 കിലോഗ്രാം വരെ പ്ലാസ്റ്റിക് ഒരു ദിവസം Shred ചെയ്യാൻ കഴിയും. അത്രയേറെ പ്ലാസ്റ്റിക് മാലിന്യം ഒരു ഗ്രാമപഞ്ചായത്തിൽ നിന്നുമാത്രം ലഭ്യമാകാൻ സാധ്യതയില്ല. ഉദാഹരണമായി കമിളി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള Shredding Unit-ൽ ഒരു ദിവസം 300 kg. വരെ Shred ചെയ്യാൻ സാധിക്കുമെങ്കിലും ലഭ്യത 50 kg.-ൽ താഴെ മാത്രമാണ്. ഗ്രാന്യൂളുകളായി മാറ്റുന്ന പ്ലാസ്റ്റിക് ഏറ്റെടുക്കുന്ന ഏജൻസികൾ അയൽസംസ്ഥാനങ്ങളിൽ ധാരാളം ഉണ്ട്. അവരേയും ഈ രംഗത്തേക്ക് ഏകോപിപ്പിക്കാൻ കഴിയണം. ഒരു ബ്ലോക്ക് മേഖലയിൽ ഒരു Shredding Unit-സ്ഥാപിച്ചാൽ ആ മേഖലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും പ്ലാസ്റ്റിക് മാലിന്യം Shred ചെയ്യാൻ സാധിക്കും. എന്നാൽ ഈ മേഖലയിൽ ഏകോപനം നടക്കാത്തതുകാരണവും പ്ലാസ്റ്റിക് മാലിന്യം വലിയ പ്രശ്നമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അലട്ടുന്നു.

115. ഇരുമ്പ്, അലുമിനിയം തുടങ്ങി റീസൈക്കിൾ ചെയ്യാവുന്ന ലോഹമാലിന്യങ്ങളുടെ ശരിയായ സംഭരണരീതി നിലവിലില്ലാത്തതുമൂലം ഇന്ന് Scrap dealers-നെ മാത്രമാണ് ആശ്രയിക്കാൻ കഴിയുന്നത്. ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് തുടങ്ങി എല്ലാ മാലിന്യങ്ങളും വീടുകളിൽനിന്നും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഏകീകൃതരൂപം ഉണ്ടാകുകയാണെങ്കിൽ ഇത്തരത്തിലുള്ള മാലിന്യങ്ങൾ മൂല്യമായും വരുമാനമാർഗ്ഗമായും ഉപയോഗിക്കാൻ കഴിയും.

116. ഇ-മാലിന്യം സംഭരിക്കുന്നതിന് നിലവിൽ ക്ലീൻ കേരള മിഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ശുചിത്വ മിഷനെയും ക്ലീൻ കേരള മിഷനെയും പോലെയുള്ള നോഡൽ ഏജൻസികൾ മാലിന്യം സംഭരിച്ച് റീസൈക്കിൾ ചെയ്യുന്നതിനുള്ള കേന്ദ്രീകൃതമായ സംവിധാനം ഉണ്ടാകുകയാണെങ്കിൽ ഭാവിയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സാധിക്കും.

117. ഖരമാലിന്യ സംഭരണരംഗത്ത് കുടുംബശ്രീയെ ഉപയോഗിക്കുന്നതും മാലിന്യത്തെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതും മാലിന്യസംസ്കരണ പ്ലാന്റുകൾ കൃത്യമായ മേൽനോട്ടത്തോടെ പ്രവർത്തിപ്പിക്കുന്നതിനുംവേണ്ട സംവിധാനങ്ങൾ ആവിഷ്കരിക്കുകയും പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ വിജയസാധ്യത കുറഞ്ഞ മാർഗ്ഗങ്ങൾ ഒഴിവാക്കുകയും ബയോഗ്യാസ് പ്ലാന്റുകൾ പോലുള്ളവ സ്ഥാപിക്കുകയും അവ പരിപാലിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക, ഒന്നിലേറെ ഗ്രാമപഞ്ചായത്തുകൾക്ക് ഉപയോഗിക്കാൻ കഴിയുംവിധം കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനും അവയിൽനിന്നുള്ള മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുന്നതിനും നിയമനിർമ്മാണം നടത്തുക, കോഴിക്കടകൾക്ക് ലൈസൻസ്

നൽകുമ്പോൾ സ്വന്തം മാലിന്യനിർമ്മാർജ്ജന സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തി മാത്രം പ്രവർത്തനാനുമതി നൽകുക, നിർമ്മാണ മേഖലകളിൽ നിന്നുള്ള മാലിന്യങ്ങൾ Land filling-ന് പ്രയോജനപ്പെടുത്തുക തുടങ്ങിയ സംവിധാനങ്ങൾ നടപ്പിൽ വരുത്തുന്നതും ഉചിതമായിരിക്കും.

**118. ശിപാർശകൾ:**

(1) വികേന്ദ്രീകൃതമായി 978 ഗ്രാമപഞ്ചായത്തുകളിലും ഖര-ദ്രവ മാലിന്യം സംബന്ധിച്ച ശാസ്ത്രീയമായ പഠനം നടത്തുന്നതിനുള്ള പ്രാദേശിക സംവിധാനം ഒരുക്കുക.

(2) അനെറൊബിക് കമ്പോസ്റ്റിംഗ് പോലെയുള്ള സാങ്കേതികവിദ്യകൾ സ്വന്തം നിലയിൽ കണ്ടെത്തി ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേക്ക് എങ്കിലും അനുമതി നൽകുക.

(3) പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന് നിലവിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിന് ശുചിത്വ മിഷന് നിർദ്ദേശം നൽകുക.

(4) Shred ചെയ്ത പ്ലാസ്റ്റിക് ഗ്രാമപഞ്ചായത്തുകളിലെ റോഡ് നിർമ്മാണത്തിന് നിർബന്ധമായും ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുക.

(5) ഇ-മാലിന്യസംസ്കരണത്തിന് ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിങ്ങനെയുള്ള ഏജൻസികൾക്ക് കൃത്യമായ ചുമതലകൾ നൽകുക.

(6) ശുചിത്വ മിഷൻ, കുടുംബശ്രീ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ പ്രവർത്തനങ്ങളുടെ ഏകോപനമില്ലായ്മ മാലിന്യസംസ്കരണ പ്രവർത്തന രംഗത്ത് നടത്തുന്ന മുതൽമുടക്കുകൾ നിഷ്ഫലമാക്കുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഏജൻസി എന്ന നിലയിൽ പഞ്ചായത്ത് വകുപ്പിനെ ചുമതലപ്പെടുത്തുന്നതും ഉചിതമായിരിക്കും."

**നിഗമനങ്ങൾ/ശിപാർശകൾ**

119. **സംസ്ഥാനം നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രതിസന്ധികളിലൊന്നാണ് ഖരമാലിന്യ പരിപാലനം. വ്യക്തമായ ആസൂത്രണവും കൃത്യമായ നിർവഹണവുമില്ലാത്തതിനാൽ ഈ മേഖലയിൽ ചെലവഴിക്കപ്പെടുന്ന കോടിക്കണക്കിന് രൂപ പാഴാവുന്ന അവസ്ഥയാണുള്ളത്. ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും മാലിന്യങ്ങൾ കനത്ത ഭീഷണി സൃഷ്ടിക്കുമ്പോഴും അവയുടെ നിർമ്മാർജ്ജനത്തിന് അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്താനായിട്ടില്ല എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു. വൻതുക ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ വലിയൊരു ശതമാനവും പ്രവർത്തന രഹിതമായ അവസ്ഥയാണ് സംസ്ഥാനത്ത്**

ഇന്ന് നിലവിലുള്ളത്. വികേന്ദ്രീകൃത ഖരമാലിന്യസംസ്കരണ സംവിധാനങ്ങളിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാകൂ എന്നതിനാൽ സംസ്ഥാനത്തെ ഖരമാലിന്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി സമിതി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ശുചിത്വ മിഷൻ ഡയറക്ടർ, നഗരകാര്യ വകുപ്പ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം ചീഫ് എഞ്ചിനീയർ, വിവിധ പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർ എന്നിവരുമായി 12-11-2014, 19-11-2014 എന്നീ തീയതികളിലായി വിശദമായ ചർച്ച നടത്തുകയും 2016 ജനവരിയിൽ മൈസൂരിലെ ഖരമാലിന്യസംസ്കരണ കേന്ദ്രം നേരിട്ട് സന്ദർശിക്കുകയുമുണ്ടായി.

120. സംസ്ഥാനത്തെ ഖരമാലിന്യ ഉൽപ്പാദനത്തെക്കുറിച്ചുള്ള സമഗ്ര പഠന റിപ്പോർട്ടുകൾ വിരളമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, തങ്ങളുടെ പരിധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവിനെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും മലിനീകരണനിയന്ത്രണ ബോർഡിനും നൽകിയ കണക്കുകൾ തമ്മിൽ വൻ അന്തരമുള്ളതായും ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

121. അതോടൊപ്പം, മിക്ക ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വ്യക്തമായ പഠനം നടത്താതെയാണ് മാലിന്യങ്ങളുടെ അളവിനെപ്പറ്റി നിഗമനത്തിൽ എത്തിയിട്ടുള്ളതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ഉറവിടം, ഘടന, സ്വഭാവം എന്നിവയെപ്പറ്റി തദ്ദേശസ്ഥാപനങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ഖരമാലിന്യങ്ങളെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാതെ പരിപാലന പദ്ധതികൾക്ക് രൂപം കൊടുക്കുന്നതാണ് ഖരമാലിന്യ പരിപാലന പദ്ധതികൾ പാളിപ്പോകുന്നതിന്റെ പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഇത്തരമൊരു പഠനം നടത്തുകയെന്നത് പ്രായോഗികമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഖരമാലിന്യ പരിപാലന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാനും നടത്തിക്കൊണ്ട് പോകാനും ഉതകുന്നവിധത്തിൽ ഖരമാലിന്യ ഉൽപ്പാദനം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനം ശുചിത്വ മിഷന്റെ സഹകരണത്തോടെ സർക്കാർ തലത്തിൽ നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങൾ നേരിട്ട് നടത്തുന്ന മാലിന്യസംസ്കരണത്തിന്റേയും മറ്റ് സ്ഥാപനങ്ങൾ വഴി നടത്തുന്ന മാലിന്യസംസ്കരണത്തിന്റേയും കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, തങ്ങളുടെ പരിധിക്കുള്ളിൽ

ദിനംപ്രതിയുണ്ടാകുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും നീക്കംചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്നുള്ളതും ഉറവിടങ്ങളിൽ തന്നെ മാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് ശേഖരിക്കാനാവാത്തതും പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാലിന്യങ്ങളെ ഉറവിടങ്ങളിൽതന്നെ ജൈവം/അജൈവം എന്ന് വേർതിരിച്ച് ശേഖരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

122. ശാസ്ത്രീയമായ ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് ഉറവിടങ്ങളെ പ്പറ്റിയുള്ള കൃത്യമായ ധാരണ അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ മാലിന്യങ്ങളുടെ 80%-ന്റെയും ഉറവിടം വീടുകളാണെന്നും ഈ മാലിന്യങ്ങളുടെ ഭൂരിഭാഗവും ചീഞ്ഞളിയുന്ന ജൈവമാലിന്യങ്ങളാണെന്നും ശുചിത്വ മിഷന്റെ പഠന റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നു. അതിനാൽ ഇവയുടെ പരിപാലന സംവിധാനങ്ങൾ സമയബന്ധിതമായിരിക്കേണ്ടത് അനിവാര്യമാണ് എന്നതിനൊപ്പംതന്നെ ഇവ ജൈവവളനിർമ്മാണം, ബയോഗ്യാസ് ഉൽപ്പാദനം എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമാണെന്നും സമിതി വിലയിരുത്തുന്നു. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിന് പൈപ്പ് കമ്പോസ്റ്റിംഗ് ഉത്തമമായ ഒരു മാർഗ്ഗമാണെങ്കിലും അത് ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിൽ വരുത്തിയ പോരായ്മകൾമൂലം സംസ്ഥാനത്ത് പരാജയമാകുക യായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

123. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പൈപ്പ് കമ്പോസ്റ്റിംഗ് പരാജയമാകുക യായിരുന്നുവെന്നും എന്നാൽ കോട്ടയം, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ പദ്ധതി വിജയകരമായിരുന്നുവെന്നും ശുചിത്വ മിഷന്റെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു.

124. ശരിയായ ബോധവൽക്കരണം ഇല്ലാതിരുന്നതിനാൽ പൊതുജനങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് പ്രവർത്തിപ്പിക്കേണ്ട രീതിയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ, പരിശോധനയ്ക്ക് വിധേയമാക്കി വിജയമാണോ, പരാജയമാണോ എന്ന് വിലയിരുത്തുന്നതിനും പരാജയമാണെങ്കിൽ അതിന്റെ കാരണം സംബന്ധിച്ചും ശുചിത്വ മിഷൻ ഒരു പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേന്ദ്രീകൃത സംവിധാനത്തെക്കാളും ഒട്ടേറെ മേന്മകൾ വികേന്ദ്രീകൃത/ഉറവിട മാലിന്യ സംസ്കരണത്തിനുള്ളതിനാൽ പ്രസ്തുത സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

125. വികേന്ദ്രീകൃത/ഉറവിട ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി ഒട്ടേറെ സാങ്കേതിക വിദ്യകൾ ഇപ്പോൾ പ്രചാരത്തിലുണ്ടെന്നും കുറഞ്ഞചെലവ്, കൈകാര്യം ചെയ്യുന്നതിലുള്ള അനായാസത, പാരിസ്ഥിതിക സൗഹാർദം എന്നിവ ഈ സാങ്കേതികവിദ്യകളുടെ സവിശേഷതകളാണെന്നും സമിതി വിലയിരുത്തുന്നു. വീടുകളിൽ ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യകൾ

മൺകലത്തിലെ കമ്പോസ്റ്റിംഗ്, ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ്, മോസ്പിറ്റ് കമ്പോസ്റ്റിംഗ്, ജൈവസംസ്കരണ ഭരണികമ്പോസ്റ്റിംഗ്, ചെറിയ ബയോബിൻ കമ്പോസ്റ്റിംഗ്, പോളിമർ ടംബ്ലറിൻ കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, പോർട്ടബിൾ പ്ലാസ്റ്റിക് ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ് എന്നിവയാണെന്നും പാർപ്പിട സമുച്ചയങ്ങൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കിണങ്ങുന്ന സാങ്കേതിക വിദ്യകൾ ബയോബിന്നുകൾ/പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ്, കേന്ദ്രീകൃത ബയോടാങ്ക് കമ്പോസ്റ്റിംഗ്, എയ്റോബിക് ഫെറോസിമന്റ് ബിൻ കമ്പോസ്റ്റിംഗ്, മെക്കാനിക്കൽ കമ്പോസ്റ്റിംഗ് എന്നിവയാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.

126. ഓരോ വീടിനോടും ഫ്ലാറ്റിനോടും ചേർന്ന് ലഭ്യമായ സ്ഥലസൗകര്യത്തിനനുസരിച്ച്, സ്ഥാപിക്കാവുന്ന സങ്കേതങ്ങളാണിവ എന്ന് സമിതി നിരീക്ഷിക്കുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടത് വളരെ അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു. പുതിയതായി വീടോ സ്ഥാപനമോ നിർമ്മിക്കുന്നതിന് അനുമതി നൽകുമ്പോൾ മാലിന്യസംസ്കരണത്തിന് ആവശ്യമായ, മേൽപ്പറഞ്ഞ പട്ടികയിലുൾപ്പെട്ട എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത നിബന്ധനയ്ക്ക് വിധേയമായി മാത്രമേ പുതുതായി പണിയുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാവൂ എന്നും ഇതിനായി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

127. വികേന്ദ്രീകൃത/ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90%-വും, ബയോഗ്യാസ് പ്ലാന്റുകൾക്ക് 75%-വും സബ്സിഡി സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ടെങ്കിലും പ്രസ്തുത സംവിധാനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റിൽ നിന്നും ആവശ്യമായ പാചകവാതകത്തോടൊപ്പം ജൈവവളവും ലഭിക്കുമെന്നതിനാൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തികനേട്ടവും അവഗണിക്കാവുന്നതല്ലെന്ന് സമിതി വിലയിരുത്തുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് വ്യാപകമായ പ്രചരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

128. ഖരമാലിന്യ പരിപാലനത്തിനായി ഇന്ത്യയിലെ നഗരങ്ങളിൽ നിലവിലുള്ള പ്രധാന മാർഗ്ഗങ്ങൾ സാനിട്ടറി ലാന്റ്ഫിൽ, ഭസ്മീകരണം, ഊർജ്ജമാക്കി മാറ്റൽ എന്നിവയാണെന്നും എന്നാൽ മാലിന്യങ്ങളുടെ ഘടനാപരമായ പ്രത്യേകതകൾ കാരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനാലും മറ്റ് രണ്ട് മാർഗ്ഗങ്ങളെയുമപേക്ഷിച്ച് ജൈവരാസ

പരിവർത്തനത്തിലൂടെയുള്ള ഊർജ്ജമാക്കി മാറ്റൽ പ്രക്രിയയാണ് സംസ്ഥാനത്തിനേറ്റവും യോജിച്ചതെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ ഖരമാലിന്യപരിപാലന സംവിധാനത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ് ബയോഗ്യാസ് പ്ലാന്റുകൾ എങ്കിലും വൻതുക ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകൾ പ്രവർത്തനരഹിതമായിത്തീരുന്ന അവസ്ഥയാണ് സംസ്ഥാനത്തുടനീളമുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ കയ്യൊഴിയുന്നതുമൂലവും ബഹുജനപ്രക്ഷോഭംമൂലവും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവരുന്ന പ്ലാന്റുകളുടെ എണ്ണം വളരെയധികമാണെന്നും സമിതി വിലയിരുത്തുന്നു. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ഗ്യാസുപയോഗിച്ച് തെരുവുവിളക്കുകൾ കത്തിക്കുക തുടങ്ങിയവ നടത്തുന്ന തദ്ദേശസ്ഥാപനങ്ങളും വിരളമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് കത്തിച്ചുകളയുകയാണ് മിക്ക സ്ഥാപനങ്ങളും ചെയ്തുവരുന്നതെന്നും ഇതുമൂലം കനത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായും സമിതി വിലയിരുത്തുന്നു.

129. ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തുകയുണ്ടായി. ഇളമ്പല്ലൂർ കമ്മ്യൂണിറ്റി ഹാളിലെ മാലിന്യങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാന്റിൽ നിന്നും 2 മണിക്കൂർ പാചകത്തിനുള്ള ഗ്യാസ് ലഭിക്കുന്നുണ്ടെന്നും ബാലരാമപുരം ആയുർവ്വേദ ആശുപത്രിയിൽ ചൂടുവെള്ളമുണ്ടാക്കുന്നതിനും മരുന്ന് നിർമ്മാണത്തിനും ബയോഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന വാതകമുപയോഗിക്കുന്നുണ്ടെന്നും എറണാകുളം ജില്ലയിലെ പല ആയുർവേദ ആശുപത്രികളിലും പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് ശുചിത്വ മിഷൻ ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകുന്നു.

130. ആലപ്പുഴ മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവ മികച്ച രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തുന്നതിലൂടെ തനത് വരുമാനമാർഗ്ഗം കണ്ടെത്തിയ പഞ്ചായത്താണ് കാസർഗോഡ് ജില്ലയിലെ മംഗൽപാടി എന്നും കുബനൂരിലെ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റ് മിതമായ വിലയ്ക്കാണ് കർഷകർക്ക് നൽകുന്നത് എന്നും 2011-12-ൽ, ജൈവവളം വിൽപ്പനയിലൂടെ 1,12,500 രൂപ മംഗൽപാടി പഞ്ചായത്തിന് വരുമാനമുണ്ടായെന്നും ഖരമാലിന്യ പരിപാലന സംവിധാനത്തെ ലാഭകരമാക്കുക എന്ന ആധുനിക സങ്കൽപ്പവുമായി ഒത്തുപോകുന്നതാണ് മംഗൽപാടിയിലെ ഖരമാലിന്യ പരിപാലന മാതൃകയെന്നും സമിതി നിരീക്ഷിക്കുന്നു. ഇതിനുപുറമേ, തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തായ കമ്പളയിൽ

നിന്നുള്ള 750 ടൺ ഖരമാലിന്യങ്ങൾ 2006 മുതൽ 2009 വരെയുള്ള കാലത്ത് മംഗൽപാടിയിലെ പ്ലാന്റിൽ സംസ്കരിക്കുകയും ഇതിലൂടെ, പ്രോസസിംഗ് ചാർജിനത്തിൽ 97,500 രൂപ മംഗൽപാടി പഞ്ചായത്തിന് ലഭിക്കുകയുമുണ്ടായി എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.

131. ആലത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്ടുള്ള ഐ.ആർ.ടി.സി. എന്ന ഏജൻസി മുഖേന ശാസ്ത്രീയമായ ഒരു പഠനം നടത്തിയിരുന്നുവെന്നും പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്ന മാലിന്യം 3170 കി.ഗ്രാമാണെന്നും കച്ചവടസ്ഥാപനങ്ങൾ, വീടുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവവളമാക്കി കി.ഗ്രാമിന് 5 രൂപ നിരക്കിൽ വിൽപ്പന നടത്തുന്നുണ്ടെന്നും പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

132. ഇത്തരത്തിൽ നമ്മുടെ കാലാവസ്ഥയെ അതിജീവിച്ച് വിജയകരമായി പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകകൾ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിന്തുടരാൻ കഴിയുമോ എന്നത് സംബന്ധിച്ച്, പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്ന പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും പങ്കെടുപ്പിച്ച് ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണനിയന്ത്രണ ബോർഡ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവ ചേർന്ന് വിശദമായ ചർച്ചയും ശില്പശാലയും സംസ്ഥാനതലത്തിൽ അടിയന്തരമായി സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133. ശബരിമല മണ്ഡലകാല സമയത്ത് ധാരാളം ഭക്തജനങ്ങൾ വന്നുപോകുന്ന പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, എരുമേലി, കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലും പമ്പാ നദിയിലും ഭക്തജനത്തിരക്ക് കഴിയുന്നതോടെ മാലിന്യങ്ങൾ കുന്നുകൂടുന്നതായി സമിതി മനസ്സിലാക്കുന്നു. ശരിയായ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താത്തപക്ഷം സമീപഭാവിയിൽത്തന്നെ ഇവിടെ മാലിന്യങ്ങൾ നിറഞ്ഞ് പകർച്ചവ്യാധികൾ പടരുന്ന സ്ഥിതിയുണ്ടാകുമെന്നും സമിതി വിലയിരുത്തുന്നു. സർക്കാരും ശുചിത്വ മിഷനും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും പ്രസ്തുത സ്ഥലങ്ങളിൽ മാലിന്യസംസ്കരണത്തിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

134. പുനലൂർ മുനിസിപ്പാലിറ്റിയിൽ വൻതുക ചെലവഴിച്ച് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശുചിത്വ മിഷൻ നിശ്ചയിച്ച കൂലിക്ക് ജോലി ചെയ്യാൻ തൊഴിലാളികൾ തയ്യാറാകാത്തതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ തൊഴിലാളികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

135. ഖരമാലിന്യപരിപാലനത്തിന് ആവശ്യമുള്ളത്ര ഭൂമി സ്വന്തമായില്ലാ എന്നതാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ പഠന റിപ്പോർട്ട് പ്രകാരം, ഖരമാലിന്യ പരിപാലന രംഗത്ത്, അടുത്ത 20 വർഷത്തേക്ക് ആവശ്യമായി വരുന്ന അളവിൽ ഭൂമി സ്വന്തമായുള്ള ഏക സ്ഥാപനം കാസർഗോഡ് മുനിസിപ്പാലിറ്റി മാത്രമാണെന്ന് കാണുന്നു. കോർപ്പറേഷനുകളിലെ സ്ഥിതി ഇതിലും രൂക്ഷമായിരിക്കുമെന്നും സമിതി അനുമാനിക്കുന്നു.

136. കൊച്ചി ബ്രഹ്മപുരത്തെ ബയോഗ്യാസ് പ്ലാന്റ് മികച്ചരീതിയിൽ പ്രവർത്തനം നടത്തിവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സമീപപ്രദേശത്തുള്ള സ്വന്തമായി മാലിന്യസംസ്കരണ പ്ലാന്റില്ലാത്ത മുനിസിപ്പാലിറ്റികളെക്കൂടി പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നത് പ്രയോജനകരമായിരിക്കുമെന്നും സമിതി കരുതുന്നു. ആലുവ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി മാലിന്യസംസ്കരണ പ്ലാന്റില്ലെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 18,86,033 രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ബ്രഹ്മപുരം പ്ലാന്റ് നവീകരിക്കുന്നമുറയ്ക്ക് ആലുവ മുനിസിപ്പാലിറ്റിയെക്കൂടെ പ്രസ്തുത പദ്ധതിയുമായി കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

137. മാലിന്യസംസ്കരണശാലകൾക്കെതിരെ സംസ്ഥാനത്ത് നടക്കുന്ന ജനകീയ പ്രക്ഷോഭങ്ങളുടെ പ്രധാന കാരണം അസഹ്യമായ ദുർഗന്ധവും ഒലിച്ചിറങ്ങുന്ന മലിനജലവുമാണ്. 2000-ലെ മുനിസിപ്പൽ ഖരമാലിന്യ ചട്ടങ്ങളുടെ IV-ാം ഷെഡ്യൂൾ പ്രകാരം, പ്ലാന്റുകളോട് ചേർന്ന്, ഒലിച്ചിറങ്ങുന്ന മലിനജലത്തെ ശുദ്ധീകരിക്കാനുള്ള സംവിധാനം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നാളിതുവരെ ഇത് പാലിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു. ഖരമാലിന്യത്തെ ജൈവവളമാക്കി മാറ്റുമ്പോൾ 12% മാലിന്യങ്ങളാണ് ഉപയോഗയോഗ്യമല്ലാത്തതായി (Rejects) കണക്കാക്കുന്നത്. എന്നാൽ മാലിന്യങ്ങളെ ശരിയായിവേർതിരിക്കാത്തതിനാൽ ഉപയോഗയോഗ്യമല്ലാത്തവയുടെ അളവ് 30% ആയി ഉയരുകയും പ്ലാന്റിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. കൂടാതെ യന്ത്രഭാഗങ്ങളിൽ പ്ലാസ്റ്റിക് കുടുങ്ങി പ്ലാന്റിന്റെ പ്രവർത്തനവും തടസ്സപ്പെടുത്തുന്നു. സംസ്കരിക്കപ്പെടാതെ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളിൽ നിന്നുള്ള അസഹ്യമായ ദുർഗന്ധവും ഒലിച്ചിറങ്ങുന്ന മലിനജലവും കുടിവെള്ളസ്രോതസ്സുകളെ മലിനമാക്കുന്നു. ഇത് ബഹുജന പ്രക്ഷോഭത്തിന് കാരണമാകുന്നു. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, തൃശ്ശൂർ ജില്ലയിലെ ലാലൂർ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെ ബഹുജനപ്രക്ഷോഭങ്ങൾ നടക്കുമ്പോൾപോലും അതിന്റെ കാരണങ്ങൾ മനസ്സിലാക്കി സമയബന്ധിതമായി

ബദൽ സംവിധാനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്നത് വസ്തുതയായി അവശേഷിക്കുന്നു. പണി തുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാത്ത, തിരുവനന്തപുരം കോർപ്പറേഷന്റെ വിളപ്പിൽശാലയിലെ മലിനജലസംസ്കരണ പ്ലാന്റ് ഇതിനുദാഹരണമാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ഖരമാലിന്യസംസംസ്കരണ പ്ലാന്റുകളോട് ചേർന്ന് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

138. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ മുഖേന വൻതുക നൽകിയിട്ടുണ്ടെങ്കിലും നൽകിയ തുകകളുടെ വിനിയോഗം വേണ്ട രീതിയിൽ വിലയിരുത്താനോ നടപടികൾ കൈക്കൊള്ളാനോ ശുചിത്വ മിഷന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിലൂടെ നൽകിയ കോടിക്കണക്കിന് രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുന്നു. അനുമതി നൽകിയ പദ്ധതികൾ, അനുവദിച്ച ഫണ്ടുകൾ എന്നിവയിൽ കാര്യക്ഷമമായ മേൽനോട്ടം നടത്താനോ തദ്ദേശസ്ഥാപനങ്ങളെക്കൊണ്ട് സമയബന്ധിതമായി പണികൾ തീർക്കാനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുവാനോ യാതൊരു നടപടിയും ശുചിത്വ മിഷൻ സ്വീകരിച്ചതായി കാണുന്നില്ല. ഖരമാലിന്യ സംസ്കരണാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ വിനിയോഗം ഉറപ്പുവരുത്താൻ ശുചിത്വ മിഷൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

139. തെളിവെടുപ്പ് വേളയിൽ സമിതി മൈസൂർ മോഡൽ, ആരോബയോ മോഡൽ, തുമ്പൂർമുഴി മോഡൽ എന്നിവയെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയുണ്ടായി.

140. ജൈവ അജൈവ മാലിന്യങ്ങളെ പ്രത്യേകമായി വേർതിരിക്കാതെയാണ് മൈസൂരിലെ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്നതെന്നും പ്രത്യേക യന്ത്രത്തിന്റെ സഹായത്തോടെയാണ് പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങളെ വേർതിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്നതിന് തുച്ഛമായ തുക മാത്രമാണ് മൈസൂർ കോർപ്പറേഷന് ചെലവ് വരുന്നതെന്നും യന്ത്രഭാഗങ്ങൾ സ്ഥാപിക്കുന്നതിനുള്ള അധികരിച്ച ചെലവും വൈദ്യുതി ചാർജ്ജും ഈ സംവിധാനത്തിലൂടെ ഒഴിവാക്കാനാവുമെന്നും സമിതി വിലയിരുത്തുന്നു. ചീഞ്ഞളിയുന്ന മാലിന്യങ്ങളിന്മേൽ പ്രത്യേക ജൈവലായനി തളിക്കുന്നതോടെ കൊതുക്, ഈച്ച തുടങ്ങിയവയുടെ പ്രശ്നവും തീരെ ഇല്ലാതാകുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. മൈസൂരിലും കേരളത്തിലും ഒരേ രീതിയിലുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനം തന്നെയാണ് നടപ്പിലാക്കുന്നതെങ്കിലും നമ്മുടെ

സംസ്ഥാനത്ത് അത് തീരെ വിജയകരമാകുന്നില്ലെന്ന് റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. വിൻഡ്രോ കമ്പോസ്റ്റിംഗ് വിജയകരമായി നടപ്പിലാക്കുന്നതിന് അന്തരീക്ഷ ആർദ്രത (humidity) 55 ശതമാനത്തിൽ കൂടാൻ പാടില്ല എന്നിരിക്കെ 90 ശതമാനത്തിൽ കൂടുതൽ അന്തരീക്ഷ ആർദ്രതയുള്ള കേരളത്തിൽ പ്രസ്തുത സംവിധാനം വിജയകരമായി നടപ്പിലാക്കാൻ പ്രയാസമായിരിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. മൈസൂരിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതി നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതമൂലം ഇവിടെ അതേപടി നടപ്പിലാക്കുന്നത് പ്രായോഗിക മാണോയെന്ന് സമിതി സംശയിക്കുന്നു. എന്നാൽ പ്രസ്തുത മാതൃകയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്നതാണെന്നും ഇക്കാര്യം പരിശോധിച്ച് നടപ്പിലാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്ലാന്റിന്റെ വശങ്ങൾ അടച്ചുകെട്ടിയും ഈർപ്പം പരമാവധി ഒഴിവാക്കിയും നിലവിലുള്ള കമ്പോസ്റ്റിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.

141. കോഴിക്കോട് പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് നവീകരിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളതായി ശുചിത്വ മിഷൻ ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ ബോധിപ്പിച്ചിരുന്നു. പ്രസ്തുത നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

142. ഇസ്രയേലി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആരോബയോ മോഡലിൽ ജല, വായു മലിനീകരണം ഉണ്ടാകുന്നില്ലെന്നും മാലിന്യങ്ങളെ മുൻകൂട്ടി വേർതിരിക്കേണ്ട ആവശ്യമോ പ്ലാന്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ ചെലവ്, ഭൂമി എന്നിവയോ വേണ്ടിവരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഖരമാലിന്യങ്ങളെ ഒന്നോടെ വെള്ളത്തിലിട്ടാൽ പ്ലാസ്റ്റിക് പോലുള്ളവ പൊങ്ങിക്കിടക്കുകയും കുപ്പിച്ചില്ല്, ലോഹങ്ങൾ മുതലായവ അടിയിൽ എത്തുകയും മാലിന്യത്തിലെ ദുർഗന്ധമുണ്ടാകുന്ന ദ്രവഭാഗം വെള്ളത്തിൽ ഒഴുകിപ്പോവുകയും ചെയ്യും എന്നും പ്ലാന്റിൽ അവശേഷിക്കുന്ന ജൈവവസ്തുക്കളെ മികച്ച ജൈവവളമാക്കി മാറ്റാമെന്നതാണ് ഇതിന്റെ സവിശേഷതയെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാസ്റ്റിക്, ഗ്ലാസ്സ്, ലോഹങ്ങൾ എന്നിവ കഴുകി വൃത്തിയാക്കിയ നിലയിൽ ലഭിക്കുമെന്നതിനാൽ അവയുടെ പുനരുപയോഗ സാധ്യത വർദ്ധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യങ്ങളെ ശരിയായി വേർതിരിക്കാൻ കഴിയാത്തതും സംസ്കരണ സംവിധാനം സ്ഥാപിക്കാനാവശ്യമായ അളവിൽ ഭൂമി ലഭ്യമാക്കാൻ കഴിയാത്തതുമാണ് ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന വലിയ പ്രതിസന്ധി എന്നതിനാൽ, പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ആരോബയോ മാതൃക, നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന്, സമിതി ശിപാർശ ചെയ്യുന്നു.

143. വളരെ ചെലവ് കുറഞ്ഞതും കുറച്ച് സ്ഥലം മാത്രം ആവശ്യമുള്ളതുമായ ഒരു എയ്റോബിക് സംവിധാനമാണ് തുമ്പൂർമുഴി മാതൃകയെന്നും നഗരങ്ങളിൽ പലയിടങ്ങളിലും പ്രത്യേകിച്ച് കല്ല്യാണ മണ്ഡപങ്ങളിലും മറ്റും ഈ സംവിധാനം ഉപയോഗിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. താരതമ്യേന ലളിതവും ചെലവുകുറഞ്ഞതുമായ പ്രസ്തുത പദ്ധതി മാലിന്യസംസ്കരണത്തിനുള്ള ഒരു മികച്ച മാർഗ്ഗമാണെന്നും ആയതിന് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പാർപ്പിട സമുച്ചയങ്ങൾ, ഭക്ഷണശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയയിടങ്ങളിൽ തുമ്പൂർമുഴി സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

144. സംസ്ഥാനത്തെ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം അവതാളത്തിലായതിന്റെ പ്രധാന കാരണങ്ങൾ ശരിയായ പഠനത്തിന്റെ അഭാവവും നിർമ്മാണത്തിലുണ്ടായ പിഴവുകളും അവ കൈകാര്യം ചെയ്യുന്നതിലെ അലംഭാവവും ആണെന്ന് സമിതി കരുതുന്നു. മാർക്കറ്റുകളിലും മറ്റും പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ ശേഷിക്കനുസൃതമായി മാലിന്യങ്ങൾ ലഭിക്കാത്തതിനാൽ ഇവയിൽ പലതും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്നും കാലക്രമത്തിൽ ഇവ പ്രവർത്തനരഹിതമായിത്തീരുന്ന അവസ്ഥയുണ്ടാകാറുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രവർത്തനമില്ലാത്ത അറവുശാലയോട് ചേർന്ന് പോലും പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നിർമ്മാണത്തിലുണ്ടാകുന്ന സാങ്കേതികപിഴവുകൾമൂലം ഉപയോഗശൂന്യമായ പ്ലാന്റുകളുടെ എണ്ണം വർദ്ധിച്ച് വരുന്നതായും സമിതി നിരീക്ഷിക്കുന്നു. പ്ലാന്റുകളുടെ നിർമ്മാണവും പ്രവർത്തനത്തിന്റെ മേൽനോട്ടവും വഹിക്കുന്ന ഏജൻസികളുടെ പ്രവർത്തനം ഒട്ടുംതന്നെ തൃപ്തികരമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. നിർമ്മാണം നടത്തിയ ഏജൻസികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും ശരിയായ വിധത്തിൽ കരാർ ചമയ്ക്കാത്തതിനാൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാറില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാന്റുകളുടെ നിർമ്മാണം നടത്തുന്ന ഏജൻസികളുമായി ചട്ടം അനുശാസിക്കുംവിധമുള്ള കരാർ ചമയ്ക്കുന്നതിനാൽ ശ്രദ്ധപുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്ലാന്റുകളുടെ നിർമ്മാണവും പ്രവർത്തനവും സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽ പ്പെടുത്തണമെന്നും ശുചിത്വ മിഷൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

145. പ്ലാന്റുകളുടെ നിർമ്മാണത്തിലുണ്ടായ പിഴവുകൾ പരിഹരിക്കുന്നതിനും പ്രവർത്തനം നിലച്ച ബയോഗ്യാസ് പ്ലാന്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന എല്ലാ പൊതു കമ്പോസ്റ്റിംഗ് പ്ലാന്റുകളുടേയും പ്രവർത്തനം അവലോകനവിധേയമാക്കണമെന്നും ആവശ്യാനുസരണം, ഷ്രെഡ്ഡിംഗ് മെഷീൻ, സ്ക്രീനിംഗ് യന്ത്രങ്ങൾ എന്നിവ സ്ഥാപിച്ച് പ്ലാന്റുകൾ നവീകരിക്കുന്നതിനും ജൈവ ഇനോക്കുലം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കാത്ത രീതിയിൽ കമ്പോസ്റ്റിംഗ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് കർഷകർക്ക് വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

146. പ്രവർത്തനക്ഷമമായ പ്രകൃതിസൗഹൃദ ജൈവ ഇനോക്കുലം കൾച്ചർ ചെയ്ത് ലഭ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലകൾ മുഖേന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

147. സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്കകളകറ്റി ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

148. ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ, എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

149. കോഴിക്കടകൾക്കും കശാപ്പുശാലകൾക്കും ലൈസൻസ് നൽകുമ്പോൾ അവയ്ക്ക് സ്വന്തമായി മാലിന്യനിർമ്മാർജ്ജന സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ചട്ടപ്രകാരമുള്ള മാലിന്യസംസ്കരണ സംവിധാനമില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾക്കെതിരെ അവയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുളള കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

150. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് ഊർജ്ജിതപ്പെടുത്തണമെന്നും പൊതുസ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

151. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കരുതെന്ന് ചട്ടം അനുശാസിക്കുന്നുണ്ടെങ്കിലും മൂടിയുള്ളതും ജൈവ-അജൈവ മാലിന്യങ്ങളെ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകളുള്ളതുമായ വാഹനങ്ങൾ വളരെ വിരളമാണെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന

വാഹനങ്ങൾ മാറ്റി ആധുനിക രീതിയിലുള്ള, ജൻറം പദ്ധതിയനുസരിച്ചുള്ള വാഹനങ്ങൾ വാങ്ങുന്നത് വൻസാമ്പത്തിക ബാധ്യതയുണ്ടാക്കാമെന്നത് സമിതി മനസ്സിലാക്കുന്നു. അത്തരത്തിലുള്ള വാഹനങ്ങൾ വാങ്ങുന്നത് വരെ, മാലിന്യം ടാർപോളിൻ കൊണ്ട് മൂടിക്കൊണ്ടുപോകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

152. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യസംസ്കരണത്തിന് ഇൻസിനറേറ്ററുകൾ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും ഇവ മാലിന്യ സംസ്കരണത്തേക്കാൾ പരിസര മലിനീകരണമാണ് സൃഷ്ടിക്കുന്നതെന്നും ഇവിടുത്തെ മാലിന്യങ്ങളിൽ ഈർപ്പം കൂടുതലായതിനാൽ ഇൻസിനറേറ്ററുകൾ അനുയോജ്യമല്ലെന്നും സമിതി വിലയിരുത്തുന്നു. ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഇത് പാലിച്ചുകൊണ്ടല്ല മിക്ക തദ്ദേശസ്ഥാപനങ്ങളും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. നിലവാരമുള്ള യന്ത്രസാമഗ്രികളോ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങളോ ഒരുക്കിയിട്ടില്ലെന്നും പലപ്പോഴും ശുചിത്വ മിഷന്റെ സാങ്കേതികാനുമതിപോലും വാങ്ങാറില്ലെന്നും സമിതി മനസ്സിലാക്കുന്നു. ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിക്കാതെ ഒരുമിച്ച് ഇൻസിനറേറ്ററിൽ തള്ളുന്നതുമൂലം പുറത്തുവരുന്ന വാതകങ്ങളും മാംഗനീസ്, കാഡ്മിയം, ഈയം തുടങ്ങിയ ഘനലോഹങ്ങളുടെ അംശങ്ങളും ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും കനത്ത ഭീഷണി സൃഷ്ടിക്കുന്നതായും കാൻസർ പോലുള്ള രോഗങ്ങൾക്ക് ഹേതുവാകുന്നതായും സമിതി വിലയിരുത്തുന്നു. മാലിന്യ സംസ്കരണത്തിന് മറ്റൊരു മാർഗ്ഗവും ഫലവത്താവാത്ത സാഹചര്യത്തിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങൾ ഇൻസിനറേറ്ററുകൾ പ്രയോജനപ്പെടുത്താവൂ എന്നും ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

153. ആശുപത്രികളിലും മറ്റുസ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകൾ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് കൃത്യമായും സമയബന്ധിതമായും പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

154. പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ കൊണ്ടുതന്നെ വീടുകളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാനാവുമെന്നതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന അജൈവ മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുൻതൂക്കം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു.

155. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പദ്ധതികളെ തകിടം മറിക്കുന്നതിൽ പ്ലാസ്റ്റിക്കിന് പ്രധാന പങ്കുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്ലാസ്റ്റിക്കിനെ ശരിയായി സംസ്കരിക്കാനുള്ള സാങ്കേതിക വിദ്യകൾ ഒന്നും തന്നെ നിലവിലില്ലെന്നും പൊടിച്ചെടുത്ത പ്ലാസ്റ്റിക്കിനെ റോഡ് ടാറിംഗിന് ഉപയോഗിക്കുക എന്നത് മാത്രമാണ് നിലവിലുള്ള ഏറ്റവും പ്രായോഗികമായ സാങ്കേതികവിദ്യ എന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, പുനരുപയോഗ സാധ്യത തീരെയില്ലാത്ത നേർത്ത പ്ലാസ്റ്റിക് കവറുകൾ പോലെയുള്ള മാലിന്യങ്ങളാണ് ഏറെയും എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനവും ഉപയോഗവും കുറയ്ക്കാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. 40 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുക്കുന്ന സമയത്ത് കടയുടമകളിൽ നിന്നും വാങ്ങുന്ന സമ്മതപത്രം മാത്രമാണ് ഈ വിഷയത്തിൽ തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊണ്ടുവരുന്ന ഏകനടപടിയെന്ന് സമിതി വിലയിരുത്തുന്നു. ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകളുടെ നിരോധനം കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളണമെന്നും ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

156. പഞ്ചായത്ത് സമിതികൾക്ക് പ്രദേശത്തെ ജനങ്ങളുമായി കൂടുതൽ സമ്പർക്കമുണ്ടാകുമെന്നതിനാൽ, ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകൾ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുമെന്ന വിഷയത്തിൽ ബോധവൽക്കരണ മടക്കമുള്ള പരിപാടികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

157. പ്ലാസ്റ്റിക്കിന്റെ നിർമ്മാർജ്ജനത്തിനായുള്ള ഏക മാർഗ്ഗം അത് ടാറിംഗിന് ഉപയോഗിക്കുക എന്നത് മാത്രമാണെന്ന് വിലയിരുത്തിയ സമിതി അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യമുള്ള ഗാന്ധിപുരം-പുല്ലാനിവിളറോഡ് 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ½ കിലോ മീറ്റർ പ്ലാസ്റ്റിക്കുപയോഗിച്ചും ½ കിലോ മീറ്റർ സാധാരണ വിധത്തിലും ടാറിംഗ് നടത്തിയെന്നും, പിന്നീട് 5 വർഷം തുടർച്ചയായി റോഡിന്റെ നിലവാരം നിരീക്ഷിച്ചതിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്ത ഭാഗം കേടുപാടുകളില്ലാതെ നിലനിൽക്കുന്നതായി കണ്ടുവെന്നും സമിതി മുമ്പാകെ ഉദ്യോഗസ്ഥർ ബോധിപ്പിച്ചു. തിരുവനന്തപുരത്തിന് പുറമേ വയനാട്, കാസർഗോഡ്, എറണാകുളം തുടങ്ങിയ ജില്ലകളിലും പൊതുമരാമത്ത് വകുപ്പ് ഇത്തരണത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്തിട്ടുണ്ടെന്നും അവയുടെ നിലവാരവും മികച്ചതായാണ് കാണുന്നതെന്നും സമിതി വിലയിരുത്തുന്നു.

158. വടകര മുനിസിപ്പാലിറ്റിയിലെ ടൗൺഹാൾ റോഡിന്റെ 400 മീറ്റർ, കോഴിക്കോട് കോർപ്പറേഷനിലെ പുതിയറ റോഡ്, തലശ്ശേരി ലോഗൻസ് റോഡ്, തൃശ്ശൂർ കോക്കാല മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വരെയുള്ള റോഡ് തുടങ്ങിയവ പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശ സ്ഥാപനങ്ങൾ നിർമ്മിച്ച റോഡുകളാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, ടാറിംഗിനായി പ്ലാസ്റ്റിക് ചേർക്കുമ്പോൾ ബിറ്റുമിന്റെ അളവ് കുറയ്ക്കാൻ കഴിയുമെന്നും അതുമൂലം ടാറിംഗിന്റെ ചെലവും കുറയുമെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്ത റോഡുകളുടെ നിലവാരം നിരീക്ഷിച്ചതിൽ നിന്നും ഗുണഫലങ്ങൾ മാത്രമാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നതിനാലും സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വിപത്തായ പ്ലാസ്റ്റിക് മാലിന്യത്തെ ഇത്തരത്തിൽ സുഗമമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്നതിനാലും ടാറിംഗിന് നിശ്ചിത ശതമാനം പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും പഞ്ചായത്ത് റോഡുകളിലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന O.D.R. റോഡുകളിലും പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

159. ടാറിംഗിനായി 120 ഡിഗ്രിയോളം ചൂടാക്കിയ മെറ്റലിലേക്ക് മിൽമയുടെ കവർ പോലുള്ള കട്ടിയുള്ള പ്ലാസ്റ്റിക് കവറുകൾ ഒരിഞ്ച് വീതിയിൽ മുറിച്ചിടുമ്പോൾ അത് ഉരുകിയ ഒരു പാളി പോലെ മെറ്റലിൽ പിടിക്കുമെന്നും പിന്നീട് ബിറ്റുമിനും ചേർത്ത് റോഡിൽ ഇടുക എന്നതാണ് ഇതിന്റെ സാങ്കേതികത്വമെന്നും സമിതി മനസ്സിലാക്കുന്നു. വിപുലമായ തോതിൽ, ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നത് സംബന്ധിച്ച് നാളിതുവരെ ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സാധാരണഗതിയിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന പ്ലാസ്റ്റിക് ഉയർന്ന താപനിലയിൽ ചൂടാക്കിയാൽ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നത് പരിശോധിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊതുമരാമത്ത് ഏറ്റെടുക്കുന്ന ജോലികൾ ഐ.ആർ.സി.സ്പെസിഫിക്കേഷന് വിധേയമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെന്നും എന്നാൽ പ്രസ്തുത സ്പെസിഫിക്കേഷനിൽ ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് ഉൾപ്പെട്ടിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

160. ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ശുചിത്വ മിഷൻ 54 ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിരുന്നുവെങ്കിലും പ്രസ്തുത യൂണിറ്റുകളിൽ പല നിറത്തിലും തരത്തിലുമുള്ള പ്ലാസ്റ്റിക്കുകൾ ഒരുമിച്ച് ഷ്രെഡ്ഡ് ചെയ്യുന്നതുകൊണ്ട് അവ പുനരുപയോഗത്തിന് കഴിയാത്ത അവസ്ഥയാണെന്നും സമിതി മനസ്സിലാക്കുന്നു. കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ ശരാശരി 100 മുതൽ 200 കിലോഗ്രാം വരെ പ്ലാസ്റ്റിക് ഒരു ദിവസം ഷ്രെഡ്ഡ് ചെയ്യാൻ കഴിയുമെന്നതിനാൽ ഇതിന് ഒരു കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതായിരിക്കും ഉചിതം എന്ന് സമിതി കരുതുന്നു. ആയതിനാൽ തങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

161. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്ലാസ്റ്റിക് മാലിന്യശേഖരണകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ എത്തിക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

162. സിമന്റ് നിർമ്മാണത്തിന് പ്ലാസ്റ്റിക് പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനാൽ സിമന്റ് പ്ലാന്റുകളിൽ ഇന്ധനമായി (കോ-ഇൻസിനറേഷൻ) പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

163. സമൂഹം നേരിടുന്ന പുതിയ വെല്ലുവിളികളാണ്, ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, നിർമ്മാണരംഗത്തെ മാലിന്യങ്ങൾ തുടങ്ങിയവയെന്നും പാലക്കാട് ജില്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഇമേജ്' എന്ന സ്ഥാപനം മാത്രമാണ് സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ബയോമെഡിക്കൽ പരിപാലന കേന്ദ്രം എന്നും സമിതി മനസ്സിലാക്കുന്നു. മെഡിക്കൽ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ അവയ്ക്ക് രജിസ്ട്രേഷൻ നൽകാവൂ എന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

164. ആശുപത്രി മാലിന്യങ്ങളുടെ സംസ്കരണത്തിനായുള്ള 'ഇമേജ്' പോലെയുള്ള കൂടുതൽ സംവിധാനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

165. ഈ അദ്ധ്യായത്തിൽ പേരെടുത്ത് പരാമർശിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യനിർമ്മാർജ്ജനത്തിനുള്ള വിവിധ പദ്ധതികൾക്കായി ഭാഗികമായോ പൂർണ്ണമായോ തുക ചെലവഴിച്ചിട്ടുള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത പദ്ധതിപ്രകാരം അവ പ്രാവർത്തികമാക്കുന്നതിന്റെ സാധ്യതയാരാഞ്ഞ്, പ്രയോഗപഥത്തിലെത്തിക്കാവുന്നവയെ അടിയന്തരമായി പ്രവർത്തനക്ഷമമാക്കുവാനും, കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടത്തുക ഈടാക്കാനും, അക്കാര്യത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് പരിശോധിക്കുവാനും, മാലിന്യസംസ്കരണത്തിനായി വാങ്ങിയ ഭൂമി പ്രസ്തുത ആവശ്യത്തിനായിത്തന്നെ പരമാവധി പ്രയോജനപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

166. ഉപയോഗത്തിന് ശേഷം ഉപേക്ഷിക്കപ്പെടുന്ന, വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളും അനുബന്ധ വസ്തുക്കളുമാണ് ഇ-മാലിന്യങ്ങൾ എന്നും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാത്തപക്ഷം ഇവ കടുത്ത ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും സമിതി വിലയിരുത്തുന്നു. ചട്ടപ്രകാരം, ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ ഉപകരണങ്ങൾ ശേഖരിച്ച് ഉചിതമായ രീതിയിൽ പുനഃചംക്രമണം നടത്തുകയോ സംസ്കരിക്കുകയോ ചെയ്യേണ്ടത് ഉൽപ്പാദകന്റെ ചുമതലയാണെന്നും ഇതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ശേഖരണ കേന്ദ്രങ്ങൾ തുടങ്ങണമെന്നും സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

167. സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ ഇ-മാലിന്യങ്ങളെ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനോ പുനരുൽപ്പാദനം ചെയ്യുന്നതിനോ പര്യാപ്തമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

168. ഇ-മാലിന്യങ്ങൾ കത്തിക്കുന്നതും മറ്റ് ഖരമാലിന്യങ്ങളുമായി കൂട്ടിക്കലർത്തുന്നതും കടുത്ത ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ ജനങ്ങൾക്ക് ഇതേക്കുറിച്ച് ശക്തമായ ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

169. ഇലക്ട്രോണിക്-ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനോ വിൽപ്പനയ്ക്കോ ലൈസൻസ് നൽകുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ നിർമ്മാർജ്ജനത്തിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വീടുകളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ കേന്ദ്രങ്ങൾ തുറക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

170. റോഡുകൾ, ബഹുനിലകെട്ടിടങ്ങൾ, പാലങ്ങൾ, വീടുകൾ തുടങ്ങിയവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയുടെ ഭാഗമായി നിഷ്കാസിതവും അജൈവവുമായ വസ്തുക്കളായ കോൺക്രീറ്റ് പാളികൾ, പ്ലാസ്റ്ററുകൾ, തടി, ലോഹങ്ങൾ തുടങ്ങിയ മാലിന്യങ്ങളുണ്ടാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മാണ മേഖലയിലെ മാലിന്യത്തിന്റെ ഏകദേശം അമ്പത് ശതമാനത്തോളം വരുന്നതും പുനരുപയോഗ സാധ്യതയുള്ളതുമായ തടി, ലോഹങ്ങൾ, ഇഷ്ടിക എന്നിവയുടെ പുനരുപയോഗത്തിന് ആവശ്യമായ പ്രോത്സാഹനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിർമ്മാണ മേഖലയിൽ നിന്നുള്ള പുനരുപയോഗ സാധ്യത തീരെയില്ലാത്ത മാലിന്യങ്ങളെ ലാന്റ് ഫില്ലിംഗിന് ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,<br>
*അദ്ധ്യക്ഷൻ,*<br>
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,<br>
2016 ഫെബ്രുവരി 24.

അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 119 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | സംസ്ഥാനം നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രതിസന്ധികളിലൊന്നാണ് ഖരമാലിന്യ പരിപാലനം. വ്യക്തമായ ആസൂത്രണവും കൃത്യമായ നിർവ്വഹണവുമില്ലാത്തതിനാൽ ഈ മേഖലയിൽ ചെലവഴിക്കപ്പെടുന്ന കോടിക്കണക്കിന് രൂപ പാഴാവുന്ന അവസ്ഥയാണുള്ളത്. ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും മാലിന്യങ്ങൾ കനത്ത ഭീഷണി സൃഷ്ടിക്കുമ്പോഴും അവയുടെ നിർമ്മാർജ്ജനത്തിന് അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്താനായിട്ടില്ല എന്നത് ഒരു വസ്തുതയായി അവശേഷിക്കുന്നു. വൻതുക ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ വലിയൊരു ശതമാനവും പ്രവർത്തനരഹിതമായ അവസ്ഥയാണ് സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാകൂ എന്നതിനാൽ സംസ്ഥാനത്തെ ഖരമാലിന്യപരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി സമിതി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ശുചിത്വ മിഷൻ ഡയറക്ടർ, നഗരകാര്യ വകുപ്പ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം ചീഫ് എഞ്ചിനീയർ, വിവിധ പഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറിമാർ എന്നിവരുമായി 12-11-2014, 19-11-2014 എന്നീ തീയതികളിലായി വിശദമായ ചർച്ച നടത്തുകയും 2016 ജനുവരിയിൽ മൈസൂരിലെ ഖരമാലിന്യസംസ്കരണ കേന്ദ്രം നേരിട്ട് സന്ദർശിക്കുകയുമുണ്ടായി. |
| 2 | 120 | തദ്ദേശസ്വയം ഭരണ വകുപ്പ് | സംസ്ഥാനത്തെ ഖരമാലിന്യ ഉൽപ്പാദനത്തെ ക്കുറിച്ചുള്ള സമഗ്രപഠന റിപ്പോർട്ടുകൾ വിരളമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, തങ്ങളുടെ പരിധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവിനെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും മലിനീകരണ നിയന്ത്രണ ബോർഡിനും നൽകിയ കണക്കുകൾ തമ്മിൽ വൻഅന്തരമുള്ളതായും ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. |
| 3 | 121 | ,, | അതോടൊപ്പം, മിക്ക ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വ്യക്തമായ പഠനം നടത്താതെ യാണ് മാലിന്യങ്ങളുടെ അളവിനെപ്പറ്റി നിഗമനത്തിൽ എത്തിയിട്ടുള്ളതെന്നും ഓഡിറ്റ് റിപ്പോർട്ടിൽനിന്നും സമിതി മനസ്സിലാക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ഉറവിടം, ഘടന, സ്വഭാവം എന്നിവയെപ്പറ്റി തദ്ദേശസ്ഥാപനങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ഖരമാലിന്യങ്ങളെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാതെ പരിപാലന പദ്ധതികൾക്ക് രൂപംകൊടുക്കുന്നതാണ് ഖരമാലിന്യ പരിപാലന പദ്ധതികൾ പാളിപ്പോകുന്നതിന്റെ പ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഇത്തരമൊരു പഠനം നടത്തുകയെന്നത് പ്രായോഗികമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഖരമാലിന്യപരിപാലന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാനും നടത്തിക്കൊണ്ടുപോകാനും ഉതകുന്ന വിധത്തിൽ ഖരമാലിന്യ ഉൽപ്പാദനം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനം ശുചിത്വ മിഷന്റെ സഹകരണത്തോടെ സർക്കാർ തലത്തിൽ നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങൾ നേരിട്ട് നടത്തുന്ന മാലിന്യസംസ്കരണത്തിന്റേയും മറ്റ് സ്ഥാപനങ്ങൾവഴി നടത്തുന്ന മാലിന്യ സംസ്കരണത്തിന്റേയും കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, തങ്ങളുടെ പരിധിക്കുള്ളിൽ ദിനംപ്രതി യുണ്ടാകുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നീക്കംചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്നുള്ളതും ഉറവിടങ്ങളിൽത്തന്നെ മാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് ശേഖരിക്കാനാവാത്തതും പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാലിന്യങ്ങളെ ഉറവിടങ്ങളിൽത്തന്നെ ജൈവം/ അജൈവം എന്ന് വേർതിരിച്ച് ശേഖരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 122 | തദ്ദേശസ്വയം ഭരണ വകുപ്പ് | ശാസ്ത്രീയമായ ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് ഉറവിടങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണ അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ മാലിന്യങ്ങളുടെ 80%-ന്റെയും ഉറവിടം വീടുകളാണെന്നും ഈ മാലിന്യങ്ങളുടെ ഭൂരിഭാഗവും ചീഞ്ഞളിയുന്ന ജൈവമാലിന്യങ്ങളാണെന്നും ശുചിത്വ മിഷന്റെ പഠന റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നു. അതിനാൽ ഇവയുടെ പരിപാലന സംവിധാനങ്ങൾ സമയബന്ധിതമായിരിക്കേണ്ടത് അനിവാര്യമാണ് എന്നതിനൊപ്പം തന്നെ ഇവ ജൈവവളനിർമ്മാണം, ബയോഗ്യാസ് ഉൽപ്പാദനം എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമാണെന്നും സമിതി വിലയിരുത്തുന്നു. ജൈവമാലിന്യ ങ്ങളുടെ സംസ്കരണത്തിന് പൈപ്പ് കമ്പോസ്റ്റിംഗ് ഉത്തമമായ ഒരു മാർഗ്ഗമാണെങ്കിലും അത് ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിൽ വരുത്തിയ പോരായ്മകൾമൂലം സംസ്ഥാനത്ത് പരാജയമാകുക യായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 5 | 123 | ,, | വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പൈപ്പ് കമ്പോസ്റ്റിംഗ് പരാജയമാകുകയായിരുന്നുവെന്നും എന്നാൽ കോട്ടയം, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ പദ്ധതി വിജയകരമായിരുന്നുവെന്നും ശുചിത്വ മിഷന്റെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 124 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | ശരിയായ ബോധവൽക്കരണം ഇല്ലാതിരുന്നതിനാൽ പൊതുജനങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് പ്രവർത്തിപ്പിക്കേണ്ട രീതിയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ, പരിശോധനയ്ക്ക് വിധേയമാക്കി വിജയമാണോ, പരാജയമാണോ എന്ന് വിലയിരുത്തുന്നതിനും പരാജയമാണെങ്കിൽ അതിന്റെ കാരണം സംബന്ധിച്ചും ശുചിത്വ മിഷൻ ഒരു പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേന്ദ്രീകൃത സംവിധാനത്തെക്കാളും ഒട്ടേറെ മേന്മകൾ വികേന്ദ്രീകൃത/ഉറവിട മാലിന്യ സംസ്കരണത്തിന് ഉള്ളതിനാൽ പ്രസ്തുത സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 125 | തദ്ദേശസ്വയം ഭരണ വകുപ്പ് | വികേന്ദ്രീകൃത/ഉറവിട ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി ഒട്ടേറെ സാങ്കേതികവിദ്യകൾ ഇപ്പോൾ പ്രചാരത്തിലുണ്ടെന്നും കുറഞ്ഞചെലവ്, കൈകാര്യം ചെയ്യുന്നതിലുള്ള അനായാസത, പാരിസ്ഥിതിക സൗഹാർദ്ദം എന്നിവ ഈ സാങ്കേതികവിദ്യകളുടെ സവിശേഷതകളാണെന്നും സമിതി വിലയിരുത്തുന്നു. വീടുകളിൽ ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകൾ മൺകലത്തിലെ കമ്പോസ്റ്റിംഗ്, ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ്, മോസ്പിറ്റ് കമ്പോസ്റ്റിംഗ്, ജൈവസംസ്കരണ ഭരണികമ്പോസ്റ്റിംഗ്, |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെറിയ ബയോബിൻ കമ്പോസ്റ്റിംഗ്, പോളിമർ ടംബ്ലറിൻ കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, പോർട്ടബിൾ പ്ലാസ്റ്റിക് ബിൻ/ബക്കറ്റ് കമ്പോസ്റ്റിംഗ് എന്നിവയാണെന്നും പാർപ്പിട സമുച്ചയങ്ങൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്കിണങ്ങുന്ന സാങ്കേതിക വിദ്യകൾ ബയോബിന്നുകൾ/പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ്, കേന്ദ്രീകൃത ബയോടാങ്ക് കമ്പോസ്റ്റിംഗ്, എയ്റോബിക് ഫെറോസിമന്റ് ബിൻ കമ്പോസ്റ്റിംഗ്, മെക്കാനിക്കൽ കമ്പോസ്റ്റിംഗ് എന്നിവ യാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. |
| 8 | 126 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഓരോ വീടിനോടും ഫ്ലാറ്റിനോടും ചേർന്ന് ലഭ്യമായ സ്ഥലസൗകര്യത്തിനനുസരിച്ച്, സ്ഥാപിക്കാവുന്ന സങ്കേതങ്ങളാണിവ എന്ന് സമിതി നിരീക്ഷിക്കുന്നു. ഉറവിട മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടത് വളരെ അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു. പുതിയതായി വീടോ സ്ഥാപനമോ നിർമ്മിക്കുന്നതിന് അനുമതി നൽകുമ്പോൾ മാലിന്യസംസ്കരണത്തിന് ആവശ്യമായ, മേൽപ്പറഞ്ഞ പട്ടികയിലുൾപ്പെട്ട എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത നിബന്ധനയ്ക്ക് വിധേയമായി മാത്രമേ പുതുതായി പണിയുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാവൂ എന്നും ഇതിനായി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 127 | ,, | വികേന്ദ്രീകൃത/ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹി പ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90%-വും ബയോഗ്യാസ് പ്ലാന്റുകൾക്ക് 75%-വും സബ്സിഡി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ടെങ്കിലും പ്രസ്തുത സംവിധാനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റിൽനിന്നും ആവശ്യമായ പാചകവാതകത്തോടൊപ്പം ജൈവവളവും ലഭിക്കുമെന്നതിനാൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക നേട്ടവും അവഗണിക്കാവുന്നതല്ലെന്ന് സമിതി വിലയിരുത്തുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് വ്യാപകമായ പ്രചരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 128 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഖരമാലിന്യ പരിപാലനത്തിനായി ഇന്ത്യയിലെ നഗരങ്ങളിൽ നിലവിലുള്ള പ്രധാന മാർഗ്ഗങ്ങൾ സാനിട്ടറി ലാന്റ് ഫിൽ, ഭസ്മീകരണം, ഊർജ്ജമാക്കി മാറ്റൽ എന്നിവയാണെന്നും എന്നാൽ മാലിന്യങ്ങളുടെ ഘടനാപരമായ പ്രത്യേകതകൾ കാരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനാലും മറ്റ് രണ്ട് മാർഗ്ഗങ്ങളെയുമപേക്ഷിച്ച് ജൈവരാസ പരിവർത്തനത്തിലൂടെയുള്ള ഊർജ്ജമാക്കി മാറ്റൽ പ്രക്രിയയാണ് സംസ്ഥാനത്തിനേറ്റവും യോജിച്ചതെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ ഖരമാലിന്യ പരിപാലന സംവിധാനത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ് ബയോഗ്യാസ് പ്ലാന്റുകൾ എങ്കിലും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വൻതുക ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകൾ പ്രവർത്തനരഹിതമായിത്തീരുന്ന അവസ്ഥയാണ് സംസ്ഥാനത്തുടനീളമുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ കയ്യൊഴിയുന്നതുമൂലവും ബഹുജന പ്രക്ഷോഭംമൂലവും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവരുന്ന പ്ലാന്റുകളുടെ എണ്ണം വളരെയധികമാണെന്നും സമിതി വിലയിരുത്തുന്നു. പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന ഗ്യാസുപയോഗിച്ച് തെരുവ് വിളക്കുകൾ കത്തിക്കുക തുടങ്ങിയവ നടത്തുന്ന തദ്ദേശസ്ഥാപനങ്ങളും വിരളമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് കത്തിച്ചുകളയുക യാണ് മിക്ക സ്ഥാപനങ്ങളും ചെയ്തുവരുന്നതെന്നും ഇതുമൂലം കനത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായും സമിതി വിലയിരുത്തുന്നു. |
| 11 | 129 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തുക യുണ്ടായി. ഇളമ്പല്ലൂർ കമ്മ്യൂണിറ്റി ഹാളിലെ മാലിന്യങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാന്റിൽ നിന്നും 2 മണിക്കൂർ പാചകത്തിനുള്ള ഗ്യാസ് ലഭിക്കുന്നുണ്ടെന്നും ബാലരാമപുരം ആയുർവേദ ആശുപത്രിയിൽ ചൂടുവെള്ളമുണ്ടാക്കുന്നതിനും മരുന്ന് നിർമ്മാണത്തിനും ബയോഗ്യാസ് പ്ലാന്റിൽനിന്നും ലഭിക്കുന്ന വാതകമുപയോഗിക്കുന്നുണ്ടെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എറണാകുളം ജില്ലയിലെ പല ആയുർവേദ ആശുപത്രികളിലും പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് ശുചിത്വ മിഷൻ ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകുന്നു. |
| 12 | 130 | തദ്ദേശസ്വയം ഭരണ വകുപ്പ് | ആലപ്പുഴ മുനിസിപ്പാലിറ്റി, കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവ മികച്ച രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യസംസ്കരണം കാര്യക്ഷമമായി നടത്തുന്നതിലൂടെ തനത് വരുമാനമാർഗ്ഗം കണ്ടെത്തിയ പഞ്ചായത്താണ് കാസർഗോഡ് ജില്ലയിലെ മംഗൽപാടി എന്നും കുമ്പന്തൂരിലെ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റ് മിതമായ വിലയ്ക്കാണ് കർഷകർക്ക് നൽകുന്നത് എന്നും 2011-12-ൽ, ജൈവവളം വിൽപ്പനയിലൂടെ 1,12,500 രൂപ മംഗൽപാടി പഞ്ചായത്തിന് വരുമാനമുണ്ടായെന്നും ഖരമാലിന്യ പരിപാലന സംവിധാനത്തെ ലാഭകരമാക്കുക എന്ന ആധുനിക സങ്കൽപ്പവുമായി ഒത്തുപോകുന്നതാണ് മംഗൽപാടിയിലെ ഖരമാലിന്യപരിപാലന മാതൃകയെന്നും സമിതി നിരീക്ഷിക്കുന്നു. ഇതിനുപുറമേ, തൊട്ടടുത്തുള്ള |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തായ കുമ്പളയിൽ നിന്നുള്ള 750 ടൺ ഖരമാലിന്യങ്ങൾ 2006 മുതൽ 2009 വരെയുള്ള കാലത്ത് മംഗൽപാടിയിലെ പ്ലാന്റിൽ സംസ്കരിക്കുകയും ഇതിലൂടെ, പ്രോസസ്സിംഗ് ചാർജിനത്തിൽ 97,500 രൂപ മംഗൽപാടി പഞ്ചായത്തിന് ലഭിക്കുകയുമുണ്ടായി എന്ന് ഓഡിറ്റ് റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നു. |
| 13 | 131 | തദ്ദേശസ്വയം ഭരണ വകുപ്പ് | ആലത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്ടുള്ള ഐ.ആർ.ടി.സി. എന്ന ഏജൻസി മുഖേന ശാസ്ത്രീയമായ ഒരു പഠനം നടത്തിയിരുന്നുവെന്നും പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്ന മാലിന്യം 3170 കി.ഗ്രാമാണെന്നും കച്ചവടസ്ഥാപനങ്ങൾ, വീടുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവവളമാക്കി കി.ഗ്രാമിന് 5 രൂപ നിരക്കിൽ വിൽപ്പന നടത്തുന്നുണ്ടെന്നും പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. |
| 14 | 132 | ,, | ഇത്തരത്തിൽ നമ്മുടെ കാലാവസ്ഥയെ അതിജീവിച്ച് വിജയകരമായി പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകകൾ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിന്തുടരാൻ കഴിയുമോ എന്നത് സംബന്ധിച്ച്, പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്ന പഞ്ചായത്തുകളെയും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മുനിസിപ്പാലിറ്റികളെയും പങ്കെടുപ്പിച്ച് ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണനിയന്ത്രണ ബോർഡ്, ബന്ധപ്പെട്ട മറ്റു വകുപ്പുകൾ എന്നിവ ചേർന്ന് വിശദമായ ചർച്ചയും ശില്പശാലയും സംസ്ഥാന തലത്തിൽ അടിയന്തരമായി സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 133 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | ശബരിമല മണ്ഡലകാല സമയത്ത് ധാരാളം ഭക്തജനങ്ങൾ വന്നുപോകുന്ന പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, എരുമേലി, കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലും പമ്പാ നദിയിലും ഭക്തജനത്തിരക്ക് കഴിയുന്നതോടെ മാലിന്യങ്ങൾ കുന്നുകൂടുന്നതായി സമിതി മനസ്സിലാക്കുന്നു. ശരിയായ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താത്തപക്ഷം സമീപഭാവിയിൽത്തന്നെ ഇവിടെ മാലിന്യങ്ങൾ നിറഞ്ഞ് പകർച്ചവ്യാധികൾ പടരുന്ന സ്ഥിതിയുണ്ടാകുമെന്നും സമിതി വിലയിരുത്തുന്നു. സർക്കാരും ശുചിത്വ മിഷനും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും പ്രസ്തുത സ്ഥലങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 134 | തദ്ദേശസ്വയം ഭരണ വകുപ്പ് & പുനലൂർ നഗരസഭ | പുനലൂർ മുനിസിപ്പാലിറ്റിയിൽ വൻതുക ചെലവഴിച്ച് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശുചിത്വ മിഷൻ നിശ്ചയിച്ച കൂലിക്ക് ജോലി ചെയ്യാൻ തൊഴിലാളികൾ തയ്യാറാകാത്തതിനാൽ പ്ലാന്റ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തൊഴിലാളികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 135 | തദ്ദേശസ്വയംഭരണ വകുപ്പ് | ഖരമാലിന്യപരിപാലനത്തിന് ആവശ്യമുള്ളത്ര ഭൂമി സ്വന്തമായില്ലാ എന്നതാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ പഠനറിപ്പോർട്ട് പ്രകാരം, ഖരമാലിന്യ പരിപാലന രംഗത്ത്, അടുത്ത 20 വർഷത്തേക്ക് ആവശ്യമായി വരുന്ന അളവിൽ ഭൂമി സ്വന്തമായുള്ള ഏക സ്ഥാപനം കാസർഗോഡ് മുനിസിപ്പാലിറ്റി മാത്രമാണെന്ന് കാണുന്നു. കോർപ്പറേഷനുകളിലെ സ്ഥിതി ഇതിലും രൂക്ഷമായിരിക്കുമെന്നും സമിതി അനുമാനിക്കുന്നു. |
| 18 | 136 | തദ്ദേശസ്വയംഭരണ വകുപ്പ് & കൊച്ചി കോർപ്പറേഷൻ | കൊച്ചി ബ്രഹ്മപുരത്തെ ബയോഗ്യാസ് പ്ലാന്റ് മികച്ചരീതിയിൽ പ്രവർത്തനം നടത്തിവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സമീപ പ്രദേശത്തുള്ള സ്വന്തമായി മാലിന്യസംസ്കരണ പ്ലാന്റില്ലാത്ത മുനിസിപ്പാലിറ്റികളെക്കൂടി പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നത് പ്രയോജനകരമായിരിക്കുമെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി കരുതുന്നു. ആലുവ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി മാലിന്യസംസ്കരണ പ്ലാന്റില്ലെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 18,86,033 രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ബ്രഹ്മപുരം പ്ലാന്റ് നവീകരിക്കുന്ന മുറയ്ക്ക് ആലുവ മുനിസിപ്പാലിറ്റിയെക്കൂടെ പ്രസ്തുത പദ്ധതിയുമായി കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 137 | തദ്ദേശസ്വയം ഭരണ വകുപ്പ് & തിരുവനന്തപുരം, തൃശ്ശൂർ നഗരസഭ | മാലിന്യസംസ്കരണശാലകൾക്കെതിരെ സംസ്ഥാനത്ത് നടക്കുന്ന ജനകീയപ്രക്ഷോഭങ്ങളുടെ പ്രധാന കാരണം അസഹ്യമായ ദുർഗന്ധവും ഒലിച്ചിറങ്ങുന്ന മലിനജലവുമാണ്. 2000-ലെ മുനിസിപ്പൽ ഖരമാലിന്യ ചട്ടങ്ങളുടെ IV-ാം ഷെഡ്യൂൾ പ്രകാരം, പ്ലാന്റുകളോട് ചേർന്ന്, ഒലിച്ചിറങ്ങുന്ന മലിന ജലത്തെ ശുദ്ധീകരിക്കാനുള്ള സംവിധാനം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നാളിതുവരെ ഇത് പാലിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു. ഖരമാലിന്യത്തെ ജൈവവളമാക്കി മാറ്റുമ്പോൾ 12% മാലിന്യങ്ങളാണ് ഉപയോഗയോഗ്യമല്ലാത്തതായി (Rejects) കണക്കാക്കുന്നത്. എന്നാൽ മാലിന്യങ്ങളെ ശരിയായിവേർതിരിക്കാത്തതിനാൽ ഉപയോഗയോഗ്യ മല്ലാത്തവയുടെ അളവ് 30%-ആയി ഉയരുകയും പ്ലാന്റിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. കൂടാതെ യന്ത്രഭാഗങ്ങളിൽ പ്ലാസ്റ്റിക് കുടുങ്ങി പ്ലാന്റിന്റെ പ്രവർത്തനവും തടസ്സപ്പെടുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സംസ്കരിക്കപ്പെടാതെ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളിൽ നിന്നുള്ള അസഹ്യമായ ദുർഗന്ധവും ഒലിച്ചിറങ്ങുന്ന മലിനജലവും കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നു. ഇത് ബഹുജനപ്രക്ഷോഭത്തിന് കാരണമാകുന്നു. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, തൃശ്ശൂർ ജില്ലയിലെ ലാലൂർ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. മാലിന്യസംസ്കരണ പ്ലാന്റുകൾക്കെതിരെ ബഹുജനപ്രക്ഷോഭങ്ങൾ നടക്കുമ്പോൾപോലും അതിന്റെ കാരണങ്ങൾ മനസ്സിലാക്കി സമയബന്ധിതമായി ബദൽ സംവിധാനങ്ങൾ നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല എന്നത് വസ്തുതയായി അവശേഷിക്കുന്നു. പണി തുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാത്ത, തിരുവനന്തപുരം കോർപ്പറേഷന്റെ വിളപ്പിൽശാലയിലെ മലിനജലസംസ്കരണ പ്ലാന്റ് ഇതിനുദാഹരണമാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ഖരമാലിന്യ സംസംസ്കരണ പ്ലാന്റുകളോട് ചേർന്ന് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 138 | തദ്ദേശസ്വയംഭരണ വകുപ്പ് & ശുചിത്വ മിഷൻ | പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ മുഖേന വൻതുക നൽകിയിട്ടുണ്ടെങ്കിലും നൽകിയ തുകകളുടെ വിനിയോഗം വേണ്ടരീതിയിൽ വിലയിരുത്താനോ നടപടികൾ കൈക്കൊള്ളാനോ ശുചിത്വ മിഷന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നു. കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിലൂടെ നൽകിയ കോടിക്കണക്കിന് രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുന്നു. അനുമതി നൽകിയ പദ്ധതികൾ, അനുവദിച്ച ഫണ്ടുകൾ എന്നിവയിൽ കാര്യക്ഷമമായ മേൽനോട്ടം നടത്താനോ തദ്ദേശസ്ഥാപനങ്ങളെക്കൊണ്ട് സമയബന്ധിതമായി പണികൾ തീർക്കാനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുവാനോ യാതൊരുനടപടിയും ശുചിത്വ മിഷൻ സ്വീകരിച്ചതായി കാണുന്നില്ല. ഖരമാലിന്യ സംസ്കരണാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ വിനിയോഗം ഉറപ്പുവരുത്താൻ ശുചിത്വ മിഷൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 139 | തദ്ദേശസ്വയം ഭരണ വകുപ്പ് | തെളിവെടുപ്പുവേളയിൽ സമിതി മൈസൂർ മോഡൽ, ആരോബയോ മോഡൽ, തുമ്പൂർമൂഴി മോഡൽ എന്നിവയെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയുണ്ടായി |
| 22 | 140 | ,, | ജൈവ അജൈവ മാലിന്യങ്ങളെ പ്രത്യേകമായി വേർതിരിക്കാതെയാണ് മൈസൂരിലെ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്നതെന്നും പ്രത്യേക യന്ത്രത്തിന്റെ സഹായത്തോടെയാണ് പ്ലാസ്റ്റിക് അടക്കമുള്ള |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അജൈവമാലിന്യങ്ങളെ വേർതിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്നതിന് തുച്ഛമായ തുക മാത്രമാണ് മൈസൂർ കോർപ്പറേഷന് ചെലവ് വരുന്നതെന്നും യന്ത്രഭാഗങ്ങൾ സ്ഥാപിക്കുന്നതിനുള്ള അധികരിച്ച ചെലവും വൈദ്യുതി ചാർജ്ജും ഈ സംവിധാനത്തിലൂടെ ഒഴിവാക്കാനാവുമെന്നും സമിതി വിലയിരുത്തുന്നു. ചീഞ്ഞളിയുന്ന മാലിന്യങ്ങളിന്മേൽ പ്രത്യേക ജൈവലായനി തളിക്കുന്നതോടെ കൊതുക്, ഈച്ച തുടങ്ങിയവയുടെ പ്രശ്നവും തീരെ ഇല്ലാതാകുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. മൈസൂരിലും കേരളത്തിലും ഒരേരീതിയിലുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനംതന്നെയാണ് നടപ്പിലാക്കുന്നതെങ്കിലും നമ്മുടെ സംസ്ഥാനത്ത് അത് തീരെ വിജയകര മാകുന്നില്ലെന്ന് റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. വിൻഡ്രോ കമ്പോസ്റ്റിംഗ് വിജയകരമായി നടപ്പിലാക്കുന്നതിന് അന്തരീക്ഷ ആർദ്രത (humidity) 55 ശതമാനത്തിൽ കൂടാൻ പാടില്ല എന്നിരിക്കെ, 90 ശതമാനത്തിൽ കൂടുതൽ അന്തരീക്ഷ ആർദ്രതയുള്ള കേരളത്തിൽ പ്രസ്തുത സംവിധാനം വിജയകരമായി നടപ്പിലാക്കാൻ പ്രയാസമായിരിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. മൈസൂരിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതി നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതമൂലം ഇവിടെ അതേപടി നടപ്പിലാക്കുന്നത് പ്രായോഗികമാണോയെന്ന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി സംശയിക്കുന്നു. എന്നാൽ പ്രസ്തുത മാതൃകയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്നതാണെന്നും ഇക്കാര്യം പരിശോധിച്ച് നടപ്പിലാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്ലാന്റിന്റെ വശങ്ങൾ അടച്ച് കെട്ടിയും ഈർപ്പം പരമാവധി ഒഴിവാക്കിയും നിലവിലുള്ള കമ്പോസ്റ്റിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 141 | തദ്ദേശസ്വയം ഭരണ വകുപ്പ്, ശുചിത്വ മിഷൻ & കോഴിക്കോട് കോർപ്പറേഷൻ | കോഴിക്കോട് പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് നവീകരിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളതായി ശുചിത്വ മിഷൻ ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ ബോധിപ്പിച്ചിരുന്നു. പ്രസ്തുത നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 142 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഇസ്രയേലി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആരോബയോ മോഡലിൽ ജല, വായു മലിനീകരണം ഉണ്ടാകുന്നില്ലെന്നും മാലിന്യങ്ങളെ മുൻകൂട്ടി വേർതിരിക്കേണ്ട ആവശ്യമോ പ്ലാന്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ ചെലവ്, ഭൂമി എന്നിവയോ വേണ്ടിവരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഖരമാലിന്യങ്ങളെ ഒന്നോടെ വെള്ളത്തിലിട്ടാൽ പ്ലാസ്റ്റിക് പോലുള്ളവ പൊങ്ങിക്കിടക്കുകയും കുപ്പിച്ചില്ല്, ലോഹങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മുതലായവ അടിയിൽ എത്തുകയും മാലിന്യത്തിലെ ദുർഗന്ധമുണ്ടാകുന്ന ദ്രവഭാഗം വെള്ളത്തിൽ ഒഴുകിപ്പോവുകയും ചെയ്യും എന്നും പ്ലാന്റിൽ അവശേഷിക്കുന്ന ജൈവവസ്തുക്കളെ മികച്ച ജൈവവളമാക്കി മാറ്റാമെന്നതാണ് ഇതിന്റെ സവിശേഷതയെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാസ്റ്റിക്, ഗ്ലാസ്സ്, ലോഹങ്ങൾ എന്നിവ കഴുകി വൃത്തിയാക്കിയ നിലയിൽ ലഭിക്കുമെന്നതിനാൽ അവയുടെ പുനരുപയോഗ സാധ്യത വർദ്ധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യങ്ങളെ ശരിയായി വേർതിരിക്കാൻ കഴിയാത്തതും ജലമലിനീകരണം വൻതോതിൽ ഉണ്ടാകുന്നതും സംസ്കരണ സംവിധാനം സ്ഥാപിക്കാനാവശ്യമായ അളവിൽ ഭൂമി ലഭ്യമാക്കാൻ കഴിയാത്തതുമാണ് ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന വലിയ പ്രതിസന്ധി എന്നതിനാൽ, പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ആരോബയോ മാതൃക, നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന്, സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 143 | തദ്ദേശസ്വയം ഭരണ വകുപ്പ് | വളരെ ചെലവ് കുറഞ്ഞതും കുറച്ച് സ്ഥലം മാത്രം ആവശ്യമുള്ളതുമായ ഒരു എയ്റോബിക് സംവിധാനമാണ് തുമ്പൂർമുഴി മാതൃകയെന്നും നഗരങ്ങളിൽ പലയിടങ്ങളിലും പ്രത്യേകിച്ച് കല്ല്യാണമണ്ഡപങ്ങളിലും മറ്റും ഈ സംവിധാനം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. താരതമ്യേന ലളിതവും ചെലവുകുറഞ്ഞതുമായ പ്രസ്തുത പദ്ധതി മാലിന്യസംസ്കരണത്തിനുള്ള ഒരു മികച്ച മാർഗ്ഗമാണെന്നും ആയതിന് കൂടുതൽ പ്രോൽസാഹനം നൽകേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പാർപ്പിട സമുച്ചയങ്ങൾ, ഭക്ഷണശാലകൾ, കല്ല്യാണമണ്ഡപങ്ങൾ തുടങ്ങിയയിടങ്ങളിൽ തുമ്പൂർമൂഴി സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 144 | തദ്ദേശസ്വയം ഭരണ വകുപ്പ് | സംസ്ഥാനത്തെ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം അവതാളത്തിലായതിന്റെ പ്രധാന കാരണങ്ങൾ ശരിയായ പഠനത്തിന്റെ അഭാവവും നിർമ്മാണത്തിലുണ്ടായ പിഴവുകളും അവ കൈകാര്യം ചെയ്യുന്നതിലെ അലംഭാവവും ആണെന്ന് സമിതി കരുതുന്നു. മാർക്കറ്റുകളിലും മറ്റും പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ ശേഷിക്കനുസൃതമായി മാലിന്യങ്ങൾ ലഭിക്കാത്തതിനാൽ ഇവയിൽ പലതും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്നും കാലക്രമത്തിൽ ഇവ പ്രവർത്തനരഹിതമായിത്തീരുന്ന അവസ്ഥയുണ്ടാകാറുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രവർത്തനമില്ലാത്ത അറവുശാലയോടുചേർന്ന് പോലും പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നിർമ്മാണത്തിലുണ്ടാകുന്ന സാങ്കേതിക പിഴവുകൾമൂലം ഉപയോഗശൂന്യമായ പ്ലാന്റുകളുടെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എണ്ണം വർദ്ധിച്ച് വരുന്നതായും സമിതി നിരീക്ഷിക്കുന്നു. പ്ലാന്റുകളുടെ നിർമ്മാണവും പ്രവർത്തനത്തിന്റെ മേൽനോട്ടവും വഹിക്കുന്ന ഏജൻസികളുടെ പ്രവർത്തനം ഒട്ടുംതന്നെ തൃപ്തികരമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. നിർമ്മാണം നടത്തിയ ഏജൻസികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും ശരിയായ വിധത്തിൽ കരാർ ചെയ്യാത്തതിനാൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാറില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാന്റുകളുടെ നിർമ്മാണം നടത്തുന്ന ഏജൻസികളുമായി ചട്ടം അനുശാസിക്കുംവിധമുള്ള കരാർ ചെയ്യുന്നതിനാൽ ശ്രദ്ധപുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്ലാന്റുകളുടെ നിർമ്മാണവും പ്രവർത്തനവും സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തണമെന്നും ശുചിത്വ മിഷൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 145 | തദ്ദേശസ്വയം ഭരണ വകുപ്പ് | പ്ലാന്റുകളുടെ നിർമ്മാണത്തിലുണ്ടായ പിഴവുകൾ പരിഹരിക്കുന്നതിനും പ്രവർത്തനം നിലച്ച ബയോഗ്യാസ് പ്ലാന്റുകൾ പുനരുജ്ജീവിപ്പിക്കുന്ന തിനും ഉള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സംസ്ഥാനത്ത് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിലവിൽ പ്രവർത്തിച്ചുവരുന്ന എല്ലാ പൊതു കമ്പോസ്റ്റിംഗ് പ്ലാന്റുകളുടേയും പ്രവർത്തനം അവലോകനവിധേയമാക്കണമെന്നും ആവശ്യാനുസരണം, ഷ്രെഡ്ഡിംഗ് മെഷീൻ, സ്ക്രീനിംഗ് യന്ത്രങ്ങൾ എന്നിവ സ്ഥാപിച്ച് പ്ലാന്റുകൾ നവീകരിക്കുന്നതിനും ജൈവ ഇനോക്കുലം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കാത്ത രീതിയിൽ കമ്പോസ്റ്റിംഗ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് കർഷകർക്ക് വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 146 | തദ്ദേശസ്വയം ഭരണ വകുപ്പ് | പ്രവർത്തനക്ഷമമായ പ്രകൃതിസൗഹൃദ ജൈവ ഇനോക്കുലം കൾച്ചർ ചെയ്ത് ലഭ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലകൾ മുഖേന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 147 | ,, | സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്കകളകറ്റി ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 148 | ,, | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 31 | 149 | തദ്ദേശസ്വയം ഭരണ വകുപ്പ് | കോഴിക്കടകൾക്കും കശാപ്പുശാലകൾക്കും ലൈസൻസ് നൽകുമ്പോൾ അവയ്ക്ക് സ്വന്തമായി മാലിന്യ നിർമ്മാർജ്ജന സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ചട്ടപ്രകാരമുള്ള മാലിന്യ സംസ്കരണ സംവിധാനമില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾക്കെതിരെ അവയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 150 | ,, | പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് ഊർജ്ജിതപ്പെടുത്തണമെന്നും പൊതുസ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 151 | ,, | മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കരുതെന്ന് ചട്ടം അനുശാസിക്കുന്നുണ്ടെങ്കിലും മൂടിയുള്ളതും ജൈവ-അജൈവ മാലിന്യങ്ങളെ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകളുള്ളതുമായ വാഹനങ്ങൾ വളരെ വിരളമാണെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനങ്ങൾ മാറ്റി ആധുനിക രീതിയിലുള്ള, ജൻറം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പദ്ധതിയനുസരിച്ചുള്ള വാഹനങ്ങൾ വാങ്ങുന്നത് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കാമെന്നത് സമിതി മനസ്സിലാക്കുന്നു. അത്തരത്തിലുള്ള വാഹനങ്ങൾ വാങ്ങുന്നതുവരെ, മാലിന്യം ടാർപോളിൻ കൊണ്ട് മൂടിക്കൊണ്ടുപോകുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 152 | തദ്ദേശസ്വയം ഭരണ വകുപ്പ് | പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യസംസ്കരണത്തിന് ഇൻസിനറേറ്ററുകൾ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും ഇവ മാലിന്യ സംസ്കരണത്തേക്കാൾ പരിസര മലിനീകരണമാണ് സൃഷ്ടിക്കുന്നതെന്നും ഇവിടത്തെ മാലിന്യങ്ങളിൽ ഈർപ്പം കൂടുതലായതിനാൽ ഇൻസിനറേറ്ററുകൾ അനുയോജ്യമല്ലെന്നും സമിതി വിലയിരുത്തുന്നു. ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഇത് പാലിച്ചുകൊണ്ടല്ല മിക്ക തദ്ദേശസ്ഥാപനങ്ങളും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. നിലവാരമുള്ള യന്ത്രസാമഗ്രികളോ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങളോ ഒരുക്കിയിട്ടില്ലെന്നും പലപ്പോഴും ശുചിത്വ മിഷന്റെ സാങ്കേതികാനുമതി പോലും വാങ്ങാറില്ലെന്നും സമിതി മനസ്സിലാക്കുന്നു. ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിക്കാതെ ഒരുമിച്ച് ഇൻസിനറേറ്ററിൽ തള്ളുന്നതുമൂലം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പുറത്തുവരുന്ന വാതകങ്ങളും മാംഗനീസ്, കാഡ്മിയം, ഈയം തുടങ്ങിയ ഘനലോഹങ്ങളുടെ അംശങ്ങളും ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും കനത്ത ഭീഷണി സൃഷ്ടിക്കുന്നതായും കാൻസർ പോലുള്ള രോഗങ്ങൾക്ക് ഹേതുവാകുന്നതായും സമിതി വിലയിരുത്തുന്നു. മാലിന്യ സംസ്കരണത്തിന് മറ്റൊരു മാർഗ്ഗവും ഫലവത്താവാത്ത സാഹചര്യത്തിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങൾ ഇൻസിനറേറ്ററുകൾ പ്രയോജനപ്പെടുത്താവൂ എന്നും ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 153 | തദ്ദേശസ്വയം ഭരണ വകുപ്പ് | ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകൾ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് കൃത്യമായും സമയബന്ധിതമായും പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 154 | ,, | പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ കൊണ്ടുതന്നെ വീടുകളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാനാവുമെന്നതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന അജൈവമാലിന്യ സംസ്കരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുൻതൂക്കം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 37 | 155 | തദ്ദേശസ്വയം ഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പദ്ധതികളെ തകിടംമറിക്കുന്നതിൽ പ്ലാസ്റ്റിക്കിന് പ്രധാന പങ്കുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്ലാസ്റ്റിക്കിനെ ശരിയായി സംസ്കരിക്കാനുള്ള സാങ്കേതികവിദ്യകൾ ഒന്നുംതന്നെ നിലവിലില്ലെന്നും പൊടിച്ചെടുത്ത പ്ലാസ്റ്റിക്കിനെ റോഡ് ടാറിംഗിന് ഉപയോഗിക്കുക എന്നത് മാത്രമാണ് നിലവിലുള്ള ഏറ്റവും പ്രായോഗികമായ സാങ്കേതികവിദ്യ എന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, പുനരുപയോഗ സാധ്യത തീരെയില്ലാത്ത നേർത്ത പ്ലാസ്റ്റിക് കവറുകൾ പോലെയുള്ള മാലിന്യങ്ങളാണ് ഏറെയും എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനവും ഉപയോഗവും കുറയ്ക്കാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. 40 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുക്കുന്ന സമയത്ത് കടയുടമകളിൽ നിന്നും വാങ്ങുന്ന സമ്മതപത്രം മാത്രമാണ് ഈ വിഷയത്തിൽ തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊണ്ടുവരുന്ന ഏക നടപടിയെന്ന് സമിതി വിലയിരുത്തുന്നു. ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകളുടെ നിരോധനം കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളണമെന്നും ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 38 | 156 | തദ്ദേശസ്വയം ഭരണ വകുപ്പ് | പഞ്ചായത്ത് സമിതികൾക്ക് പ്രദേശത്തെ ജനങ്ങളുമായി കൂടുതൽ സമ്പർക്കമുണ്ടാകുമെന്നതിനാൽ, ഗുണമേന്മ കുറഞ്ഞയിനം പ്ലാസ്റ്റിക്കുകൾ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുമെന്ന വിഷയത്തിൽ ബോധവൽക്കരണമടക്കമുള്ള പരിപാടികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 157 | ,, | പ്ലാസ്റ്റിക്കിന്റെ നിർമ്മാർജ്ജനത്തിനായുള്ള ഏകമാർഗ്ഗം അത് ടാറിംഗിന് ഉപയോഗിക്കുക എന്നത് മാത്രമാണെന്ന് വിലയിരുത്തിയ സമിതി അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് തെളിവെടുപ്പ്വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യത്തുള്ള ഗാന്ധിപുരം-പുല്ലാനിവിളറോഡ് 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ½ കിലോമീറ്റർ പ്ലാസ്റ്റിക്കുപയോഗിച്ചും ½ കിലോമീറ്റർ സാധാരണവിധത്തിലും ടാറിംഗ് നടത്തിയെന്നും പിന്നീട് 5 വർഷം തുടർച്ചയായി റോഡിന്റെ നിലവാരം നിരീക്ഷിച്ചതിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർചെയ്ത ഭാഗം കേടുപാടുകളില്ലാതെ നിലനിൽക്കുന്നതായി കണ്ടുവെന്നും സമിതി മുമ്പാകെ ഉദ്യോഗസ്ഥർ ബോധിപ്പിച്ചു. തിരുവനന്തപുരത്തിന് പുറമേ വയനാട്, കാസർഗോഡ്, എറണാകുളം തുടങ്ങിയ ജില്ലകളിലും പൊതുമരാമത്ത് വകുപ്പ് ഇത്തരത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്തിട്ടുണ്ടെന്നും അവയുടെ നിലവാരവും മികച്ചതായാണ് കാണുന്നതെന്നും സമിതി വിലയിരുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 40 | 158 | തദ്ദേശസ്വയം ഭരണ വകുപ്പ് | വടകര മുനിസിപ്പാലിറ്റിയിലെ ടൗൺ ഹാൾ റോഡിന്റെ 400 മീറ്റർ, കോഴിക്കോട് കോർപ്പറേഷനിലെ പുതിയറ റോഡ്, തലശ്ശേരി ലോഗൻസ് റോഡ്, തൃശ്ശൂർ കോക്കാല മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വരെയുള്ള റോഡ് തുടങ്ങിയവ പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശ സ്ഥാപനങ്ങൾ നിർമ്മിച്ച റോഡുകളാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, ടാറിംഗിനായി പ്ലാസ്റ്റിക് ചേർക്കുമ്പോൾ ബിറ്റുമിന്റെ അളവ് കുറയ്ക്കാൻ കഴിയുമെന്നും അതുമൂലം ടാറിംഗിന്റെ ചെലവും കുറയുമെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്ത റോഡുകളുടെ നിലവാരം നിരീക്ഷിച്ചതിൽ നിന്നും ഗുണഫലങ്ങൾ മാത്രമാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നതിനാലും സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വിപത്തായ പ്ലാസ്റ്റിക് മാലിന്യത്തെ ഇത്തരത്തിൽ സുഗമമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്നതിനാലും ടാറിംഗിന് നിശ്ചിത ശതമാനം പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും പഞ്ചായത്ത് റോഡുകളിലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന O.D.R. റോഡുകളിലും പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | 159 | തദ്ദേശസ്വയം ഭരണ വകുപ്പ് & പൊതുമരാമത്ത് വകുപ്പ് | ടാറിംഗിനായി 120 ഡിഗ്രിയോളം ചൂടാക്കിയ മെറ്റലിലേക്ക് മിൽമയുടെ കവർ പോലുള്ള കട്ടിയുള്ള പ്ലാസ്റ്റിക് കവറുകൾ ഒരിഞ്ച് വീതിയിൽ മുറിച്ചിട്ടുമ്പോൾ അത് ഉരുകിയ ഒരു പാളിപോലെ മെറ്റലിൽ പിടിക്കുമെന്നും പിന്നീട് ബിറ്റുമിനും ചേർത്ത് റോഡിൽ ഇടുക എന്നതാണ് ഇതിന്റെ സാങ്കേതികത്വമെന്നും സമിതി മനസ്സിലാക്കുന്നു. വിപുലമായ തോതിൽ, ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നത് സംബന്ധിച്ച് നാളിതുവരെ ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സാധാരണഗതിയിൽ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന പ്ലാസ്റ്റിക് ഉയർന്ന താപനിലയിൽ ചൂടാക്കിയാൽ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നത് പരിശോധിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പൊതുമരാമത്ത് ഏറ്റെടുക്കുന്ന ജോലികൾ ഐ.ആർ.സി. സ്പെസിഫിക്കേഷന് വിധേയമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെന്നും എന്നാൽ പ്രസ്തുത സ്പെസിഫിക്കഷനിൽ ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് ഉൾപ്പെട്ടിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ പ്ലാസിറ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 42 | 160 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ശുചിത്വ മിഷൻ 54 ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിരുന്നുവെങ്കിലും പ്രസ്തുത യൂണിറ്റുകളിൽ പല നിറത്തിലും തരത്തിലുമുള്ള പ്ലാസ്റ്റിക്കുകൾ ഒരുമിച്ച് ഷ്രെഡ്ഡ് ചെയ്യുന്നതുകൊണ്ട് അവ പുനരുപയോഗത്തിന് കഴിയാത്ത അവസ്ഥയാണെന്നും സമിതി മനസ്സിലാക്കുന്നു. കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ ശരാശരി 100 മുതൽ 200 കിലോഗ്രാം വരെ പ്ലാസ്റ്റിക് ഒരു ദിവസം ഷ്രെഡ്ഡ് ചെയ്യാൻ കഴിയുമെന്നതിനാൽ ഇതിന് ഒരു കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതായിരിക്കും ഉചിതം എന്ന് സമിതി കരുതുന്നു. ആയതിനാൽ തങ്ങളുടെ പരിധിയിൽവരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 161 | ,, | എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്ലാസ്റ്റിക് മാലിന്യശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ എത്തിക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 44 | 162 | തദ്ദേശസ്വയം ഭരണ വകുപ്പ് & ശുചിത്വ മിഷൻ | സിമന്റ് നിർമ്മാണത്തിന് പ്ലാസ്റ്റിക് പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനാൽ സിമന്റ് പ്ലാന്റുകളിൽ ഇന്ധനമായി (കോ-ഇൻസിനറേഷൻ) പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 163 | തദ്ദേശസ്വയം ഭരണ വകുപ്പ് | സമൂഹം നേരിടുന്ന പുതിയ വെല്ലുവിളികളാണ് ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, നിർമ്മാണരംഗത്തെ മാലിന്യങ്ങൾ തുടങ്ങിയവയെന്നും പാലക്കാട് ജില്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഇമേജ്' എന്ന സ്ഥാപനം മാത്രമാണ് സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ബയോമെഡിക്കൽ പരിപാലന കേന്ദ്രം എന്നും സമിതി മനസ്സിലാക്കുന്നു. മെഡിക്കൽ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ അവയ്ക്ക് രജിസ്ട്രേഷൻ നൽകാവൂ എന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 164 | ,, | ആശുപത്രി മാലിന്യങ്ങളുടെ സംസ്കരണത്തിനായുള്ള 'ഇമേജ്' പോലെയുള്ള കൂടുതൽ സംവിധാനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 47 | 165 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഈ അദ്ധ്യായത്തിൽ പേരെടുത്ത് പരാമർശിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള വിവിധ പദ്ധതികൾക്കായി ഭാഗികമായോ പൂർണ്ണമായോ തുക ചെലവഴിച്ചിട്ടുള്ള തുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത പദ്ധതിപ്രകാരം അവ പ്രാവർത്തികമാക്കുന്നതിന്റെ സാധ്യതയാരാഞ്ഞ് പ്രയോഗപഥത്തിലെത്തിക്കാവുന്നവയെ അടിയന്തര മായി പ്രവർത്തനക്ഷമമാക്കുവാനും കരാർലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടത്തുക ഈടാക്കാനും അക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് പരിശോധിക്കുവാനും മാലിന്യസംസ്കരണത്തിനായി വാങ്ങിയ ഭൂമി പ്രസ്തുത ആവശ്യത്തിനായിത്തന്നെ പരമാവധി പ്രയോജനപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 166 | ,, | ഉപയോഗത്തിനുശേഷം ഉപേക്ഷിക്കപ്പെടുന്ന, വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണ ങ്ങളും അനുബന്ധ വസ്തുക്കളുമാണ് ഇ-മാലിന്യങ്ങൾ എന്നും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാത്തപക്ഷം ഇവ കടുത്ത ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും സമിതി വിലയിരുത്തുന്നു. ചട്ടപ്രകാരം, ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ ഉപകരണങ്ങൾ ശേഖരിച്ച് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉചിതമായ രീതിയിൽ പുനഃചംക്രമണം നടത്തുകയോ സംസ്കരിക്കുകയോ ചെയ്യേണ്ടത് ഉൽപ്പാദകന്റെ ചുമതലയാണെന്നും ഇതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ശേഖരണ കേന്ദ്രങ്ങൾ തുടങ്ങണമെന്നും സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. |
| 49 | 167 | തദ്ദേശസ്വയം ഭരണ വകുപ്പ് | സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ ഇ-മാലിന്യങ്ങളെ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനോ പുനരുൽപ്പാദനം ചെയ്യുന്നതിനോ പര്യാപ്തമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 168 | ,, | ഇ-മാലിന്യങ്ങൾ കത്തിക്കുന്നതും മറ്റ് ഖരമാലിന്യങ്ങളുമായി കൂട്ടിക്കലർത്തുന്നതും കടുത്ത ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും എന്നതിനാൽ ജനങ്ങൾക്ക് ഇതേക്കുറിച്ച് ശക്തമായ ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 169 | ,, | ഇലക്ട്രോണിക്-ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനോ വിൽപ്പനയ്ക്കോ ലൈസൻസ് നൽകുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ നിർമ്മാർജ്ജനത്തിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വീടുകളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ കേന്ദ്രങ്ങൾ തുറക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 52 | 170 | തദ്ദേശസ്വയം ഭരണ വകുപ്പ് | റോഡുകൾ, ബഹുനിലക്കെട്ടിടങ്ങൾ, പാലങ്ങൾ, വീട്ടുകൾ തുടങ്ങിയവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയുടെ ഭാഗമായി നിഷ്ക്രിയവും അജൈവവുമായ വസ്തുക്കളായ കോൺക്രീറ്റ് പാളികൾ, പ്ലാസ്റ്ററുകൾ, തടി, ലോഹങ്ങൾ തുടങ്ങിയ മാലിന്യങ്ങളുണ്ടാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മാണ മേഖലയിലെ മാലിന്യത്തിന്റെ ഏകദേശം അമ്പത് ശതമാനത്തോളം വരുന്നതും പുനരുപയോഗ സാധ്യതയുള്ളതുമായ തടി, ലോഹങ്ങൾ, ഇഷ്ടിക എന്നിവയുടെ പുനരുപയോഗത്തിന് ആവശ്യമായ പ്രോത്സാഹനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിർമ്മാണ മേഖലയിൽ നിന്നുള്ള പുനരുപയോഗ സാധ്യത തീരെയില്ലാത്ത മാലിന്യങ്ങളെ ലാന്റ്ഫില്ലിംഗിന് ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

# സർക്കാർ മറുപടി

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

## (ഖണ്ഡിക 3.1) തദ്ദേശഭരണസ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം.

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് -വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2012-13 | 3.1.5.1 | | **പോത്തൻകോട്**<br>ഖരമാലിന്യ ഉത്പ്പാദനത്തെ സംബന്ധിച്ച് പോത്തൻകോട് ഗ്രാമപഞ്ചായത്ത് പഠനം നടത്തുകയും പഞ്ചായത്തിലാകമാനം പ്രതിദിനം 1500 കി.ഗ്രാം എന്ന നിരക്കിൽ പ്രതി വർഷം 547.5 ടൺ ഖരമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി . റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.<br><br>**ചിറ്റാർ**<br>ചിറ്റാർ ഗ്രാമപഞ്ചായത്തിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവു സംബന്ധിച്ച് കൃത്യമായ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. ഒരു ആപേക്ഷികമായ കണക്കാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവു സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തി |

മാലിന്യസംസ്കരണത്തിന് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കട്ടപ്പന**

പ്രതിദിനം 6.93 m3 ഖരമാലിന്യങ്ങളാണ് കട്ടപ്പന ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ച് സംസ്കരണകേന്ദ്രത്തി നിക്ഷേപിക്കുന്നത് . കട്ടപ്പന ഗ്രാമപഞ്ചായത്ത് പ്രത്യേക ഏജൻസി മുഖാന്തിരം ഖര മാലിന്യത്തിന്റെ അളവ് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മുഴുവൻ മാലിന്യങ്ങളും പ്രത്യേക വണ്ടികളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ ലോറിയിൽ എത്തിക്കുന്നുണ്ട് .

**ഉഴവൂർ ഗ്രാമപഞ്ചായത്ത്**

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യ പരിപാലനത്തിൽ ഉഴവൂർ ഗ്രാമ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗാർഹിക ജൈവ മാലിന്യ സംസ്കരണത്തിന് 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ ശുചിത്വമിഷൻ ധനസഹായത്തോടെ വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ഉഴവൂർ, മോനിപ്പള്ളി എന്നീ ടൗൺ പ്രദേശങ്ങളി ഒഴികെയുള്ള പഞ്ചായത്ത് പ്രദേശങ്ങളി എവിടെയും മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല. ഉഴവൂർ, മോനിപ്പള്ളി

| | | | | |
|---|---|---|---|---|
| | | | | എന്നീ പ്രദേശങ്ങളും മാർക്കറ്റും വൃത്തിയാക്കുന്നതിന്, പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസോടെ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിലെ മാലിന്യ സംസ്ക്കരണം പഞ്ചായത്ത് പ്രത്യേകം നിരീക്ഷിക്കുന്നതും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനം നടത്തുന്നതിന് പഞ്ചായത്ത് ശ്രമിക്കുന്നതുമാണ്. |
| | | | | **വടവുകോട്-പുത്തൻകുരിശ്**<br>പ്രദേശത്ത് പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 01/08/2013 തീയതി മുതൽ കർശനമായി നിരോധിച്ചു കൊണ്ട് ഒരു പൊതു നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ കടകൾക്കും സ്ഥാപനങ്ങൾക്കും കമ്പനികൾക്കും താമസ - താമസേതര കെട്ടിട ഉടമകൾക്കും ടി പൊതു നോട്ടീസ് ലഭ്യമാക്കി. കൂടാതെ ഹോട്ടലുകൾക്കും ലോഡ്ജുകൾക്കും സ്വന്തം നിലയിൽ മാലിന്യ സംസ്ക്കരണം ഏർപ്പെടുത്തുന്നതിന് പ്രത്യേകമായി നോട്ടീസ് നൽകുകയും ചെയ്തു. പഞ്ചായത്ത് പ്രദേശത്ത് ഒരു ദിവസം ശേഖരിക്കുന്ന മാലിന്യം ബ്രഹ്മപുരം മാലിന്യ ഡംബിംഗ് യാർഡിൽ നിക്ഷേപിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ആയതിന്റെ ഭാരം കണക്കാക്കിയിരുന്നു. ജൈവവും അജൈവവുമായി ഒരു ടൺ മാലിന്യം പ്രതിദിനം പഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 380 ടൺ മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.<br><br>**<u>അരിമ്പൂർ</u>**<br><br>അരിമ്പൂർ ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ കോർപ്പറേഷനോടു ചേർന്ന പഞ്ചായത്ത് ആണ്. ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 22.65 ച.കി.മീ. ആണ്. പഞ്ചായത്തിലെ ജനസംഖ്യ 23289 ആണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമാഹൃത റിപ്പോർട്ട് 2012-13 ഖണ്ഡിക 3.1.5 പറയുന്ന ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം കുടുംബശ്രീ അംഗങ്ങളും ആശാ വർക്കർമാരും സംയുക്തമായി നടത്തിയ സർവ്വേയിൽ ഈ ഗ്രാമ പഞ്ചായത്തിൽ 7670 കുടുംബങ്ങളും 1881 മറ്റു സ്ഥാപനങ്ങളും ഉണ്ട്. ഒരു കുടുംബത്തിന് പ്രതിദിനം ഗാർഹിക മാലിന്യം ഏകദേശം 100 ഗ്രാം മുതൽ 300 ഗ്രാം വരെയാണ് ഉണ്ടാകുന്നത്. പ്രതിവർഷം ഏകദേശം 839865 |

| | | | | |
|---|---|---|---|---|
| | | | | കിലോഗ്രാം മാലിന്യം ഉണ്ടാകുന്നു. ഗ്രാമ പഞ്ചായത്തിൽ ഓരോ കുടുംബത്തിനും ശരാശരി 30 സെന്റ് ഭൂമിയും അതിൽ കൂടുതലും ഉള്ളതിനാൽ ഗാർഹിക മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു. ആയതിനാൽ മാലിന്യപ്രശ്നം അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ ഇല്ല.<br><br>**കൊണ്ടോട്ടി**<br>ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് ശാസ്ത്രീയ പഠനം ഏജൻസികളെ വച്ച് നടത്താൻ സാധിച്ചിട്ടില്ല. എന്നാൽ ടൗൺ പ്രദേശത്ത് ഒരു ദിവസം ശരാശരി 0.150 ടൺ അളവിൽ മാലിന്യം ഉണ്ടാകുന്നതായി മെമ്പർമാരുടെ ഉപസമിതി കണക്കാക്കിയിട്ടുണ്ട്. വാർഡ് തലത്തിൽ സാനിട്ടേഷൻ കമ്മിറ്റി മുഖേന എല്ലാ വാർഡുകളിലുമുള്ള മാലിന്യങ്ങള നീക്കം ചെയ്യുന്നതിന് വ്യക്തമായി പരിശോധന നടത്താറുണ്ട്. വീടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മിക്ക വീടുകളിലും പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. മാർക്കറ്റിലുള്ള മാലിന്യങ്ങൾ അതാത് സ്ഥാപനങ്ങൾ തന്നെ ശേഖരിക്കുകയും ആയത് ഉറവിടങ്ങളിൽ സംസ്കരിക്കുകയും ചെയ്യുന്നുണ്ട്.<br><br>**സുൽത്താൻബത്തേരി**<br>സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്തിൽ, ഖരമാലിന്യ സംസ്ക്കരണത്തിന് ഖരമാലിന്യ |

സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് കത്തിച്ചുകളയുന്ന പ്രവൃത്തി വിജയകരമായി പ്രവർത്തിച്ച് വരുന്നുണ്ട് ഖര മാലിന്യങ്ങളിലുള്ള ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റ് ഇതോടൊന്നിച്ച് സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഉണ്ടാകുന്ന ഖരമാലിന്യ ഉത്പാദനത്തെ സംബന്ധിച്ച് വസ്തുനിഷ്ടമായ പഠനം നാളിതുവരെ നടത്തിയിട്ടില്ല എന്നത് വസ്തുതയായി കാണുന്നു. ടി ഖരമാലിന്യ ഉത്പാദനത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ആയതിന്റെ അളവ് സംബന്ധിച്ച് വസ്തുനിഷ്ടമായ കണക്ക് ലഭ്യമാക്കുന്നതിനും തൊട്ടടുത്ത പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ട ഉൾക്കൊള്ളിച്ചിട്ടുള്ളതും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി പഠനം നടത്തി റിപ്പോർട്ട് സമാഹരിക്കുന്നതുമാണെന്ന വിവരം സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.

<u>മുഴപ്പിലങ്ങാട്</u>

മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവ് കണക്കാക്കുകയോ ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് വിവരശേഖരണം/പഠനം എന്നിവ നടത്തിയിട്ടില്ല. പഞ്ചായത്തിൽ വലിയ

| | | | | |
|---|---|---|---|---|
| | | | | ഫാക്ടറികളോ വ്യവസായ സ്ഥാപനങ്ങളോ ഇല്ലാത്തതിനാലാണ് ആയത് നടത്താതിരുന്നത് എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. കൂടുതൽ മാലിന്യങ്ങളും വീടുകളിൽ നിന്ന് ഉണ്ടാകുന്നവയായതിനാൽ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ വീടുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്. 2014-15 വർഷം പ്ലാസ്റ്റിക്ക് മാലിന്യ പരിപാലനത്തിന് 225000/- രൂപ അടങ്കലുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മംഗൽപാടി<br>മംഗൽപാടി ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളാണുള്ളത്. ഈ പ്രദേശത്ത് പുറന്തള്ളപ്പെടുന്ന മാലിന്യത്തിന്റെ അളവ് നാളിതുവരെ കൃത്യമായി തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. സമ്പൂർണ്ണ ശുചിത്വ മിഷൻ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് ഇതിനുള്ള പരിഹാരം കാണുന്നതാണെന്ന് 07.07.2014 ലെ എ1-10010/14 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 2012-13 | 3.1.5.4 | | പോത്തൻകോട്<br>ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് പോത്തൻകോട് ഗ്രാമപഞ്ചായത്ത് പഠനം നടത്തുകയും പഞ്ചായത്തിൽ ആകമാനം പ്രതിദിനം 1500 കി.ഗ്രാം ഖരമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്. |

പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ പോത്തൻകോട് മാർക്കറ്റിൽ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ശുചീകരണ തൊഴിലാളികളെ പഞ്ചായത്ത് നിയോഗിച്ചിട്ടുണ്ട്. പോത്തൻകോട് ൌൺ ശുചീകരിക്കുന്നതിനായി പഞ്ചായത്തിന്റെ ഫുൾടൈം സ്വീപ്പറുടേയും വേങ്ങോട് മാർക്കറ്റ് ശുചീകരണത്തിനായി പഞ്ചായത്തിന്റെ പാർട്ട് ടൈം സ്വീപ്പറുടേയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ പഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ല. എന്നിരുന്നാലും കാര്യക്ഷമമായ ഖരമാലിന്യ പരിപാലനത്തിനായി പ്രോജക്ടിൽ ഉൾപ്പെടുത്തി മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹനം സ്വന്തമായി വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

**ചിറ്റാർ**

പഞ്ചായത്ത് വക മാർക്കറ്റ്, ചിറ്റാർ ജംഗ്ഷൻ എന്നിവിടങ്ങളിൽ നിന്നുമുള്ള മാലിന്യം ശേഖരിച്ച് പഞ്ചായത്ത് വക സ്ഥലത്തുള്ള കുഴിയിൽ കത്തിച്ചുകളയുന്നു. ഖരമാലിന്യം ശേഖരിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് അവരുടെ വാഹനം ഉപയോഗിച്ചാണ് ഖരമാലിന്യം ശേഖരിക്കുന്നത്.

2009-2010 വർഷം വാങ്ങിയ മാലിന്യ സംസ്കരണത്തിനുള്ള വീപ്പകൾ (സിംടെക്സ് ടാങ്കുകൾ) ഇപ്പോഴും പഞ്ചായത്തിന്റെ പലഭാഗത്തും മാലിന്യംശേഖരിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്.

**ഉഴവൂർ**

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യ പരിപാലനത്തിൽ ഉഴവൂർ ഗ്രാമ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗാർഹിക ജൈവ മാലിന്യ സംസ്കരണത്തിന് 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ ശുചിത്വമിഷൻ ധനസഹായത്തോടെ വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ഉഴവൂർ, മോനിപ്പള്ളി എന്നീ ടൗൺ പ്രദേശങ്ങളിൽ ഒഴികെയുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ എവിടെയും മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല. ഉഴവൂർ, മോനിപ്പള്ളി എന്നീ പ്രദേശങ്ങളും മാർക്കറ്റും വൃത്തിയാക്കുന്നതിന് പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസോടെ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിലെ മാലിന്യ സംസ്ക്കരണം പഞ്ചായത്ത് പ്രത്യേകം നിരീക്ഷിക്കുന്നതും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനം നടത്തുന്നതിന്

പഞ്ചായത്ത് ശ്രമിക്കുന്നതുമാണ്.

**കട്ടപ്പന**

ഖരമാലിന്യ ശേഖരം തൃപ്തികരമായി നടക്കുന്ന ഗ്രാമപഞ്ചായത്താണ് കട്ടപ്പന. നിലവിൽ ഗ്രാമപഞ്ചായത്തിൽ അഞ്ച് ഫുൾടൈം സ്വീപ്പർമാർ ജോലിചെയ്യുന്നുണ്ട് ഇതിന് പുറമെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നിയോഗിച്ച 4 ജീവനക്കാരും മാലിന്യ ശേഖരണത്തിനായി ജോലിചെയ്യുന്നു. അതിരാവിലെ 3 മണിക്ക് മാലിന്യങ്ങൾ ശേഖരിക്കുവാൻ തുടങ്ങുകയും 8 മണിയോടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നു. പുളിയൻമലയിലുള്ള ഗ്രാമപഞ്ചായത്ത് വക സ്ഥലത്താണ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പ്ലാസ്റ്റിക് വേയ്സ്റ്റ് തരംതിരിക്കുന്നതിന് പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതിദിനം 100 മുതൽ 150 കിലോ വരെ പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കുന്നുണ്ട്.

ഖരമാലിന്യ ഫാക്ടറി സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 2014-2015 വാർഷികപദ്ധതിയി 45 ലക്ഷം രൂപ വക കൊള്ളിക്കുകയും ടെന്റർ നടത്തുകയും ചെയ്തിട്ടുണ്ട് എന്നാൽ മാലിന്യ ഫാക്ടറി സ്ഥാപിക്കുന്നതിനാകയാൽ നാളിതുവരെ ആരും സ്ഥലം നൽകുന്നതിന് തയ്യാറായിട്ടില്ല. പ്ലാസ്റ്റിക് തരം തിരിച്ച് ഗ്രാനൂൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതിക്കായി 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതും ഫാക്ടറിയുടെ

പ്രവർത്തനങ്ങൾക്കുള്ള ടെന്റർ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. 2014-2015 വർഷത്തിൽ പണി പൂർത്തീകരിക്കുന്നതാണ്. 2010-2011 വർഷം വാങ്ങിയ ചവർ വീപ്പകൾ കടകൾ, വ്യവസായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പൂർണ്ണമായും വിതരണം ചെയ്യുകയും പ്രധാന കവലകളിൽ ചവർ വീപ്പ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം വീപ്പകളിൽ നിക്ഷേപിക്കുന്ന മാലിന്യം ജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിച്ചെടുത്ത് ഇപ്പോൾ സംസ്കരിച്ച് വരുന്നുണ്ട്.

## വടവുകോട് - പുത്തൻകുരിശ്

മാലിന്യ നീക്കത്തിനായി പഞ്ചായത്തിന്റെ കീഴിൽ 6 ശുചീകരണ തൊഴിലാളികളും ഒരു ടിപ്പർ ലോറിയും പ്രവർത്തിക്കുന്നു. ജൈവവും അജൈവവുമായി മാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം ശേഖരിച്ച് നീക്കം ചെയ്യപ്പെടുന്നു. എല്ലാവാർഡുകളിലും പ്രവർത്തിക്കുന്ന മാലിന്യ പരിപാലന സമിതികളുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

## അരിമ്പൂർ

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഭരണസമിതി തീരുമാനപ്രകാരം കുടുംബശ്രീ-

അംഗങ്ങൾ ആശാവർക്കർമാർ സംയുക്തമായി നടത്തിയ വിവരശേഖരണത്തിൽ പൊതു സ്ഥലങ്ങളിലെ ഖരമാലിന്യങ്ങൾ പ്രതിവർഷം ഏകദേശം 100 ടണ്ണിൽ താഴെയാണ്. ഈ പഞ്ചായത്തിൽ മാർക്കറ്റുകൾ വണ്ടിത്താവളങ്ങൾ ഒന്നും നിലവിലിൽ . നിലവിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ പഞ്ചായത്ത് നേരിട്ട് പൊതു സ്ഥലങ്ങളിൽ സമയാ സമയങ്ങളിൽ നീക്കം ചെയ്യുന്നു. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിച്ചു വരുന്നു. ഖരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് 2013-14 ലെ വാർഷിക പദ്ധതിയിൽ ബയോഗ്യാസ് ഖരമാലിന്യ പരിപാലനം എന്ന പ്രൊജക്ട് 1370000/- രൂപ അടങ്കലായി വയ്ക്കുകയും 100 ബയോഗ്യാസ് പ്ലാന്റിന് അനുമതി നേടി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. നിലവിൽ ഖരമാലിന്യങ്ങളും മറ്റു മാലിന്യങ്ങലും ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനാൽ മാലിന്യപ്രശ്നം ഗ്രാമ പഞ്ചായത്തിൽ നേരിടുന്നില്ല.

**ആലത്തൂർ**

ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ ശേഖരണത്തിനുവേണ്ടി കൃത്യമായ സംവിധാനങ്ങൾ നിലവിലുണ്ട്. എല്ലാ ദിവസവും രാവിലെ അഞ്ചുമണി മുതൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനാൽ പൊതുസ്ഥലത്ത് വലിച്ചെറിയുന്നതും കുന്നുകൂടിക്കിടക്കുന്നതുമായ സ്ഥിതിവിശേഷം

നിലവിലില്ലാത്തതാണ് ഖരമാലിന്യ ശേഖരണത്തിനുവേണ്ടി നിലവിൽ കൂടുതൽ ആളുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതും പരിശോധിച്ചുവരുന്നുണ്ട്. ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ ശേഖരണത്തിനായി നിലവിലെ പഴയ ട്രാക്ടർ മാറ്റി പുതിയ ട്രാക്ടർ, ഗുഡ്സ് ഓട്ടോറിക്ഷ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ മാലിന്യവും പൂർണ്ണമായും സമയബന്ധിതമായും നീക്കം ചെയ്യപ്പെടുന്നതാണ്. ആയതിലേക്കായി വാങ്ങിയ 193 ചവർവീപ്പകളും ആവശ്യക്കാരെ കണ്ടെത്തി അവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുള്ളതുമാണ്. അവരിൽ നിന്നും നിശ്ചിത തുക മാസംതോറും പഞ്ചായത്തിലേക്ക് ഈടാക്കി വരുന്നുണ്ട്. ആയത് കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കാനുള്ള പ്രവർത്തികളും പുരോഗമിച്ചുവരുന്നു.

**കൊടുവായൂർ**

കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട പ്രദേശങ്ങളിൽ നിന്നും പ്രതിദിനം 2 ട്രാക്ടർ ലോഡ് എന്നുള്ള പരാമർശത്തിനുപരിയായി കൂടുതൽ പ്രദേശങ്ങളിലേക്ക് ഖരമാലിന്യ ശേഖരണം വ്യാപിപ്പിച്ചു നടത്തുന്നുന്നതിനാൽ പ്രതിദിനം 4 ലോഡ് ഖര മാലിന്യം പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിൽ നിന്നും

ശേഖരിച്ചുവരുന്നുണ്ട്.

**<u>കൊണ്ടോട്ടി</u>**

ഖരമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനം നിലവിൽ ഇല്ല. എങ്കിലും ടൗൺ പ്രദേശത്ത് ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ അതാതു സ്ഥാപനങ്ങൾ തന്നെ സംസ്കരികുന്നതിനാൽ പിന്നീട് വരുന്ന അജൈവ മാലിന്യങ്ങൾ (നാമമാത്രമായവ) പൊതുജനങ്ങൾക്ക് ശല്യമുണ്ടാകാത്ത രീതിയിൽ പ്ലാസ്റ്റിക് വേർതിരിച്ച് കത്തിച്ചു കളയുകയുമാണ് ചെയ്യുന്നത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് കുടുംബശ്രീ പ്രവർത്തകർ വഴി ശേഖരിക്കുകയും ആയത് സംസ്കരണത്തിനായി ഏറ്റെടുക്കുന്നതിനു പ്രകൃതി സംരക്ഷണസേന എന്ന ഏജൻസിയുമായി കരാറിലായിട്ടുണ്ട്.

**<u>സുൽത്താൻബത്തേരി</u>**

കാര്യക്ഷമമായ ഖരമാലിന്യ സംസ്കരണ സംവിധാനമാണ് നിലനിൽക്കുന്നത്. എന്നാൽ പഞ്ചായത്തിന്റെ ജനബാഹുല്യവും, വിസ്തൃതിയും കണക്കിലെടുത്താൽ ഖരമാലിന്യസംസ്ക്കരണത്തിനായി പഞ്ചായത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം തുലോ അപര്യാപ്തമാണ്. ടി സാഹചര്യത്തിൽ പഞ്ചായത്ത് പ്രദേശത്തെ പ്രധാന റോഡുകൾ കടന്നുപോകുന്ന സ്ഥലങ്ങളിലെയും പ്രധാന

കവലകളിലും ഉണ്ടാവുന്ന ഖരമാലിന്യങ്ങൾ ശേഖരിക്കുകയും അവ സംസ്കരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങൾ കഴിഞ്ഞുള്ള സ്ഥലങ്ങളിൽ ജനസാന്ദ്രത വളരെ കുറവും സ്ഥലസൗകര്യം കൂടുതലുമായതിനാൽ വീടുകളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ അപര്യാപ്തതമൂലം ഖരമാലിന്യങ്ങൾ ശരിയായവിധം സംഭരിക്കുന്നതിനോ ഇനം തിരിച്ച് ശേഖരിക്കുന്നതിനോ സാധിക്കുന്നില്ല. എന്നിരുന്നാലും പഞ്ചായത്ത് പ്രദേശത്ത് മാലിന്യം കുന്നുകൂട്ടിയിടുന്ന അവസ്ഥ നിലനിൽക്കുന്നില്ല. ഖരമാലിന്യസംസ്ക്കരണ പ്ലാന്റിനോടനുബന്ധിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് സംസ്ക്കരിക്കുന്നതിനെ കുറിച്ച് ഭരണ സമിതിയിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് സമിതി നിർദ്ദേശങ്ങൾ ഉടൻ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തിന്റെ പ്രധാന

പട്ടണത്തിലും ടി പട്ടണത്തിന്റെ ചുറ്റളവിൽ വരുന്ന ഏതാണ്ട് മൂന്ന് കിലോമീറ്റർ ദൂരത്തിൽ വരുന്ന പ്രദേശത്തുമുള്ള ഖരമാലിന്യങ്ങളുടെ കണക്കുകളാണ് വ്യക്തമാക്കിയിട്ടുള്ളത് ടി കണക്കുകൾ പ്രകാരം 4.66 ടൺ മാലിന്യങ്ങളാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നതായി പറയുന്നത് ടി മാലിന്യങ്ങൾ ശേഖരിക്കുന്നതിന് രണ്ട് ട്രാക്ടറുകൾ നിലവിലുള്ളതും ടി ട്രാക്ടറുകളിൽ ഓരോന്നിനും മൂന്ന് ടൺ വീതം മാലിന്യം വഹിക്കുന്നതിന് ശേഷിയുള്ളവയുമാണ് ടി വാഹനങ്ങളിൽ ആറ് ടണ്ണോളം ചപ്പുചവറുകൾ കൊണ്ടുപോകാൻ സാധിക്കും. ഈ സാഹചര്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്തിലുണ്ടാകുന്ന മാലിന്യങ്ങൾ മുഴുവൻ അളവിലും വാഹനങ്ങളിൽ വഹിച്ച് കൊണ്ടുപോകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത് എന്ന വിവരം ബോധിപ്പിക്കുന്നു. സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിൽ ഖരമാലിന്യങ്ങൾ ഏതാണ്ട് പൂർണ്ണ തോതിൽ തന്നെ ശേഖരിക്കുന്ന സാഹചര്യം നിലനിൽക്കുതിനാൽ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവെക്കാത്തതായ സ്ഥിതി വിശേഷം നിലനിൽക്കുന്നു എന്ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.

**മുഴപ്പിലങ്ങാട്**

| | | | |
|---|---|---|---|
| | | | മുഴപ്പിലങ്ങാട് പഞ്ചായത്തിൽ പ്രതിദിനം ഉണ്ടാകുന്ന ഗാർഹിക ജൈവമാലിന്യങ്ങൾ അതാത് വീട്ടുപറമ്പ തന്നെ കുട്ടികൾ നിർമ്മിച്ച് സംസ്കരണം നടത്തുന്നതിന് എല്ലാ വീടുകൾക്കും നിർദ്ദേശം നൽകിയിരുന്നു. പ്ലാസ്റ്റിക്ക് സഞ്ചികളുടെ ഉപയോഗം കുറച്ച് തുണി സഞ്ചികൾ ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതിനാൽ പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യങ്ങളുടെ വിവരം ശേഖരിച്ചിരുന്നില്ല.<br><br>മംഗൽപ്പാടി<br>പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയപ്പെടാതെ അതാത് സ്ഥലങ്ങളിൽ വീപ്പകളിൽ ശേഖരിച്ച് വണ്ടിയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സംസ്കരണ പ്ലാന്റിൽ എത്തിക്കുക എന്ന ഉദ്ദേശത്തിലാണ് വീപ്പകൾ വാങ്ങിയത്. എന്നാൽ ബഹു. ജില്ലാ കലക്ടറുടെ നിർദ്ദേശ പ്രകാരം വീപ്പകൾ വഴിയോരങ്ങളിൽ വയ്ക്കുന്നതിന് തടസ്സം വന്നതിനാലാണ് അവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നതിന് ഇടവന്നിട്ടുള്ളത് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2014 ലെ എ1-10010/14 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | 3.1.5.5 | ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിക്കുന്നില്ല. | |

| | | | |
|---|---|---|---|
| 4 | | 3.1.5.8 | **<u>കൊട്ടാരക്കര</u>**<br>2014-15 -ൽ ഉഗ്രൻകുന്ന് എന്ന പ്രദേശത്തായി ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യ പ്ലാന്റ് 10,00,000/- സ്ഥാപന വിഹിതം 2200,000/- നിർമ്മൽ പുരസ്കാരം 500000/- ഉൾപ്പെടെ 3700,000/- ലക്ഷം വകയിരുത്തി. 2014-15 ൽ തന്നെ ശുചിത്വ മിഷന്റെ മേൽ നോട്ടത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ശുപാർശകൾ ആധുനിക പ്ലാന്റ് സ്ഥാപിക്കുക വഴി നടപ്പിലാകുമെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>ചിറ്റാർ</u>** പഞ്ചായത്തിൽ പി.ഡബ്ളിയു.ഡി ഓട നിർമ്മിച്ച് സ്ലാബ് ഇട്ട് മൂടിയിട്ടുള്ളതാണ്. മാലിന്യങ്ങൾ വനത്തിലോ വനപ്രദേശങ്ങളിലോ അലക്ഷ്യമായി തള്ളുന്നില്ല. ചിറ്റാർ ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | **കട്ടപ്പന**<br>ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഫാക്ടറി സ്ഥാപിക്കുന്നതിന് 2014-2015 വാർഷിക പദ്ധതിയിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട് . മറ്റ് മാലിന്യങ്ങൾ കുഴിഎടുത്ത് മൂടിയിടുന്നു . ഈ പ്രവർത്തിക്കായി 2013-2014 വർഷം 21,385/ രൂപ ചെലവഴിച്ചു. തന്നത് വർഷം നാളിതുവരെ 14,863/ രൂപ ചെലവഴിച്ചിട്ടുണ്ട് മാലിന്യങ്ങൾ മണ്ണിട്ട് മൂടുന്നതിനാൽ മഴക്കാലത്ത് മാലിന്യങ്ങൾ ഒലിച്ചിറങ്ങുന്നത് തടയാനും ചെരിവ് മാറ്റുന്നതിനും ഭൂമിയെ തട്ടുകളായി തിരിച്ച് കണ്ട് കെട്ടിയിട്ടുണ്ട്.<br><br>**വടവുകോട്-പുത്തൻകുരിശ്**<br>പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവ -അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുകയും കൊച്ചി കോർപ്പറേഷൻ വക ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റിലാണ് 2013 മുതൽ നിക്ഷേപിച്ചുപോരുന്നത്. ആയതിനാൽ പഞ്ചായത്ത് വക വടയമ്പാടിയിലുള്ള സ്ഥലത്ത് ഇപ്പോൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>**കൂത്താട്ടുകുളം**<br>വ്യാപാരി വ്യവസായികളുടെ |

സഹായത്തോടെ മാലിന്യം വിവിധ ബക്കറ്റുകളിൽ ആക്കി തരം തിരിക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമാക്കി അതിൽ നിക്ഷേപിക്കുവാൻ നിശ്ചിയിക്കുകയും ജൈവമാലിന്യങ്ങൾ തരംതിരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നതിന് 2 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്. 2014-15 വാർഷീക പദ്ധതിയിൽ 12 ലക്ഷം രൂപ വകയിരുത്തി ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനും 15 ലക്ഷം രൂപ ഷെഡ്ഡ് നിർമ്മാണത്തിനുമായി വകയിരുത്തിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരുന്നു.

**കൊടുവായൂർ ഗ്രാമപഞ്ചായത്ത്** പരിസരങ്ങളിൽ കുമ്പാരമായി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ജില്ലാ ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം സർക്കാരിന്റെ പക്കലുള്ള മൊബൈൽ ഇൻസിലേറ്റർ ആവശ്യപ്പെടുന്നതിന് 7.11.203 ലെ 17 നമ്പർ തീരുമാനപ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉപകരണം ലഭ്യമാക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

**കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്** ഖര മാലിന്യ സംസ്കരണത്തിന് ശാസ്തീയമായ

സംവിധാനം നിലവിൽ ഇല്ല. എങ്കിലും ടൗൺ പ്രദേശത്ത് ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ അതാതു സ്ഥാപനങ്ങൾ തന്നെ സംസ്കരികുന്നതിനാൽ പിന്നിട് വരുന്ന അജൈവ മാലിന്യങ്ങൾ (നാമ മാത്രമായവ) പൊതുജനങ്ങൾക്ക് ശല്യമുണ്ടാകാത്ത രീതിയിൽ പ്ലാസ്റ്റിക് വേർതിരിച്ച് കത്തിച്ചു കളയുകയുമാണ് ചെയ്യുന്നത്: വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേർതിരിച്ച് കുടുംബശ്രീ പ്രവർത്തകൾ വഴി ശേഖരിക്കുകയും ആയത് സംസ്കരണത്തിനായി ഏറ്റെടുക്കുന്നതിനു പ്രകൃതി സംരക്ഷണസേന എന്ന ഏജൻസിയുമായി കരാറിലായിട്ടുണ്ട്

**രാമനാട്ടുകര ഗ്രാമപഞ്ചായത്ത്**

നേരത്തെ കൂട്ടിയിട്ടിരുന്ന മാലിന്യങ്ങൾ മുഴുവനും തൊട്ടടുത്ത പറമ്പിന്റെ ഉടമസ്ഥന്റെ സമ്മത പ്രകാരം ജെസിബി ഉപയോഗിച്ച് നീക്കം ചെയ്യുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കുഴിച്ച് മൂടുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് പൊതുജനങ്ങളും മറ്റും സമീപപ്രദേശങ്ങളിൽ നടന്ന് വരുന്ന കല്യാണ സദ്യകളുടെ അവശിഷ്ടങ്ങളും മറ്റും രാത്രിയിലും അവധി ദിവസങ്ങളിലും പ്രസ്തുത സ്ഥലത്ത് നിക്ഷേപിക്കുന്നത് തടയുന്നതിന് ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ പ്രവേശന കവാടത്തിൽ ഇരുമ്പ് ഗെയ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങളിലെ എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കണമെന്ന് എല്ലാ

സ്ഥാപന ഉടമകൾക്കും അറിയിപ്പ് നൽകുകയും ആയത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരിശോധന ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട് എന്നും മാലിന്യ സംസ്കരണ പദ്ധതി ഫലപ്രദമാക്കാൻ ഭരണസമിതി വിവിധ ഏജൻസികളുമായി ചർച്ച ചെയ്തു വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

| | | |
|---|---|---|
| 5 | 3.1.5.9 | |

**കൊട്ടാരക്കര**

ആധുനിക പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി പ്രശ്നം പരിഹരിക്കുന്നതാണ്.

**വടവുകോട്-പുത്തൻകുരിശ്ശ്**

1999 - 2000 പഞ്ചായത്ത് വാങ്ങിയ 65.864 ആർ. സ്ഥലത്ത് ഇപ്പോൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്നില്ല. കൊച്ചി കോർപ്പറേഷൻ വക ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റിലാണ് 2013 മുതൽ നിക്ഷേപിച്ചു വരുന്നത്.

**ആലത്തൂർ** ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണത്തിനായി പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തന്നെ പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാകാത്ത പ്രദേശത്ത് പഞ്ചായത്ത് സ്ഥലം കണ്ടെത്തുകയും 66.50 സെന്റ് സ്ഥലം കുറഞ്ഞ വിലയ്ക്ക് വാങ്ങിയിട്ടുള്ളതുമാണ്. ആയതിൽ ഇപ്പോൾ ഖരമാലിന്യ പ്ലാന്റ് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വരും വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി പ്ലാന്റിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

**കൊണ്ടോട്ടി**

ഖരമാലിന്യ സംസ്ക്കരണത്തിനായി കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിൽ ഒന്നാം

വാർഡിൽ പനയംപറമ്പ് എന്ന സ്ഥലത്ത് 33.1/4 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. എന്നാൽ ഖരമാലിന്യ സംസ്ക്കരണാർത്ഥം പ്ലാന്റ് സ്ഥാപിക്കുന്നതിനും സംസ്ക്കരണം നടത്തുന്നതിനും പരിസരവാസികളുടെ തടസ്സം നേരിട്ടതിനാലാണ് പ്രസ്തുത ഭൂമി വെറുതെകിടക്കുന്നത്. പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ പ്ലാന്റ് സ്ഥാപിച്ച് സംസ്ക്കരണം നടത്തുന്നതിന് വേണ്ടി ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

3.1.5.10

കൊട്ടാരക്കര

2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 2500000/- രൂപ ചെലവിൽ ഗ്രാമപഞ്ചായത്ത് ഖരമാലിന്യപ്ലാന്റ് ഉഗ്രൻകുന്നിൽ സ്ഥാപിച്ചു. ചീരൻമയൂര എന്ന സ്ഥാപനം സ്ഥാപിച്ച പ്ലാന്റ് 21/02/2004 ൽ പ്രവർത്തനം ആരംഭിച്ചു. ഇൻസിനേറ്ററിനുള്ളിൽ ചിരട്ടയും മറ്റും ഉപയോഗിച്ച് മാലിന്യങ്ങൾ

കത്തിക്കുന്ന സംവിധാനം ആയിരുന്നു ഉണ്ടായിരുന്നത്. 2008 ൽ ഇൻസിനേറ്ററും പുകക്കുഴലും തുരുമ്പെടുത്ത് തകർന്ന് വീണതോടെ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചു. 4 വർഷത്തിനിടെ പലതവണ പ്ലാന്റിന്റെ അറ്റകുറ്റപ്പണി നടത്തിയെങ്കിലും പ്ലാന്റ് പ്രവർത്തന രഹിതമാകുകയാണ് ഉണ്ടായത്.

2010-11 ൽ 42,22,988/ രൂപ വകയിരുത്തി പുതിയതായി മറ്റൊരു പ്ലാന്റ് നിർമ്മിക്കുന്നതിനായി കരാർ ഏറ്റെടുത്ത ശ്രീ. കിഷോർ, മുകളുവിള വീട്, ചെപ്പ(പി.ഒ) എന്നയാൾ പണി ഉപേക്ഷിച്ച് പോയതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2014-15 ൽ ഉഗ്രൻകുന്ന് എന്ന പ്രദേശത്തായി ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യ ഗ്രാന്റ് 10,00,000/- രൂപ, സംസ്ഥാനാവിഷ്കൃത പദ്ധതിയിനത്തിൽ 22,00,000/- രൂപ, നിർമ്മൽ പുരസാകാരം 5,00,000/- രൂപ, ഉൾപ്പടെ ആകെ അടങ്കൽ 37,00,000/- രൂപ വകയിരുത്തി. 2014-15 ൽ തന്നെ ശുചിത്വ മിഷന്റെ മേൽ നോട്ടത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ഖണ്ഡിക 3.1.8 ലെ ശുപാർശകൾ ആധുനിക പ്ലാന്റ് സ്ഥാപിക്കുക വഴി നടപ്പിലാകുമെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്

<u>ഇളമ്പള്ളൂർ</u>

ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചെങ്കിലും മെയിന്റനൻസിന് വേണ്ടി കമ്മ്യൂണിറ്റി ഹാൾ അടച്ചിട്ടിരുന്നതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. ഇപ്പോൾ കമ്മ്യൂണിറ്റി ഹാൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

[illegible] ഗ്രാമപഞ്ചായത്തിൽ മണ്ണിര കമ്പോസ്റ്റ് പ്ലാന്റ് പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കൊടുവായൂർ** ഗ്രാമപഞ്ചായത്തിൽ മാലിന്യസംസ്കരണ യൂണിറ്റ് ഇപ്പോൾ ടെൻഡർ ക്ഷണിച്ച് ഒരു വ്യക്തിയെ ഏൽപിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഫലമായി കുടുംബശ്രീയെ ഏല്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ 2095800/- രൂപ വകയിരുത്തി. ഖരമാലിന്യ സംസ്ക്കരണത്തിന് വേണ്ടി പ്രോജക്ട് തയ്യാറാക്കുകയും M/s. ചീരൻസ്മയൂർ ഇൻഡസ്ട്രീസ്, തൃശ്ശൂർ എന്ന സ്ഥാപനം മുഖേന 1.5 ടൺ കപ്പാസിറ്റിയുള്ള

ഇൻസിനറേറ്റർ സ്ഥാപിക്കുകയും ആയതിന്റെ നടത്തിപ്പിന് വേണ്ടി കുടുംബശ്രീയുടെ മേൽനോട്ടത്തിൽ 10 അംഗ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഈ പ്രോജക്ടിന് ക്ലീൻ കേരള മിഷനിൽ നിന്ന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ, ഇൻസീനറേറ്ററിന്റെ മെയിന്റനൻസ് സംബന്ധിച്ച് ആയത് സ്ഥാപിച്ച സ്ഥാപനവും പഞ്ചായത്തുമായി കരാറുണ്ടാക്കുകയോ ചെയ്തിരുന്നില്ല. ആയതിനാൽ കാലാകാലങ്ങളിലുള്ള മെയിന്റനൻസ് നടത്താതെ വരികയും ഇൻസിനറേറ്റർ പ്രവർത്തനക്ഷമമല്ലാതെ വരികയും ചെയ്തു. തുടർന്ന് 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിൽ ഇൻസിനറേറ്റർ നവീകരണം എന്ന പദ്ധതി തയ്യാറാക്കിയെങ്കിലും ആയതിന്റെ എസ്റ്റിമേറ്റിന് ക്ലീൻ കേരള മിഷനും, പി.ഡബ്ല്യൂഡി മെക്കാനിക്കൽ വിഭാഗവും അനുമതി നൽകാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും, അന്വേഷണത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ച ഏജൻസി ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന വിവരമാണ് ലഭിച്ചിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

പ്രസ്തുത പ്ലാന്റിന്റെ ഇരുമ്പുപൈപ്പുകളും മറ്റും തുരുമ്പെടുത്ത് പൊട്ടി വീഴാവുന്ന അവസ്ഥയിലാണെന്നും പ്ലാന്റ് പൊളിച്ച് ലേലം ചെയ്ത് ലഭ്യമാവുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള

നടപടികൾ മാത്രമാണ് ഇപ്പോൾ സാധ്യമാവുന്നതെന്നും, ആയതിനുള്ള അനുമതിക്കായി അപേക്ഷിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി 01.10.2014 -ലെ തിയ്യതിയിലെ 107(1)/14 നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**താമരശ്ശേരി** ഗ്രാമ പഞ്ചായത്തിലെ താമരശ്ശേരി ടൗൺ പ്രദേശത്തുള്ള ഹോട്ടലുകൾ, കൂൾബാറുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം പൊതുജനങ്ങൾക്ക് ശല്യമില്ലാത്ത വിധം ... സംസ്കരിക്കുന്നതിനും സംസ്കരിച്ചെടുത്ത ജലം കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനും വേണ്ടി 2008-09 വർഷത്തിൽ 4,35,000 രൂപ അടങ്കലിൽ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം 4,38,096 രൂപ ചെലവഴിച്ച് മലിന ജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും പ്ലാന്റിന്റെ പ്രവർത്തനം സുഗമമായി നടക്കുകയും ചെയ്തിരുന്നുവെന്നും ടൗൺ പരിസരങ്ങളിലെ ഹോട്ടലുകൾ, കൂൾബാറുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം പ്രത്യേകം പൈപ്പ് ലൈനുകൾ വഴി പ്ലാന്റിൽ എത്തിക്കുകയും സംസ്കരിക്കുകയുമാണ് ചെയ്തിരുന്നത്. പ്രോജക്ടിന്റെ നിർവ്വഹണ

ഉദ്യോഗസ്ഥൻ പഞ്ചായത്തിന്റെ കൃഷി ഓഫീസറായിരുന്നു. പ്ലാന്റിലേയ്ക്ക് മലിനജലം എത്തിക്കുന്ന പൈപ്പ് ലൈൻ പലയിടങ്ങളിലും പൊട്ടിപ്പോയതും പ്ലാന്റിൽ ചളി അടിഞ്ഞു കൂടിയതും മൂലം പ്ലാന്റ് പിന്നീട് പ്രവർത്തനരഹിതമാവുകയാണുണ്ടായത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പ്ലാന്റിന്റെ അറ്റകുറ്റപണി നടത്തുന്നതിനായി 2011-12 വർഷത്തിൽ പ്രത്യേകം പ്രൊജക്ട് വെക്കുകയും 160551/- രൂപ ചെലവഴിച്ച് പ്ലാന്റ് വീണ്ടും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. എന്നാൽ ചില സാമൂഹ്യ വിരുദ്ധർ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈൻ പലയിടങ്ങളിലും നശിപ്പിച്ചതിനാൽ പ്ലാന്റിന്റെ പ്രവർത്തനം വീണ്ടും തടസ്സപ്പെടുകയും ചെയ്തു. മലിനജല സംസ്കരണ പ്ലാന്റിന്റെ നടത്തിപ്പിനായി ഒരു സ്ഥിരം സംവിധാനമില്ലാത്തതിനാലാണ് പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കുന്നതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ തുടർ നടത്തിപ്പിനായി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളായ താമരശ്ശേരി ടൗൺ പ്രദേശത്തെ വ്യാപാരികളുടെ ഒരു യോഗം പഞ്ചായത്ത് പ്രസിഡണ്ട് വിളിച്ചു ചേർക്കുകയും 63 അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ കേടുപാടുകൾ സംഭവിച്ച പൈപ്പ്ലൈനിന്റെ

അറ്റകുറ്റപ്പണി നടത്തുകയും പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിരുന്നു. 2014-ലെ കാലവർഷത്തിൽ പൈപ്പ്ലൈനുകൾ ചിലയിടങ്ങളിൽ വേർപെട്ടു പോയതിനാൽ നിലവിൽ പ്ലാന്റിന്റെ പ്രവർത്തനം വീണ്ടും നിലച്ചിരിക്കുകയാണ്. പ്ലാന്റും പ്ലാന്റിലേയ്ക്കുള്ള പ്രധാന പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുള്ള താമരശ്ശേരി ചുങ്കം ബൈപ്പാസിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ് എന്നും, കൂടാതെ ഹോട്ടലുകളിൽ നിന്നും ക്വാർട്ടേഴ്സുകളിൽ നിന്നും മലിനജലം പ്ലാന്റിലേയ്ക്ക് എത്തിക്കുന്ന പൈപ്പ് ലൈൻ ബന്ധിപ്പിച്ചിരിക്കുന്നത് നാഷണൽ ഹൈവേയോട് ചേർന്നുള്ള ഡ്രെയ്നേജ് വഴിയാണ് എന്നും പ്രസ്തുത ഡ്രെയ്നേജ് പുനർ നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ നടന്നു വരുന്നതിനാൽ ആയത് പൂർത്തിയായ ഉടൻ അറ്റകുറ്റപ്പണി നടത്തി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുമെന്ന് വ്യാപാരികളുൾപ്പെട്ട പ്ലാന്റിന്റെ നടത്തിപ്പിനായുള്ള കമ്മിറ്റി അറിയിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ കാലാകാലങ്ങളിൽ പ്ലാന്റിന്റെ അറ്റകുറ്റപ്പണികളും നടത്തിപ്പും നിർവ്വഹിക്കുന്നതിന് പ്രസ്തുത ചുമതല മേൽപറഞ്ഞ കമ്മിറ്റിയെ ഏൽപ്പിക്കുകയോ ഗ്രാമ പഞ്ചായത്ത് തന്നെ പ്രസ്തുത ചുമതല

നേരിട്ട് നടത്തുകയും ഇതിലേയ്ക്കായി വരുന്ന സാമ്പത്തിക ബാധ്യത പദ്ധതിയുടെ ഗുണഭോക്താക്കളായ വ്യാപാരികളിൽ നിന്നും സർവ്വീസ് ചാർജായി ഈടാക്കുകയോ ചെയ്യാനാണ് ഗ്രാമ പഞ്ചായത്ത് ഉദ്ദേശിക്കുന്നത് എന്നും ഈ വിഷയത്തിൽ അടിയന്തിരമായി തീരുമാനമെടുത്ത് മലിനജല പ്ലാന്റ് പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

**കൊട്ടാരക്കരയിലെ ഖരമാലിന്യപ്രതിസന്ധി**

2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 2500000/- രൂപ ചെലവിൽ ഗ്രാമപഞ്ചായത്ത് ഖരമാലിന്യപ്ലാന്റ് ഉഗ്രൻകുന്നിൽ സ്ഥാപിച്ചു. ചീരൻ മയൂര എന്ന സ്ഥാപനം സ്ഥാപിച്ച പ്ലാന്റ് 21/02/2004 ൽ പ്രവർത്തനം ആരംഭിച്ചു. ഇൻസിനേറ്ററിനുള്ളിൽ ചിരട്ടയും മറ്റും ഉപയോഗിച്ച് മാലിന്യങ്ങൾ കത്തിക്കുന്ന സംവിധാനം ആയിരുന്നു ഉണ്ടായിരുന്നത്. 2008 ൽ ഇൻസിനേറ്ററും പുകക്കുഴലും

തുരുമ്പെടുത്ത് തകർന്ന് വീണതോടെ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചു. 4 വർഷത്തിനിടെ പലതവണ പ്ലാന്റിന്റെ അറ്റകുറ്റപ്പണി നടത്തിയെങ്കിലും പ്ലാന്റ് പ്രവർത്തന രഹിതമാകുകയാണ് ഉണ്ടായത്.

2010-11 ൽ 42,22,988/ രൂപ വകയിരുത്തി പുതിയതായി മറ്റൊരു പ്ലാന്റ് നിർമ്മിക്കുന്നതിനായി കരാർ ഏറ്റെടുത്ത ശ്രീ. കിഷോർ. മുകളുവിള വീട്, ചെപ്ര(പി.ഒ) എന്നയാൾ പണി ഉപേക്ഷിച്ച് പോയതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2014-15 ൽ ഉഗ്രൻകുന്ന് എന്ന പ്രദേശത്തായി ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യ ഗ്രാന്റ് 10,00,000/- രൂപ, സംസ്ഥാനാവിഷ്കൃത പദ്ധതിയിനത്തിൽ 22,00,000/- രൂപ, നിർമ്മൽ പുരസാകാരം 5,00,000/- രൂപ. ഉൾപ്പടെ ആകെ അടങ്കൽ 37,00,000/- രൂപ വകയിരുത്തി. 2014-15 ൽ തന്നെ ശുചിത്വ മിഷന്റെ മേൽ നോട്ടത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ഖണ്ഡിക 3.1.8 ലെ ശുപാർശകൾ ആധുനിക പ്ലാന്റ് സ്ഥാപിക്കുക വഴി നടപ്പിലാകുമെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| 6 | | 3.1.5.11 | |

ക്ലീൻ കേരള മിഷൻ പദ്ധതി വഴി ലഭിച്ച ₹7.80.000/ൽചെലവഴിക്കപ്പെടാതെയിരിക്കുന്ന ₹ 2,40,595/, 2014- 15 വാർഷീക പദ്ധതിയിൽ പൊതുശ്മശാനത്തിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആകെ പദ്ധതി ചെലവായ ₹ 52,00,000/ സംസ്ഥാനാവിഷ്കൃത പദ്ധതി തുക വകയിരുത്തിയതിൽ മേൽപ്പറഞ്ഞ തുകയും. ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 7 | 3.1.5.12 | | പോത്തൻകോട് ഗ്രാമപഞ്ചായത്ത് പോത്തൻകോട് മാർക്കറ്റിൽ 2008-09 വർഷത്തിൽ സ്ഥാപിച്ച ഖരമാലിന്യ സംസ്കരണപ്ലാന്റ് ഇപ്പോൾ പ്രവർത്തന രഹിതമാണ് ടി പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് നിർമ്മാണം നടത്തിയ ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്ററിനോട് മെയിന്റനൻസിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ഈ ഓഫീസിലെ എ1 -3478/12 29/12/12 നമ്പർ തപാൽ ആവശ്യപ്പെട്ടതിൻ പ്രകാരം ടി. പ്ലാൻറും അനുബന്ധ ടാങ്കുകളും ക്ലീൻചെയ്ത് വേസ്റ്റുകൾ കുഴിച്ചുമൂടി അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തിപ്പിക്കുതിന് 390000 രൂപയുടെ എസ്റ്റിമേറ്റ് ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ സമർപ്പിച്ചിട്ടുണ്ട്. മാർക്കറ്റിലെ മാലിന്യസംസ്കരണം ത്വരിതപ്പെടുത്തുന്നതിനായി ടി. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ഫണ്ട് അനുവദിക്കണമെന്ന് പഞ്ചായത്ത കമ്മിറ്റി പഞ്ചായത്ത് കമ്മിറ്റിയുടെ II(3) തീയതി |

19/01/2013 നമ്പർ തീരുമാന പ്രകാരം ശുചിത്വമിഷൻ അധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർന്ന് ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ അറ്റകുറ്റപ്പണികളുടെ വിശദമായ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് എൻജിനീയറെക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന് ശുചിത്വമിഷൻ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ഈ ഓഫീസിൽ നിന്നും എ1.609/13 തീയതി 29/06/2013, തീയതി 22/04/2014 നമ്പർ കത്തുകൾ പ്രകാരം എൽ.എസ്.ജി.ഡി. അസി. എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി. എസ്റ്റിമേറ്റ് തുകക്കുള്ള പ്രോജക്ട് തയ്യാറാക്കി 2014-15 വാർഷിക പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ്. എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

**കൊട്ടാരക്കര** ഗ്രാമപഞ്ചായത്ത് വക പബ്ലിക് മാർക്കറ്റിനുള്ളിൽ 2006-ൽ ബയോടെക് എന്ന ഏജൻസി മുഖേന ബയോഗ്യാസ് പ്ലാന്റു സ്ഥാപിച്ചു. ഇതിന് 23,99,692 രൂപ ചെലവഴിച്ചിരുന്നു. 2006-ൽ സ്ഥാപിച്ച് 2010-11 വരെ മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്നു. 2010-11 - ൽ പ്ലാന്റ് പ്രവർത്തനരഹിതമായപ്പോൾ മെയിന്റനൻസിനായി

500000/-രൂപ ബയോടെക് ആവശ്യപ്പെടുകയും അന്നത്തെ പഞ്ചായത്ത് സമിതിയിൽ ഈ പ്രവർത്തിക്ക് അനുമതി നൽകാത്തതുമൂലം പ്ലാന്റ് പ്രവർത്തന രഹിതമായി തുടർന്നുള്ള വർഷങ്ങളിൽ നിരവധി തവണ പഞ്ചായത്ത് ബയോടെക് അധികൃതരുമായി ബന്ധപ്പെട്ട് ഈ പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങുന്നതിന് ശ്രമിച്ചിരുന്നു. പഞ്ചായത്ത് മാലിന്യ പ്ലാന്റിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റും ദൈനംദിന പ്രവർത്തനം നടത്തുന്നതിന് നൽകേണ്ട പ്ലാന്റ് ഓപ്പറേഷൻ ചാർജ്ജ് [illegible] ബയോടെക് അധികൃതർ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. [illegible] വർഷം ലഭ്യമാക്കുന്ന ലോക ബാങ്ക് ധനസഹായം ഉപയോഗിച്ച് ഈ പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പ്ലാന്റ് വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഈ പ്ലാന്റിന്റെ പ്രവർത്തനം വീണ്ടും ആരംഭിക്കുന്നതു വഴി പബ്ലിക് മാർക്കറ്റിലെ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് സാധിക്കുന്നതാണ്.

**ഉഴവൂർ ഗ്രാമപഞ്ചായത്ത്**

2008-2009 കാലയളവിൽ ഉഴവൂർ മാർക്കറ്റിൽ സ്ഥാപിച്ച 100 കി.ഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിനു പഞ്ചായത്ത് പെർമനന്റ് ലോക് അദാലത്തി നൽകിയ പെറ്റീഷൻ പഞ്ചായത്തിനെതിരെ

തീർപ്പാക്കിയിട്ടുള്ളതിനാൽ ഇതിന്മേൽ തുടർ നടപടികൾക്ക് നിയമോപദേശം ആരായുകയും അപ്പീൽ നൽകാൻ നിയമോപദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോടതി നടപടികളിലൂടെ തർക്കം പരിഹരിക്കുന്നതിനു കാലതാമസം വരുമെന്നതിനാൽ അപ്പീൽ പോകേണ്ടതില്ലെന്നും പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ സോഷ്യോ-എക്കണോമിക് യൂണിറ്റിനെ ഏൽപ്പിക്കാനും ആയതിന്റെ എസ്റ്റിമേറ്റ് ആവശ്യപ്പെടാനും പഞ്ചായത്ത് കമ്മറ്റിയുടെ 13.08.14 തീയതിയിലെ V ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതും അതിൻ പ്രകാരം 1,14,698/- രൂപയുടെ എസ്റ്റിമേറ്റ് സോഷ്യോ എക്കണോമിക് യൂണിറ്റി നിന്നും 23-09-2014 ലഭിച്ചിട്ടുമുണ്ട്. പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്</u>**

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് നമ്പർ 3/08-09/09-10 പ്രകാരം മത്സ്യമാർക്കറ്റിനു സമീപം 109 ങ2 വ്യാപ്തമുള്ളതും 1000 കി.ഗ്രാം. ശേഷിയുള്ളതുമായ ബയോഗ്യാസ് പ്ലാന്റ് മാലിന്യ സംസ്കരണത്തിന് നിർമ്മിച്ചിരുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

സ്ഥാപിച്ച പ്ലാന്റ് 09.07.2011 മുതൽ പ്രവർത്തിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പ്ലാന്റ് തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നില്ലെന്നും കമ്മീഷൻ ചെയ്തപ്പോൾ തന്നെ ചോർച്ച ഉണ്ടായിരുന്നുവെന്നും പഞ്ചായത്ത് കമ്മററിയുടെ 10.10.2011 തീയതിയിലെ II. 17.03.2012 തീയതിയിലെ IV(7) നമ്പർ തീരുമാനങ്ങൾ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. നിർമ്മാണം നടത്തിയ ഏജൻസി പ്ലാന്റിന്റെ പ്രവർത്തനത്തിൽ പ്രശ്നങ്ങൾ ഒന്നും ഇല്ലായിരുന്നുവെന്ന് അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 5,13,916/- രൂപ ചെലവഴിച്ചു പഞ്ചായത്തു മത്സ്യമാർക്കറ്റിനു സമീപം നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പഞ്ചായത്തിനു കൈമാറി കിട്ടിയ അവസരത്തിൽ (10-11 കാലഘട്ടത്തിൽ) തന്നെ പ്രവർത്തന ക്ഷമതയില്ലാത്തതായിരുന്നതിനാൽ ടി പ്രവർത്തിയുടെ മുഴുവൻ ചെലവ് തുകയും ടി പ്ലാന്റ് നിർമ്മിച്ച ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നല്കിയിട്ടില്ലാത്തതും, ടി ഏജൻസിയെ അറിയിച്ചിട്ടുള്ളതുമാണ്. ബാലൻസ്

തുകയ്ക്കായി ഏജൻസി പഞ്ചായത്തിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രവർത്തന ക്ഷമതയില്ലാത്ത ടി പ്ളാന്റ് അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന ക്ഷമതയുള്ളതാക്കുവാൻ കഴിയുമോയെന്നു പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി.അസിറ്റന്റ് എൻജിനീയർക്ക് 01.08.2014 ലെ എഒ.6300/14 പ്രകാരം കത്തു നലകിയിരുന്നു. ടിയാളുടെ മറുപടിയി പ്ളാന്റ് പ്രവർത്തനക്ഷമമാണോയെന്നു പരിശോധിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന് കത്തു നല്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതും, ആയതനുസരിച്ച് 06.08.2014 എഒ.6300/14 നമ്പർ കത്തു പ്രകാരം അസിറ്റന്റ് എൻജിനീയർ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന് കത്തു നല്കിയിട്ടുള്ളതുമാണ്. ആയതിന് മറുപടി ലഭ്യമായിട്ടില്ല.

14.10.2014 ലെ പഞ്ചായത്തു കമ്മറ്റിയിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചർച്ച ചെയ്യുകയും പ്രവർത്തനക്ഷമമല്ലാത്ത ബയോഗ്യാസ് പ്ളാന്റ് പ്രവർത്തന ക്ഷമമാക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നല്കുവാൻ നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു കത്തു നല്കുന്നതിനു തീരുമാനിക്കുകയും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന (ഓഡിറ്റ് റിപ്പോർട്ടി പരാമർശിക്കുന്ന ഒ.പി. നമ്പർ ഡബ്ള്യു.പി.സി.5814/11 -ാം നമ്പർ കേസ്സിന്റെ

നിലവിലുള്ള അവസ്ഥ പഞ്ചായത്തിന്റെ കേസ്സുകൾ ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിപ്പോർട്ട് വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

**കൂത്താട്ടുകുളം**

ബയോഗ്യാസ് പ്ലാന്റ് വീണ്ടും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിന് ഷെഡ്ഡ് പണിതിട്ടുണ്ട്. പച്ചക്കറി അവശിഷ്ടങ്ങൾ നിക്ഷേപിക്കുവാനും മണ്ണിര കമ്പോസ്റ്റ് ഉൾപ്പെടെ പ്രവർത്തിപ്പിക്കാനും രണ്ട് വനിതകളെ നിയോഗിച്ചിട്ടുണ്ട്. ഇൻസിനേറ്റർ വരുന്ന മുറയ്ക്ക് മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിംഗ് കമ്പനികൾക്ക് നൽകണമെന്ന നിർദ്ദേശവും പരിഗണനയിലുണ്ട്.

**രാമനാട്ടുകര**

രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 825000/- രൂപ വകയിരുത്തിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പദ്ധതി നടത്തിപ്പിന് സർക്കാർ അംഗീകൃത ഏജൻസിയായ ബയോഡിസൈൻ & എനർജി സിസ്റ്റംസ്, കോഴിക്കോട് എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുകയും 3 തവണയായി ആകെ 503895/- രൂപ ടി സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട് . ഏജൻസി ആവശ്യപ്പെട്ടതനുസരിച്ച് വെള്ളവും

വൈദ്യുതിയും ലഭ്യമാക്കിയെങ്കിലും പ്ലാന്റ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമല്ലാത്തത് കാരണം ഏജൻസിക്ക് കത്ത് നൽകുകയും. ടി ഏജൻസിയുടെ മാനേജിംഗ് പാർട്ണറായ എൽദോ തോമസ് എന്നയാളുമായി ഫോണിൽ ബന്ധപ്പെട്ടതിൽ ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും പ്രവൃത്തി ചെയ്തതിന്റെ മുഴുവൻ തുകയും ലഭിച്ചിട്ടില്ലായെന്ന് അറിയിക്കുകയാണ് ഉണ്ടായത് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. മേൽ പ്ലാന്റ് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ടത് പ്രകാരം സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ M/s. വിനോറിസ് ഗ്രീനറിജി പ്രൈ. ലിമിറ്റഡ് കോഴിക്കോട് എന്ന ഏജൻസിക്കാർ നേരിട്ട് പരിശോധിക്കുകയും പ്ലാന്റ് പുനർനിർമ്മാണത്തിന് 1208483 (പന്ത്രണ്ട് ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി എൺപത്തി മൂന്ന്) രൂപയുടെ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തിരുന്നതായും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ചെലവായ തുകയെക്കാൾ രണ്ടിരട്ടിയോളം കൂടിയ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളതിനാൽ ആയത് പഞ്ചായത്ത് ഫണ്ട് കൂടുതൽ നഷ്ടപ്പെടുത്തുന്നതിന് ഇടയാവുമോ എന്നത് പഠിക്കുന്നതിന് വേണ്ടി മാറ്റി വെച്ചിരിക്കയാണ് എന്നും കഴിവതും വേഗത്തിൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും സെക്രട്ടറി അറിയിച്ച വിവരം

ബോധിപ്പിക്കുന്നു.

**മംഗൽപ്പാടി**

മംഗൽപാടി ഗ്രാമപഞ്ചായത്ത് 2007-08 സാമ്പത്തിക വർഷം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുകയും അഡ്വാൻസ് നൽകുകയും ചെയ്തുവെങ്കിലും പ്രവൃത്തി ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

**പോത്തൻകോട്** 2009 ഒക്ടോബറിൽ ഉദ്ഘാടനം നടത്തിയ ബയോഗ്യാസ് പ്ലാന്റ് 2010 വരെ Annual Maintenance Contract പ്രകാരം പ്രവർത്തിപ്പിച്ചിരുന്നു. പിന്നീട് ഒരു വർഷം കൂടി പ്ലാന്റിന്റെ പ്രവർത്തനം ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാർ പ്രകാരമുള്ള മാലിന്യം കാര്യക്ഷമമായി സംസ്കരിക്കാൻ കഴിഞ്ഞില്ല എന്നതിനാൽ A.M.C. പുതുക്കി നൽകേണ്ടതില്ലെന്ന് 20/09/2011 ലെ VII(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുമ്പോഴാണ് പ്ലാന്റ് പ്രവർത്തനരഹിതമായത്. ടി. പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് നിർമ്മാണം നടത്തിയ ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്ററിനോട് മെയിന്റനൻസിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ഈ

ഓഫീസിലെ എ1 -3478/12 29/12/12 നമ്പർ തപാൽ ആവശ്യപ്പെട്ടതിൻ പ്രകാരം ടി. പ്ലാൻറും അനുബന്ധ ടാങ്കുകളും ക്ലീൻചെയ്ത് വേസ്റ്റുകൾ കുഴിച്ചുമൂടി അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തിപ്പിക്കുതിന് 390000 രൂപയുടെ എസ്റ്റിമേറ്റ് ജ്യോതി ബയോഗ്യാസ് റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ സമർപ്പിച്ചിട്ടുണ്ട്. മാർ മാർക്കറ്റിലെ മാലിന്യസംസ്കരണം ത്വരിതപ്പെടുത്തുന്നതിനായി ടി. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ഫണ്ട് അനുവദിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി പഞ്ചായത്ത് കമ്മിറ്റിയുടെ II(3) തീയതി 19/01/2013 നമ്പർ തീരുമാന പ്രകാരം ശുചിത്വമിഷൻ അധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർന്ന് ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ അറ്റകുറ്റപ്പണികളുടെ വിശദമായ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് എൻജിനീയറെക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന് ശുചിത്വമിഷൻ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ഈ ഓഫീസിൽ നിന്നും എ1.609/13 തീയതി 29/06/2013, തീയതി 22/04/2014 നമ്പർ തപാലുകൾ പ്രകാരം എൽ.എസ്.ജി. ഡി. അസ്സി. എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി. എസ്റ്റിമേറ്റ് തുകക്കുള്ള പ്രോജക്ട് തയ്യാറാക്കി 2014-15 വാർഷിക പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി

ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

**ഇളമ്പള്ളൂർ**

ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചെങ്കിലും മെയിന്റനൻസിന് വേണ്ടി കമ്മ്യൂണിറ്റി ഹാൾ അടച്ചിട്ടിരുന്നതിനാ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. ഇപ്പോൾ കമ്മ്യൂണിറ്റി ഹാൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൊട്ടാരക്കര**

2010-11 -ൽ 42,22,988/- രൂപ വകയിരുത്തി. പ്ലാന്റ് നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 -ൽ ഉഗ്രൻകുന്ന് എന്ന പ്രദേശത്തായി ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ധനകാര്യ ഗ്രാന്റ് 10,00,000/- സ്ഥാപന വിഹിതം 2200,000/- നിർമ്മൽ പുരസ്കാരം 500000/- ഉൾപ്പെടെ 3700,000/- ലക്ഷം വകയിരുത്തി. 2014-15 ൽ തന്നെ ശുചിത്വ മിഷന്റെ മേൽ നോട്ടത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ഖണ്ഡിക 3.1.8

-ലെ ശുപാർശകൾ ആധുനിക പ്ലാന്റ് സ്ഥാപിക്കുക വഴി നടപ്പിലാകുമെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഉഴവൂർ ഗ്രാമപഞ്ചായത്ത്**

2008-2009 കാലയളവിൽ ഉഴവൂർ മാർക്കറ്റിൽ സ്ഥാപിച്ച 100 കി.ഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനു പഞ്ചായത്ത് പെർമനന്റ് ലോക് അദാലത്തിൽ നൽകിയ പെറ്റീഷൻ പഞ്ചായത്തിനെതിരെ തീർപ്പാക്കിയിട്ടുള്ളതിനാൽ ഇതിന്മേൽ തുടർ നടപടികൾക്ക് നിയമോപദേശം ആരായുകയും അപ്പീൽ നൽകാൻ നിയമോപദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോടതി നടപടികളിലൂടെ തർക്കം പരിഹരിക്കുന്നതിനു കാലതാമസം വരുമെന്നതിനാൽ അപ്പീൽ പോകേണ്ടതില്ലെന്നും പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപണികൾ നടത്താൻ സോഷ്യോ-എക്കണോമിക് യൂണിറ്റിനെ ഏൽപ്പിക്കാനും ആയതിന്റെ എസ്റ്റിമേറ്റ് ആവശ്യപ്പെടാനും പഞ്ചായത്ത് കമ്മറ്റിയുടെ 13.08.14 തീയതിയിലെ V ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതും അതിൻ പ്രകാരം 1,14,698/- രൂപയുടെ എസ്റ്റിമേറ്റ് സോഷ്യോ എക്കണോമിക് യൂണിറ്റിൽ നിന്നും 23-09-2014

ലഭിച്ചിട്ടുമുണ്ട്. പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് നമ്പർ 3/08-09/09-10 പ്രകാരം മത്സ്യമാർക്കറ്റിനു സമീപം 109 ഓ2 വ്യാപ്തമുള്ളതും 1000 കി.ഗ്രാം ശേഷിയുള്ളതുമായ ബയോഗ്യാസ് പ്ലാന്റ് മാലിന്യ സംസ്ക്കരണത്തിന് നിർമ്മിച്ചിരുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്ഥാപിച്ച പ്ലാന്റ് 09.07.2011 മുതൽ പ്രവർത്തിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പ്ലാന്റ് തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നില്ലെന്നും കമ്മീഷൻ ചെയ്തപ്പോൾ തന്നെ ചോർച്ച ഉണ്ടായിരുന്നുവെന്നും പഞ്ചായത്ത് കമ്മററിയുടെ 10.10.2011 തീയതിയിലെ II, 17.03.2012 തീയതിയിലെ IV(7) നമ്പർ തീരുമാനങ്ങൾ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. നിർമ്മാണം നടത്തിയ ഏജൻസി പ്ലാന്റിന്റെ പ്രവർത്തനത്തിൽ പ്രശ്നങ്ങൾ ഒന്നും ഇല്ലായിരുന്നുവെന്ന് അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 5,13,916/- രൂപ

ചെലവഴിച്ചു പഞ്ചായത്തു മത്സ്യമാർക്കറ്റിനു സമീപം നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റ് പഞ്ചായത്തിനു കൈമാറി കിട്ടിയ അവസരത്തിൽ (10–11 കാലഘട്ടത്തിൽ ) തന്നെ പ്രവർത്തനക്ഷമതയി ാത്തതായിരുന്നതിനാ ടി പ്രവർത്തിയുടെ മുഴുവൻ ചെലവ് തുകയും ടി പ്ലാന്റ് നിർമ്മിച്ച ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നല്കിയിട്ടില്ലാത്തതും, ടി ഏജൻസിയെ അറിയിച്ചിട്ടുള്ളതുമാണ്. ബാലൻസ് തുകയ്ക്കായി ഏജൻസി പഞ്ചായത്തിനെതിരെ കോടതിയി കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രവർത്തനക്ഷമതയില്ലാത്ത ടി പ്ലാന്റ് അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന ക്ഷമതയുള്ളതാക്കുവാൻ കഴിയുമോയെന്നു പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിന എൽ.എസ്.ജി.ഡി.അസിറ്റന്റ് എൻജിനീയർക്ക് 01.08.2014 ലെ എ6.6300/14 പ്രകാരം കത്തു നലകിയിരുന്നു. ടിയാളുടെ മറുപടിയി പ്ലാന്റ് പ്രവർത്തനക്ഷമമാണോയെന്നു പരിശോധിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന് കത്തു നല്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതും. ആയതനുസരിച്ച് 06.08.2014 എ6.6300/14 നമ്പർ കത്തു പ്രകാരം അസിറ്റന്റ് എൻജിനീയർ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന് കത്തു നല്കിയിട്ടുള്ളതുമാണ്. ആയതിന് മറുപടി ലഭ്യമായിട്ടില്ല.

14.10.2014 ലെ പഞ്ചായത്തു കമ്മറ്റിയിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചർച്ച ചെയ്യുകയും

പ്രവർത്തനക്ഷമമല്ലാത്ത ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നല്കുവാൻ നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു കത്തു നല്കുന്നതിനു തീരുമാനിക്കുകയും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന (ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ഒ.പി. നമ്പർ ഡബ്ല്യൂ.പി.സി.5814/11 -ാം നമ്പർ കേസ്സിന്റെ നിലവിലുള്ള അവസ്ഥ പഞ്ചായത്തിന്റെ കേസ്സുകൾ ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിപ്പോർട്ട് വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

**കൂത്താട്ടുകുളം**

**2014** മാർച്ച് മാസത്തിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ സഹായത്തോടെ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ഈ വർഷം പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്.

**രാമനാട്ടുകര**

രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതിനാലും മാലിന്യ

സംസ്കരണത്തിന് പകരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിനാലുമാണ് ഈ തുകകൾ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതെന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നപടികൾ സ്വീകരിച്ച് വരികയാണ് എന്നും മേൽ ശ്രമങ്ങൾ വിജയിക്കുന്ന മുറയ്ക്ക് മാലിന്യനിർമ്മാജ്ജനത്തിന് വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുമെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**താമരശ്ശേരി**

മത്സ്യ മാർക്കറ്റ്, ചിക്കൻ സ്റ്റാൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടിയായിരുന്നു മത്സ്യമാർക്കറ്റിനുസമീപം ബയോഗ്യാസ് സ്ഥാപിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയത്. സർക്കാർ സ്ഥാപനമായ കെയ്ക്കോയെയാണ് ബയോഗ്യാസ് നിർമ്മിക്കുന്ന ഏജൻസിയായി നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കെയ്ക്കോയുമായി എഗ്രിമെന്റ് വെച്ച ശേഷം അടങ്കൽ തുകയുടെ 20% ആയ 133000/-രൂപ 12.04.2010 തിയ്യതിയിൽ കെയ്ക്കോക്ക് മുൻകൂറായി നൽകിയിരുന്നു. കെയ്ക്കോ തുക കൈപ്പറ്റിയ ശേഷം യാതൊരു വിധ നിർമ്മാണ പ്രവർത്തനവും നടത്തിയിട്ടില്ലാത്തതിനാൽ കെയ്ക്കോയ്ക്ക് നൽകിയ തുക

ഈടാക്കുന്നതിന് നിരന്തരമായ കത്തിടപാടുകൾ നടത്തിയെങ്കിലും ഇതുവരെയായി തുക തിരികെ ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് 23.10.2014-ന് തീരുമാനമെടുത്തിട്ടുണ്ട്. ഇതനുസരിച്ച് റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കെയ്ക്കോയിൽ നിന്ന് അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

പ്രസ്തുത പ്രൊജക്ട് സ്പിൽ ഓവറായി തുടരുന്നതിന് ഈ വർഷവും തീരുമാനിച്ചിരുന്നതായും ഇതിനിടയിൽ കോഴിക്കോട് ജില്ലയിൽ പുതുതായി അനുവദിച്ച താലൂക്കിന്റെ ആസ്ഥാനം താമരശ്ശേരി സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ ഘടകസ്ഥാപനമായ കൃഷി ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റേണ്ട സാഹചര്യമുണ്ടായി. കൃഷി ഓഫീസിന് അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ കഴിയാത്തതിനാൽ സർക്കാർ അനുമതിയോടെ മത്സ്യ മാർക്കറ്റ് കെട്ടിടം ഓഫീസ് കെട്ടിടമാക്കി മാറ്റി കൃഷി ഓഫീസ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ ബയോഗ്യാസ് പ്ലാന്റ് പ്രസ്തുത സ്ഥലത്ത് നിർമ്മിക്കുന്നതിന് നിലവിലെ

സാഹചര്യത്തിൽ സാധിക്കാത്ത അവസ്ഥയുണ്ടെന്നും കൂടാതെ അനുദിനം വികസിച്ച് വരുന്ന താമരശ്ശേരി ടൗൺ പ്രദേശത്തെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പ്രസ്തുത ബയോഗ്യാസ് പ്ലാന്റ് മതിയാവില്ലെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പ്രോജക്ട് ഒഴിവാക്കുന്നതിനും പകരം നിലവിൽ മാലിന്യം നിക്ഷേപിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്നതും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ജനവാസമില്ലാത്തതുമായ 1.12 ഏക്കറിൽപ്പെട്ട സ്ഥലത്ത് മാലിന്യ സംസ്കരണത്തിനായി ആധുനിക രീതിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഇതിലേക്കായി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് യാഥാർത്ഥ്യമായാ താമരശ്ശേരി ഗ്രാമ പഞ്ചായത്തിന് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു ശാശ്വത പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നതായി സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

**മംഗൽപാടി ഗ്രാമപഞ്ചായത്ത്**

2007-08 സാമ്പത്തിക വർഷം ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി രണ്ടു തവണകളായി 7.5 ലക്ഷം രൂപ കാസറഗോഡ് സോഷ്യൽ സർവ്വീസ്

സൊസൈറ്റി എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മുൻകൂർ നൽകിയ തുക പലിശ സഹിതം തിരിച്ചടക്കുന്നതിനായി അറിയിപ്പ് നൽകുകയും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും നൽകിയ മേൽ വിലാസത്തിൽ കരാർവെച്ച സൊസൈറ്റി സെക്രട്ടറി ഇല്ലാതാകുകയാണ് ഉണ്ടായിട്ടില്ലത്. എന്നാൽ സൊസൈറ്റിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ കാസർഗോഡ് ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്ന് ശേഖരിച്ച് സൊസൈറ്റി ഭാരവാഹികൾക്ക് രജിസ്റ്റേർഡ് കത്തയക്കുകയും ചെയ്തു. ഒരാളൊഴികെ ആരും കത്ത് കൈപ്പറ്റുകയുണ്ടായി. കൈപ്പറ്റിയ തുക ഗഡുക്കളായി പലിശ ഒഴിവാക്കി അടക്കുന്നതിന് തയ്യാറാണെന്ന് സൊസൈറ്റി സെക്രട്ടറിയുടെ പേരിലുള്ള ഒരു കത്ത് പഞ്ചായത്ത് ഓഫീസിൽ ലഭിക്കുകയുണ്ടായി. 05.06.2014 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്യുകയും നാളിതുവരെയുള്ള പലിശ സഹിതം മുൻകൂറായി നൽകിയ തുക ഈടാക്കിയെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നമ്പർ 44/2014) ആയതിൻപ്രകാരം മേൽ നടപടികൾ സ്വീകരിച്ചു വരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2014 ലെ എ1-10010/14 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 170000/- രൂപ (ഒരു ലക്ഷത്തി എഴുപതിനായിരം

| | | | | |
|---|---|---|---|---|
| | | | | രൂപ) പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായും ബാക്കി തുക രണ്ടു ഗഡുക്കളായി ഒടുക്കുമെന്നും 05.08.2014 എ-2967/14 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 8 | | 3.1.5.13 | | **പോത്തൻകോട്**<br>ഖരമാലിന്യ പരിപാലനത്തിനായി വാർഷിക പദ്ധതികളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്ന തിനോടൊപ്പം തന്നെ പഞ്ചായത്തിന്റെ ഫുൾടൈം സ്വീപ്പർ, പാർട്ട് ടൈം സ്വീപ്പർ, രണ്ട് ശുചീകരണ തൊഴിലാളികൾ എന്നിവരെ ഉപയോഗിച്ച് മാലിന്യം ശേഖരിച്ച് സംസ്കരണം നടത്തിവരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കായി ബയോഗ്യാസ് പ്ലാന്റ്, മോസ്പിറ്റ് കമ്പോസ്റ്റ് എന്നിവ വിതരണം നടത്തുന്നതിനായി പ്രോജക്ട് രൂപീകരിക്കുകയും പ്രോജക്ട് നിർവഹണം നടന്നുകൊണ്ടിരിക്കുകയാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.<br><br>**കട്ടപ്പന** ഗ്രാമപഞ്ചായത്തിൽ മാലിന്യ ശേഖരണത്തിന് ഏകദേശം 12 ലക്ഷം രൂപ മാത്രമെ ചെലവു കാറുള്ളു. എന്നാൽ പദ്ധതി തയ്യാറാക്കിയപ്പോൾ തുക കൂടുതൽ ഉൾപ്പെടുത്തിയതിനാലാണ് ചെലവിനത്തിൽ കുറവുണ്ടാകാൻ കാരണം. സംസ്കരണത്തിന് |

പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിച്ചാണ് തുക വകയിരുത്തിയത്. എന്നാൽ വാർഷിക പദ്ധതിയുടെ ബാഹുല്യം കാരണമാണ് പ്രത്യേകപദ്ധതികൾ ഏറ്റെടുക്കാൻ പഞ്ചായത്തിന് കഴിയാതെ പോയത്.

**ആലത്തൂർ** ഗ്രാമപഞ്ചായത്ത് വരും വർഷങ്ങളിൽ പുതുക്കിയതും ക്രിയാത്മകമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതുമായ പദ്ധതികൾ സമർപ്പിക്കുകയും പരമാധി തുക ചിലവഴിക്കുന്നതുമാണ്.

**കൊടുവായൂർ** ഗ്രാമപഞ്ചായത്തിൽ വരും വർഷങ്ങളിൽ ഖരമാലിന്യ ശേഖരണ സംസ്കരണത്തിന് പുതുക്കിയതും ക്രിയാത്മകമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതുമായ പദ്ധതികൾ സമർപ്പിക്കുകയും ലഭിക്കുന്ന തുക ഭാവിയിൽ പൂർണ്ണമായും ചെലവഴിക്കുന്നതാണ്.

**രാമനാട്ടുകര** ഗ്രാമപഞ്ചായത്തി ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതിനാലും മാലിന്യസംസ്ക്കരണത്തിന് പകരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിനാലുമാണ് ഈ തുകകൾ

പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതെന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നപടികൾ സ്വീകരിച്ച് വരികയാണ് എന്നും മേൽ ശ്രമങ്ങൾ വിജയിക്കുന്ന മുറയ്ക്ക് മാലിന്യനിർമ്മാജ്ജനത്തിന് വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുമെന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിന് ഖരമാലിന്യ പരിപാലനാർത്ഥം വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിച്ചിട്ടുള്ളത്. തുടർന്ന് വന്ന വർഷങ്ങളിലും ഖരമാലിന്യ പരിപാലനത്തിന് വകയിരുത്തിയിട്ടുള്ള മുഴുവൻ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.

**മുള്ളൻകൊല്ലി**

ഖരമാലിന്യ ശേഖരണത്തിനായി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷങ്ങളിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

| | | | | |
|---|---|---|---|---|
| 9 | | 3.1.5.14 | | ഖരമാലന്യ സംസ്കരണത്തിനായി സ്ഥലമെടുപ്പിന് 2008-09 വർഷത്തിൽ 5,29,106/- രൂപ വകയിരുത്തി ആയത് മുഴുവൻ ചെലവഴിച്ച് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.<br>**കൊട്ടാരക്കര**<br>2012 സെപ്റ്റംബർ 1ന് ഉഗ്രൻകുന്നിലെ നാട്ടുകാർ മാലിന്യവുമായി വന്ന പഞ്ചായത്ത് ലോറി തടഞ്ഞിട്ടതിനെ തുടർന്ന് നടന്ന ചർച്ചയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ മുഴുവൻ നീക്കത്തി മണ്ണിട്ട് മൂടുകയുണ്ടായി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു എന്ന വിവരം പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ മാലിന്യ നീക്കം സുഗമമായി നടക്കുന്നു. ഇവിടെയുണ്ടാകുന്ന ജനകീയ പ്രക്ഷോഭങ്ങൾ ആധുനിക പ്ലാന്റ് സ്ഥാപിക്കുന്നതോടുകൂടി അവസാനിക്കുമെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

# സർക്കാർ മറുപടി

## 2012-13- സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി

| പാര നമ്പർ | | മറുപടി ലഭ്യമാക്കേണ്ട നഗരസഭകൾ |
|---|---|---|
| 3.1.5.1 | | 1. **തിരുവനന്തപുരം**<br>2. **കൊല്ലം** :- ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്ത് വിജയകരമായി നടത്തി കൊണ്ടു പോകുവാനും വിവരശേഖരണം നടത്തി വ്യക്തവും കൃത്യവുമായ കണക്കുകൾ തയ്യാറാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതാണ്.<br>3. **കൊച്ചി**<br>4. **തൃശ്ശൂർ** :- തൃശൂർ കോർപ്പറേഷനിൽ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ രീതിയും, പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് വേർതിരിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഖരമാലിന്യത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 20 മുതൽ 25 വരെ ടൺ മാലിന്യം മാത്രമാണ് തൃശൂർ കോർപ്പറേഷനിൽ നിലവിൽ സംസ്കരണത്തിനായി ശേഷിക്കുന്നത്.<br><br>5. **കോഴിക്കോട്** :- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയത് ശരിയായ വിവരമല്ല. പ്രതിദിനം 65-70 ടൺ മാലിന്യമാണ് നഗരസഭയിൽ നിന്നും ശേഖരിച്ചു വരുന്നത്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ കൂടി ഉൾപ്പെടുത്തുമ്പോൾ ഏകദേശം 100 ടൺ മാലിന്യം ഉണ്ടാകുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ മലിനജലവും ഖരമാലിന്യവും സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയവ കാര്യക്ഷമമായി പൊതു ജനങ്ങളുടെ പരാതി ക്കിടയില്ലാത്ത വിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.<br><br>6. **തിരുവല്ല** :- തിരുവല്ല നഗരസഭാ പരിധിയിൽ 2013 ജൂലൈ 1 മുതൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരസഭാ മാർക്കറ്റ്, അറവുശാല, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ പ്രതിദിനം ഉദ്ദേശം 5 ടൺ ഖരമാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. |

7. **കായംകുളം** :- ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

8. **ആലപ്പുഴ**

9. **ചങ്ങനാശ്ശേരി** :- നഗരസഭ നേരിട്ട് ശേഖരിക്കുന്ന മാല്യം വേബ്രിഡ്ജിൽ തൂക്കി കൃത്യമായ അളവ് എടുക്കാറുണ്ട്. എന്നാൽ വീടുകളിലും, സ്ഥാപനങ്ങളിലും സ്വയം സംസ്ക്കരിക്കപ്പെടുന്ന മാലിന്യത്തിന്റെ കൃത്യമായ അളവ് ലഭ്യമല്ല. ചങ്ങനാശേരി നഗരസഭ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നൽകിയ പ്രതിദിന ഖരമാലിന്യത്തിന്റെ കണക്ക് 12 ടൺ ആണ്. ഇത് നഗരസഭയിൽ ആകെ ഉൽപാദിക്കപ്പെടുന്ന മാലിന്യത്തിന്റെ ഏകദേശ കണക്കാണ്. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിരിക്കുന്ന 6 ടൺ എന്നത് നഗരസഭ നേരിട്ട് ശേഖരിച്ച് ജൈവവള പ്ലാന്റിൽ സംസ്ക്കരിക്കുന്ന മാലിന്യത്തിന്റെ അളവാണ്.

10. **കോട്ടയം**

11. **ആലുവ** : ആലുവ നഗരസഭാ പ്രദേശത്ത് ദിനംപ്രതി ശരാശരി 12 ടൺ മാലിന്യങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ശിവരാത്രി, കർക്കടകവാവ് മറ്റ് ഉത്സവാഘോഷങ്ങൾ എന്നീ കാലയളവിൽ മാലിന്യത്തിന്റെ അളവ് വർദ്ധിക്കാറുള്ളതാണ്.

12. **പെരുമ്പാവൂർ** :- നഗരസഭ ഹെൽത്ത് വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം ദിനം പ്രതി 2 മുതൽ 3 വരെ ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കുകയും വർഷത്തിൽ ഏകദേശം 720 ടണ്ണോളം ഖരമാലിന്യങ്ങൾ ഉണ്ടാകുന്നുമുണ്ട്.

13. **തിരൂർ**

14. **തലശ്ശേരി** :- തലശ്ശേരി നഗരസഭയിൽ മാലിന്യങ്ങൾ വേർതിരിച്ച് പെട്ടിപ്പാലം ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിക്ഷേപിക്കുന്ന രീതി 2011 ഒക്ടോബർ വരെ തുടർന്നിരുന്നു. പ്രസ്തുത കാലയളവിൽ30-40 ടൺ മാലിന്യങ്ങൾ പ്രതിദിനം സൃഷ്ടിക്കപ്പെടുന്നതായി കണക്കാക്കിയിരുന്നു. പെട്ടിപ്പാലത്ത് മാലിന്യ നിക്ഷേപം അവസാനിപ്പിച്ചതോടെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്റെ ഭാഗമായി

മാലിന്യ ശേഖരണ പ്രവൃത്തികൾ വൻ തോതിൽ കുറഞ്ഞിട്ടുണ്ട്. മറ്റു മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്ക്കരിക്കുന്നതോടൊപ്പം നഗരസഭ പുതുതായി നിർമ്മിച്ച 3 ബയോഗ്യാസ് പ്ലാന്റുകളിലൂടെ മാലിന്യ സംസ്ക്കരണ പ്രവർത്തനം നടത്തുന്നു.

**15. കണ്ണൂർ :-** നിലവിൽ 5 ടൺ മാലിന്യം മാത്രമാണ് ഉ□പാദിപ്പിക്കപ്പെടുന്നത്.

**ഉറവിട** മാലിന്യ സംസ്ക്കരണ ത്തിന്റെ ഭാഗമായി ഹോട്ടലു കളും വീടുകളും മറ്റ് സ്ഥാപന ങ്ങളും സ്വന്തമായി മാലിന്യ സംസ്ക്കരണം നടത്തുന്നു. ആയതിനാൽ മാലിന്യത്തിന്റെ അളവ് കുറഞ്ഞു. കണ്ണൂർ നഗരസഭയിൽ മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവാണ് മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയത്. എന്നാൽ നഗരസഭ ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവാണ് ലോക്ക ൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളത്. ആയതു മൂലമാണ് ഇത്തരം പൊരുത്തക്കേടുകൾ ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടായത്.

**16. കാസർകോട് :-** കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന 16.69 ച.കി.മീറ്റർ വിസ്തൃതിയിലുള്ള കാസർകോട് നഗരസഭയിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ ഒന്നും നിലവിൽ പ്രവർത്തിച്ചുവരുന്നില്ല. പരിസരവാസികളുടെ ശമായ എതിർപ്പുമൂലം നഗരസഭാ പരിധിയിലെ കേളുഗുഡ്ഡെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ഖരമാലിന്യ സംസ്കരണം നടക്കുന്നില്ല. ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് നഗരസഭ വിലയ്ക്കെടുത്ത 5.46 ഏക്കർ സ്ഥലത്തും പഞ്ചായത്തിൽ നിന്നും എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. കേന്ദ്രമായി പ്രവർത്തിച്ചുവന്നിരുന്ന നഗരസഭാ പരിധിയിലെ കേളുഗുഡ്ഡെയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ പരിസരവാസികൾ പ്രക്ഷോഭം ആരംഭിക്കുകയും, ആയതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തുള്ള മാലിന്യ സംസ്കരണം നിലച്ചിരിക്കുകയുമാണ്. മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്ന തിനായി നഗരസഭ 5.46 ഏക്കർ സ്ഥലം വാങ്ങിയെങ്കിലും പഞ്ചായത്തിൽ നിന്നും എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽസാഹചര്യത്തിൽ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിനാണ് നഗരസഭ മുൻഗണന നൽകിവരുന്നത്. ആയതിന്റെ ഭാഗമായി ശുചിത്വ

| | | |
|---|---|---|
| | | മിഷന്റെ സാങ്കേതിക സാമ്പത്തിക സഹകരണത്തോടെ 1450 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ നഗരസഭ പ്രദേശത്തെ വിവിധ സ്ഥാപനങ്ങളിലും വീടുകളിലുമായി സ്ഥാപിച്ചുകഴിഞ്ഞു. നിലവിൽ 804 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾകൂടി സ്ഥാപിക്കുന്ന പ്രവർത്തി നഗരസഭയിൽ നടന്നുവരികയാണ്. വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഫലമായി നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് ക്രമാതീതമായി കുറയ്ക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. |
| | | 1. **തിരുവല്ല :-** ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിൽ വരുത്തുന്നതിന് മുന്നോടിയായി ഖരമാലിന്യം സംബന്ധിച്ച് ഏകദേശ പഠനം നടത്തിയതിൽ ഉദ്ദേശം 5 ടൺ മാലിന്യങ്ങൾ ദിനംപ്രതി ഉല്പാദിപ്പിക്കപ്പെടുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്.<br>ജൈവമാലിന്യങ്ങൾ 3.5 ടൺ (ഉദ്ദേശം)<br>അജൈവമാലിന്യങ്ങൾ 1.5 ടൺ (ഉദ്ദേശം)<br>5.0 ടൺ (ഉദ്ദേശം)<br>പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന മൊത്തം ഖരമാലിന്യത്തിന്റെ അളവ് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2013 ജൂലൈ 1 മുതൽ ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതി ആരംഭിച്ചതിനുശേഷം ജൈവമാലിന്യം ഒന്നര ടണ്ണും, അജൈവ മാലിന്യം അര ടണ്ണും പ്രതിദിനം നഗരസഭയ്ക്ക് ശേഖരിക്കേണ്ടി വരുന്നുള്ളു.<br>2. **കായംകുളം :-** കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>3. **ആലപ്പുഴ**<br>4. **ചങ്ങനാശ്ശേരി :-** ഖരമാലിന്യ സംസ്ക്കരണം സംബന്ധിച്ച് കൃത്യമായ പഠനമോ, സർവ്വേയോ നടത്താറില്ല<br>5. **കോട്ടയം**<br>6. **ആലുവ :-** കൃത്യമായ, അളവ് സംബന്ധിച്ച പഠനം നടത്തുവാനുള്ള ശാസ്ത്രീയ സംവിധാനം നിലവിൽ ആലുവ നഗരസഭയ്ക്ക് ഇല്ലാത്തതാണ്.<br>7. **പെരുമ്പാവൂർ :-** ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് കൃത്യമായ പഠനം നടന്നിട്ടില്ല. |

| | | |
|---|---|---|
| | | 8. തിരൂർ<br><br>9. തലശ്ശേരി :- ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ തയ്യാറാക്കുന്നതിന് തലശ്ശേരി നഗരസഭ ചുമതല പ്പെടുത്തിയ സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ കോഴിക്കോട് എന്ന സ്ഥാപനം പദ്ധതി രൂപീ കരണ വേളയിൽ മാലിന്യ ത്തിന്റെ അളവ് സംബന്ധിച്ച് ഏകദേശ പഠനം നടത്തിയിട്ടുണ്ട്. ശാസ്ത്രീയമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഉറവിട മാലിന്യ സംസ്ക്കരണം നിർബന്ധമാക്കിയതോടെ നഗരസഭയിൽ നിലവിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ വളരെ കുറവും, മാലിന്യ പ്രശ്നങ്ങൾ നിയന്ത്രണ വിധേയവുമാണ്.<br><br>10. കണ്ണൂർ :- പഠനം നടത്തിയിട്ടുണ്ട്. നിലവിൽ 1825 ടൺ ഖരമാലിന്യമാണ് പ്രതിവർഷം ഉൽപാദിക്കപ്പെടുന്നത്. ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി മാലിന്യം ശേഖരിക്കുന്നതിന്റെ അളവ് കുറക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>11. കാസർകോട് :- മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 3.1.5.4 | | 1. തിരുവനന്തപുരം<br><br>2. കൊല്ലം :- കുരീപ്പുഴ മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം ബഹുജനപ്രക്ഷോഭണം നിമിത്തം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കാതെ അവസ്ഥയാണ് നിലവിൽ ഉള്ളത്. ടി പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടായെങ്കിൽ മാത്രമേ പ്രതിദിനം ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ ഒരു പരിധി വരെയെങ്കിലും ശേഖരിക്കുന്നതിനും |

സംസ്ക്കരണ പ്ലാന്റിലെത്തിക്കുന്നതിനും സാധിക്കുകയുള്ളൂ.

3. കൊച്ചി

4. തൃശ്ശൂർ :- തൃശൂർ കോർപ്പറേഷനിലെ ഖരമാലിന്യം കോർപ്പറേഷന്റെ അധീനതയിലുള്ള ലാലൂരിലെ ഡമ്പിംഗ് യാർഡിലാണ് സംസ്കരിച്ചു വന്നിരുന്നത്. പൊതുജന പ്രക്ഷോഭം മൂലം 22.1.2012 മുതൽ ലാലൂരിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് നിലച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്കരണത്തിന് പ്രാമുഖ്യം നൽകുകയാണ് കോർപ്പറേഷൻ ചെയ്തത്. ഫ്ളാറ്റുകളിൽ കമ്പോസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും, വീടുകളിൽ പൈപ്പ് കമ്പോസ്റ്റിംഗ് നടപ്പിലാക്കിയും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഏകദേശം 13 ടണ്ണോളം വരുന്ന പച്ചക്കറി ജൈവമാലിന്യങ്ങൾ കർഷകർക്ക് വളമായിട്ടാണ് കോർപ്പറേഷൻ നൽകി വരുന്നത്. കോർപ്പറേഷന് 4 ടൺ കപ്പാസിറ്റിയുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്വന്തമായുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ കോർപ്പറേഷൻ പ്രത്യേകമായി ശേഖരിച്ചു വരുന്നുണ്ട്. ഇതിനായി കളക്ഷൻ കൗണ്ടറുകളും സംഭരണ ശാലകളും സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ നിലവിൽ ചവർ വീപ്പകൾ ഉപയോഗിക്കുന്നില്ല.

5. കോഴിക്കോട് :- കോഴിക്കോട് നഗരസഭയിലെ വീടുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഈ ബിന്നുകളിലെ മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകർ വഴിയും നഗരസഭ ശുചീകരണ തൊഴിലാളികൾ മുഖേനയും ശേഖരിച്ച് നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്നുണ്ട്. കൂടാതെ നഗരസഭയിൽ ഉറവിട മാലിന്യസംസ്കരണ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

6. തിരുവല്ല :- നഗരസഭ 2013 ജൂലൈ 1 മുതൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിൽ വരുത്തിയതിനു ശേഷം നഗരസഭയിലെ പൊതു സ്ഥലങ്ങളായ പച്ചക്കറി മാർക്കറ്റ്, നഗരസഭാ , അറവുശാല എന്നിവിടങ്ങളിലെ ജൈവമാലിന്യ ങ്ങളും പൊതുതെരുവിലെ പ്ലാസ്റ്റിക് ഉൾപ്പെടെ യുള്ള മാലിന്യങ്ങളും ശേഖരിച്ച് സെഗ്രിഗേഷൻ നടത്തി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യ ങ്ങൾ പുനർചംക്രമണ വിധേയമാക്കുന്നതിന് കൈമാറി വരുന്നു. ഖരമാലിന്യത്തിന്റെ 85%ഉം ഇപ്രകാരം സംസ്ക്കരിച്ചുവരുന്നുണ്ട്. കൂടാതെ തുമ്പൂർമൂഴി കമ്പോസ്റ്റ് പ്ലാന്റുകൾ

സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശുപാർശ ചെയ്ത ഇൻസിനറേറ്റർ സ്ഥാപിക്കുന്നതും പരിഗണനയിലുണ്ട്.

7. **കായംകുളം** :- കായംകുളം നഗരസഭയിൽ അധിക ജീവനക്കാരുടെ തസ്തിക ലഭ്യമാക്കുന്നതിന് കൗൺസിൽ തീരുമാനം എടുത്തു സർക്കാരിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വാഹനങ്ങളിൽ ഉപയോഗ്യമല്ലാത്ത വാഹനങ്ങൾ റിപ്പയർ ചെയ്തോ, പഴയത് ലേലം ചെയ്ത് പുതിയവ വാങ്ങുന്നതിനുള്ള നടപടി എടുക്കുന്നതാണ്.

8. **ആലപ്പുഴ**

9. **ചങ്ങനാശ്ശേരി** :- നഗരസഭ ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതാണ് ഉചിതം. ആയതിന് വേണ്ടത്ര ബോധവത്ക്കരണവും ഉറവിട മാലിന്യ സംസ്ക്കരണോപാധികളും (ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്) എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ മാലിന്യങ്ങൾ വഴികളിലും മറ്റും തരംതിരിക്കാതെ ചാക്കിലും മറ്റും കെട്ടി വലിച്ചെറിയുന്നത് ഖരമാലിന്യ സംസ്ക്കരണത്തിലെ പോരായ്മയാണ്. മാലിന്യം ഉത്ഭവസ്ഥാനത്ത് സംസ്ക്കരിക്കുന്ന ഉപാധികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കൊള്ളാമെന്ന് അറിയിച്ചു കൊള്ളുന്നു.

10. **കോട്ടയം**

11. **ആലുവ** :- നിലിവിൽ ശാസ്ത്രീയമായ സംസ്കരണ സംവിധാനം ആലുവ നഗരസഭയ്ക്ക് ഇല്ലാത്തതാണ്.

12. **പെരുമ്പാവൂർ** :- പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ വേർ തിരിച്ച് ശേഖരിച്ച് സാനിട്ടറി ലാൻഡ് ഫില്ലിംഗ് നടത്തിവരുന്നു.

13. **തിരൂർ**

14. **തലശ്ശേരി** :- ഖരമാലിന്യ സംസ്ക്കരണവും വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണവും തയ്യാറാക്കുന്നതിന് നഗരസഭയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തലശ്ശേരി നഗരസഭയിലെ ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങളിൽ മാറ്റം ഉണ്ടായിട്ടുണ്ട്. നഗരസഭയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളും, വാഹനങ്ങളും ഇപ്പോൾ നിലവിലുണ്ട്.

15. **കണ്ണൂർ** :- 5 ടൺ മാലിന്യം ആണ് പ്രതിദിനം നഗരസഭയിൽ ഇപ്പോൾ ഉൽപാദിപ്പിക്കപ്പെടുന്നത്. ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിച്ചും ബയോഗ്യാസ് പ്ലാന്റും പൈപ്പ് കമ്പോസ്റ്റും സബ്സിഡി

| | | |
|---|---|---|
| | | നൽകി നഗരസഭ പ്രോത്സാഹിപ്പിച്ച് വരുന്നു. കണ്ണൂർ നഗരസഭ ജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് ആയത് മാത്രമാണ് നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സംസ്കരിച്ച് വരുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭയിലെ കിസാൻ എന്ന സന്നദ്ധസംഘടനയുമായി ചേർന്ന് ശേഖരിച്ച് ആയത് റീസൈക്കിൾ യൂണിറ്റിന് കൈമാറുന്നുണ്ട്.<br><br>16. **കാസർകോട് :-** കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ഒന്നും പ്രവർത്തിക്കാത്ത കാസർകോട് നഗരസഭയിൽ നിലവിൽ 38 തൊഴിലാളികൾ കണ്ടിജൻസി വിഭാഗത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 2 വാഹനങ്ങളും ഉപയോഗിച്ചു വരുന്നുണ്ട്. നഗരത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ മാലിന്യങ്ങളും പരാതികൾക്കിടയില്ലാത്ത വിധം സംസ്കരിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്നുണ്ട്. നഗരസഭാ പരിധിയിൽ ഒരിടത്തും ചവർവീപ്പകൾ സ്ഥാപിച്ചിട്ടില്ല. |
| | | 1. **നെടുമങ്ങാട് :-** മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അഭാവംമൂലം ശേഖരണം കാര്യക്ഷമമാക്കാൻ കഴിയുന്നില്ല<br>2. **ആറ്റിങ്ങൽ**<br>3. **നെയ്യാറ്റിൻകര**<br>4. **പുനലൂർ :-** പുനലൂർ നഗരസഭയിൽ സമഗ്ര മാലിന്യ സംസ്ക്കരണത്തിനായി യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 48171000 രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളതും ടി തുകയിൽ നിന്നും 15750229 രൂപ വിനിയോഗിച്ച് നഗരസഭാവക പ്ലാന്റിൽ മെഷിനറികൾ സ്ഥാപിച്ച് അനുബന്ധ സംവിധാനവും ഒരുക്കി പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിരുന്നു. പ്ലാന്റിലെ പ്രവർത്തനം നടന്നുവരവേ ഡി.പി.ആർ-ൽ നിർദ്ദേശിച്ചിരുന്ന 20 പൈസ/കി.ഗ്രാം എന്ന നിരക്ക് വളരെ തുശ്ചമാണെന്ന് തൊഴിലാളികൾ ആരോപിക്കുകയും കൂലിത്തർക്കത്തെ തുടർന്ന് പ്ലാന്റ് തുടർന്ന് പ്രവർത്തിക്കുവാൻ കഴിയാതെ പൂട്ടേണ്ടിവന്നിട്ടുള്ളതുമാണ്. കാര്യക്ഷമമായ മാലിന്യ സംസ്ക്കരണം ആരംഭിക്കുന്നതിന് നഗരസഭ 12 തൊഴിലാളികളെ നേരിട്ട് നിയമിച്ച് നടത്തുന്നതിന് തീരുമാനിച്ചെങ്കിലും ബഹു. സർക്കാരിൽ നിന്നും ഇതിനുള്ള അനുമതി ലഭിക്കാത്തതിനാൽ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതോട് കൂടി നഗരസഭാ പരിധിയിലെ ഖരമാലിന്യങ്ങൾ പൂർണ്ണമായും ശേഖരിച്ച് സംസ്ക്കരിക്കാൻ കഴിയുന്ന തരത്തിലാണ് പദ്ധതി നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണത്തിനായി ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും റിംഗ് കംപോസ്റ്റ് യൂണിറ്റുകളും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിലെ കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള നടപടി |
| | | |

| | | |
|---|---|---|
| | | സ്വീകരിച്ച് വരുന്നു.<br>5. **കരുനാഗപ്പള്ളി :-** ശുചീകരണതൊഴിലാളികളുടെ എണ്ണം കുറവായതിനാൽ കൂടുതൽ തൊഴിലാളികളെ അനുവദിയ്ക്കുന്ന മുറയ്ക്ക് ഖരമാലിന്യ ശേഖരണം കാര്യക്ഷമമാക്കാൻ ശ്രമിക്കുന്നതാണ്.<br><br>6. **തിരുവല്ല :-** നിലവിൽ ഖരമാലിന്യങ്ങളിൽ അജൈവ മാലിന്യങ്ങൾ മാത്രമാണ് നഗരസഭ നേരിട്ട് ശേഖരിച്ച് പുനർചംക്രമണ വിധേയമാക്കാൻ കൈമാറിവരുന്നത്. മറ്റ് 85 ശതമാനത്തോളം ഖരമാലിന്യങ്ങളും ഉറവിട സംസ്ക്കരണം വഴി സംസ്ക്കരിക്കപ്പെടുന്നു. 2013ലെ വിലയിരുത്തൽ പ്രകാരം ഉദ്ദേശം 5 ടൺ ഖരമാലിന്യങ്ങൾ നഗരസഭാ പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നു. നഗരസഭാ മാർക്കറ്റിലെ മാലിന്യങ്ങൾ നഗരസഭാ ശുചീകരണ വിഭാഗം ജീവനക്കാരെ നിയോഗിച്ച് നഗരസഭാ മാർക്കറ്റിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ്, ബയോബിൻ എന്നിവയിൽ സംസ്ക്കരിക്കുന്നു. ഗവ: ആശുപത്രിയിലെ ബയോഗ്യാസ് പ്ലാന്റിൽ അവിടെയുള്ള ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നു. അറവുശാലയിലെ മാലിന്യ ങ്ങൾ അവിടെതന്നെ സംസ്ക്കരിച്ചുവരുന്നു.<br>7. **കോട്ടയം**<br>8. **ചങ്ങനാശ്ശേരി :-** ചങ്ങനാശേരി നഗരസഭാ കുടുംബശ്രീ യൂണിറ്റിന്റെ സഹായത്തോടെ മാലിന്യത്തിന്റെ അളവ് ശേഖരിക്കുന്നതിന് വീടുകൾ / സ്ഥാപനങ്ങൾ എന്നിവ സർവേ സംഘടിപ്പിക്കുന്നതാണ്. മാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്ക്കരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്.<br>മുനിസിപ്പാലിറ്റിയിൽ നിന്നും ഡി & ഒ ലൈസൻസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എന്നിവ നൽകുമ്പോൾ സ്ഥാപനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്ക്കരിക്കുന്നതിന് മാലിന്യ സംവിധാനം (ബയോ ഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് പ്ലാന്റ്) ഏർപ്പെടുത്തണമെന്നുള്ള എഗ്രിമെന്റ് എഴുതി വാങ്ങിയ ശേഷമാണ് ഇവ അനുവദിച്ച് നൽകാറുള്ളത്.<br>9. **ആലപ്പുഴ**<br>10. **ചേർത്തല**<br>11. **ചെങ്ങന്നൂർ :-** ചെങ്ങന്നൂർ നഗരസഭയിൽ പ്രതിദിനം ഏകദേശം 6.5 ടൺ മാലിന്യങ്ങൾ ഉൽപാദിപ്പിക്ക പ്പെടുന്നുണ്ട്. ശാസ്ത്രീയമായി ടി മാലിന്യങ്ങൾ സംസ്കരി ക്കാത്തതിനാൽ ശരിയായ അളവ് തിട്ടപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്. ഉറവിടത്തിൽ തന്നെ |

മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധ തിയുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന മാലിന്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നഗരസഭ പദ്ധ തികൾ ആവിഷ്കരിക്കുന്ന താണ്. ചെങ്ങന്നൂർ നഗരസഭ യുടെ വിസ്തീർണം 14.4 ച.മീറ്റർ ആണ്. ടി സ്ഥലത്ത് ഉൽപാദിപ്പി ക്കപ്പെടുന്ന മാലിന്യങ്ങൾ 27 ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് പ്രതിദിനം നീക്കം ചെയ്യുന്നതും കൂടാതെ കുടുംബ ശ്രീ പ്രവർത്തകരുടെ സഹായ ത്തോടെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് മാലിന്യ ങ്ങൾ ശേഖരിച്ചുവരുന്നതുമാണ്.

12. കോതമംഗലം :- ഏകദേശം 3.5 ടൺ മാലിന്യം ദിനംപ്രതി സംസ്ക്കരിക്കുന്നതിന് 23 സ്ഥിരം തൊഴിലാളികൾ മാത്രമാണ് നഗരസഭയിലുള്ളത്. തൊഴിലാളികളുടെ അഭാവം കുടുംബശ്രീ യൂണിറ്റിന്റെ സഹായത്താൽ പരിഹരിച്ചുവരുന്നു. ഒരു ട്രാക്ടർ ഉൾപ്പെടെ 3 വാഹനങ്ങൾ മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്നു. കോതമംഗലം നഗരസഭയിൽ ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ പൂർണ്ണമായും ശേഖരിക്കുകയും സംസ്ക്കരിക്കുകയും ചെയ്യുന്നു. മാലിന്യം നഗരസഭാ പരിധിയിൽ കുന്നുകൂടി കിടക്കാൻ സാഹചര്യം ഉണ്ടാക്കാറില്ല ആയതിനാൽ രൂക്ഷമായ പാരിസ്ഥിതിക പ്രശ്നം ഉണ്ടാകാറുമില്ല. നഗരവൽക്കരണ വിസ്ഫോടനത്തിന്റെ ഭാഗമായി വർദ്ധിച്ചുവരുന്ന മാലിന്യത്തിന്റെ അളവുകൂടി പരിഗണിച്ചാണ് പുതിയ പ്ലാന്റ് നിർമ്മിക്കുന്നത്. നഗരസഭാ പ്രദേശത്തെ എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും, കുടുംബങ്ങൾക്കും പച്ചയും, വെള്ളയും നിറത്തിലുള്ള മാലിന്യ സംസ്ക്കരണ ബക്കറ്റ് വിതരണം ചെയ്തിട്ടുള്ളതാണ്. ആയത് കാര്യക്ഷമമായി ഉപയോഗിക്കുന്നുമുണ്ട്.

13. പാലക്കാട് :- പാലക്കാട് നഗരസഭാ പരിധിയിൽ നിന്നും മാലിന്യം ശേഖരിയ്ക്കുന്നതിന് 17 കുടുംബശ്രീ യൂണിറ്റുകൾ ഉണ്ട്. ടി യൂണിറ്റുകൾക്ക് പുറമെ നഗരസഭയുടെ 8 ലോറികൾ 2 ഡമ്പർ പ്ലേസർ ലോറി എന്നിവയിലായി പരമാവധി ദിവസേന ഉണ്ടാകുന്ന മാലിന്യങ്ങൾ (85%) ശേഖരിയ്ക്കപ്പെടുന്നു. വേർതിരിച്ച് ശേഖരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിച്ചുവരുന്നു. പൊതു നിരത്തിൽ നിക്ഷേപിക്കുന്നവരെ പൂർണ്ണമായും നഗരസഭയുടെ ശേഖരണ ശൃംഖലയിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

14. ഒറ്റപ്പാലം

15. തൊടുപുഴ :- പ്രതിദിന ഖരമാലിന്യ ഉൽപാദനം- 11 ടൺ

മാലിന്യം ശേഖരിക്കുന്ന തൊഴിലാളികളുടെ എണ്ണം- 16 പേർ

മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ പ്രവർത്തകരുടെ

| | | |
|---|---|---|
| | | എണ്ണം- ഇല്ല.<br>മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹനങ്ങളുടെ എണ്ണം- 3<br>നഗരസഭാ വാർഡുകളിലെ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാലിന്യ സ്വീകരണ കേന്ദ്രങ്ങളിൽ നിന്ന് ഖരമാലിന്യങ്ങൾ തരംതിരിച്ച് നഗരസഭാ വാഹനങ്ങളിൽ ശേഖരിക്കുകയും പാറക്കടവിലുള്ള നഗരസഭാ വക മാലിന്യ സംസ്ക്കരണ കേന്ദ്രത്തിൽ എത്തിച്ച് വിൻഡ്രോ കമ്പോസ്റ്റാക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ സൈക്കിൾ ചെയ്യുന്നതിന് വെങ്ങല്ലൂർ ഉള്ള നഗരസഭാ വക സ്ഥലത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഗാന്ധിജയന്തി ദിനത്തിൽ ബഹു:സർക്കാർ ആരംഭിച്ച പ്ലാസ്റ്റിക് ശേഖരണത്തിന്റെ ഭാഗമായി 2 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിക്കാനായിട്ടുണ്ട്. സമീപ നഗരസഭകളെ അപേക്ഷിച്ച് തൊടുപുഴ നഗരസഭയിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ് (20 പേർ). ആയതിൽ വർദ്ധന ഉണ്ടാവുകയാണെങ്കിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. ക്ലീൻ തൊടുപുഴ പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ വിവിധ പോയിന്റുകളിൽ സ്ഥാപിച്ചിരുന്ന 100 ഓളം ഡസ്റ്റ്ബിന്നുകൾ ഒഴിവാക്കിയതു മൂലം ചവർവീപ്പകൾക്ക് വേണ്ടി പണം വിനിയോഗിക്കേണ്ടി വരുന്നില്ല. നിലവിലുള്ള മാലിന്യ ഉല്പാദനം 11 ടണ്ണാണെങ്കിലും ഉറവിട മാലിന്യ സംസ്ക്കരണ പ്രോജക്ടായ പോർട്ടബിൾബയോഗ്യാസ് പ്ലാന്റ് 1000-ലധികം വീടുകളിൽ സ്ഥാപിച്ച് നൽകിയതു കൊണ്ടും, മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതു കൊണ്ടും ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ മുഴുവൻ ശേഖരിക്കേണ്ടി വരുന്നില്ല.<br><br>16. കൽപ്പറ്റ :- കൽപ്പറ്റ നഗരസഭ പരിധിയിലുണ്ടാകുന്ന മാലിന്യങ്ങൾ പൂർണ്ണമായി ശേഖരിക്കുകയും കാര്യക്ഷമതയോടെ സംസ്ക്കരിക്കുകയും ചെയ്തു വരുന്നു.<br>നഗരസഭ പരിധിയിലുണ്ടാകുന്ന മാലിന്യങ്ങൾ ദിവസവും ശേഖരിച്ച് സംസ്കരിക്കുന്നതിനാൽ പരിസ്ഥിതിക്കും ജനങ്ങൾക്കും ദോഷമുണ്ടാകുന്നില്ല.<br><br>16. മലപ്പുറം :- മലപ്പുറം നഗരസഭ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിൽ ശേഖരിക്കപ്പെടുന്ന 16 ടൺ മാലിന്യങ്ങളിൽ 11 ടൺ ജൈവ വളമാക്കി മാറ്റുന്ന പ്രക്രിയക്ക് ഉപയോഗിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്വകാര്യ ഏജൻസികൾക്ക് കുടുംബശ്രീ പ്രവർത്തകർ കൈമാറുകയാണ് ചെയ്യുന്നത്. ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി നഗരസഭ 2013-14 വർഷത്തിൽ 185 വീടുകൾക്ക് പൈപ്പ് കമ്പോസ്റ്റ് സംവിധാനവും 97 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റും, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ് |

കൂടാതെ 4000 ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് നഗരസഭയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ശുചിത്വ മിഷനിൽ സാങ്കേതികാനുമതി ലഭിക്കുന്നതോടു കൂടി നഗരസഭയിലെ മാലിന്യ പ്രശ്നത്തിന് പരിഹാരമാകുന്നതാണ്.

17. **കാസർകോട്** : മറുപടി ലഭ്യമാക്കിയിട്ടില്ല.

18. **കൊടുങ്ങല്ലൂർ** :- നഗരസഭാ പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും അതാത് ദിവസം തന്നെ നഗരസഭ ശേഖരിക്കുകയും പ്ലാന്റിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. നഗരസഭ പ്രദേശത്ത് പ്രതിദിനം 3-4 ടൺ മാലിന്യം ഉണ്ടാകുന്നുണ്ട്. ആയത് പൂർണ്ണമായും ശേഖരിയ്ക്കാൻ നഗരസഭ ശ്രദ്ധ ചെലുത്തുന്നുണ്ട്.

19. **തലശ്ശേരി** :- തലശ്ശേരി നഗരസഭയിൽ നിലവിൽ ഉൽപ്പാദിക്കപ്പെടുന്ന മാലിന്യങ്ങൾ പരിസ്ഥിതിക്ക് ദോഷമാ കാത്ത വിധം സംസ്ക്കരിക്കുവാൻ സാധിക്കുന്നുണ്ട്. നിലവിൽ 3 സ്ഥലങ്ങളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾക്കു പുറമെ ഭാവിയിൽ ഉണ്ടാകാവുന്ന മാലിന്യ ത്തിന്റെ അളവ് കൂടി പരിഗണിച്ച് പുതുതായി 10 മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃപ്തി കരമായി പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തി പ്പിക്കാൻ ഏജൻസികൾ തയ്യാറാകാത്തത് പ്ലാന്റ് സ്ഥാപിക്കുന്നതിന് തടസ്സം ഉണ്ടാകുന്നുണ്ട്.

20. **കണ്ണൂർ** :- നഗരസഭയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടി വിജയപ്രദമായി നടപ്പിലാക്കി തുടങ്ങിയത് കാരണം ഉൽപ്പാദിപ്പിക്കപ്പെടുന്നതും സംസ്കരിക്കപ്പെടാത്തതുമായ മാലിന്യങ്ങൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഇതുമൂലം ഏകദേശം 5 ടൺ ആയി കുറയുകയും അത് ശേഖരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. 35 ടൺ എന്നുള്ള കണക്ക് വളരെ വർഷം മുമ്പുള്ളതാണ്.

21. **കൂത്തുപറമ്പ**

22. **തിരുവനന്തപുരം**

23. **കൊല്ലം** :- കുരീപ്പുഴ മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം ബഹുജനപ്രക്ഷോഭണം നിമിത്തം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ഖരമാലിന്യശേഖരണം കാര്യക്ഷമമായി നടക്കുന്നില്ല

24. **തൃശ്ശൂർ** :- തൃശൂർ കോർപ്പറേഷനിലെ ഖരമാലിന്യം കോർപ്പറേഷന്റെ അധീനതയിലുള്ള ലാലൂരിലെ ഡമ്പിംഗ് യാർഡിലാണ് സംസ്കരിച്ചു വന്നിരുന്നത്. പൊതുജന പ്രക്ഷോഭം മൂലം 22.1.2012 മുതൽ ലാലൂരിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് നിലച്ചിരിക്കുകയാണ്. ഈ

| | | |
|---|---|---|
| | | സാഹചര്യത്തിൽ വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്കരണത്തിന് പ്രാമുഖ്യം നൽകുകയാണ് കോർപ്പറേഷൻ ചെയ്തത്. ഫ്ളാറ്റുകളിൽ കമ്പോസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും, വീടുകളിൽ പൈപ്പ് കമ്പോസ്റ്റിംഗ് നടപ്പിലാക്കിയും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഏകദേശം 13 ടണ്ണോളം വരുന്ന പച്ചക്കറി ജൈവമാലിന്യങ്ങൾ കർഷകർക്ക് വളമായിട്ടാണ് കോർപ്പറേഷൻ നൽകി വരുന്നത്. കോർപ്പറേഷന് 4 ടൺ കപ്പാസിറ്റിയുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്വന്തമായുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ കോർപ്പറേഷൻ പ്രത്യേകമായി ശേഖരിച്ചു വരുന്നുണ്ട്. ഇതിനായി കളക്ഷൻ കൗണ്ടറുകളും സംഭരണ ശാലകളും സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ നിലവിൽ ചവർ വീപ്പകൾ ഉപയോഗിക്കുന്നില്ല.<br><br>25. **കോഴിക്കോട് :-** മറുപടി ലഭ്യമാക്കിയിട്ടില്ല |
| | | **തൃശ്ശൂർ :-** തൃശൂർ കോർപ്പറേഷനിലെ ഖരമാലിന്യം കോർപ്പറേഷന്റെ അധീനതയിലുള്ള ലാലൂരിലെ ഡമ്പിംഗ് യാർഡിലാണ് സംസ്കരിച്ചു വന്നിരുന്നത്. പൊതുജന പ്രക്ഷോഭം മൂലം 22.1.2012 മുതൽ ലാലൂരിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് നിലച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്കരണത്തിന് പ്രാമുഖ്യം നൽകുകയാണ് കോർപ്പറേഷൻ ചെയ്തത്. ഫ്ളാറ്റുകളിൽ കമ്പോസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും, വീടുകളിൽ പൈപ്പ് കമ്പോസ്റ്റിംഗ് നടപ്പിലാക്കിയും വികേന്ദ്രീകൃതമായി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഏകദേശം 13 ടണ്ണോളം വരുന്ന പച്ചക്കറി ജൈവമാലിന്യങ്ങൾ കർഷകർക്ക് വളമായിട്ടാണ് കോർപ്പറേഷൻ നൽകി വരുന്നത്. കോർപ്പറേഷന് 4 ടൺ കപ്പാസിറ്റിയുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്വന്തമായുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ കോർപ്പറേഷൻ പ്രത്യേകമായി ശേഖരിച്ചു വരുന്നുണ്ട്. ഇതിനായി കളക്ഷൻ കൗണ്ടറുകളും സംഭരണ ശാലകളും സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ നിലവിൽ ചവർ വീപ്പകൾ ഉപയോഗിക്കുന്നില്ല. |
| 3.1.5.5 | | എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.<br>1. **ആലുവ :-** ആലുവ നഗരസഭാ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ ജൈവ, അജൈവ മാലിന്യങ്ങളായി വേർതിരിക്കുകയും, |

| | | |
|---|---|---|
| | | ജൈവ മാലിന്യങ്ങൾ കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിലേക്ക് അയക്കുകയും ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക് തുടങ്ങിയ അജൈവ മാലിന്യങ്ങൾ നഗരസഭാ സംവിധാനം വഴി നഗരസഭയ്ക്ക് പുറത്തേക്ക് നീക്കം ചെയ്തുവരുന്നു.<br>2. **അങ്കമാലി :-** അങ്കമാലി നഗരസഭയിൽ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് അഴുകുന്ന മാലിന്യങ്ങൾ, കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിൽ സംസ്കരിക്കുന്നതിന് എത്തിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും, ആയത് കൊച്ചി നഗരസഭ അംഗീകരിച്ചിട്ടുള്ളതും ആയതിന്റെ ഒരുക്കങ്ങൾ നടന്നു വരുന്നതും ആകുന്നു. നഗരസഭ മാർക്കറ്റിലെയും മറ്റ് ഹോട്ടൽ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെയും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. എല്ലാ സ്ഥാപനങ്ങൾക്കും ആയത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു. അഴുകുന്ന മാലിന്യങ്ങൾ ദിവസേനയും, പ്ലാസ്റ്റിക് ഉൽപന്നങ്ങളും കവറുകളും ആഴ്ചയിൽ വെള്ളിയാഴ്ച ദിവസങ്ങളിലും ശേഖരിക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.<br>3. **ചങ്ങനാശ്ശേരി :-** മാലിന്യം ഉത്ഭവ സ്ഥലത്ത് തന്നെ ജൈവം, അജൈവം എന്ന രീതിയിൽ തരംതിരിച്ച് സംസ്കരിക്കുന്നതിന് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണം നൽകേണ്ടതുണ്ട്. വിവിധ സ്ഥാപനങ്ങൾക്കും മറ്റും നോട്ടീസ് നൽകി 8 ടണ്ണിൽ 2 ടൺ കുറവ് ചെയ്ത് നിലവിൽ നഗരസഭ ശേഖരിക്കുന്ന 6 ടൺ ആക്കി കുറച്ചിട്ടുള്ളതാണ്. നഗരസഭ നേരിട്ട് ശേഖരിക്കാത്ത 6 ടൺ മാലിന്യം സംസ്കരിക്കുന്നതിന് കുറെ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ ബയോഗ്യാസ് പ്ലാന്റും മറ്റും നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ള വീടുകൾക്കും, സ്ഥാപനങ്ങൾക്കും 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് യൂണിറ്റുകളും, ബയോഗ്യാസ് പ്ലാന്റുകളും സബ്സിഡി നൽകി സപ്ലൈ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ മാലിന്യം അനധികൃതമായി പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നവർക്കെതിരെ സ്പോട്ട് ഫൈൻ ചുമത്താറുണ്ട്. മാലിന്യം അനധികൃതമായി നിക്ഷേപിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാറുണ്ട്. സ്ഥാപനങ്ങൾ / വ്യാപാര സ്ഥാപനങ്ങൾ / വീടുകൾ എന്നിവയ്ക്ക്, ആയതിലേയ്ക്ക് വാങ്ങിയ വിതരണം പൂർത്തിയാകാതെ സൂക്ഷിച്ചിട്ടുള്ള പച്ച, വെള്ള ബക്കറ്റുകൾ വിതരണം നടത്തുകയും അതോടൊപ്പം പദ്ധതിയിലെ കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് |

| | | |
|---|---|---|
| | | എന്നിവ അനുവദിക്കുക വഴി മാലിന്യ സംസ്കരണം ഒരു പരിധി വരെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്<br>4. ചെങ്ങന്നൂർ :- ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ ടി മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരി ക്കുന്നതിന് നഗരസഭയ്ക്ക് കഴി ഞ്ഞിട്ടില്ലാത്തതാണ്. 2013 - 2014 വർഷത്തിൽ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരി ക്കുന്നതിന്റെ ഒന്നാം ഘട്ടമായി ചെങ്ങന്നൂർ നഗരസഭയിൽ 384 ബയോഗ്യാസ് പ്ലാന്റ്, 160 പൈപ്പ് കമ്പോസ്റ്റ്, 21 കലം കമ്പോസ്റ്റ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടു ള്ളതും ടി പ്ലാന്റിൽ മാലിന്യ ങ്ങൾ സംസ്കരിക്കുമ്പോൾ പ്ലാസ്റ്റിക്കുകൾ പ്രത്യേകമായി തരംതിരിച്ച് വീടുകളിൽ സൂക്ഷിക്കുകയും ക്ലീൻ കേരള കമ്പനി ക്ക് ടി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറി വരുന്നതും തുടർ ന്നും ടി പ്രവർത്തി കാര്യക്ഷമ മായി നടപ്പിലാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br>5. കൽപ്പറ്റ :- ഖരമാലിന്യപരിപാലനം കാര്യക്ഷമമാക്കുന്നതിന് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ജൈവ അജൈവങ്ങളായി തരംതിരിക്കുന്ന പ്രവൃത്തി നിലവിൽ ചെയ്തുവരുന്നുണ്ട്.<br>6. ഏലൂർ :- പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ച് കളക്ട് ചെയ്യുന്നതിന് ക്ലീൻ കേരളാ കമ്പനി രൂപീകൃതമായതിനാൽ സെഗ്രിഗേഷൻ നടപ്പിലാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഉറവിട മാലിന്യ സംസ്കരണത്തിനാണ് നഗരസഭ മുൻതൂക്കം കൊടുക്കുന്നത് (ബയോ ഗ്യാസ് വിതരണം നടത്തി വരുന്നു. )<br>7. കാഞ്ഞങ്ങാട് :- കാഞ്ഞങ്ങാട് നഗരസഭയിൽ ഖരമാലിന്യങ്ങളെ വൈജവ-അജൈവ മാലിന്യങ്ങളായി തരംതിരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുന്നതിനുള്ള ചർച്ചകൾ തുടർന്നു വരുന്നുണ്ട്. ഇപ്പോൾ അടഞ്ഞു കിടക്കുന്ന ട്രെഞ്ചിംഗ് ഗ്രൗണ്ട് സംസ്ക്കരണത്തിനായി തുറന്ന് കിട്ടുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. എല്ലാ വശങ്ങളും മൂടുന്ന രീതിയിൽ ബോഡി ഉണ്ടാക്കി പൊതുജനങ്ങളുടെ കാഴ്ചയിൽ നിന്നും മറച്ചു കൊണ്ടാണ് മാലിന്യം നീക്കം ചെയ്തു വന്നിരുന്നത്.<br>8. കണ്ണൂർ :- കണ്ണൂർ നഗരസഭ ജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് ആയത് മാത്രമാണ് നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സംസ്ക്കരിച്ച് വരുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നഗരസഭയിലെ കിസാൻ എന്ന സന്നദ്ധസംഘടനയുമായി ചേർന്ന് ശേഖരിച്ച് ആയത് റീസൈക്കിൾ യൂണിറ്റിന് കൈമാറുന്നുണ്ട്.<br>9. കരുനാഗപ്പള്ളി :- ഖരമാലിന്യത്തെ ജൈവഅജൈവ മാലിന്യങ്ങളായി തന്നെ വേർതിരിച്ച് ശേഖരിച്ചു വരുന്നു. പാരാമെഡിക്കൽ |

| | | |
|---|---|---|
| | | സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം ഇമേജ് വഴി ശേഖരിക്കുന്നു.ഖരമാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ 3 വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. നിലവിൽ മൂടിയില്ലാത്ത വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. വാഹനങ്ങൾക്ക് മൂടി ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>10. **കാസർകോട്** :- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചുവരുന്നു. നഗരസഭയുടെ വിദ്യാനഗറിൽ പ്രവർത്തിക്കുന്ന ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ സ്വകാര്യ മേഖലയിൽ നിലവിൽ ഒരു പ്ലാസ്റ്റിക് സംഭരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. നഗരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭയുടെ മേൽനോട്ടത്തിൽ തന്നെ ശേഖരിച്ച് പ്ലാസ്റ്റിക് റീപ്രോസസിംഗ് യൂണിറ്റിൽ എത്തിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലും നഗരസഭ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി യിട്ടുള്ളതാണ്. കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി നടക്കാത്തതിനാൽ വാഹനങ്ങളിൽ വലിയ അളവിൽ മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുപോകേണ്ടതായി വരുന്നില്ല എന്ന വിവരവും അറിയിച്ചുകൊള്ളുന്നു.<br>11. **കായംകുളം** :- ആധുനിക പ്ലാന്റ് സ്ഥാപിക്കുന്ന മുറയ്ക്ക് ശാസ്ത്രീയമായ വേർതിരിക്കൽ നടപടി ആരംഭിക്കുന്നതാണ്.<br>12. **കോഴിക്കോട്** :- കോഴിക്കോട് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ വഴിയും കുടുംബശ്രീ പ്രവർത്തകർ വഴിയും ശേഖരിക്കുന്ന മാലിന്യ ങ്ങളിൽനിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വേർതിരിച്ചതിന് ശേഷ മാണ് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിലേക്ക് അയക്കുന്നത്. ഈ ഖരമാലിന്യങ്ങൾ മൂടിയുള്ള വാഹനങ്ങളിലാണ് പ്ലാന്റിൽ എത്തിക്കുന്നത്.<br>13. **കൊടുങ്ങല്ലൂർ** :- മാലിന്യ സംസ്ക്കരണത്തിനായി നഗരസഭ സ്വകാര്യ കമ്പനിയ്ക്ക് കരാർ നല്കിയിരിക്കുകയാണ്. ആയതിനാൽ മാലിന്യങ്ങളെ വേർതിരിയ്ക്കുന്ന ജോലി ടി കമ്പനിയാണ് ചെയ്യുന്നത്.<br>ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിക്കാനുള്ള സംവിധാനങ്ങളൊന്നും നിലവിൽ നഗരസഭയിൽ ഇല്ലാത്തതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>14. **കൊല്ലം** :- ജൈവ-ജൈവേതര മാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്ന് തന്നെ കൃത്യമായി ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും, ജൈവമാലിന്യങ്ങളും പ്രത്യേകം |

| | | |
|---|---|---|
| | | വേർതിരിച്ച് നൽകാൻ പൊതുജനങ്ങൾക്ക് ബോധവൽക്കരണക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്നതാണ്. ജൈവ അജൈവ മാലിന്യങ്ങളെ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളവയുമായ വാഹനങ്ങൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മാലിന്യ ശേഖരണത്തിനായി നിലവിൽ ....... വാഹനങ്ങൾ ഉണ്ട്. കൂടുതൽ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്<br>പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച കിലോയ്ക്ക് 2/-രൂപാ നിരക്കിൽ ക്ലീൻ കേരളാ കമ്പനിക്ക് നൽകുന്നതിനുള്ള നടപടി ഒക്ടോബർ 2-ന് തുടക്കം കുറിച്ചു. ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സബ്സിഡി വ്യവസ്ഥയിൽ നിർമ്മിച്ചു നൽകുന്നതിനുള്ള പ്രോജക്ട് പരിഗണനയിലുണ്ട്<br>15. **കോതമംഗലം** :- ആധുനിക ഖരമാലിന്യ പ്ലാന്റ് പൂർത്തിയാകുന്നതോടെ മാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയമായി ഖരമാലിന്യങ്ങളെ വേർതിരിച്ച് സംഭരിക്കുന്നതാണ്. റിജക്റ്റ്സ് സംസ്ക്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ഭാവിയിൽ വേർതിരിച്ച് സംഭരിച്ച് നീക്കം ചെയ്യുന്നതിനും വിവിധ അറകളുള്ള വാഹനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.<br>16. **തൃശ്ശൂർ** :- നിലവിൽ ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ചാണ് കോർപ്പറേഷൻ ശേഖരിച്ചു വരുന്നത്. ഫ്ളാറ്റുകളിൽ നിന്നും വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കളക്ഷൻ കൗണ്ടറുകളും സംഭരണശാലകളും സ്ഥാപിച്ചിട്ടുണ്ട്.<br>17. **തിരുവല്ല** :- ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി ഉപാധികൾ സ്ഥാപിച്ച് സംസ്ക്കരിച്ചു വരുന്ന ജൈവമാലിന്യങ്ങൾ കഴിച്ച് നഗരവാസികളിൽ നിന്നും നേരിട്ട് അജൈവ മാലിന്യങ്ങളും ശേഖരിച്ചുവരുന്നുണ്ട്. ഇത്തരം മാലിന്യങ്ങൾ നഗരസഭ നേരിട്ട് ശേഖരിച്ച് നഗരസഭയുടെ വാഹനങ്ങളിൽ കയറ്റി സോർട്ടിംഗ് യാർഡിൽ എത്തിക്കുന്നു. അതിനുശേഷം സ്വകാര്യവ്യക്തി യ്ക്ക് പുനർചംക്രമണത്തിന് കൈമാറുന്നു.<br>18. **പെരുമ്പാവൂർ** :- ഉറവിടത്തിൽ നിന്ന് മാലിന്യം വേർ തിരിച്ച് കവചിത വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുന്നു.<br>19. **തലശ്ശേരി** :- പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ചു കൊണ്ടുപോകുന്നതിന് തലശ്ശേരി നഗരസഭയിൽ ഒരു സ്വകാര്യ ഏജൻസിക്ക് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ റോഡരികിലും മറ്റും ഉണ്ടാകുന്ന സ്വാഭാവിക മാലിന്യങ്ങൾ വേർതിരിച്ച് കൈകാര്യം ചെയ്യുന്നുണ്ട്.<br>20. **നെടുമങ്ങാട്** :- ശാസ്ത്രീയമായി വേർതിരിക്കുന്നതിന് നിലവിൽ |

| | | |
|---|---|---|
| | | സംവിധാനമില്ല<br><br>21. പുനലൂർ :- പുനലൂർ നഗരസഭയിൽ കാര്യക്ഷമമായ മാലിന്യ സംസ്ക്കരണത്തിനായി യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 48171000 രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളതും ആയതിന് വേണ്ടി നഗരസഭ ഒരു ഡി.പി.ആർ-ഉം തയ്യാറാക്കിയിട്ടുണ്ട്. ലഭ്യമായ തുകയിൽ നിന്നും 15750229 രൂപ വിനിയോഗിച്ച് നഗരസഭവക മാലിന്യ സംസ്ക്കരണ പ്ലാന്റിൽ ഷെഡ്, മെഷിനറി, വാഹനങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നഗരസഭ ഒരുക്കി കഴിഞ്ഞു. പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നതോടുകൂടി മാലിന്യങ്ങൾ തരംതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനായി 13200 കുടുംബങ്ങൾക്ക് ബക്കറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണം , സംസ്ക്കരണം, തരംതിരിക്കൽ സംബന്ധിച്ച് നഗരസഭയിൽ യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. നാടൻ പാട്ട്, കിറ്റിഷോ, ക്വിസ് മത്സരം, സൈൻ ബോർഡ് എന്നീ ബോധവൽക്കരണ പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെയെല്ലാം ഫലമായി പൊതുജനങ്ങളുടെ ഇടയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ നഗരസഭാ പാതയോരത്ത് പ്ലാസ്റ്റിക് കിറ്റുകൾ വലിച്ചെറിയുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്ന വ്യക്തികളെ/ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നഗരസഭ ഏർപ്പെടുത്തുകയും ഫൈൻ ചുമത്തുന്നതുൾപ്പെടെയുള്ള കൂടുതൽ ശക്തമായ നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് എന്നിവ വിവിധ വാർഡുകളിലെ കുടുംബങ്ങൾക്ക് നൽകി വരുന്നുണ്ട്.<br><br>22. പാലക്കാട് :- കുടുംബശ്രീ യൂണിറ്റുകൾ വഴി ശേഖരിക്കുന്നവ പൂർണ്ണമായും വേർതിരിച്ചാണ് ശേഖരിക്കുന്നത്. കൂടാതെ നഗരസഭയിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ആരംഭിയ്ക്കുകയും മാസത്തിൽ 2 പ്രാവശ്യം ശേഖരിക്കുകയും ചെയ്തുവരുന്നു. വേർതിരിച്ച് ശേഖരിക്കുന്നതിന് പ്രത്യേക ശ്രദ്ധചെലുത്തിവരുന്നു.<br><br>23. തൊടുപുഴ :- നഗരസഭയുടെ വിവിധ വാർഡുകളിലെ സ്വീകരണ |

കേന്ദ്രങ്ങളിൽ നിന്നും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് പാറക്കടവിലുള്ള മാലിന്യ സംസ്ക്കരണ കേന്ദ്രത്തിൽ വിൻഡ്രോ കമ്പോസ്റ്റിംഗിനായി എത്തിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ സൈക്കിൾ ചെയ്യുന്നതിനുള്ള യൂണിറ്റ് വെങ്ങല്ലൂരിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. നാളിതുവരെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭ ശേഖരിച്ച് ക്ലീൻ കേരളാ കമ്പനിയെ ഏൽപ്പിക്കുകയും ചെയ്തു.

24. മലപ്പുറം :- മലപ്പുറം നഗരസഭയിൽ ഉറവിടത്തിൽ നിന്നും ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും വേർതിരിച്ചാണ് ശേഖരിച്ച് വരുന്നത്. കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് ഉറവിടങ്ങളിൽ നിന്നു തന്നെ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് വരുന്നുണ്ട്.

25. വർക്കല :- ഖരമാലിന്യങ്ങളെ ജൈവ-അജൈവ രീതികളിൽ തരം തിരിച്ച് ശേഖരിക്കുന്നതിന് പൂർണ്ണമായും കഴിയുന്നില്ല. വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിന് പൈപ്പ് കമ്പോസ്റ്റ് പദ്ധതി- ബയോഗ്യാസ് എന്നിവ നടപ്പിലാക്കി വരുന്നു. ഇപ്പോഴും പൊതു നിരത്തുകളിൽ വരുന്ന മാലിന്യങ്ങൾ പ്ലാന്റിൽ പോയാണ് വേർതിരിക്കുന്നത്. ഉറവിടങ്ങളിൽത്തന്നെ മാലിന്യം തരംതിരിക്കുവാനുള്ള ബോധവത്ക്കരണം നടന്നു വരുന്നു. ജീവനക്കാരുടെയും വാഹനത്തിന്റെയും കുറവ് ഈ പ്രശ്നത്തിന് പെട്ടെന്നുള്ള പരിഹാരം കാണുന്നതിന് തടസ്സം നേരിടുന്നു. തനത് ഫണ്ടിന്റെ കുറവും ഇക്കാര്യത്തിൽ ബാധിക്കുന്നുണ്ട്. വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നഗരസഭ ശേഖരിച്ച് ക്ലീൻകേരള കമ്പനിയ്ക്ക് ഒരു പ്രാവശ്യം നൽകുകയുണ്ടായി. തുടർന്ന് കമ്പനി സഹകരിക്കുമെങ്കിൽ പ്ലാസ്റ്റിക് മാലിന്യത്തെ പൂർണ്ണമായും നഗരസഭയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

26. നോർത്ത് പറവൂർ :- ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി വേർതിരിച്ചാണ് ശേഖരിച്ചുവരുന്നത് ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ചാണ്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി ശേഖരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്നതിനായി നഗരസഭ പ്ലാൻ അറ്റ് എർത്ത് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സ്ഥാപനം എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. വാഹനങ്ങളിൽ ശേഖരിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം കണ്ടെയ്നറുകളിലാണ് ശേഖരിക്കുന്നത്. ഖരമാലിന്യം നീക്കം ചെയ്യുന്നതിനായി സ്ഥിരമായി മൂടി നിർമ്മിച്ചിട്ടുള്ള വാഹനങ്ങൾ നഗരസഭയിൽ ഇല്ല. എങ്കിലും ഷീറ്റു ഉപയോഗിച്ച് മൂടിയ നിലയിലാണ് മാലിന്യം ശേഖരുക്കുന്നത്.

| | | |
|---|---|---|
| | | 27. **കുന്നംകുളം** :- മാലിന്യപ്ലാന്റ് നിലവിൽ ഇല്ലാത്തതിനാൽ കുന്നംകുളം നഗരസഭയുടെ വിവിധ ഭാഗങ്ങളിലുള്ള ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചു വരുന്നില്ല. നിലവിലുള്ള സംസ്ക്കരണ സ്ഥലത്ത് വിൻഡ്രോ കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ആവശ്യമായ പൂർണ്ണമായ സംവിധാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് മാലിന്യം ശാസ്ത്രീയമായ രീതിയിൽ തരംതിരിച്ച് ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആയതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>28. **നിലമ്പൂർ** :- ജൈവവും അജൈവവുമായ ഖരമാലിന്യങ്ങളെ ഉറവിടത്തിൽ വെച്ചു തന്നെ വേർതിരിച്ചാണ് ശേഖരിക്കുന്നത്. വീടുകളിലെ ജൈവമാലിന്യ സംസ്കരണത്തിനായി വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വീടുകളിൽ നിന്നും കടകളിൽ നിന്നുമുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകർ മുഖേന ശേഖരിച്ച് നഗരസഭ ചുമതലപ്പെടുത്തിയ ഏജൻസി കൊണ്ടു പോകുന്നുണ്ട്. |
| | | എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.<br>1. **ആലുവ** :- ഖരമാലിന്യ നീക്കത്തിനായി മൂടിയില്ലാത്ത വാഹനമാണ് നിലവിൽ ഉപയോഗിക്കുന്നത് എങ്കിലും മാലിന്യം പുറത്തേക്ക് പ്രവഹിക്കാത്തവിധം സുരക്ഷിതമായി മൂടിയാണ് നീക്കം ചെയ്തുവരുന്നത്. മൂടിയുള്ള സുരക്ഷിത വാഹനം വാങ്ങുന്നതിനുള്ള ഓഫീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2. **അങ്കമാലി** :- അങ്കമാലി നഗരസഭയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഒരു മിനി ലോറിയും ട്രാക്ടറുമാണ് നിലവിലുള്ളത്. മാലിന്യം കയറ്റിയ ശേഷം ടാർ പോളിൻ കൊണ്ടു മൂടിയാണ് വാഹനം പോകുന്നത്. പുതിയതായി വാങ്ങുന്ന വാഹനം ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കുന്നതിനുള്ള അറകളോടു കൂടിയവയാണ്.<br>3. **ചങ്ങനാശ്ശേരി** :- നിലവിൽ ചവർ ശേഖരിക്കുന്നതിന് ഉപയോഗിക്കുന്നത് ടിപ്പർ ലോറികളാണ്. ചവർ ശേഖരിക്കുന്ന വാഹനത്തിന്റെ ബോഡി നല്ല ഉയരത്തിൽ പണിതിട്ടുള്ളതാണ്. ഇതിന് മുകളിൽ സ്ഥിരമായി മേൽമൂടി നിർമ്മിച്ചാൽ കയറ്റുമ്പോഴും, ഇറക്കുമ്പോഴും ബുദ്ധിമുട്ട് നേരിടുന്നതാണ്. ആയതിനാൽ ചവർ കയറ്റി കഴിയുമ്പോൾ താൽക്കാലികമായി പടുത കൊണ്ട് മറച്ച് മാലിന്യം സംരക്ഷിച്ച് കൊണ്ടുപോകുന്നതിന് വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.<br>4. **ചെങ്ങന്നൂർ** :- മാലിന്യ സംസ്കരണം സുഗമ മായും വേഗത്തിലും നടത്തേണ്ടതിനാലാണ് മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കു ന്നത്. |

| | | |
|---|---|---|
| | | അനുശാസിക്കുന്ന വിധം മൂടിക്കെട്ടിയ സംവിധാനത്തോട് കൂടിയതാണ്.<br>21. വർക്കല :- വർക്കല നഗരസഭയിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി ഒരു ലോറിയാണ് നിലവിലുള്ളത്. ആയതിന് മൂടിയുണ്ട്.എന്നാൽ ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് ശേഖരിക്കാനുള്ള പ്രത്യേക അറ അടിയന്തിരമായി ലോറിയിൽ സ്ഥാപിക്കുന്നതാണ്.<br>22. കുന്നംകുളം :- ഖരമാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത വാഹനങ്ങൾ -മാലിന്യ പ്ലാന്റ്, നിലവിലില്ലാത്തതിനാൽ, കുന്നംകുളം നഗരസഭയുടെ വിവിധഭാഗങ്ങളിലുള്ള ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചു വരുന്നില്ല. നിലവിലുള്ള സംസ്കരണ സ്ഥലത്ത് വിൻഡ്രോ കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ആവശ്യമായ പൂർണ്ണമായ സംവിധാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് മാലിന്യം ശാസ്ത്രീയമായ രീതിയിൽ തരംതിരിച്ച് ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആയതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട് . ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നിലവിൽ മൂടിയില്ലാത്ത ട്രാക്ടർട്രെയിലറാണ് കുന്നംകുളം നഗരസഭയ്ക്കുള്ളത്. പുതിയത് വാങ്ങുന്നതിന് (2000 ലെ ഖരമാലിന്യ ചട്ടപ്രകാരമുള്ളത്) പ്രപ്പോസൽ സമർപ്പിച്ചിട്ടുള്ളതും 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഫണ്ട് ലഭ്യത കുറവ് മൂലം പൂർണ്ണമായും ശാസ്ത്രീയ രീതിയിലുള്ളതല്ല വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്.<br>23. നിലമ്പൂർ - മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനം മൂടിയാണ് ഉപയോഗിക്കുന്നത്. |
| 3.1.5.6 | | 1. നെയ്യാറ്റിൻകര<br>2. നെടുമങ്ങാട് :- സ്വകാര്യ ലാന്റ് ഫില്ലിംഗ് നടത്തിയും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും മാലിന്യ സംസ്കരണം നടത്തിവരുന്നു.<br>3. വർക്കല :- വർക്കല നഗരസഭയിൽ 1.46 ഏക്കറിൽ പതിനായിരം ച. അടി വിസ്തീർണ്ണമുള്ള ചവർ സംസ്ക്കരണശാല പ്രവർത്തിച്ച് വരുന്നു. മാലിന്യം വിൻഡ്രോകമ്പോസ്റ്റ് സംവിധാനത്തിലൂടെ ശാസ്ത്രീയമായി വളമാക്കി മാറ്റുന്നു. ഈ പ്രവൃത്തി ചെയ്യുന്നത് കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി കരാറടിസ്ഥാനത്തിൽ നടത്തുന്നു. പ്ലാന്റിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും PCB/TVM-DO/ICO(K)/STH/897/13 പ്രകാരം പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്. സംസ്ക്കരണശാലയിൽ ബയോഗ്യാസ് പ്ലാന്റ് കോമ്പൗണ്ട്വാൾ, വിശ്രമമുറി, ഓഫീസ് |

മുറി, ഗ്രീൻ ബെൽറ്റ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, മണ്ണിര കമ്പോസ്റ്റിനുള്ള ഷെഡ് എന്നിവ ഈ പദ്ധതി വർഷം നടപ്പിൽ വരുത്തുന്നു.

4. പരവൂർ

5. കരുനാഗപ്പള്ളി :- ഖരമാലിന്യ സംസ്കരണ രംഗത്തെ ഏറ്റവും കാര്യക്ഷമമായ രീതിയിൽ വിൻഡ്രോ കംപോസ്റ്റിംഗും ബയോ ഗ്യാസ് പ്ലാന്റുമാണ് കരുനാഗപ്പള്ളി നഗരസഭയിൽ ഉപയോഗിച്ച് വരുന്നത്. വെർമി കമ്പോസ്റ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

6. തിരുവല്ല :- നഗരസഭ ഉറവിടമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കിയതിനു ശേഷം ജൈവമാലിന്യങ്ങൾ 85 ശതമാനത്തോളം പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ, ബയോബിൻ എന്നീ ഉപാധികൾ വഴി സംസ്ക്കരിച്ചുവരുന്നു. കൂടാതെ പുനർചംക്രമണ വിധേയമായ പ്ലാസ്റ്റിക്, പ്ലാസ്റ്റിക് ഇതര ഉല്പന്ന ങ്ങൾ ചംക്രമണത്തിന് വിധേയമാക്കാൻ നല്കിക്കൊണ്ടും ഖരമാലിന്യ സംസ്ക്കരണ പദ്ധതി നിലവിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

7. അടൂർ

8. ചങ്ങനാശ്ശേരി :- ഖരമാലിന്യ ശേഖരണം, നീക്കം ചെയ്യൽ എന്നിവയിൽ സ്വീകരിച്ച് പോരുന്ന അശാസ്ത്രീയത, കൃത്യതയില്ലായ്മ എന്നിവ മൂലം സംസ്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കൂടാതെ സംസ്ക്കരണ പ്ലാന്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ കൂടിക്കിടക്കുന്ന ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ കേരളത്തിലെ ഖരമാലിന്യ സംസ്ക്കരണ രംഗത്തെ ദയനീയത വ്യക്തമാക്കുന്നു.

മാലിന്യ സംസ്ക്കരണാർത്ഥം പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായ സ്ഥാപിക്കുന്നതിനായി കോടിക്കണക്കിന് രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത് വേണ്ടത്ര ഗുണപ്രദം ആയിട്ടില്ല. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറെയും കൃത്യമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇല്ലാത്തവയാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

ഖരമാലിന്യങ്ങളുടെ വീടുവീടാന്തര മുള്ള ശേഖരണം കേവലം 13 മുനിസിപ്പാലിറ്റി കൾ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ.

ഖരമാലിന്യങ്ങളെ ലാന്റ് ഫിൽ ചെയ്യുവാനായി ഭൂമി കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ കേവലം 8 എണ്ണം മാത്രമാണ്.

ഖരമാലിന്യ സംസ്ക്കരണം എന്ന പേരിൽ മുനിസിപ്പാലിറ്റികളുടെ അധീനത യിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളുക മാത്രമാണ്

വാഹനങ്ങൾക്ക് മൂടിയില്ലെങ്കിലും ടർപോളിൻ ഉപയോഗിച്ച് മൂടിയാണ് മാലിന്യം നീക്കം ചെയ്യുന്നത്. ഇതുമൂലം പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധി മുട്ടും ഉണ്ടാകുന്നില്ല എന്ന് നഗരസഭ ഉറപ്പുവരുത്തുന്നുണ്ട്

5. കൽപ്പറ്റ :- കൽപ്പറ്റ നഗരസഭ മാലിന്യം നിക്കം ചെയ്യുന്നതിന് ഉപയോഗിച്ചുവരുന്ന ട്രാക്ടർ കൃത്യമായി മൂടിയുള്ളതാണ്. എന്നാൽ ടി ജോലിയ്ക്കായി ഉപയോഗിച്ച് വരുന്ന ടിപ്പർ ലോറിക്ക് മൂടിയില്ലാത്തതിനാൽ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് മൂടിയാണ് ഉപയോഗിക്കുന്നു. ടി വാഹനങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ വെവ്വേറെ ശേഖരിക്കുവാൻ പ്രത്യേകം അറകൾ ഇല്ല.

6. ഏലൂർ :- നഗരസഭയായി രൂപീകൃതമായതിനു ശേഷം പുതിയ വാഹനങ്ങൾ വാങ്ങിയിട്ടില്ല. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ കൂടിയുള്ള വാഹനം വാങ്ങുന്നതിന് നഗരസഭ വിഹിതം അടച്ചിട്ടുള്ളതാണ്.

7. കണ്ണൂർ :- കണ്ണൂർ നഗരസഭ ജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് ആയത് മാത്രമാണ് നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സംസ്കരിച്ച് വരുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നഗരസഭയിലെ കിസാൻ എന്ന സന്നദ്ധസംഘടനയുമായി ചേർന്ന് ശേഖരിച്ച് ആയത് റീസൈക്കിൾ യൂണിറ്റിന് കൈമാറുന്നുണ്ട്. നഗരസഭ മാലിന്യങ്ങൾ ശേഖരിക്കുകയും കൊണ്ടുപോകുകയും ചെയ്യുന്ന വാഹനങ്ങൾക്ക് നിയമം അനുശാസിക്കുന്ന വിധം മൂടിക്കെട്ടിയ സംവിധാനത്തോട് കൂടിയതാണ്.

8. കായംകുളം :- കായംകുളം നഗരസഭയിൽ ഉപയോഗിക്കുന്നത് മൂടിയുള്ള വാഹനമാണ്.

9. കൊടുങ്ങല്ലൂർ :- നഗരസഭയിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ഷീറ്റ് ഇട്ട് മൂടിയ വാഹനമാണ് ഉപയോഗിക്കുന്നത്.

10. കൊല്ലം :- ജൈവ അജൈവ മാലിന്യങ്ങളെ വേർതിരിച്ചു ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളതും മൂടിയുള്ളതുമായ വാഹനങ്ങൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

വാഹനത്തിൽ മാലിന്യം പൊതുജനശല്യം ഇല്ലാത്തവിധത്തിൽ ഡംബിംഗ് യാർഡിലേക്ക് നീക്കം ചെയ്യുന്നു.

11. തൃശ്ശൂർ :- നിലവിൽ കോർപ്പറേഷനിൽ ഉള്ള അധികം വാഹനങ്ങളും മൂടിയുള്ളവയാണ്. മൂടിയില്ലാത്ത വാഹനങ്ങളിൽ മാലിന്യം ഷീറ്റുകൊണ്ട് മൂടിയാണ് നീക്കം ചെയ്യുന്നത്.

12. തിരുവല്ല :- അജൈവ മാലിന്യങ്ങൾ നേരിട്ട് ശേഖരി ക്കുന്നതിന് രണ്ട് വാഹനങ്ങൾ ഉപയോഗിച്ചു വരുന്നു. ഇതിൽ ഒരെണ്ണം മൂടിയുള്ളതും മറ്റൊരെണ്ണം ടാർപോളിൻ ഉപയോഗിച്ച് മൂടി കെട്ടി അജൈവമാലിന്യ ശേഖരണത്തിന് ദിനംപ്രതി ഉപയോഗിച്ചുവരുന്നു.

13. **പെരുമ്പാവൂർ** :- ഉറവിടത്തിൽ നിന്ന് മാലിന്യം വേർ തിരിച്ച് കവചിത വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുന്നു.

14. **തലശ്ശേരി** :- മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്ന രീതി തലശ്ശേരി നഗരസഭയിൽ നിലവിലില്ല. വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്ക്കരണ പ്രവൃത്തികൾ നടപ്പാക്കിയതിനുശേഷം നഗരത്തിൽ ചെറിയ തോതിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ മൂടിയുള്ള വാഹനങ്ങളിലാണ് നീക്കം ചെയ്യുന്നത്.

15. **നെടുമങ്ങാട്** :- മൂടിയുള്ള വാഹനം നിലവിൽ നഗരസഭയിലില്ലാത്തതിനാൽ മൂടിയില്ലാത്ത വാഹനങ്ങളിൽ ശേഖരിക്കുന്നു.

16. **പുനലൂർ** :- യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിലൂടെയും അല്ലാതെയും 11 വാഹനങ്ങൾ മാലിന്യസംസ്ക്കരണ ശേഖരണത്തി നായി ഉപയോഗിക്കുന്നുണ്ട്. ഇതിൽ കവേർഡ് വാഹനം, ജെ.സി.ബി ഉൾപ്പെടെയുള്ള വാഹനങ്ങൾ ഉൾപ്പെടുന്നുണ്ട്. നിലവിൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള സംവിധാനങ്ങൾ വാഹനങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

17. **പാലക്കാട്** :- പാലക്കാട് നഗരസഭയിലെ വാഹനങ്ങൾ എല്ലാം മൂടിയുള്ളവയാണ്. ഡമ്പർ പ്ലേസർ ലോറിയിലെ ബിൻ ടാർപോളിൻ കെട്ടി മൂടിയാണ് നീക്കുന്നത്. കൂടാതെ കുടുംബശ്രീയുടെ വാഹനങ്ങളും മൂടിയുള്ളതാണ്.

18. **തൊടുപുഴ** :-നഗരസഭ നിലവിൽ ഉപയോഗിക്കുന്ന 3 വാഹനങ്ങൾ മേൽമൂടിയില്ലാത്തതും, എന്നാൽ ഖരമാലിന്യങ്ങൾ കൊണ്ടു പോകുന്ന സമയത്ത് പൊതുജനങ്ങൾക്ക് അസൗകര്യവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകാത്ത രീതിയിൽ കൃത്യമായി പടുത ഉപയോഗിച്ച് കെട്ടി മറച്ച് ഉപയോഗിച്ചു വരുന്നു. പുതിയ വാഹനങ്ങൾ വാങ്ങുന്ന അവസരത്തിൽ ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കാൻ അറകളുള്ള വാഹനങ്ങൾ വാങ്ങിക്കാൻ ശ്രദ്ധിക്കുന്നതാണ്.

19. **മലപ്പുറം** :- നഗരസഭയിൽ മാലിന്യങ്ങൾ ശേഖരിച്ച ശേഷം ടാർപോളിൻ ഉപയോഗിച്ച് മൂടിയാണ് വാഹനങ്ങളിൽ പ്ലാന്റിലേക്ക് കൊണ്ടു പോകുന്നത്.

20. **കണ്ണൂർ** :- കണ്ണൂർ നഗരസഭ ജൈവമാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് ആയത് മാത്രമാണ് നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സംസ്ക്കരിച്ച് വരുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നഗരസഭയിലെ കിസാൻ എന്ന സന്നദ്ധസംഘടനയുമായി ചേർന്ന് ശേഖരിച്ച് ആയത് റീസൈക്കിൾ യൂണിറ്റിന് കൈമാറുന്നുണ്ട്. നഗരസഭ മാലിന്യങ്ങൾ ശേഖരിക്കുകയും കൊണ്ടുപോകുകയും ചെയ്യുന്ന വാഹനങ്ങൾക്ക് നിയമം

പല മുനിസിപ്പാലിറ്റികളുടേയും നിലവിലുള്ള ഖര മാലിന്യ നിർമ്മാർജ്ജന പദ്ധതി. ഖരമാലിന്യ ങ്ങളെ തുറസായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കുന്ന മുനിസിപ്പാലിറ്റികളും കുറവല്ല.

ഖരമാലിന്യ പരിപാലനത്തിലെ അടിസ്ഥാന പ്രമാണങ്ങൾ പോലും പാലിക്കുവാൻ വലിയൊരളവ് മുനിസിപ്പാലിറ്റികൾക്ക് പോലും പാലിക്കുവാൻ കഴിയുന്നില്ലായെന്നത് വ്യക്തമാകുന്നു.

ചങ്ങനാശേരി നഗരസഭ രണ്ട് വർഷം മുൻപ് വരെ കുടുംബശ്രീ, സേവനശ്രീ മാലിന്യ ശേഖരണ യൂണിറ്റും, നഗരസഭ കണ്ടിജന്റ് ജീവനക്കാരും കൂടി നഗരസഭ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ആകെ 18 ടൺ മാലിന്യമാണ് ശേഖരിച്ചിരുന്നത്. എന്നാൽ ഫാത്തിമാപുരം നിവാസികൾ, ഖരമാലിന്യ പ്ലാന്റ് നിറഞ്ഞുകവിഞ്ഞ സാഹചര്യത്തിൽ പ്രക്ഷോഭണം നടത്തുകയും ഇതേ തുടർന്ന് കുടുംബശ്രീ, സേവനശ്രീ പ്രവർത്തകരെ ഒഴിവാക്കുകയും, സ്ഥാപനങ്ങളിൽ നിന്നുമുള്ളതും, വീടുകളിൽ നിന്നുമുള്ള മാലിന്യ ശേഖരണം ഒഴിവാക്കിയതിനാൽ ടൗൺ ശുചീകരിക്കുന്നതും, നഗരസഭ ബസ് സ്റ്റാന്റ്, പച്ചക്കറി ചന്ത എന്നിവിടങ്ങളിൽ നിന്നുമാത്രമേ മാലിന്യം ശേഖരിക്കുന്നുള്ളു. ഇപ്പോൾ അജൈവ ജൈവ മാലിന്യങ്ങൾ ആകെ 6 ടൺ മാത്രമാണ്. നഗരസഭ വാഹനങ്ങളിൽ ശേഖരിച്ച് ഫാത്തിമാപുരത്ത് പ്രവർത്തിക്കുന്ന ജൈവവള പ്ലാന്റിൽ ജൈവ മാലിന്യങ്ങൾ അരച്ച് ജൈവവളമാക്കുകയും, അജൈവ മാലിന്യങ്ങൾ യാർഡിൽ മാറ്റിയിടുകയും ചെയ്യുന്നു. ജൈവവളം പ്ലാന്റ് ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ മാറ്റുകയാണ് ചെയ്തു വരുന്നത്. അജൈവ മാലിന്യങ്ങൾ 3 വർഷം കൂടുമ്പോൾ പുറമേ നിന്ന് ടെൻഡർ ക്ഷണിച്ച് നീക്കം ചെയ്യുന്ന നടപടിയാണ് സ്വീകരിച്ച് വരുന്നത്. നിലവിൽ ചങ്ങനാശേരി നഗരസഭയുടെ മാലിന്യ സംസ്ക്കരണ രീതി മറ്റുള്ള നഗരസഭയുടേതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണ്.

9. വൈക്കം

10. മാവേലിക്കര

11. നോർത്ത് പരവൂർ :- ഖരമാലിന്യ സംസ്കരണത്തിനായി വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ്, പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, എന്നീ മാർഗ്ഗങ്ങൾ നഗരസഭ അവലംബിക്കുന്നു. നഗരസഭയുടെ വെടിമറ ഡമ്പിംഗ് യാർഡിൽ വെർമികമ്പോസ്റ്റ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, വിൻഡ്രോ കമ്പോസ്റ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. വെർമിയിലും വിൻഡ്രോയിലും ഉൽപാദിപ്പിക്കുന്ന ജൈവവളം ആവശ്യക്കാർക്ക് തുക ഈടാക്കി വിതരണം നടത്തിവരുന്നു. പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ് ചെയ്ത് സൂക്ഷിക്കുന്നു. ആവശ്യക്കാർക്ക് വിതരണം

ചെയ്യാനായി തയ്യാറാക്കി വരുന്നു. ലാന്റ് ഫില്ലിംഗ് നിലവിലില്ല.

അറവുശാല മാലിന്യങ്ങൾ ബയോഗ്യാസ്പ്ലാന്റുവഴി സംസ്ക്കരിച്ചുവരുന്നു. വീടുവീടാന്തരമുള്ള മാലിന്യ സംസ്ക്കരണത്തിനായി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സബ്സിഡി നിരക്കിൽ വിതരണം നടത്തിവരുന്നു. വീടു വീടാന്തരം പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി പ്ലാൻ അറ്റ് എർത്ത് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു.

12. **ആലുവ** :- ആലുവ നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണം, ശുചിത്വ നിലവാരം കുറയാതെ തന്നെ നിർവ്വഹിക്കുന്നുണ്ട്.

13. കളമശ്ശേരി

14. മരട്

15. **കുന്നംകുളം** :- കുന്നംകുളം നഗരസഭയിൽ നിലവിൽ ഖരമാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. ഖരമാലിന്യങ്ങൾ (ജൈവ മാലിന്യങ്ങൾ) സംസ്ക്കരിക്കുന്നതിന് ഉള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ടി പ്ലാന്റ് പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ഖരമാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ തരിംതിരിച്ച് ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതാണ്. നിലവിൽ മാലിന്യശേഖരണത്തിനായി നഗരസഭയുടെ ഒരു ട്രാക്ടർ ട്രെയിലറും കുടുംബശ്രീ സാനിറ്റേഷൻ യൂണിറ്റുകളുടെ 2 ടിപ്പർ ഓട്ടോയുമാണ് ഉപയോഗിച്ചുവരുന്നത്. ജൈവ മാലിന്യങ്ങൾ അവയുടെ ഉറവിടത്തിൽ വച്ച് തന്നെ സംസ്ക്കരിക്കുന്നതിന് നടപ്പു വാർഷിക പദ്ധതിയിൽപ്പെടുത്തി ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നഗരസഭ നടപ്പിലാക്കുന്നതാണ്.

16. **പാലക്കാട്** :- നിലവിൽ നഗരസഭയിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റാണ് നിലവിലുള്ളത്. വേർതിരിച്ച് മാലിന്യശേഖരണം നടത്താത്തതു കാരണം പലപ്പോഴും പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല. വേർതിരിച്ചുള്ള ശേഖരണം പൂർണമാകുന്നതോടെ ഇത് പരിഹരിയ്ക്കാനാകും. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനാണ് നഗരസഭ പ്രാധാന്യം നൽകുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക വഴി മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിന് സാധിക്കുന്നു. പുനഃചംക്രമണ സാദ്ധ്യതയുള്ളവ പൂർണ്ണമായും ടി ആവശ്യത്തിനായി നൽകുന്നു.

17. ഒറ്റപ്പാലം

18. ഷൊർണ്ണൂർ

19. തൊടുപുഴ :- നഗരസഭയിലെ വിവിധ വാർഡുകളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള പോയിന്റുകളിൽ നിന്നും നഗരസഭാ വാഹനങ്ങളിൽ ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് നഗരസഭ വക പാറക്കടവിലുള്ള 1.5 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റിൽ എത്തിക്കുന്നു. ശുചിത്വമിഷന്റെ ധനസഹായത്തോടെയാണ് ടി പ്രോജക്ട് നടപ്പിലാക്കി വരുന്നത്. പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് ബഹു:കൗൺസിലിന്റെ അംഗീകാരത്തോടെ M/S എം.ബി.ഗ്ലോബൽ, ബാംഗ്ലൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ 2000 പ്രകാരം മാലിനീകരണ ബോർഡിന്റെ അനുമതി പത്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പ്രോജക്ട് പ്രകാരം ടി സ്ഥലത്ത് ലാന്റ് ഫില്ലിംഗ്, ബയോഗ്യാസ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് എന്നിവയാണ് മാലിന്യ സംസ്ക്കരണത്തിനായി വിഭാവനം ചെയ്തിട്ടുള്ളത്. പാറകൾ നിറഞ്ഞ പ്രദേശമായതിനാൽ ലാന്റ് ഫില്ലിംഗ് നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.

20. കൽപ്പറ്റ :- കൽപ്പറ്റ നഗരസഭ ഖരമാലിന്യസംസ്കരണത്തിന് നിലവിൽ ലാന്റ് ഫില്ലിങ്ങാണ് ഉപയോഗിക്കുന്നത്.

നഗരസഭ പരിധിയിലുണ്ടാകുന്ന മാലിന്യങ്ങൾ ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ നിന്ന് തന്നെ വേർതിരിച്ച് നഗരസഭ വക മാലിന്യസംസ്ക്കരണ പ്ലാന്റിൽ എത്തിച്ച് ജൈവ മാലിന്യങ്ങൾ കുഴിയിൽ നിക്ഷേപിച്ച് മണ്ണിട്ട് മൂടുകയാണ് നിലവിൽ ചെയ്തു വരുന്നത്.

കൽപ്പറ്റ നഗരസഭയിൽ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ് വഴി ജൈവവാതകമാക്കുന്നില്ല .

ഖരമാലിന്യങ്ങളെജൈവ-അജൈവമാലിന്യങ്ങളായി തരം തിരിച്ച് ജൈവമാലിന്യങ്ങളെ ലാന്റ് ഫില്ലിംഗ് പ്രക്രിയയിലൂടെ സംസ്കരിക്കുന്നു.

21. നീലേശ്വരം

22. തലശ്ശേരി :- തലശ്ശേരി നഗരസഭയിൽ മാലിന്യങ്ങൾ ശേഖരിച്ച് ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിക്ഷേപിക്കുന്ന രീതി നിർത്തലാക്കിയിട്ടുണ്ട്. പകരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഉറവിട മാലിന്യ സംസ്ക്കരണ രീതി സ്ഥാപനങ്ങളിൽ ഉറപ്പു വരുത്തിയിട്ടുമുണ്ട്.

മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പുതുതായി 10 ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമായാൽ തലശ്ശേരി നഗരസഭ

| | | |
|---|---|---|
| | | പൂർണ്ണമായും ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ ഖരമാലിന്യ സംവിധാനങ്ങൾ നിലവിൽ വരുന്നതാണ്.<br>23. **കണ്ണൂർ** :- നഗരസഭക്ക് ചേലോറ ഗ്രാമ പഞ്ചായത്തിൽ ഏകദേശം 23.29 ഏക്കറോളം വിസ്തൃതിയുള്ള ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് ഉണ്ട്. നിലവിൽ ഖരമാലിന്യങ്ങൾ ശേഖരിച്ച് എത്തിക്കുന്നത് ഇവിടെയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച ശേഷമാണ് ഇങ്ങനെ ചെയ്യുന്നത്. ഇവിടെ ആധുനിക രീതിയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക എന്നത് ലക്ഷ്യമാക്കി നഗരസഭ വർഷങ്ങളായി നിലവിലുള്ള പല പ്ലാന്റുകളെകുറിച്ചും പരിശോധിച്ചു എങ്കിലും ഇവയൊന്നും തന്നെ പ്രായോഗികമായി വിജയകരമായിരുന്നില്ല എന്ന് മനസിലാക്കിയതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തിയിലേക്ക് പോകുന്നതിന് സാധിച്ചിട്ടില്ല. ഏറ്റവും ഒടുവിൽ സംസ്ഥാന സർക്കാർ കേരളത്തിലാകെ 3 സ്ഥലങ്ങളിലായി സർക്കാരിന്റെ മേൽ നോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ PPP മോഡലിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അതിലൊന്നായി കണ്ണൂർ നഗരത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 300 ടൺ ഖരമാലിന്യം ദിനം പ്രതി സംസ്കരിക്കുന്നതിനായി ചുരുങ്ങിയത് ഉണ്ടെങ്കിൽ മാത്രമെ പ്രസ്തുത പ്ലാന്റ് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നു കണ്ടതിനാൽ അത്രയും മാലിന്യം കണ്ണൂർ നഗരത്തിലോ പ്രാന്ത പ്രദേശങ്ങളിലോ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്നതിനാൽ പ്രസ്തുത പ്ലാന്റ് കണ്ണൂർ നഗരസഭയിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പകരം UIDSSMT പദ്ധതിയിൽ പെടുത്തി ചെറിയ തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നൽകുന്നതിനാണ് നിർദ്ദേശിച്ചത്. ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാൽ പ്രോജക്ട് നൽകുവാനും കഴിഞ്ഞിരുന്നില്ല. മുമ്പ് നൽകിയ പ്രോജക്ട് അംഗീകരിച്ച് തന്നതുമില്ല. പുതിയ പ്രോജക്ട് നൽകുന്നതിനുള്ള നടപടികൾ സ്വീരിക്കുന്നതാണ്.<br>1. **ഏലൂർ** :- ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റ്കൾ വിതരണം ചെയ്യുന്നു. നഗരസഭാ ഡംപിംഗ് യാർഡിൽ മാലിന്യം മണ്ണ് ഇട്ട് മൂടി കുമ്മായം ബ്ലീച്ചിംഗ് പൗഡർ തളിച്ച് സംസ്കരിക്കുന്നു.<br>2. **ചെങ്ങന്നൂർ** :- നിലവിൽ ചെങ്ങന്നൂർ നഗരസഭയിൽ നഗരസഭയുടെ അധീനത യിലുള്ള പെരുങ്കുളം പ്രദേശ ത്താണ് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്. മാലിന്യങ്ങളുടെമേൽ സമയബന്ധിതമായി മണ്ണിട്ട് മൂടുകയും പൊതുജനങ്ങൾക്ക് പരാതി ക്കിടയാകാത്ത വിധത്തിൽ മാലിന്യ സംസ്കരണം നടത്തി വരുന്നതുമാണ്. |

| | | |
|---|---|---|
| | | നിലവിൽ ചെങ്ങന്നൂർ നഗര സഭയിൽ നഗരസഭയുടെ അധീനതയിലുള്ള പെരുകുളം പ്രദേശത്താണ് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്. മാലിന്യങ്ങളുടെ മേൽ സമയ ബന്ധിതമായി മണ്ണിട്ട് മൂടുകയും പൊതുജനങ്ങൾക്ക് പാരിതിക്കിടയാകാത്ത വിധത്തിൽ മാലിന്യ സംസ്കരണം നടത്തി വരുന്നതുമാണ്.<br><br>3. തളിപ്പറമ്പ്<br>4. **മട്ടന്നൂർ** :- 1.വിൻഡ്രോ കമ്പോസ്റ്റ് സംവിധാനത്തിലൂടെ ജൈവമാലിന്യം വളമാക്കി മാറ്റുകയാണ് നഗരസഭ ചെയ്തു വരുന്നത്.<br>2. ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.<br>3. സാനിറ്ററി ലാൻഡ് ഫില്ലിംഗിലൂടെ മാലിന്യം മറവ് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുകയും ആയത് സാങ്കേതികാനുമതിക്കായി ശുചിത്വമിഷന് അയക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടെയാണ് മട്ടന്നൂർ നഗരസഭ മാലിന്യ പരിപാലന പ്രവർത്തനം നടത്തിവരുന്നത്. നഗരസഭയിൽ മാലിന്യം തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കാറില്ല. |
| 3.1.5.7 | | എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.<br><br>1.**ആലുവ** :- ജൈവ ,അജൈവ മാലിന്യങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ വഴി ഗാർഹിക തലം മുതൽ വേർതിരിച്ച് ശേഖരിക്കുകയും, ജൈവ മാലിന്യങ്ങൾ കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിലേക്ക് MOU അടിസ്ഥാനത്തിൽ സംസ്കരണത്തിനായി അയക്കുകയും ചെയ്യുന്നു. അജൈവമാലിന്യങ്ങൾ നഗരസഭാ സംവിധാനം വഴി നഗരത്തിന് പുറത്തേക്ക് നീക്കം ചെയ്യുന്നു.<br>2. **അങ്കമാലി** :- നിലവിൽ അങ്കമാലി നഗരസഭയിൽ മാലിന്യ സംസ്കരണ പ്ലാന്റോ സംവിധാനമോ ഇല്ല. ഹോട്ടലുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ അവരുടെ മാലിന്യങ്ങൾ അവരവർ സ്വന്തമായി സംസ്ക്കരിക്കുകയാണ് ചെയ്യുന്നത്. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ അപേക്ഷകർക്കും പൈപ്പ് കമ്പോസ്റ്റ് നൽകിയിട്ടുള്ളതാണ്. നഗരസഭയിൽ 200 വീടുകളിൽ ബയോഗ്യാസ് പ്ലാന്റും 1000 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റും നൽകിയിട്ടുള്ളതും അവ തൃപ്തികരമായി പ്രവർത്തിച്ചു വരുന്നതുമാണ്.<br>3. **ചങ്ങനാശ്ശേരി** :- അനധികൃതമായി വഴിയോരങ്ങളിൽമാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ സ്പോട്ട് ഫൈൻ നടപടികൾ വരെ നഗരസഭ ആരോഗ്യ വിഭാഗം സ്വീകരിച്ച് വരുന്നുണ്ട്. നാളിതുവരെ നഗരസഭ 64 പേരിൽ നിന്നും 75,880/- രൂപ പിഴ ഈടാക്കുകയും ഒരു കേസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയുമാണ്. വികേന്ദ്രീകൃത മാലിന്യ |

സംസ്ക്കരണ പദ്ധതി അതായത് മാലിന്യം ഉത്ഭവ സ്ഥാനത്ത് തന്നെ സംസ്ക്കരിക്കുന്ന രീതി നടപ്പിലാക്കിയാൽ മാത്രമേ മാലിന്യ സംസ്ക്കരണത്തിൽ കാര്യക്ഷമത കൈവരിക്കുന്നതിന് സാധിക്കുകയുള്ളു. ചങ്ങനാശേരി നഗരസഭ 2013-14 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾക്കും, സ്ഥാപനങ്ങൾക്കും, പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നതിന് തുക വകയിരുത്തിയിട്ടുള്ളതും ആയത് 2014-15 വർഷത്തേയ്ക്ക് സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇത്തരം പദ്ധതികൾ വഴി ഏകദേശം അഞ്ച് വർഷത്തിനകം മാലിന്യ സംസ്ക്കരണ രീതികളിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. മാലിന്യ സംസ്ക്കരണ കാര്യത്തിൽ മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന വീടുകൾക്കും, സ്ഥാപനങ്ങൾക്കും മാത്രമേ വീട് പണിയ്ക്കുള്ള പ്ലാനിന്റെ അംഗീകാരം, നമ്പർ നൽകൽ എന്നിവ നൽകുകയുള്ളു എന്ന് നിയമത്തിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു.

മാലിന്യ സംസ്ക്കരണം ഭാവിയിൽ ഫലപ്രദമായി നടത്തണമെങ്കിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ വീടുകൾക്കും സ്ഥാപനങ്ങൾക്കും നടപ്പിൽ വരുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് അവരെക്കൊണ്ട് പ്രാപ്തരാക്കുകയും, നഗരസഭ നേരിട്ട് മാലിന്യം ശേഖരിക്കുന്ന രീതി പരിമിതപ്പെടുത്തുകയും, മാലിന്യം സൃഷ്ടിക്കുന്നവരുടെ കടമയാണ് അത് സംസ്ക്കരിക്കേണ്ടത് എന്ന തത്വത്തിൽ ഉറച്ചുനിന്ന് വേണ്ട നിർദേശങ്ങൾ നൽകുന്നതാണ്.

4. **ചെങ്ങന്നൂർ** :- 2013 - 2014 വർഷത്തിൽ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചെങ്ങന്നൂർ നഗരസഭയിൽ 384 ബയോഗ്യാസ് പ്ലാന്റ്, 160 പൈപ്പ് കമ്പോസ്റ്റ്, 21 കലം കമ്പോസ്റ്റ് യൂണിറ്റ് എന്നിവ ഒന്നാം ഘട്ടമായി സ്ഥാപിച്ചിട്ടു ഉള്ളതും ടി പ്രോജക്ടിന്റെ രണ്ടാം ഘട്ടം 2014 - 2015 -ൽ നടപ്പി ലാക്കുന്നതുമാണ്.

രണ്ടാം ഘട്ടം പൂർണ്ണമായും വിജയകരമായി നടപ്പിലാക്കുന്ന തോടെ മാലിന്യ പ്രശ്നം 80 %-ൽ അധികം പരിഹരിക്കാൻ കഴിയുന്നതും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണം നടത്തുന്ന തിലുള്ള പുരോഗതി നഗരസഭ കാര്യക്ഷമമായി നിരീക്ഷിക്കുന്നതും ടി വിഷയത്തിൻമേൽ കാലാകാലങ്ങളിൽ ഹെൽത്ത് വിഭാഗം, കുടുംബശ്രീ എന്നിവരുടെ സഹ കരണത്തോടുകൂടി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്നതുമാണ്.

5. **കൽപ്പറ്റ** :- ഖരമാലിന്യങ്ങളെ ജൈവ-അജൈവമാലിന്യങ്ങളായി തരം തിരച്ച് ജൈവമാലിന്യങ്ങളെ ലാന്റ് ഫില്ലിംഗ് പ്രക്രിയയിലൂടെ സംസ്കരിക്കുന്നു. അജൈവമാലിന്യങ്ങൾ ക്ലീൻ കേരളക്ക് കൈമാറുന്നു.

1. ഏലൂർ :- ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നു. നഗരസഭാ ഡംപിംഗ് യാർഡിൽ മാലിന്യം മണ്ണ് ഇട്ട് മൂടി കുമ്മായം ബ്ലീച്ചിംഗ് പൗഡർ തളിച്ച് സംസ്കരിക്കുന്നു.

7. കാഞ്ഞങ്ങാട് :- നിലവിൽ ട്രെഞ്ചിംഗ് ഗ്രൗണ്ട് പൊതുജനങ്ങളുടെ എതിർപ്പു മൂലം പ്രവേശിക്കുവാൻ കഴിയാത്തതു കൊണ്ട് സംസ്ക്കരണം നടന്നു വരുന്നില്ല. ഗാർഹിക തലങ്ങളിൽ മണ്ണിര കമ്പോസ്റ്റ് പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയിലൂടെ ഉറവിട മാലിന്യ സംസ്ക്കരണ നടന്നു വരുന്നുണ്ട്. ഭാവിയിൽ പട്ടണപ്രദേശത്തു ഉണ്ടാകുന്ന മാലിന്യങ്ങൾ ഭസ്മീകരണം, ജൈവ രാസ പരിവർത്ത സാങ്കേതിക വിദ്യ എന്നിവയിലൂടെ ഖരമാലിന്യ പരിപാലനം നടത്തുന്നതിന് ശ്രമിക്കുന്നതാണ്.

8. കണ്ണൂർ :- നിലവിൽ കണ്ണൂർ നഗരസഭ യിൽ പ്രതിദിനം 5 ടൺ മാലിന്യങ്ങൾ മാത്രമേ ഉൽപാദിപ്പിക്ക പ്പെടുന്നുള്ളൂ.ആയത് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കുഴി എടുത്ത് മൂടുകയാണ് ചെയ്യുന്നത്. ശാസ്ത്രീയമായ ഖരമാലിന്യ സംസ്ക്കരണസംവിധാനം ഉണ്ടാക്കിയെടുക്കുന്നതിന് ജനകീയ പ്രക്ഷോഭങ്ങൾ കാരണം സാധിക്കുന്നില്ല.

9. കരുനാഗപ്പള്ളി :- എയ്റോബിക് വിൻഡ്രോ കമ്പോസ്റ്റിംഗ് ബയോഗ്യാസ് പ്ലാന്റ് ഗാർഹിക ആവശ്യങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് എന്നീ രീതികളാണ് നിലവിലെ ഖരമാലിന്യ പരിപാലന മാർഗ്ഗങ്ങൾ.

10. കാസർകോട് :- നഗരസഭാ പരിധിയിലെ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിന് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും നടപ്പുവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഗാർഹിത തലത്തിലുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പൈപ്പ് കമ്പോസ്റ്റ് സംവിധാനമാണ് നിലവിൽ നഗരസഭയിൽ നടപ്പിലാക്കിവരുന്നത്. സ്ഥാപനങ്ങൾ/പ്ലാന്റുകൾ തുടങ്ങിയ ഇടങ്ങളിൽ സൃഷ്ടിക്കുന്ന ഖരമാലിന്യ സംസ്കരണ രീധി നടപ്പിലാക്കുന്നതിന് തുടർവർഷങ്ങളിലെ പദ്ധതിയിലുൾപ്പെടുത്തി നഗരപരിധിയിൽ നടപ്പിലാക്കുന്നതാണ്.

11. കായംകുളം :- കായംകുളം നഗരസഭയിൽ ഖരമാലിന്യങ്ങൾ ശേഖരിച്ച് നിലവിലുള്ള ഡംബിംഗ് യാർഡിൽ നിയോഗിക്കുകയാണ്

ചെയ്യുന്നത്. ഇൻസിനേറ്റർ സ്ഥാപിച്ചെങ്കിലും ഫലപ്രദമായില്ല

12. **കോഴിക്കോട് :-** കോഴിക്കോട് നഗരസഭ ഖരമാലിന്യ സംസ്കരണം വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ പ്രവർത്തിക്കുന്ന പ്ലാന്റിലാണ് നടത്തുന്നത്

13. **കൊടുങ്ങല്ലൂർ :-** നഗരസഭയിലെ മാലിന്യങ്ങളെ വളമാക്കി മാറ്റുകയാണ് ചെയ്യുന്നത്. മാലിന്യം ഉപയോഗിച്ചുള്ള ലാന്റ് ഫില്ലിംഗ് നടത്തുന്നില്ല. നഗരസഭ മേഖലാ പരിധിയിലുള്ള മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വെറ്റ് ഗ്രൈൻഡിംഗ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് മാലിന്യം സംസ്ക്കരിക്കുന്നത്.

14. **കൊല്ലം :-** കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സംസ്കരണസംവിധാനം ആരംഭിച്ചു എന്നതിന്റെ അധികാരപത്രം എടുത്തിട്ടുള്ളതാണ്. ആയതിന്റെ കാലാവധി 30.12.2011- ൽ അവസാനിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്ക്കരണം നടത്തി വന്നിരുന്ന കുരീപ്പുഴയിൽ എ.ഡി.ബി ധനസഹായത്തോടെ വിൻഡ്രോ കംപോസ്റ്റിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതാണ്. Santiary Land fill-ന്റെ 90% ജോലികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ലീച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചു. എന്നാൽ പ്രാദേശികമായി അവിടെയുള്ളവർ പ്രക്ഷോഭം നടത്തുന്നതിനാൽ അവിടെ മാലിന്യം കൊണ്ടുപോകാനോ സംസ്ക്കരിക്കാനോ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്.

15. **കോതമംഗലം :-** നിലവിൽ നഗരസഭയിൽ സാനിറ്ററി ലാന്റ് ഫില്ലിംഗ് ആണ് അനുവർത്തിക്കുന്നത്. ജൈവ മാലിന്യങ്ങൾ മേലിൽ ലാന്റ് ഫില്ലിംഗിന് ഉപയോഗിക്കുന്നതല്ല. പുതുതായി നിർമ്മിക്കുന്ന പ്ലാന്റിൽ വിൻഡ്രോ കംപോസ്റ്റിന് പുറമെ ബയോഗ്യാസ് പ്ലാന്റും ഉൾപ്പെടുത്തിയിട്ടുണ്ട്.

16. **തൃശ്ശൂർ :-** 1. പച്ചക്കറി മാർക്കറ്റുകളിൽ നിന്നുള്ള ഏകദേശം 13 ടണ്ണോളം വരുന്ന പച്ചക്കറി ജൈവമാലിന്യങ്ങൾ കർഷകർക്ക് വളമായി നൽകുന്നു.

2. മെക്കാനിക്കൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ ഉപയോഗിച്ച് മാലിന്യങ്ങളുടെ പ്രോസസ്സിങ് നടത്തിവരുന്നു.

3. അജൈവമാലിന്യ ശേഖരണ കേന്ദ്രങ്ങൾ വഴി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നു.

4. നഗരവും പരിസരവും ശുചീകരണ തൊഴിലാളികളെയും സേവനശ്രീ യൂണിറ്റുകളുടേയും സഹകരണത്തോടെ ദിവസേന വൃത്തിയാക്കി വരുന്നു.

5. ഉറവിടമാലിന്യസംസ്കരണപദ്ധതികൾ ഫലപ്രദമായി നടത്തി വരുന്നു.

6. മാലിന്യങ്ങൾ തരംതിരിച്ച് വില്പന നടത്തുന്നു.

7. ബയോഗ്യാസ് പ്ലാന്റുകൾ വഴിയുള്ള സംസ്കരണം.

8. Internal squad work & Penal action

9. 2011 ജൂലൈ മുതൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

17. **തിരുവല്ല** :- നിലവിൽ സ്വീകരിച്ചുവരുന്ന ഉറവിട മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നഗര ജൈവ മാലിന്യങ്ങൾ 85 ശതമാനത്തോളം ഉറവിടത്തിൽ തന്നെ സംസ്ക്കരിച്ചു പോരുന്നു. ആയതിന്റെ ഭാഗമായി പരിസര മലിനീകരണം, ദുർഗന്ധം എന്നിവ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. മറ്റ് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ നഗരസഭയുടെ സഹകരണത്തോടെ പൊതുജനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിച്ച് പുനർചംക്രമണത്തിന് വിധേയമാക്കാൻ സ്വകാര്യ ഏജൻസിയ്ക്ക് കൈമാറി വരുന്നു. നിലവിൽ നഗരസഭയുടെ ലാൻഡ് ഫില്ലിംഗ്, ഭൗമീകരണം, ഊർജ്ജമാക്കി മാറ്റൽ, താപരാസ പരിവർത്തനം, ജൈവരാസ പരിവർത്തനം എന്നിവ നടത്തുന്നില്ല.

18. **പുനലൂർ** :- പുനലൂർ നഗരസഭയിൽ ശേഖരിക്കപ്പെടുന്ന മാലിന്യം നഗരസഭാവക പ്ലാച്ചേരിയിൽ പ്ലാന്റ് സ്ഥാപിക്കുന്ന മുറക്ക് സംസ്ക്കരിക്കാം എന്ന ഉദ്ദേശത്തോടെ നിക്ഷേപിച്ചു കൊണ്ടിരിക്കുകയായിരുന്നു ഈ അടുത്തകാലം വരെ ചെയ്തിരുന്നത്. എന്നാൽ പ്രാദേശിക എതിർപ്പിനെ തുടർന്ന് ഇപ്പോൾ മാലിന്യം ടി സ്ഥലത്ത് നിക്ഷേപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിട്ടു കൊണ്ടിരിക്കുകയാണ്. പുനലൂർ നഗരസഭയിൽ സാനിട്ടറി ലാന്റ്ഫിൽ , ഭസ്മീകരിക്കൽ, ഊർജ്ജമാക്കി മാറ്റൽ, ജൈവരാസ പരിവർത്തനം എന്നീ മാർഗ്ഗങ്ങൾ നഗരസഭ സ്വീകരിച്ച് തുടങ്ങിയിട്ടില്ല.

19. **തലശ്ശേരി** :- തലശ്ശേരി നഗരസഭയിലെ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 903 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. 10 സ്ഥലങ്ങളിൽ പുതുതായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പുതുതായി 2014-15 പദ്ധതിയിൽ ഉൾപ്പെടുത്തി 1000 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

20. **പെരുമ്പാവൂർ** :- വികേന്ദ്രീകൃത ഉറവിട ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിന്റെ ഭാഗമായി 2013-2014 വർഷത്തിൽ 135 ബയോ ഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുകയും, 285 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും, 2014-2015 വർഷം 1215 പൈപ്പ് കമ്പോസ്റ്റും, 100 ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും ആണ്.

21. **നെടുമങ്ങാട്** :- ലാന്റ് ഫില്ലിംഗ് നടത്തിയും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും

22. **പാലക്കാട്** :- പാലക്കാട് നഗരസഭയിൽ 30 ടൺ ശേഷിയുള്ള

| | | |
|---|---|---|
| | | വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് മാത്രമാണ് നിലവിലുള്ളത്. ഭാഗികമായി ടി പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. അറവുശാലയിലുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന രഹിതമായി കിടക്കുന്നു. ആയത് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫിഷ് മാർക്കറ്റിൽ പ്രതിദിനം 500 കിലോ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>**23. തൊടുപുഴ :-** പ്ലാന്റുകൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി നഗരസഭ വക പാറക്കടവിലുള്ള മാലിന്യ സംസ്ക്കരണ കേന്ദ്രത്തിൽ M/S എം.ബി.ഗ്ലോബൽ എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം നടന്നു വരുന്നു.<br>**24. മലപ്പുറം :-** മലപ്പുറം നഗരസഭയിൽ ജൈവ മാലിന്യങ്ങൾ ശേഖരിച്ച് വിൻഡ്രോ കംമ്പോസ്റ്റിംഗ് രീതി മുഖേന ജൈവ വളമാക്കി മാറ്റുന്ന പ്രക്രിയയാണ് നഗരസഭ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിൽ അനുവർത്തിച്ചു വരുന്നത്. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി 2013-14 വർഷത്തിൽ 185 പൈപ്പ് കംമ്പോസ്റ്റ് യൂണിറ്റുകളുടെയും, 97 ബയോഗ്യാസ് പ്ലാന്റുകളുടെയും നിർമ്മാണം പൂർത്തിയാകാറായിട്ടുണ്ട്. കൂടാതെ 2014-15 വർഷത്തിൽ വീടുകളിൽ 4000 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടു കൂടി നഗരസഭയിലെ മാലിന്യ പ്രശ്നത്തിന് പരിഹാരമാകും.<br>**25. വർക്കല :-** നഗരസഭയിൽ മാലിന്യം സംസ്ക്കരിക്കുന്നതിന് 1.46 ഏക്കറിൽ സ്ഥിതിചെയ്യുന്ന പ്ലാന്റിൽ വച്ച് വിൻഡ്രോ കമ്പോസ്റ്റ് സംവിധാനത്തിലൂടെ സംസ്ക്കരിക്കുന്നു. വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നില്ല. സാനിട്ടറി ലാന്റ് ഫില്ലിംഗിന് ആവശ്യമായ സ്ഥലസൗകര്യം നഗരസഭയിൽ ഇല്ല. ഖരമാലിന്യ സംസ്ക്കരണശാലയിൽ ഉണ്ടാകുന്ന നിഷ്ക്രിയ പാഴ് വസ്തുക്കളെ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഇപ്പോൾ നിക്ഷേപിക്കുന്നു. ഇതിൽ നിന്നും പുനഃ ചംക്രമണത്തിനുള്ള വസ്തുക്കളെ വേർതിരിച്ച് കച്ചവടസ്ഥാപനങ്ങളിലേക്ക് നൽകാനുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>**26. നോർത്ത് പരവൂർ :-** സാനിട്ടറി ലാന്റ് ഫില്ലിംഗിനായി പ്രത്യേകം ഭൂമി നിലവിലില്ല. നഗരസഭ വെടിമറ ഡംബിംഗ് യാർഡിൽ വെർമി, വിൻഡ്രോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുമാണ് നിലവിലുള്ളത്. |

| | | |
|---|---|---|
| | | ഭസ്മീകരണപ്രക്രിയ നഗരസഭയിൽ നടത്തിവരുന്നില്ല.<br>ഊർജമാക്കിമാറ്റൽ പ്രക്രിയയ്ക്ക് മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല.<br>**27. കുന്നംകുളം :-** നിലവിൽ ഖരമാലിന്യങ്ങൾ കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിച്ച മേഖലയിൽ നേരിട്ട് ശേഖരിക്കുകയും മറ്റു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവ അവിടെ നിന്നും നഗരസഭ ശേഖരിക്കുകയുമാണ് ചെയ്തുവരുന്നത്. നഗരസഭയുടെ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ഈ രീതി മാറ്റി മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ തരംതിരിച്ച് സംസ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും ഇങ്ങനെ ചെയ്യാൻ കഴിയാത്തവരുടെ മാലിന്യങ്ങൾ നഗരസഭ നിശ്ചയിക്കുന്ന ഫീസ് ഈടാക്കി നഗരസഭ ഏറ്റെടുത്ത് സംസ്ക്കരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br>**28. മട്ടന്നൂർ :-** മട്ടന്നൂർ നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിലവിൽ 5 ടൺ മാലിന്യം സംസ്കരിക്കുന്നതിനുള്ള വിൻഡ്രോ ഷെഡ്ഡുണ്ട്. 3 ടൺ മാലിന്യം കൂടി സംസ്കരിക്കുന്നതിനുള്ള അഡീഷണൽ വിൻഡ്രോ ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. വിൻഡ്രോ ഷെഡ്ഡിൽ യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് 15 ലക്ഷം രൂപ അടങ്കലുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മുഴുവൻ നവീകരണ പ്രവൃത്തികളും 31/03/2015 നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**29. നിലമ്പൂർ :-** നഗരസഭയിൽ ഖരമാലിന്യ സംസ്കരണത്തിനായി 1ടൺ കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നുണ്ട്. വീടുകളിലെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. 1 ടൺ സംസ്കരണ ശേഷിയുള്ള ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| 3.1.5.8 | | 1. തിരുവനന്തപുരം<br>2. കൊല്ലം :- ബഹുജനപ്രക്ഷോഭണം നിമിത്തം കുരീപ്പുഴയിലെ മാലിന്യപ്ലാന്റ് പൂർത്തീകരിക്കാനോ മാലിന്യം ടി പ്രദേശത്തോ കൊണ്ടുപോകാനോ പറ്റാത്ത അവസ്ഥയാണ് കോർപ്പറേഷൻ നേരിട്ടു |

കൊണ്ടിരിക്കുന്നത്.

3. തൃശ്ശൂർ :- പൊതു ജന പ്രക്ഷോഭം നിമിത്തം 22/01/2012 മുതൽ ലാലൂരിലേക്ക് മാലിന്യം കൊണ്ടു പോകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ തൃശൂർ നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ശക്തൻ നഗറിൽ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് കോർപ്പറേഷൻ പുതുതായി സ്ഥാപിച്ച് 2013-ൽ പ്രവർത്തനമാരംഭിച്ചു. 4 ടൺ കപ്പാസിറ്റിയുള്ള ഈ മാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വികേന്ദ്രീകരണ മാലിന്യ സംസ്കരണ രീതിയാണ് കോർപ്പറേഷൻ അവലംബിച്ചിട്ടുള്ളത്. ഫ്ളാറ്റുകളിൽ നിന്നും മറ്റുമുള്ള മാലിന്യങ്ങൾ ഉറവിട മാലിന്യ സംസ്കരണത്തിലൂടെ കുറച്ചുകൊണ്ടു വന്നിട്ടുണ്ട്. പരമാവധി ഫ്ളാറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും, കമ്പോസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും, വീടുകളിൽ പൈപ്പ് കമ്പോസ്റ്റിംഗ് രീതി നടപ്പിലാക്കിയും ഉറവിട മാലിന്യ സംസ്കരണം നല്ല രീതിയിൽ നടത്തി വരുന്നുണ്ട്. മാലിന്യം ചീഞ്ഞു നാറുന്ന അവസ്ഥ നിലവിൽ തൃശൂർ കോർപ്പറേഷനിൽ ഇല്ല. ലാലൂരിൽ നിലവിലുണ്ടായിരുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെട്ടതിനെ തുടർന്ന് പ്രാദേശിക സംസ്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നു വരുന്നു. ഏകദേശം 13 ടണ്ണോളം വരുന്ന പച്ചക്കറി ജൈവമാലിന്യങ്ങൾ കർഷകർക്ക് വളമായിട്ടാണ് കോർപ്പറേഷൻ നൽകി വരുന്നത്. വികേന്ദ്രീകൃതമാലിന്യ സംസ്കരണം കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. പ്ലാസ്റ്റിക്, അജൈവ മാലിന്യങ്ങൾ കോർപ്പറേഷൻ പ്രത്യേകമായി ശേഖരിച്ചു വരുന്നുണ്ട്. ഇതിനായി കളക്ഷൻ കൗണ്ടറുകളും സംഭരണ ശാലകളും സ്ഥാപിച്ചിട്ടുണ്ട്.വേർതിരിക്കുന്ന അജൈവ മാലിന്യങ്ങൾ വിൽപന നടത്തുകയും ചെയ്യുന്നു. പ്രാദേശിക കളക്ഷൻ സെന്ററുകളിൽ പൊതു ജനങ്ങൾക്ക് സൗകര്യപ്രദമായ സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

4. തിരുവല്ല :- പ്രവർത്തനക്ഷമതാ റിപ്പോർട്ടിൽ53-ാം നമ്പർ പേജിൽ സൂചിപ്പിച്ച തരത്തിൽ നഗരസഭ നിലവിൽ ചിൽഡ്രൻസ് പാർക്കിന് സമീപത്തും തുറസ്സായ സ്ഥലത്തും ജെസിബി ഉപയോഗിച്ച് മണ്ണിട്ട് മൂടുന്ന പ്രവൃത്തി 2013 ജൂൺ മുതൽ നിർത്തൽ ചെയ്തു. നിലവിൽ ടി സ്ഥലം കെ.എസ്.റ്റി.പി.-യ്ക്ക് ബൈപാസ്സ് നിർമ്മാണ ത്തിന് വിട്ടു നൽകിയിട്ടുള്ളതാണ്.

5. കായംകുളം :- കായംകുളം നഗരസഭ പരിധിക്കുള്ളിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് ഡംമ്പിംഗ് യാർഡിൽ നിക്ഷേപിക്കുന്നത് മാലിന്യത്തിൽ നിന്നുള്ള ഊറൽ ഒഴുകി തോട്ടിൽ പോകാതെ സംരക്ഷിച്ചിട്ടുണ്ട്. ആധുനിക പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സാങ്കേതിക അനുമതി ലഭിച്ചു

6. ആലപ്പുഴ

7. ചങ്ങനാശ്ശേരി :- അജൈവമാലിന്യങ്ങൾ 1140 ലോഡ് കരാർ നൽകി മാറ്റിയിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന മാലിന്യത്തിൽ പ്ലാന്റിൽ നിന്നും കരാറുകാരൻ ജൈവവളം സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യുന്നതാണ്.

8. കോട്ടയം

9. ആലുവ :- അശാസ്ത്രീയ ഖരമാലിന്യ സംസ്കരണ പ്രക്രിയ ആലുവ നഗരസഭാ പ്രദേശത്ത് നടപ്പിലാക്കുന്നില്ല.

10. പെരുമ്പാവൂർ :- നഗരസഭയ്ക്ക് പ്ലാന്റ് സ്ഥാപിക്കാൻ 2 സ്ഥലങ്ങളിലായിട്ട് 1.56, 1.78 ഏക്കർ സ്ഥലങ്ങൾ ഉള്ളതാണ്. നാട്ടുകാരുടെ എതിർപ്പും. ബഹു: ഓംബുഡ്സ്മാന്റെ നിർദ്ദേശവും കാരണമാണ് പെരുമ്പാവൂർ നഗരസഭയി□ നടപ്പാക്കാനിരുന്ന ഖരമാലിന്യ പ്രോജക്ട് നടപ്പാക്കാൻ കഴിയാതിരുന്നത്. പകർച്ച വ്യാധികൾ പിടിപെടുന്നത് തടയുന്നതിന് വേ□ നഗരത്തിലെ മാലിന്യങ്ങൾ കുഴിച്ചുമൂടിവരുന്നു.

11. നിലമ്പൂർ :- നഗരസഭയി□ ഖരമാലിന്യ സംസ്കരണത്തിനായി 1ടൺ കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നു□. വീടുകളിലെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രോ□സാഹിപ്പിക്കുന്നു□. 1 ടൺ സംസ്കരണ ശേഷിയുള്ള ബാർക്ക് മോഡ□ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടു□

12. വടകര

13. തലശ്ശേരി :- ശാസ്ത്രീയമായ ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നഗരസഭ സ്വീകരിച്ചു വരുന്നു□. നിലവിലുള്ള 3 ബയോഗ്യാസ് പ്ലാന്റുകൾക്കു പുറമെ പുതുതായി 10 പ്ലാന്റുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു□. ഇതി□ വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ , ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

14. കണ്ണൂർ :- നഗരസഭക്ക് ചേലോറ ഗ്രാമ പഞ്ചായത്തിൽ ഏകദേശം 23.29 ഏക്കറോളം വിസ്തൃതിയുള്ള ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് ഉണ്ട്. നിലവിൽ

ഖരമാലിന്യങ്ങൾ ശേഖരിച്ച് എത്തിക്കുന്നത് ഇവിടെയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച ശേഷമാണ് ഇങ്ങനെ ചെയ്യുന്നത്. ഇവിടെ ആധുനിക രീതിയിലുള്ള ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക എന്നത് ലക്ഷ്യമാക്കി നഗരസഭ വർഷങ്ങളായി നിലവിലുള്ള പല പ്ലാന്റുകളെകുറിച്ചും പരിശോധിച്ചു എങ്കിലും ഇവയൊന്നും തന്നെ പ്രായോഗികമായി വിജയകരമായിരുന്നില്ല എന്ന് മനസിലാക്കിയതിന്റെ തുടർന്ന് നിർമ്മാണ പ്രവൃത്തിയിലേക്ക് പോകുന്നതിന് സാധിച്ചിട്ടില്ല. ഏറ്റവും ഒടുവിൽ സംസ്ഥാന സർക്കാർ കേരളത്തിലാകെ 3 സ്ഥലങ്ങളിലായി സർക്കാരിന്റെ മേൽ നോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ PPP മോഡലിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അതിലൊന്നായി കണ്ണൂർ നഗരത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 300 ടൺ ഖരമാലിന്യം ദിനം പ്രതി സംസ്കരിക്കുന്നതിനായി ചുരുങ്ങിയത് ഉണ്ടെങ്കിൽ മാത്രമെ പ്രസ്തുത പ്ലാന്റ് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നു കണ്ടതിനാൽ അത്രയും മാലിന്യം കണ്ണൂർ നഗരത്തിലോ പ്രാന്ത പ്രദേശങ്ങളിലോ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്നതിനാൽ പ്രസ്തുത പ്ലാന്റ് കണ്ണൂർ നഗരസഭയിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പകരം UIDSSMT പദ്ധതിയിൽ പെടുത്തി ചെറിയ തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നൽകുന്നതിനാണ് നിർദ്ദേശിച്ചത്. ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാൽ പ്രോജക്ട് നൽകുവാനും കഴിഞ്ഞിരുന്നില്ല. മുമ്പ് നൽകിയ പ്രോജക്ട് അംഗീകരിച്ച് തന്നതുമില്ല. പുതിയ പ്രോജക്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

15. കാസർകോട് :- പൊതുജനങ്ങളുടെ രൂക്ഷമായ എതിർപ്പിനെ തുടർന്ന് നഗരസഭാ പരിധിയിലെ കേളുഗുഡ്ഡെയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നഗരസഭക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും മാലിന്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുമായി വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിനാണ് നഗരസഭ പ്രോത്സാഹനം നൽകിവരുന്നത്. ഉറവിട മാലിന്യ സംസ്കരണ പരിപാടിയുടെ ഭാഗമായി നഗരസഭയിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുചിത്വ മിഷന്റെ സാങ്കേതിക-സാമ്പത്തിക അനുമതിയോടുകൂടി നാളിതുവരെ 1450 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. 804 യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ അനുമതി നൽകിയിട്ടുണ്ട്. ആയത്

| | | |
|---|---|---|
| | | സ്ഥാപിക്കുന്ന പ്രവർത്തി നടന്നുവരുന്നു. |
| 3.1.5.9 | | 1. ആറ്റിങ്ങൽ<br>2. ആലപ്പുഴ<br>3. ചേർത്തല<br>4. അടൂർ<br>5. പെരുമ്പാവൂർ :- നിലവിൽ 2 സ്ഥലങ്ങളിലായി മാലിന്യ സംസ്ക്കരണത്തിനായി 1.56 ഏക്കറും, 1.78 ഏക്കർ സ്ഥലവും കൈവശമുണ്ട്.<br><br>6. അങ്കമാലി :- അങ്കമാലി നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾക്കായി 50 സെന്റ് സ്ഥലം ഉള്ളതും എന്നാൽ പരിസരവാസികളുടെ എതിർപ്പ് മൂലം അവിടെ പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. സ്ഥലം ഇപ്പോഴും അങ്ങനെ തന്നെ നിലവിലുള്ളതാണ്.<br><br>7. തൃശ്ശൂർ :- തൃശ്ശൂർ കോർപ്പറേഷന് മാലിന്യ സംസ്കരണത്തിന് 26 ഏക്കർ ഭൂമി സ്വന്തമായുണ്ട്. അവിടെ 20,000 ച.അടി വിസ്തീർണ്ണത്തിൽ ഒരു പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ബഹുജനപ്രക്ഷോഭം മൂലം 22.1.12 മുതൽ ലാലൂരിലേക്ക് മാലിന്യം കൊണ്ടുപോകാൻ കഴിയുന്നില്ല. ഇതിനുപകരമായി ശക്തൻ ബസ്സ്റ്റാന്റ് പരിസരത്ത് കോർപ്പറേഷൻ ഭൂമിയിൽ പുതിയ ഒരു പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 4 പ്രാദേശിക പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ ആലോചിച്ചു വരുന്നു. ഇതിനു വേണ്ട ഭൂമിയും കോർപ്പറേഷന് സ്വന്തമായുണ്ട്.<br>8.<br>9. ചാവക്കാട്<br>10. പെരിന്തൽമണ്ണ<br>11. തിരൂർ<br>12. മലപ്പുറം :- മലപ്പുറം നഗരസഭയിൽ പ്ലാന്റ് പ്രവർത്തിക്കുന്നത് രണ്ടര ഏക്കർ ഭൂമിയിലാണ്. കൂടുതൽ സ്ഥലം കണ്ടെത്തുന്നതിന് ശ്രമം നടത്തി വരുന്നു.<br>13. കോഴിക്കോട് :- കോഴിക്കോട് നഗരസഭയ്ക്ക് സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പരാതിക്കിടയില്ലാത്ത വിധം നടന്നു വരുന്നുണ്ട്. ആധുനിക രീതിയിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്.<br>14. തളിപ്പറമ്പ്<br>15. പയ്യന്നൂർ |

13. **കാസർകോട് :-** ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് 2005-06 വർഷത്തിൽ 5.46 ഏക്കർ ഭൂമി നഗരസഭ വിലക്ക് വാങ്ങിയിട്ടുള്ളതാണ്. മേൽ സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ 41.26 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നഗരസഭക്ക് അനുവദിച്ചിരുന്നു. തദ്ദേശവാസികളുടെ എതിർപ്പ് കാരണം മധൂർ പഞ്ചായത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെ അനുമതി നൽകിയിട്ടില്ല. കെ.എം. ആക്ട് 561-ാം വകുപ്പ് പ്രകാരം ടി വിഷയം ഇപ്പോൾ ബഹു. സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. മേൽ വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ആധുനിക രീതിയിലുള്ള ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നതാണ്.

16. **കാഞ്ഞങ്ങാട് :-** പൊതു തെരുവിൽ നിന്ന് ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിന് നിലവിൽ 2 ഏക്കർ ഭൂമിയാണ് ഉപയോഗിച്ച് വരുന്നത്. വരും വർഷങ്ങളിൽ സംസ്ക്കരണം ശാസ്ത്രീയമായ രീതിയിൽ വിപുലപ്പെടുത്തുന്നതിനായി 9 ഏക്കർ സ്ഥലം കണ്ടെത്തുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

17. **കായംകുളം :-** കായംകുളം നഗരസഭയിൽ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജനകീയ പ്രക്ഷോഭങ്ങൾ ചർച്ചയിലൂടെ പരിഹരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. പി.സി.ബി അനുമതിയ്ക്കായി ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുന്നതിന് മരങ്ങൾ നട്ടുപിടിപ്പിച്ചു.

18. **കോട്ടയം**

19. **കണ്ണൂർ :-** കണ്ണൂർ നഗരസഭക്ക് ചേലോറ ഗ്രാമപഞ്ചായത്തിൽ 23.29 ഏക്കർ സ്ഥലം മാലിന്യം നിക്ഷേപിക്കുന്നതിനായി ഉണ്ട്. എന്നാൽ പരിസരവാസികളുടെ എതിർപ്പ് കാരണം മാലിന്യ സംസ്ക്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് കഴിയുന്നില്ല.

20. തിരുവനന്തപുരം

21. **കൊല്ലം :-** കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കുരീപ്പുഴയിൽ മാലിന്യശേഖരണത്തിനും സംസ്ക്കരണത്തിനുമായി 12.52 ഏക്കർ ഭൂമിയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ബഹുജനസമരത്തെ തുടർന്ന് ടി ഭൂമിയിൽ മാലിന്യം നിക്ഷേപിക്കാനോ സംസ്ക്കരിക്കാനോ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി ഭൂമിയിൽ പരമാവധി മാലിന്യ സംസ്ക്കരണം നടത്താനുള്ള നടപടി പൂർത്തിയായതിനു ശേഷം കൂടുതൽ ഭൂമി കണ്ടെത്തുന്നതിനേക്കുറിച്ച് ഗൗരവമായി കണക്കിലെടുക്കുന്നതാണ്.

| | | |
|---|---|---|
| | | 22. കൊച്ചി |
| 3.1.5.10 | | 1. തിരുവനന്തപുരം<br>2. കൊല്ലം :- മാലിന്യ ഉൽപാദനത്തിനനുസരിച്ച് മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.<br>3. കൊച്ചി<br>4. തൃശ്ശൂർ :- തൃശൂർ കോർപ്പറേഷന് ലാലൂരിൽ മാലിന്യപ്ലാന്റ് സ്വന്തമായുണ്ട്. ബഹുജനപ്രക്ഷോഭം മൂലം ലാലൂരിലേക്ക് മാലിന്യം കൊണ്ടു പോകാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത് അതു കൊണ്ട് ഈ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പകരം മറ്റൊരു പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br>5. ചങ്ങനാശ്ശേരി :- ചങ്ങനാശ്ശേരി നഗരസഭ നിലവിൽ 6 ടൺ അജൈവ ജൈവമാലന്യങ്ങൾ 4 ടൺ തരംതിരിച്ച് 2.5 ടൺ ജൈവവളം ദിനം |

| | | |
|---|---|---|
| | | പ്രതി ഉല്പാദിപ്പിക്കുന്നു. വീടുകളിലും , സ്ഥാപനങ്ങൾക്കും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>6. കോട്ടയം<br>7. ചാലക്കുടി<br>8. പാലക്കാട് :- പാലക്കാട് നഗരസഭയിലെ ആകെ മാലിന്യത്തിന്റെ അളവ് പ്രതിദിനം 40.72 ടൺ. പ്ലാന്റിന്റെ സ്ഥാപിതശേഷി 30 ടൺ, ആകെ മാലിന്യത്തിന്റെ അളവാണ് 40.72 ടൺ. ഇത് അജൈവമാലിന്യങ്ങൾ ഉൾപ്പെടെയാണ്. മേൽതിരിച്ച് ശേഖരിക്കുകയും ഉറവിട മാലിന്യ സംസ്കരണ് നടപ്പാക്കുകയും ചെയ്യുന്നതോടെ സ്ഥാപിത ശേഷിക്ക് ആവശ്യമായ അളവ് മാത്രം ലഭ്യമാക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു.<br>9. തിരൂർ |
| | | 1. കായംകുളം :- ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് 21.5 ലക്ഷം രൂപ ചെലവഴിച്ച് ഇൻസിനേറ്റർ സ്ഥാപിച്ചു. ഫലപ്രദമായില്ല.<br><br>2. ആലപ്പുഴ<br>3. ചങ്ങനാശ്ശേരി :- ചങ്ങനാശ്ശേരി നഗരസഭ ജൈവവള പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമാണ്. നിലവിൽ ചങ്ങനാശ്ശേരി നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്ക് അനുവദിച്ച തുകകൾ നിഷ്ക്രിയമായി കിടക്കുന്നില്ല. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന ക്ഷമമാണ്.<br><br>4. കോട്ടയം<br>5. ചാലക്കുടി<br>6. പാലക്കാട് :- മറുപടി ലഭ്യമാക്കിയിട്ടില്ല |

7. തിരൂർ

8. നിലമ്പൂർ :- മറുപടി ലഭ്യമാക്കിയിട്ടില്ല.

9. വടകര

10. കണ്ണൂർ :- 4/6/2010 ലെ 25-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയത് പ്രകാരമാണ് 2 പ്രാദേശിക പത്രങ്ങളിലും ഒരു ദേശീയ പത്രത്തിലും വ്യാപകമായി പരസ്യം നൽകിയിട്ടുള്ളത്. ആയതു പ്രകാരം ലഭിച്ച കെ ആന്റ് എഫ് എസ് , എം ഐ ആർ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളുടെ ടെക്നിക്കൽ ബിഡുകൾ പരിശോധനക്കായി ചീഫ് എഞ്ചിനീയർക്കും ( 17-9-2010) ന്, 18-12-2010 ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും അയച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 17-10-2011 ലെ 75157/ഡി സി 1/2011 / ത സ്വ ഭ വ നമ്പർ കത്ത് പ്രകാരം ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പൈറോളിസിസ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നൽകാൻ കഴിയുന്ന ശുചിത്വ മിഷൻ തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഏജൻസി പി പി പി മാതൃകയിൽ പ്രവൃത്തി ഏൽപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ശുചിത്വ മിഷനിൽ നിന്നും സർക്കാരിൽ നിന്നും മേൽ ടെണ്ടറുകൾക്ക് അംഗീകാരം നൽകി മറുപടി ലഭിക്കാത്ത സാഹചര്യത്തിലും മേൽ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലുമാണ് നഗരസഭ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നിട്ടുള്ളത്. സംസ്ഥാന സർക്കാർ കേരളത്തിലാകെ 3 സ്ഥലങ്ങളിലായി സർക്കാരിന്റെ മേൽ നോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ PPP മോഡലിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അതിലൊന്നായി കണ്ണൂർ നഗരത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ കാരണത്താൽ UIDSSMT TRANSITION PHASE ൽ പ്രോജക്ട് കൊടുക്കുവാനും സാധിച്ചിരുന്നില്ല. എന്നാൽ 300 ടൺ ഖരമാലിന്യം ദിനം പ്രതി സംസ്ക്കരിക്കുന്നതിനായി ചുരുങ്ങിയത് ഉണ്ടെങ്കിൽ മാത്രമെ പ്രസ്തുത പ്ലാന്റ് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നു കണ്ടതിനാൽ അത്രയും മാലിന്യം കണ്ണൂർ നഗരത്തിലോ പ്രാന്ത പ്രദേശങ്ങളിലോ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്നതിനാൽ പ്രസ്തുത പ്ലാന്റ് കണ്ണൂർ നഗരസഭയിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പകരം UIDSSMT പദ്ധതിയിൽ പെടുത്തി ചെറിയ തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നൽകുന്നതിനാണ് നിർദ്ദേശിച്ചത്. ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാൽ പ്രോജക്ട് നൽകുവാനും കഴിഞ്ഞിരുന്നില്ല. മുമ്പ് നൽകിയ പ്രോജക്ട് അംഗീകരിച്ച് തന്നതുമില്ല. അടുത്ത് തന്നെ പ്രോജക്ട് റിവൈസ് ചെയ്ത് നൽകുന്നതാണ്. നഗരസഭ നല്ല ഉദ്ദേശം വെച്ചാണ് മാലിന്യ സംസ്ക്കരണത്തിന് വേണ്ടി സമഗ്രമായ പ്രോജക്ട് നടപ്പിലാക്കുവാൻ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ച് മേൽ പത്ര പരസ്യം നൽകിയത്. എന്നാൽ മേൽ

| | | |
|---|---|---|
| | | പ്രതിപാദിച്ച സാങ്കേതിക കാരണങ്ങളാൽ പദ്ധതി യാഥാർത്ഥ്യമായിട്ടില്ലാത്ത സാഹചര്യം ഉണ്ടാവുകയാണ് ചെയ്തത്. ആയത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കൊണ്ടല്ല. ആയതിനാൽ ഇക്കാര്യത്തിൽ ഉന്നയിക്കപ്പെട്ട തടസ്സവാദം സദയം ഒഴിവാക്കാവുന്നതാണ്.<br>11. നീലേശ്വരം<br>12. തിരുവനന്തപുരം<br>13. കൊല്ലം :- ബഹുജനപ്രക്ഷോഭണം നിമിത്തം പ്ലാന്റ് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയാണ് കോർപ്പറേഷൻ നേരിട്ടു കൊണ്ടിരിക്കുന്നത്. കൂടാതെ ഇതോടനുബന്ധിച്ച് നിലവിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ഗ്രീൻ ട്രൈബ്യൂണലിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ബഹു. ഗ്രീൻ ട്രൈബ്യൂണലിന്റെ അന്തിമ വിധി വരുന്നതനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.<br>കൊല്ലം കോർപ്പറേഷന്റെ കുരീപ്പുഴ പ്രദേശത്ത് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കംപോസ്റ്റ് പ്ലാന്റും അനുബന്ധഘടകമായ ലാന്റ് ഫില്ലും സ്ഥാപിച്ചിട്ടുണ്ട്. കമ്പോസ്റ്റ് പ്ലാന്റിന്റെ 90 ശതമാനം ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കംപോസ്റ്റ് പ്ലാന്റിൽ നിന്നും വരുന്ന ലീച്ചേറ്റ് സംസ്ക്കരിക്കുന്നതിനുള്ള ലിച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റാണ് പൂർത്തീകരിക്കാനുള്ളത്. ലാന്റ്ഫില്ലിംഗിന്റെ ജോലികൾ 75 ശതമാനവും പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ തദ്ദേശവാസികളുടെ എതിർപ്പ് മൂലം പ്രസ്തുത പ്ലാന്റിന്റെ ബാക്കിയുള്ള ജോലികൾ പൂർത്തിയാക്കനോ പ്രവർത്തിപ്പിക്കാനോ കെ.എസ്.യു.ഡി.പി-ക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ ടി പ്ലാന്റ് നിർമ്മാണത്തിനെതിരെ ബഹുഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC1367/2011, WPC3637/2012 എന്നീ നമ്പർ കേസുകൾ ഗ്രീൻ ട്രൈബ്യൂണലിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്.<br><br>14. കൊച്ചി<br>15. തൃശ്ശൂർ :- തൃശൂർ കോർപ്പറേഷന് ലാലൂരിൽ മാലിന്യപ്ലാന്റ് സ്വന്തമായുണ്ട്. ബഹുജനപ്രക്ഷോഭം മൂലം ലാലൂരിലേക്ക് മാലിന്യം കൊണ്ടു പോകാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത് അതു കൊണ്ട് ഈ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പകരം മറ്റൊരു പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>16. കോഴിക്കോട് : മറുപടി ലഭ്യമാക്കിയിട്ടില്ല<br>17. ചെങ്ങന്നൂർ :- ചെങ്ങന്നൂർ നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിന് 2007 - 2008 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ക്ലീൻ കേരള മിഷനിൽ സമർപ്പിക്കുകയും, ഏജൻസികളെ കണ്ടെത്തുന്നതിന് Expression of Interest പരസ്യം നൽകുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ Core Foundation, |

| | | |
|---|---|---|
| അടൂർ എന്ന സ്ഥാപനവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പ്രാഥമിക ഘട്ടം എന്ന നിലയിൽ Core Foundation - ന് 5 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുള്ളതും, ആയതിൻ പ്രകാരം വെർമി കമ്പോസ്റ്റ് ഷെഡ് ടി സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതുമാണ്. തദ്ദേശവാസികളുടെ ശക്തമായ എതിർപ്പ് ഉള്ളതിനാലും, ടി സ്ഥലത്ത് നഗരസഭ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരിഗണിക്കുന്നതിനാലും പുതിയ സ്ഥലം കണ്ടെത്തുന്നതിന് ബഹു. ഓംബുഡ്സ്മാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ഇത് സംബന്ധിച്ചുള്ള കേസ് ഇപ്പോൾ നിലനിൽക്കുന്നതുമാണ്. 23/03/2013 - ലെ നഗര സഭാ കൗൺസിലിന്റെ 12-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം, മൾട്ടി പർപ്പസ് സ്പോർട്സ് കോംപ്ലക്സ്, തീയറ്റർ കോംപ്ലക്സ്, ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, ഇതിന് ആവശ്യമായ സ്ഥലം മതിയാകാത്ത സാഹചര്യത്തിൽ കൂടുതൽ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമനടപടികൾ അവസാനിക്കുന്ന മുറയ്ക്ക് പെരുങ്കുളം പ്രദേശത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് നഗരസഭ സ്ഥാപിക്കുന്നതും, നിലവിൽ നിർമ്മിച്ച ഖരമാലിന്യ സംസ്കരണത്തിനായുള്ള ഷെഡ്, പുതിയതായി പ്ലാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രദേശത്ത് അധിക ചെലവ് കൂടാതെതന്നെ മാറ്റി സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനിച്ചിട്ടുള്ളതുമാണ്. | | |

| | | |
|---|---|---|
| 3.1.5.11 | | 1. തിരുവല്ല :- തിരുവല്ല നഗരസഭയ്ക്ക് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി ക്ലീൻ കേരള മിഷൻ 32.40 ലക്ഷം രൂപ 2005-ൽ അനുവദിച്ചിരുന്നു.<br>നഗരസഭയിൽ സ്റ്റേഡിയത്തിന് കിഴക്കു ഭാഗത്തായി ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം പ്രോജക്ട് തയ്യാറാക്കി നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ തദ്ദേശവാസികളു ടെയും പൊതുജനങ്ങളുടെയും പ്രക്ഷോഭം നിമിത്തം ടി സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് സാധിച്ചില്ല. ആയതിനാൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ജെസിബി വാടകയ്ക്കെടുത്ത് ഉപയോഗിച്ച് നഗരസഭാ സ്റ്റേഡിയത്തിന് സമീപം കുഴിയെടുത്ത് മാലിന്യം നിക്ഷേപിച്ച് മണ്ണിട്ട് മൂടിയിട്ടുള്ളതാണ്. ടി ഇനത്തിൽ ഏകദേശം 8 ലക്ഷം രൂപയോളം ചെലവായിട്ടുണ്ട്. ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ബാക്കി തുകയുപയോഗിച്ച് തിരുവല്ല നഗരസഭ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഉറവിടമാലിന്യ സംസ്ക്കരണ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കുന്നതിനായി ക്ലീൻ കേരള മിഷനോട് അനുമതി ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ട്<br>2. കായംകുളം :- കേന്ദ്രീകൃത ഖരമാലിന്യ സംസ്ക്കരണത്തിനായി കായംകുളം നഗരസഭയിൽ 1.56 ഹെക്ടർ സ്ഥലം വാങ്ങിച്ചു. ജനകീയ പ്രശ്നങ്ങൾ മൂലം നിലച്ച പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രശ്ന ങ്ങൾ ചർച്ചയിലൂടെ പരിഹരിച്ച ശേഷം തുടർന്നുവരുന്നു. പ്ലാന്റിന് സാങ്കേ തിക അനുമതി ലഭിച്ചു. പി.സി.ബി അനുമതി പത്രത്തിനായി അപേക്ഷ സമർപ്പിച്ചു. ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുന്നതിന് മരങ്ങൾ വെച്ചു പിടിപ്പിച്ചു.<br>3. പെരുമ്പാവൂർ :- നാട്ടുകാരുടെ എതിർപ്പും ബഹു:ഓംബുഡ്സ്മാന്റെ നിർദ്ദേശവും കാരണമാണ് പെരുമ്പാവൂർ നഗരസഭയിൽ നടപ്പാക്കാനിരുന്ന ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നടപ്പാക്കാൻ സാധിക്കാത്തത്<br>4. നിലമ്പൂർ :- പ്രദേശ വാസികളുടെ എതിർപ്പുള്ളതിനാൽ കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ടി തുക വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ചെലവഴിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നുണ്ട്.<br>5. വടകര<br>6. കണ്ണൂർ :- കണ്ണൂർ നഗരസഭക്ക് ചേലോറയിലുള്ള 23.29 ഏക്ക റോളം വിസ്തൃതിയുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ മാലിന്യ നിക്ഷേപം |

നടത്തിവരികയാണ് ചെയ്തു വന്നിരുന്നത്. മാലിന്യ നിക്ഷേപത്തിന് മാത്രമായി നഗരസഭ വാങ്ങിയ സ്ഥലമാണ് അത്. സ്ഥലം വാങ്ങുന്ന അവസരത്തിൽ പരിസരത്ത് വീടുകൾ തീരെ ഇല്ലായിരുന്നു. എന്നാൽ പിന്നീട് അവിടെ ജനവാസം കൂടി നഗരസഭയുടെ മാലിന്യ നിക്ഷേപത്തിനെതിരെ വളരെയേറെ പ്രക്ഷോപ ക്ഷങ്ങൾ നടക്കുകയും അവിടേക്ക് മാലിന്യങ്ങൾ കൊണ്ടു പോകുന്നത് വളരെയ ധികം നിയന്ത്രണ അൾക്ക് വിധേയമാകുകയും ചെയ്തിരുന്നു. ഈ പ്രശ്നത്തിന് പരിഹാരം തേടി മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷന്റെ ധനസഹായം ലഭിച്ചിരുന്നു. എന്നാൽ പ്രാദേശിക എതിർപ്പ് കാരണം മറ്റുമായി പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുമായി മുന്നോട്ട് പോകുവാൻ കഴിഞ്ഞിരുന്നില്ല. ഇക്കാര്യത്തിൽ ശാശ്വത പരിഹാരത്തിനായി സമഗ്രമായുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി UIDSSMT യിൽ പ്രോജക്ട് തയ്യാറാക്കി ( ശുചിത്വ മിഷനിൽ നിന്നു കിട്ടിയ ധനസഹായം ഉൾപ്പെടെ) സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിൽ നിന്ന് പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നില്ല. സംസ്ഥാന സർക്കാർ കേരളത്തിലാകെ 3 സ്ഥലങ്ങളിലായി സർക്കാരിന്റെ മേൽ നോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ PPP മോഡലിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അതിലൊന്നായി കണ്ണൂർ നഗരത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ കാരണത്താൽ UIDSSMT TRANSITION PHASE ൽപ്രോജക്ട് കൊടുക്കുവാനും സാധിച്ചിരുന്നില്ല. എന്നാൽ 300 ടൺ ഖരമാലിന്യം ദിനം പ്രതി സംസ്ക്കരിക്കുന്നതിനായി ചുരുങ്ങിയത് ഉണ്ടെങ്കിൽ മാത്രമെ പ്രസ്തുത പ്ലാന്റ് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നു കണ്ടതിനാൽ അത്രയും മാലിന്യം കണ്ണൂർ നഗരത്തിലോ പ്രാന്ത പ്രദേശങ്ങളിലോ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്നതിനാൽ പ്രസ്തുത പ്ലാന്റ് കണ്ണൂർ നഗരസഭയിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. പകരം UIDSSMT പദ്ധതിയിൽ പെടുത്തി ചെറിയ തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നൽകുന്നതിനാണ് നിർദ്ദേശിച്ചത്. ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാൽ പ്രോജക്ട് നൽകുവാനും കഴിഞ്ഞിരുന്നില്ല. മുമ്പ് നൽകിയ പ്രോജക്ട് അംഗീകരിച്ച് തന്നതുമില്ല. അടുത്ത് തന്നെ പ്രോജക്ട് റിവൈസ് ചെയ്ത് നൽകുന്നതാണ്.

UIDSSMT പദ്ധതിയിൽ ഇനി ഇക്കാര്യത്തിൽ പ്രോജക്ട് തയ്യാറാക്കി നൽകുമ്പോൾ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയും ഉൾപ്പെടുത്തി സമഗ്രമായ പ്രോജക്ടിന്റെ പ്രപ്പോസൽ നൽകുന്നതും അംഗീകാരം

| | | |
|---|---|---|
| | | ലഭിച്ചാൽ ഉടനടി സമഗ്രമായ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതുമായിരിക്കും.<br><br>7. നീലേശ്വരം<br><br>**8. കാസർകോട് :-** ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് 2005-06 വർഷത്തിൽ 5.46 ഏക്കർ ഭൂമി നഗരസഭ വിലക്ക് വാങ്ങിയിട്ടുള്ളതാണ്. മേൽ സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2009 മാർച്ചിൽ ശുചിത്വ മിഷൻ 41.26 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നഗരസഭക്ക് അനുവദിച്ചിരുന്നു. തദ്ദേശവാസികളുടെ എതിർപ്പ് കാരണം മധൂർ പഞ്ചായത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെ നഗരസഭയ്ക്ക് അനുമതി നൽകിയിട്ടില്ല. ആയതിനാൽ ശുചിത്വ മിഷനിൽ നിന്നും കൈപ്പറ്റിയ തുക പൂർണ്ണമായി ചിലവഴിക്കുന്നതിന് നഗരസഭയ്ക്ക് നാളിതുവരെ സാധിച്ചിട്ടില്ല. കെ.എം. ആക്ട് 561-ാം വകുപ്പ് പ്രകാരം ടി വിഷയം ഇപ്പോൾ ബഹു. സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. മേൽ വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ആധുനിക രീതിയിലുള്ള ഖര മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3.1.5.12 | | 1. **കായംകുളം :-** കായംകുളം നഗരസഭയിൽ 352 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതിൽ 318 എണ്ണം സ്ഥാപിച്ചു. ആയത് എല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കൂടാതെ മാർക്കറ്റിൽ സ്ഥാപിച്ച ഒരു പ്ലാന്റ് പ്രവർത്തന രഹിതമാണ്.<br>2. **ചങ്ങനാശ്ശേരി :-** ചങ്ങനാശ്ശേരി നഗരസഭ ഫിഷ്മാർക്കറ്റ് സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണ്.<br><br>3. കോട്ടയം<br>4. **പെരുമ്പാവൂർ** - ബയോഗ്യാസ് പ്ലാന്റുകളിൽ പ്രവർത്തിച്ചിരുന്നത് സ്ലോട്ടർ ഹൗസിനോട് ചേർന്നാണ്. സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനം 2009-ൽ നിർത്തേണ്ടതായി വന്നപ്പോഴാണ് ഈ പ്ലാന്റിന്റെ പ്രവർത്തനവും നിന്നുപോയത്. വെജിറ്റബിൾ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് ഇപ്പോഴും പ്രവർത്തനക്ഷമമാണ്.<br>5. ചാലക്കുടി |

6. തിരൂർ

7. **നിലമ്പൂർ** :- നഗരസഭയിലെ മത്സ്യ,മാംസ്യ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള 1 ടൺ സംസ്കരണ ശേഷിയുള്ള ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്ലാന്റ് പ്രവർത്തന സജ്ജമാണ്.

8. വടകര

9. **കാസർകോട്** :- കാസർകോട് നഗരസഭയിൽ നിലവിൽ ബയോഗ്യാസ് പ്ലാന്റുകൾ ഒന്നും പ്രവർത്തിച്ചുവരുന്നില്ല. കാസർകോട് മത്സ്യ മാർക്കറ്റ് പരിസരത്ത് 2011ൽ നിർമ്മാണം പൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റ് മത്സ്യമാർക്കറ്റിന്റെ നവീകരണ ആവശ്യത്തിലേക്കായി കൗൺസിൽ തീരുമാന പ്രകാരം പൊളിച്ചുമാറ്റി യിട്ടുള്ളതാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ രീതി/ദ്രവ്യ മാലിന്യ സംസ്കരണ സംവിധാനം എന്നിവ പുതിയ മത്സ്യമാർക്കറ്റിന്റെ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

11. **കൊല്ലം** :- കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വക അറവുശാല , പോളയത്തോട് മാർക്കറ്റ് എന്നിവിടങ്ങളിലെ മാലിന്യങ്ങൾ കാര്യക്ഷമമായി സംസ്ക്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം ക്വട്ടേഷൻ നടപടികൾ പൂർത്തീകരിക്കുയും ശുചിത്വ മിഷന്റെ സർവ്വീസ് പ്രൊവൈഡർ ലിസ്റ്റിൽ ഉൾപ്പെട്ട ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സർവ്വീസ് സെന്റർ, ചെമ്പൂർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

പോളയത്തോട് മാർക്കറ്റിൽ $25m^3$ ശേഷിയുള്ള ഒരു പ്ലാന്റും അറവുശാലയിൽ $60m^3$ വീതം ശേഷിയുള്ള രണ്ട് പ്ലാന്റുകളും സ്ഥാപിക്കുന്നതിനാണ് കരാർ നൽകിയിരുന്നത്. ഇതോടനുബന്ധിച്ച് ജനറേറ്റർ, ലൈറ്റുകൾ മുതലായവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു.

കോർപ്പറേഷനിൽ ബയോഗ്യാസ് പ്ലാന്റ് രൂപകൽപ്പന ചെയ്യുന്നതിന് വൈദഗ്ദ്ധ്യം ഉള്ളവർ ഇല്ലാത്തതിനാൽ, ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡറായ കരാറുകാരനായ സ്ഥാപനം സമർപ്പിച്ച ഡിസൈൻ പ്രകാരമാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. എന്നാൽ ടി പ്ലാന്റുകൾക്ക് ശേഷി കുറവാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പരിശോധനയെ തുടർന്ന് കണ്ടെത്തിയതിനാൽ അങ്ങയുടെ ആഫീസിൽ നിന്നും 22.08.2012-ലെ 68031/EW1/10/LSGD നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കേരള ശുചിത്വ മിഷൻ രൂപീകരിച്ച വിദഗ്ദ്ധ സമിതി പ്ലാന്റുകൾ പരിശോധിച്ചതിൽ $60m^3$ ന് പകരം $27m^3$ മാത്രം ശേഷിയുള്ള

പ്ലാന്റുകളാണ് സ്ഥാപിച്ചതെന്നും കരാർ പ്രകാരമുള്ള ലൈറ്റ് പോയിന്റുകൾ എല്ലാം സ്ഥാപിച്ചിട്ടില്ലായെന്നും സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ കാര്യക്ഷമമല്ലെന്നും ഈ ഇനത്തിൽ നഗരസഭയ്ക്ക് ആകെ 12,23,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയും ആയതിന്റെഅടിസ്ഥാനത്തിൽ സർക്കാരിന്റെ 06.02.2011-ലെ 11898/AB1/09/LSGD നമ്പർ കത്ത് പ്രകാരം നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

എന്നാൽ പ്രസ്തുത നടപടികൾക്കെതിരെ കാരറുകാരൻ ബഹു. തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകി ചോദ്യം ചെയ്യുകയും ബഹു. ഓംബുഡ്സ്മാന്റെ 18.09.2010-ലെ വിധിയുടെയും കേരളാ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/10/2010-ലെ SM(CC)128/2008 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ കാരാറുകാരനെക്കൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിപ്പിച്ച് നിരീക്ഷിച്ചിട്ടുള്ളതായും 30 ദിവസം പ്രവർത്തിപ്പിക്കാൻ ശ്രമിച്ചതിൽ 10 ദിവസം ഭാഗീകമായി മാത്രം പ്രവർത്തിപ്പിച്ചിട്ടുള്ളതായും ലൈറ്റുകൾ പ്രകാശിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്തതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. തുടർന്ന് കരാറുകാരൻ ഓംബുഡ്സ്മാനിൽ നൽകിയിരുന്ന പരാതി പിൻവലിച്ചശേഷം ബഹു കേരള ഹൈക്കോടതി മുൻപാകെ WPC27055/11 നമ്പർ ആയി ഹർജി ബോധിപ്പിച്ചിട്ടുള്ളതും പ്രസ്തുത കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ ടിയാൻ ബഹു. കേരളാ മുഖ്യമന്ത്രി മുൻപാകെ ഒരു ഹർജി സമർപ്പിച്ചിട്ടിള്ളതുമാകുന്നു. ആയത് മൂലം ടി വിഷയത്തിലെ തുടർനടപടികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതുമാകുന്നു എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

കൊല്ലം കോർപ്പറേഷനിൽ ഖരമാലിന്യ സംസ്കരണത്തിനായി നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ ഇപ്പോഴത്തെ സ്ഥിതി -

1. **കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിർമ്മിച്ച പള്ളിമുക്ക്** മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽവർക്കുകൾ 15.07.2012 കരാർ കാലാവധിക്കുള്ളിൽ പൂർത്തിയായതാണ്. മാർക്കറ്റിൽ വൈദ്യുതിയും ജലവും ലഭ്യമല്ലാതിരുന്നതിനാൽ പ്ലാന്റിന്റെ അനുബന്ധഘടകങ്ങളായ സോളാർ വാട്ടർ ഹീറ്ററും പർവറൈസറും പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ ഔദ്യോഗികമായി ട്രയൽ റൺ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. 17.8.2013 മുതൽ 16/10/2013 വരെ ട്രയൽ റൺ പൂർണ്ണ സംവിധാനങ്ങളോടെ നടത്തുകയും 17/10/2013 മുതൽ നിർമ്മാണ ഏജൻസി കരാർ പ്രകാരമുള്ള 3 വർഷത്തെ ഓപ്പറേഷൻ മെയിന്റനൻസ് കരാറിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചുവരുന്നു. പ്ലാന്റിൽ

നിന്നും ലഭ്യമാകുന്ന ഗ്യാസ് നാല് ചുറ്റും റോഡായതിനാൽ ട്യൂബ് ലൈനിലൂടെ പുറത്തേയ്ക്ക് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഗ്യാസ് ബർണർ വച്ച് പ്ലാന്റ് സൈറ്റിൽ തന്നെ കത്തിച്ചുകളയുന്നു.

2. ശ്രീൻടെക്ക് നിർമ്മിച്ച കളക്ട്രേറ്റ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ബയോഗ്യാസ് പ്ലാന്റ് കരാർ കാലാവധിയായ 15.11.2012-ൽ തന്നെ സിവിൽ വർക്സ് പൂർത്തിയാക്കിയിട്ടുള്ളതാണ്. വൈദ്യുതി ലഭ്യമാക്കുന്നതിന് പ്രത്യേക മീറ്റർ സ്ഥാപിച്ച് കിട്ടുന്നതിന് വന്ന കാലതാമസം കൊണ്ട് പ്ലാന്റിന്റെ ട്രയൽ റൺ 21.03.2013 മുതൽ 20.05.2013 വരെ നടത്തുകയും കരാർ പ്രകാരമുള്ള 3 വർഷത്തെ ഓപ്പറേഷൻ മെയിന്റനൻസ് കരാറിൽ 21.05.2013 മുതൽ പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിപ്പിച്ചുവരുന്നു. പ്ലാന്റിൽ നിന്നും ലഭ്യമാകുന്ന ഗ്യാസ് പ്ലാന്റിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന കാന്റീനിൽ ഉപയോഗിച്ചുവരുന്നു.

3. അജീഷ് റിന്യൂവബിൽ എനർജി സൊല്യൂഷൻസ് നിർമ്മിച്ച 2 ബയോഗ്യാസ് പ്ലാന്റുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

4. മുനിസിപ്പൽ ടൗൺ ഹാൾ - 15/8/2012 മുതൽ 14/10/212 വരെ കരാറിൽ ട്രയൽ റൺ നടത്തുകയും 15.10.2012 മുതൽ 3 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് കരാറിൽ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്ലാന്റിൽ നിന്നും ലഭ്യമാകുന്ന ഗ്യാസ് ടൗൺ ഹാളിൽ പാചകത്തിനായി ഉപയോഗിച്ചുവരുന്നു.

5. കടപ്പാക്കട മാർക്കറ്റ് - 15/9/2012 മുതൽ 14/11/212 വരെ കരാറിൽ ട്രയൽ റൺ നടത്തുകയും 15.11.2012 മുതൽ 3 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് കരാറിൽ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്ലാന്റിൽ നിന്നും ലഭ്യമാകുന്ന ഗ്യാസ് സമീപത്തുള്ള ക്ഷേത്രത്തിൽ ഉപയോഗിച്ചുവരുന്നു.

12. കൊച്ചി

10. **കോഴിക്കോട്** :- കോഴിക്കോട് നഗരസഭയിൽ സ്ഥാപിച്ച ബയോ ഗ്യാസ് പ്ലാന്റുകൾപ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| | | |
| 3.1.5.13 | | എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.<br><br>1. **ആലുവ** :- ഖരമാലിന്യ പരിപാലനത്തിനായി ആലുവ നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ട്.<br>2. **അങ്കമാലി** :- ഖരമാലിന്യ പരിപാലനത്തിനായി അങ്കമാലി നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള വിഹിതം മുഴുവനായി വിനിയോഗിച്ചിട്ടുള്ളതാണ്.<br>3. **ചങ്ങനാശ്ശേരി** :- ഖരമാലന്യം നഗരസഭ നേരിട്ട് ശേഖരിച്ച് സംസ്ക്കരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് തുക വകയിരുത്തിയിരുന്നത്. എന്നാൽ സ്ഥല പരിമിധി മൂലം ടി പദ്ധതി പരാജയപ്പെട്ടതുകൊണ്ട് ടി തുക വകമാറ്റി ചിലവഴിക്കാൻ സാധിക്കാത്തതുകൊണ്ട് ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല. എന്നിരുന്നാലും ഉറവിട മാലന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി മുൻ പ്രോജക്ടിൽ വകയിരുത്തി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജൈവവള പ്ലാന്റിന്റെ സമീപത്ത് കൂടി കിടക്കുന്ന മാലിന്യങ്ങൾ പൂർണ്ണമായി എടുത്തു മാറ്റി എങ്കിൽ മാത്രമേ മുൻ പ്രൊജക്ടിൽ പറഞ്ഞിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളു. മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തികൾ നടന്നു വരുന്നു.<br>4. **ചെങ്ങന്നൂർ** :- ചെങ്ങന്നൂർ നഗരസഭയിൽ 2009 - 2010, 2010 - |

2011 എന്നീ കാലയളവുകളിൽ വികസന ഫണ്ടിൽപ്പെടുത്തി 22,00,000/- രൂപയും 2011-2012 കാലയളവിൽ 50,000/- രൂപയും വകകൊള്ളിക്കുകയും ടി തുക ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനായി നീക്കി വെയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി പ്ലാന്റ് നിർമ്മാണത്തിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ വെർമി കമ്പോസ്റ്റ് ഷെഡ് ചെങ്ങന്നൂർ നഗരസഭയുടെ അധീനതയിലുള്ള പെരുങ്കുളം പ്രദേശത്ത് സ്ഥാപിക്കുകയും തുടർന്ന് തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്ലാന്റിന്റെ നിർമ്മാണം നടക്കാതെ പോകുകയുമാണുണ്ടായത്. ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ്, മൾട്ടി പർപ്പസ് സ്പോർട്സ് സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. ആയതിന്റെ ഭാഗമായി ടി സ്ഥലത്ത് ലാൻഡ് ഫില്ലിംഗ് പൂർത്തിയായി വരുന്നതുമാണ്.

5. **കൽപ്പറ്റ** :- 2009-10 ഖരമാലിന്യ സംസ്കരണ ചുറ്റുമതിൽ വകയിരുത്തിയത് -140314 ചെലവ്-140314/-രൂപ

2010-2011-ഇല്ല.

2011-12 അറവ്ശാല, ബയോഗ്യാസ് പ്ലാന്റ് വകയിരുത്തിയത് -270000/- രൂപ ചെലവ്-135000/-രൂപ

6. **കാഞ്ഞങ്ങാട്** :- ഖരമാലിന്യ പരിപലാനത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിച്ചു വരുന്നുണ്ട്. വരും വർഷങ്ങളിൽ വിവിധങ്ങളായ പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തുന്നതാണ്.

7. **കണ്ണൂർ** :- 2013-14 സാമ്പത്തിക വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 809900/- രൂപയും നഗരസഭാ വിഹിതമായ 809900/- കൂടി 1619800/- രൂപ ചെലവഴിച്ചു.

2014-15 വർഷത്തിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് 2000000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി ശുചിത്വമിഷന് അയച്ചുകൊടുത്തു. കൂടാതെ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 162000/-രൂപയുടെ പ്രോജക്ട് തയ്യാറാക്കി ശുചിത്വമിഷന് സാങ്കേതികാനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

8. **കരുനാഗപ്പള്ളി** :- ഖരമാലിന്യ പരിപാലനത്തിനായുള്ള നഗരസഭയുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാണ്.

9. **കാസർകോട്** :- ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്നും നഗരസഭ കൈപ്പറ്റിയ തുക പൂർണ്ണമായി ചിലവഴിക്കുന്നതിന് പരിസരവാസികളുടെ ശക്തമായ എതിർപ്പുമൂലവും മധൂർ പഞ്ചായത്തിൽ നിന്നും എൻ.ഒ.സി.

ലഭ്യമാകാത്തതിനാലും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. എന്നാൽ ശുചിത്വമിഷന്റെ സാമ്പത്തിക സഹായത്തോടുകൂടി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ നഗരസഭയിൽ വിജയകരമായി സ്ഥാപിച്ചുവരുന്നുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

10. **കോഴിക്കോട്** :- കോഴിക്കോട് നഗരസഭയിൽ ഖരമാലിന്യപരിപാലനത്തിനായുള്ള ഫണ്ട്പൂർണ്ണമായും ചിലവഴിക്കുന്നുണ്ട്.

11. **കൊടുങ്ങല്ലൂർ** :- നഗരസഭയ്ക്ക് അനുവദിച്ച തുക പ്ലാന്റ് സ്ഥാപിക്കാൻ ആണ് നഗരസഭ വിനിയോഗിച്ചത്. ആയതിനാൽ നഗരസഭയുടെ വിഹിതം പൂർണ്ണമായും തന്നെ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

12. **കൊല്ലം** :- സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം ബഹുജനപ്രക്ഷോഭണം നിമിത്തം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നതുകൊണ്ടാണ് വകയിരുത്തിയ തുകകൾ പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാതെ വരുന്നത്

13. **കോതമംഗലം** :- ഖരമാലിന്യ സംസ്ക്കരണത്തിന് ഉപയോഗിക്കുന്ന ഫണ്ട് മേലിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതാണ്.

14. **തൃശ്ശൂർ** :- തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഖരമാലിന്യവുമായി ബന്ധപ്പെട്ട് ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിച്ചു വരുന്നുണ്ട്.ആഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷനുമായി തൃശ്ശൂർ കോർപ്പറേഷൻ 2002 ജനുവരി 31 ന് ഏർപ്പെട്ടിരുന്ന കരാർ പ്രകാരമാണ് സംസ്ക്കരണ പ്ലാന്റ് പ്രവർത്തിക്കേണ്ടിയിരുന്നത്. എന്നാൽ ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ കരാർ ലംഘനം നടത്തി സംസ്ക്കരണരംഗത്തുനിന്നും പിൻമാറുകയാണുണ്ടായത്. കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം ലാലൂരിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് പ്രവർത്തനം തുടങ്ങിയതാണ്. ലാലൂരിൽ മലിനീകരണ വിരുദ്ധസമിതിയുടെ എതിർപ്പു മൂലം പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചു. ലാലൂരിൽ പുതിയ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ കോർപ്പറേഷന്റെ മുമ്പാകെ ഇല്ല. ലാലൂർ നിവാസികളുടെ പ്രക്ഷോഭം മൂലം പ്ലാന്റിലേക്ക് ഇപ്പോൾ ഖരമാലിന്യം കൊണ്ടുപോകുന്നത് നിർത്തി വെച്ചിരിക്കുകയാണ്. അതു കൊണ്ട് പ്ലാന്റ് ഇപ്പോൾ പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് വകയിരുത്തിയ തുക സംസ്ക്കരണ രംഗത്ത് പൂർണ്ണമായും ചിലവഴിക്കാൻ സാധിക്കാതെ വന്നത്. ലാലൂർ പ്ലാന്റിൽ അവശേഷിക്കുന്ന പ്ലാസ്റ്റിക്, പൊടി, എന്നിവ ചേർന്ന ജൈവവളത്തിന്റെ, അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന വിഷയം 11/06/2014-ൽ കൂടിയ കോർപ്പറേഷൻ കൗൺസിൽ യോഗം ചർച്ച ചെയ്തു. പ്ലാൻറ് പ്രവർത്തിപ്പിക്കുന്ന മുറക്ക് കോർപ്പറേഷൻ തന്നെ മുൻകൈയെടുത്ത് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും ഇപ്പോൾ പ്ലാന്റ്

പ്രവർത്തിപ്പിക്കാത്ത സാഹചര്യത്തിൽ അവശിഷ്ടങ്ങൾ അവിടെ കിടക്കുന്നതുകൊണ്ട് യാതൊരു വിധ ബുദ്ധിമുട്ടും ഇല്ലെന്ന് വിലയിരുത്തിക്കൊണ്ടും 11/6/2014 ൽ 19-ാം നമ്പറായി കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

15. **തിരുവല്ല** :- നഗരസഭയ്ക്ക് ഖരമാലിന്യ പരിപാലനത്തി നായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും പ്ലാന്റ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലും നഗരസഭ വക സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടായതിനാലും ഈ ഇനത്തിൽ വകയിരുത്തിയ തുക ചെലവാക്കുവാൻ കഴിഞ്ഞിരുന്നില്ല.

16. **പെരുമ്പാവൂർ** :- നാട്ടുകാരുടെ എതിർപ്പും ബഹു:ഓംബുഡ്സ്മാന്റെ നിർദ്ദേശവും കാരണമാണ് പെരുമ്പാവൂർ നഗരസഭയിൽ നടപ്പാക്കാനിരുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റ് നടപ്പാക്കാൻ സാധിക്കാത്തത്.

17. **തലശ്ശേരി** :- പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശത്തെ ജനങ്ങളുടെ പ്രക്ഷോഭങ്ങളും പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള വിഷമതകളും പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും ഉള്ളതിനാലാണ് യഥാസമയം തുക വിനിയോഗിക്കാൻ കഴിയാതെ വരുന്നത്.

തലശ്ശേരി നഗരസഭയിൽ പുന്നോൽ പെട്ടിപ്പാലത്ത് സ്ഥിതി ചെയ്യുന്ന നിലവിലുള്ള ട്രഞ്ചിങ് ഗ്രൗണ്ട് സമീപവാസികളുടെ ശക്തമായ പ്രക്ഷോഭങ്ങളെ തുടർന്ന് 2011 ഒക്ടോബർ മുതൽ മാലിന്യം നിക്ഷേപിക്കുന്നില്ല.

18. **നെടുമങ്ങാട്** :- കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ

19. **പുനലൂർ** :- മാലിന്യ സംസ്കരണത്തിനായി പുനലൂർ നഗരസഭയ്ക്ക് യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 48171000 രൂപയ്ക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ നാളിതുവരെ ലഭിച്ച 26027999 രൂപയിൽ 15750229 രൂപ വിനിയോഗിച്ചിട്ടുണ്ട്. സാധനവില വർദ്ധന തൊഴിലാളികളുടെ വേതനത്തിലുള്ള വർദ്ധനവ് എന്നിവയുടെ ഫലമായി ഡി.പി.ആർ-ൽ അധികരിച്ച തുക നഗരസഭയ്ക്ക് കണ്ടെത്താൻ കഴിയാത്ത സാമ്പത്തിക അവസ്ഥ തുടർന്നും ടി ആവശ്യത്തിന് തുക വിനിയോഗിക്കുന്നതിന് തടസ്സം സൃഷ്ടിടിക്കുന്നുണ്ട്. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ഡി.പി.ആർ-ൽ അധികരിച്ച തുക ധനസഹായമായി ലഭിച്ചാൽ മാത്രമേ യു.ഐ.ഡി.എസ്.എസ്. എം.റ്റി പദ്ധതി പ്രകാരം ലഭിച്ച ബാക്കി തുക വിനിയോഗിക്കുന്നതിന് നഗരസഭയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നുള്ളൂ.

20. **പാലക്കാട്** :- ഖരമാലിന്യ സംസ്കരണത്തിനായുള്ള തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ടി മേഖലയിൽ കൂടുതൽ തുകകൾ വിനിയോഗിച്ച് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കാവുന്നതാണ്.

21. **തൊടുപുഴ** :- ഖരമാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ സ്ഥലങ്ങളിൽ വലിയ തോതിലുള്ള പൊതുജന പ്രക്ഷോഭങ്ങൾ നിലനിൽക്കുന്നതിനാൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര മാലിന്യ പ്രോജക്ടുകൾക്ക്. പണം ചെലവഴിക്കാൻ കഴിയാതെ വരുന്നു. ലഭ്യമായ സ്ഥലത്തിന്റെ ഭൂപ്രകൃതി കൊണ്ട് സാനിറ്ററി ലാന്റ് ഫില്ലിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ നടപ്പിലാക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

22. **മലപ്പുറം** :- മലപ്പുറം നഗരസഭയിൽ 2009-10 ൽ 8525273/-രൂപയും, 2010-11 ൽ 9472525/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

23. **വർക്കല** :- വർക്കല നഗരസഭ ചവർ സംസ്ക്കരണ പ്ലാന്റിന് അനുവദിച്ച തുക കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നു. എന്നാൽ ഉറവിടങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന് വേണ്ടിയുള്ള ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നതിന് ചില സാങ്കേതിക തടസ്സം മൂലം കഴിഞ്ഞിട്ടില്ല.

24. **നോർത്ത് പരവൂർ** :- ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റും സ്ഥാപിക്കുന്നതിനായി നഗരസഭയ്ക്ക് 1,20,75,240/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 10,60,320/- നഗരസഭ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സാങ്കേതിക തടസ്സം നേരിട്ടതിനാൽ 27 പ്ലാന്റുകൾ മാത്രം സ്ഥാപിക്കുന്നതിന്. നഗരസഭയ്ക്ക് സാധിച്ചിട്ടുള്ളൂ. പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം നടത്തി വരുന്നു. സാങ്കേതിക തടസ്സം മാറുന്ന മുറയ്ക്ക് തന്നെ ബയോഗ്യാസ് പ്ലാന്റുകൾ വിതരണം നടത്തുന്നതാണ്.

25. **കുന്നംകുളം** :- കുന്നംകുളം നഗരസഭയിൽ ഖരമാലിന്യ പരിപാലനത്തിനായി നീക്കിവച്ച തുക ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്.

26. **മട്ടന്നൂർ** :- ഖരമാലിന്യസംസ്കരണം പ്ലാന്റ് വിപുലീകരണം,നവീകരണത്തിനായി ശുചിത്വ മിഷൻ നഗരസഭയ്ക്ക് അനുവദിച്ച തുകയിൽ 40 ശതമാനം തുക നഗരസഭ ചെലവഴിച്ചിട്ടുണ്ട്. 2011-12 വർഷം ശുചിത്വമിഷൻ 1.5 കോടി രൂപ നഗരസഭയ്ക്ക് അനുവദിച്ചെങ്കിലും പ്രസ്തുത പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2010 ലെ SOR പ്രകാരമായതിനാൽ പ്രവൃത്തി ആരും തന്നെ ഏറ്റെടുക്കുകയുണ്ടായില്ല. പിന്നീട് 2012 ലെ SOR പ്രകാരം 1.28 കോടി രൂപയുടെ പ്രൊജക്ടിന് സാങ്കേതികാനുമതി ലഭിക്കുകയും നിലവിൽ 50 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| | | ഖരമാലിന്യ പരിപാലന ചട്ടം അനുസരിച്ച് സാനിട്ടറി ലാൻഡ് ഫില്ലിംഗ് സംവിധാനം മാത്രമാണ് നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ആരംഭിക്കാൻ കഴിയാതെ വന്നത്. ആയതിനുള്ള പ്രൊജക്ട് തയ്യാറാക്കി സാങ്കേതികാനുമതിക്കായി അയക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**27. നിലമ്പൂർ :-** വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ച് വരുന്നുണ്ട്. കേന്ദ്രീകൃത മാലിന്യ പ്ലാന്റ് പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. |
| | | 1. **കൊല്ലം :** നഗരസഭയിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല<br>2. **തൃശ്ശൂർ :-** തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഖരമാലിന്യവുമായി ബന്ധപ്പെട്ട് ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിച്ചു വരുന്നുണ്ട്.ആഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷനുമായി തൃശ്ശൂർ കോർപ്പറേഷൻ 2002 ജനുവരി 31 ന് ഏർപ്പെട്ടിരുന്ന കരാർ പ്രകാരമാണ് സംസ്ക്കരണ പ്ലാന്റ് പ്രവർത്തിക്കേണ്ടിയിരുന്നത്. എന്നാൽ ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ കരാർ ലംഘനം നടത്തി സംസ്ക്കരണ രംഗത്തു നിന്നും പിൻമാറുകയാണുണ്ടായത്. കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം ലാലൂരിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് പ്രവർത്തനം തുടങ്ങിയതാണ്. ലാലൂരിൽ മലിനീകരണ വിരുദ്ധസമിതിയുടെ എതിർപ്പു മൂലം പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചു. ലാലൂരിൽ പുതിയ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ കോർപ്പറേഷന്റെ മുമ്പാകെ ഇല്ല. ലാലൂർ നിവാസികളുടെ പ്രക്ഷോഭം മൂലം പ്ലാന്റിലേക്ക് ഇപ്പോൾ ഖരമാലിന്യം കൊണ്ടുപോകുന്നത് നിർത്തി വെച്ചിരിക്കുകയാണ്. അതു കൊണ്ട് പ്ലാന്റ് ഇപ്പോൾ പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. അതു കൊണ്ടാണ് വകയിരുത്തിയ തുക സംസ്ക്കരണ രംഗത്ത് പൂർണ്ണമായും ചിലവഴിക്കാൻ സാധിക്കാതെ വന്നത്. ലാലൂർ പ്ലാന്റിൽ അവശേഷിക്കുന്ന പ്ലാസ്റ്റിക്, പൊടി, എന്നിവ ചേർന്ന ജൈവവളത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന വിഷയം 11/06/2014-ൽ കൂടിയ കോർപ്പറേഷൻ കൗൺസിൽ യോഗം ചർച്ച ചെയ്തു. പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന മുറക്ക് കോർപ്പറേഷൻ തന്നെ മുൻകൈയെടുത്ത് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും ഇപ്പോൾ പ്ലാന്റ് പ്രവർത്തിപ്പിക്കാത്ത സാഹചര്യത്തിൽ അവശിഷ്ടങ്ങൾ അവിടെ കിടക്കുന്നതു കൊണ്ട് യാതൊരു വിധ ബുദ്ധിമുട്ടും ഇല്ലെന്ന് വിലയിരുത്തിക്കൊണ്ടും 11/6/2014 ൽ 19-ാം നമ്പറായി കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br>3. **കായംകുളം :-** കായംകുളം നഗരസഭയിൽ വകയിരുത്തിയ തുകകൾ കാര്യക്ഷമമായി ചിലവാക്കാൻ സാധിച്ചിട്ടുണ്ട്. പൂർണ്ണമായി ചിലവാക്കാൻ സാധിച്ചിട്ടില്ല. |

4. **ചങ്ങനാശ്ശേരി :-** വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ച സംസ്ക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കി ഫണ്ട് വകയിരുത്തിയിരുന്നു. ടി പദ്ധതി പരാജയപ്പെട്ടതുകാരണം ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചില്ല. ഇപ്പോൾ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

5. **കോട്ടയം**

6. **പെരുമ്പാവൂർ :-** നാട്ടുകാരുടെ എതിർപ്പും ബഹു:ഓംബുഡ്സ്മാന്റെ നിർദ്ദേശവും കാരണമാണ് പെരുമ്പാവൂർ നഗരസഭയിൽ നടപ്പാക്കാനിരുന്ന ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നടപ്പാക്കാൻ സാധിക്കാത്തത്.

7. ചാലക്കുടി

8. **തലശ്ശേരി :-** പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശത്തെ ജനങ്ങളുടെ പ്രക്ഷോഭങ്ങളും പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള വിഷമതകളും പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള വൈദഗ്ദ്ധ്യം കുറവുള്ളതിനാലാണ് യഥാസമയം തുക വിനിയോഗിക്കാൻ കഴിയാതെ വരുന്നത്.

9. **കണ്ണൂർ :-** 2013-14 സാമ്പത്തിക വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 809900/- രൂപയും നഗരസഭാ വിഹിതമായ 809900/- കൂടി 1619800/- രൂപ ചെലവഴിച്ചു.

2014-15 വർഷത്തിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് 2000000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി ശുചിത്വമിഷന് അയച്ചുകൊടുത്തു. കൂടാതെ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 162000/-രൂപയുടെ പ്രോജക്ട് തയ്യാറാക്കി ശുചിത്വമിഷന് സാങ്കേതികാനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

10. നീലേശ്വരം

| | | |
|---|---|---|
| | | |
| 3.1.5.14 | | 1. **കായംകുളം :-** കായംകുളം നഗരസഭയിൽ ഡംമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജനകീയ പ്രക്ഷോഭങ്ങൾ ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സാങ്കേതിക അനുമതി ലഭിച്ചു.<br>2. **കോട്ടയം**<br>3. **പെരുമ്പാവൂർ :-** പ്രദേശവാസികളുടെ എതിർപ്പ് ഉണ്ടായിട്ടുള്ളതാണ്. നിർദ്ദിഷ്ഠ പ്രപ്പോസൽ പ്രകാരമുള്ള പ്ലാന്റ് സ്ഥാപിക്കാൻ കഴിയാതിരുന്നതിനാലാണ് പൊതു ജനാരോഗ്യത്തെ മുൻ നിർത്തി ലാന്റ് ഫില്ലിംഗ് നടത്തി വരുന്നത്.<br>4. **നിലമ്പൂർ :-** കേന്ദ്രീകൃത മാലിന്യ പ്ലാന്റ് പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.<br>5. **കാസർകോട് :-** പൊതുജനങ്ങളുടെ രൂക്ഷമായ എതിർപ്പിനെ തുടർന്ന് നഗരസഭാ പരിധിയിലെ കേളുഗുഡ്ഡെയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നഗരസഭക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് സാധിക്കുന്നില്ല. ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മധൂർ പഞ്ചായത്തിലെ കൊല്ലകാന എന്ന സ്ഥലത്ത് 2005-06 വർഷത്തിൽ 5.46 ഏക്കർ ഭൂമി നഗരസഭ വിലക്ക് വാങ്ങിയിട്ടുള്ളതാണ്. മേൽ സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2009 മാർച്ചിൽ ശുചിത്വ മിഷൻ 41.26 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നഗരസഭക്ക് അനുവദിച്ചിരുന്നു. തദ്ദേശവാസികളുടെ എതിർപ്പ് കാരണം മധൂർ പഞ്ചായത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെ നഗരസഭയ്ക്ക് അനുമതി നൽകിയിട്ടില്ല. ആയതിനാൽ ശുചിത്വ മിഷനിൽ നിന്നും കൈപ്പറ്റിയ തുക പൂർണ്ണമായി ചിലവഴിക്കുന്നതിന് നഗരസഭയ്ക്ക് നാളിതുവരെ സാധിച്ചിട്ടില്ല. കെ.എം. ആക്ട് 561-ാം വകുപ്പ് പ്രകാരം ടി വിഷയം ഇപ്പോൾ ബഹു. സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.<br>6. **തിരുവനന്തപുരം**<br>7. **കൊല്ലം :-** കൊല്ലം കോർപ്പറേഷന്റെ കുരീപ്പുഴ മാലിന്യ സംസ്കരണ യാർഡിൽ കാലാകാലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്നതും മാലിന്യ സംസ്ക്കരണത്തിനായി പ്ലാന്റ് നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ച ഘട്ടത്തിൽ പ്രദേശികമായ എതിർപ്പ് മൂലം ടി നിർമ്മാണ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ടി പ്രശ്നം പരിഹരിക്കാൻ കോർപ്പറേഷൻ പലതവണ ശ്രമിച്ചെങ്കിലും നാളിതുവരെ സാധിച്ചിട്ടില്ലാത്തതാണ്. ടി യാർഡിൽ കിടക്കുന്ന മാലിന്യങ്ങൾ |

പ്രദേശവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. നഗരകാര്യ ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. തൊഴിൽ വകുപ്പ് മന്ത്രി ശ്രീ ഷിബു ബേബിജോൺ എന്നിവരുടെ നേതൃത്വത്തിൽ 01/11/2013-ൽ കൊല്ലം ഗവ. ഗസ്റ്റ് ഹൗസിൽ കൂടിയ സർവ്വകക്ഷി യോഗ തീരുമാനപ്രകാരം മാലിന്യ സംസ്ക്കരണ യാർഡിൽ കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിന് കോർപ്പറേഷൻ ടി യാർഡിൽ എത്തുകയും എന്നാൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം ആയത് നടത്താൻ കഴിഞ്ഞിട്ടില്ലാത്തതും തുടർന്ന് ജില്ലാ ഭരണകൂടത്തിനും സിറ്റി പോലീസ് കമ്മീഷണർക്കും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടർ ടി യാർഡിന്റെ സമീപവാസികളെ ഉൾപ്പെടുത്തി യോഗം വിളിക്കുകയും ടി യോഗത്തിൽ പ്രദേശവാസികൾ മാലിന്യം നീക്കം ചെയ്യാൻ അനുവദിക്കില്ല എന്ന നിലപാടിൽ ഉറച്ചുനിന്നതിനാൽ തീരുമാനമാകാതെ യോഗം പിരിയുകയും ചെയ്തിട്ടുള്ളതാണ്. പൊതുജനങ്ങൾക്കും പരിസ്ഥിതിക്കും ദോഷം ചെയ്യുന്ന ടി മാലിന്യം ടി യാർഡിൽ നിന്നും നീക്കം ചെയ്ത് ആയത് നിക്ഷേപിക്കുന്നതിന് സ്ഥലം കോർപ്പറേഷൻ കണ്ടെത്തിയിട്ടുള്ളതും ആയത് നീക്കം ചെയ്യുന്നതിന് കോർപ്പറേഷൻ മേൽ സൂചിപ്പിച്ച നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

8. തൃശ്ശൂർ :- തൃശൂർ മുനിസിപ്പൽ കോർപ്പറേഷന് ലാലൂരിലുണ്ടായിരുന്ന മാലിന്യസംസ്ക്കരണ പ്ലാന്റ് പൊതുജന പ്രക്ഷോഭത്തെ തുടർന്ന് അടച്ചു പൂട്ടേണ്ടിവന്നു. ഈ ഘട്ടത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന് പ്രാമുഖ്യം നൽകികൊണ്ടുള്ള പദ്ധതികളാണ് കോർപ്പറേഷൻ അവലംബിച്ചത്. ജനങ്ങളെ ബോധവൽക്കരിച്ചും, ഉറവിട മാലിന്യ സംസ്ക്കരണം ഫ്ളാറ്റുകളിലും വീടുകളിലും പ്രോത്സാഹിപ്പിച്ചും, അജൈവ മാലിന്യം പ്രത്യേകം ശേഖരിച്ചും പച്ചക്കറി മാലിന്യങ്ങൾ കർഷകർക്ക് നൽകിയുമാണ് കോർപ്പറേഷൻ പ്രതിസന്ധി മറികടന്നത്. ഈ ദിശയിൽ ഉള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനിടയിൽ പ്രത്യേക സാഹചര്യത്തിൽ നഗരത്തിൽ പലയിടങ്ങളിൽ മാലിന്യം കെട്ടി കിടന്നു. കൂടാതെ സ്വദേശികളും വിദേശികളുമടക്കം പതിനായിരങ്ങൾ പങ്കെടുക്കുന്ന ലോക പ്രശസ്തമായ തൃശ്ശൂർ പൂരത്തിനു മുൻപ് നഗരം വൃത്തിയായിരിക്കേണ്ടത് അത്യാവശ്യമായതിനാലും, പൂരത്തിനു ശേഷം ഇതുമായി ബന്ധപ്പെട്ടുണ്ടായ മാലിന്യങ്ങളും നീക്കം ചെയ്യേണ്ടിവന്നു. ഈ സാഹചര്യത്തിലാണ് മാലിന്യം താൽക്കാലികമായി തമിഴ്നാട്ടിലേക്ക് കയറ്റി അയക്കേണ്ടിവന്നത്. ഇപ്പോൾ ഈ സാഹചര്യം നിലവിലില്ല. അതുകൊണ്ട് മാലിന്യം തമിഴ് നാട്ടിലേക്ക് കയറ്റി അയക്കുന്നില്ല.

| | | |
|---|---|---|
| | | |
| 3.1.5.16 | | എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.<br>1. ആലുവ :- കുടുംബശ്രീ, പ്രവർത്തകരെ നിയോഗിച്ച് പ്ലാസ്റ്റിക് |

വേർതിരിച്ച് ശേഖരിച്ചും നഗരസഭ സംവിധാനം വഴി നഗരസഭയ്ക്ക് പുറത്തേക്ക് നീക്കം ചെയ്തു വരുന്നു. പ്ലാസ്റ്റിക് വിരുദ്ധ പ്രചാരണ പ്രവർത്ത നങ്ങളും വിവിധ തലത്തിലുള്ള നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്നുണ്ട്. 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പന നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്.

2. **അങ്കമാലി** :- അങ്കമാലി നഗരസഭയിൽ 40 മൈക്രോണിൽ താഴെ ഘനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചിട്ടുള്ളതും ആയത് പരിശോധിക്കുന്നതിനായി ഹെൽത്ത് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, ആഴ്ചയിൽ രണ്ട് ദിവസം എല്ലാ വ്യാപാര സ്ഥാപനങ്ങളിലും മാർക്കറ്റിലും പരിശോധന നടത്തി ഉറപ്പ് വരുത്തുന്നതുമാണ്.

1. നഗരസഭ പ്രദേശത്ത് പ്ലാസ്റ്റിക് ഉൽപാദക യൂണിറ്റുകൾ ഒന്നുംതന്നെ ഇല്ല.
2. നഗരസഭയിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ റീസൈക്കിൾ ചെയ്യുന്നതിനായി പ്രൈവറ്റ് ഏജൻസികൾ കൊണ്ടു പോകുന്നു.
3. നഗരസഭ പ്രദേശത്ത് പ്ലാസ്റ്റിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

3. **ചങ്ങനാശ്ശേരി** :- പ്ലാസിറ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

4. **ചെങ്ങന്നൂർ** :- 27.12.11 ലെ സർക്കാർ ഉത്തരവിന്റെ (ജി.ഒ(എം.എസ്) നമ്പർ 323/2011/ എൽ.എസ്.ജി.ഡി) അടിസ്ഥാനത്തിൽ നിരോധിത പ്ലാസ്റ്റിക്കുകൾ വിൽക്കുന്ന വർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ പ്രതി മാസം ബഹു. സർക്കാരിന് അയച്ചു കൊടുത്തുവരുന്നതും പ്ലാസ്റ്റിക്കിന്റെ വിപത്ത് സംബ ന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീക രിച്ചുവരുന്നതും വാർഡ് സഭകൾ, കുടുംബശ്രീ പ്രവർത്തകർ എന്നീ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നതുമാണ്. ഇതു കൂടാതെ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം കുറക്കുന്നതിനായി പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ എന്നിവ കുടുംബശ്രീ മുഖേനയും ചെറുകിട വനിതാ സംരഭകർ എന്നിവരെ പ്രോത്സാ ഹിപ്പിക്കുന്നതിനായി വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ വെച്ച് നടപ്പിലാക്കുന്നതിന് നഗരസഭ ബഡ്ജറ്റ് വിഹിതം നീക്കിവെച്ചിട്ടുള്ളതുമാണ്. കൂടാതെ ഫ്ളെക്സുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ആവശ്യമായ ബോധവൽക്കരണ പരി പാടികൾ നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാ തെ 40 മൈക്രോണിൽ താഴെ യുള്ള പ്ലാസ്റ്റിക് ക്യാരി ബാഗു കളുടെ വിൽപ്പന തടയുന്നതി നായി തുടർച്ചയായി പരി ശോധന നടത്തിവരുന്നതും കുറ്റ

| | | |
|---|---|---|
| | | ക്കാർക്കെതിരെ ഫൈൻ ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br>5. **കൽപ്പറ്റ** :- കൽപ്പറ്റ നഗരസഭ 2014- ഒക്ടോബർ 2 ന് പ്ലാസ്റ്റിക് ശേഖരണ ദിനമായി ആചരിക്കുകയും, വാർഡ് തലത്തിൽ പ്ലാസ്റ്റിക്കുകൾ ശേഖരിക്കുകയും ക്ലീൻ കേരളക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ വാർഡ് തലത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദുഷ്യവശങ്ങളെ കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുകയും നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരിൽ നിന്നും ഡി & ഒ ലൈസൻസിനുള്ള അപേക്ഷ കൂടാതെ സർക്കാർ നിരോധിച്ച 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ കടകളിൽ സൂക്ഷിക്കുകയോ, വിൽപന നടത്തുകയോ ചെയ്യുന്നില്ല എന്നുള്ള സത്യവാങ്മൂലവും വാങ്ങുന്നുണ്ട്<br>6. **ഏലൂർ** :- 1) 40 മൈക്രോണിൽ താഴെ വില്പന നടത്തുന്ന പ്ലാസ്റ്റിക് ക്യാരി ബാഗ് പിടിച്ചെടുക്കുന്നു.<br>2)ക്ലീൻ കേരളാ കമ്പനിയുമായി സഹകരിച്ച് പ്ലാസ്റ്റിക് നീക്കം ചെയ്യുന്നു.<br>3)പി.സി.ബി. അനുമതിയോട് കൂടി ലൈസൻസ് അനുവദിക്കുന്നു.<br>7. **കാഞ്ഞങ്ങാട്** :- നഗരസഭപരിധിയിൽ 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം 01.10.2011 മുതൽ നിരോധിച്ചിട്ടുണ്ട്. നിയമം ലംഘിച്ച് വിൽപന നടത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.ശുചിത്വ മാസാചരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് വിപത്ത് ഉറവിട മാലിന്യ സംസ്കരണം സന്ദേശമടങ്ങിയ നോട്ടീസ് എല്ലാ വീടുകളിലും എത്തിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ ബോധവത്കരണ പരിപാടികളും നടത്തി വരുന്നുണ്ട്.<br>8. **കണ്ണൂർ** :- കണ്ണൂർ നഗരസഭയും കിസാൻ എന്ന സന്നദ്ധ സംഘടനയും കൂടി പ്ലാസ്റ്റിക്ക് ശേഖരണം നടത്തുന്നതിന് കണ്ണൂരിന്റെ ഹൃദയഭാഗത്ത് ഒരു ശേഖരണ കേന്ദ്രം സ്ഥാപിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി കയറ്റി അയക്കുകയും ചെയ്യുന്നുണ്ട്. 2014 നവംബർ 1 ന് കുടുംബശ്രീ പ്രവർത്തകർ വീട് വീടാന്തരം കയറി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പരിപാടി തയ്യാറാക്കിയിട്ടുണ്ട്.<br>9. **കരുനാഗപ്പള്ളി** :- പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ശരിയായ സംസ്കരണം നടപ്പാക്കാത്തതിനെപ്പറ്റി നഗരസഭാ കൗൺസിലിൽ ചർച്ച നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പ്ലാസ്റ്റിക്ക് മാലിന്യം തരംതിരിച്ച് വിൽക്കുന്നതിന് തീരുമാനിച്ചത്. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് |

കാരി ബാഗുകളുടെ വിപണനം പൂർണ്ണമായി നിരോധിക്കുകയും അനധികൃത പ്ലാസ്റ്റിക്ക് വിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതപ്പെടുത്തി വരുന്നു.

**10. കാസർകോട് :-** നഗരസഭയുടെ വിദ്യാനഗറിൽ പ്രവർത്തിക്കുന്ന ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ സ്വകാര്യ മേഖലയിൽ നിലവിൽ ഒരു പ്ലാസ്റ്റിക് സംഭരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. നഗരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭയുടെ മേൽനോട്ടത്തിൽ തന്നെ ശേഖരിച്ച് പ്ലാസ്റ്റിക് റീപ്രോസസിംഗ് യൂണിറ്റിൽ എത്തിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലും നഗരസഭ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. മാത്രമല്ല നഗരസഭ ആരോഗ്യ വിഭാഗം സ്ഥാപനങ്ങൾ റെയ്ഡ് നടത്തി സർക്കാർ നിരോധിച്ച 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുത്ത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഫൈൻ ഈടാക്കി വരുന്നുണ്ട്. മാത്രമല്ല സ്ഥാപനങ്ങളിൽ നേരിട്ട് ചെന്ന് ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

**11. കായംകുളം :-** കായംകുളം നഗരസഭയിൽ 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് കാരി ബാഗുകൾ നഗരത്തിൽ നിരോധിച്ചിട്ടുണ്ട്. കൂടാതെ 40 മൈക്രോണിലുള്ള കനമുള്ള പ്ലാസ്റ്റിക്ക് കാരിബാഗുകളുടെ കുറഞ്ഞ വില 5/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ വിൽക്കുന്നതും സൂക്ഷിക്കുന്നതും പിടിച്ചെടുക്കുന്നത് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി പിഴ ഈടാക്കുന്നുണ്ട്.

**12. കോഴിക്കോട് :-** കോഴിക്കോട് നഗരസഭയിലെ പ്ലാസ്റ്റിക് റിസൈക്ലിംഗ് യൂണിറ്റ് കാര്യക്ഷമമായിപ്രവർത്തിക്കുന്നുണ്ട് കൂടാതെപ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ നഗരസഭ ടണ്ടർ മുഖേന നീക്കം ചെയ്തു വരുന്നുണ്ട്.

**13. കൊടുങ്ങല്ലൂർ :-** പ്ലാസ്റ്റിക് സംസ്ക്കരിക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ നഗരസഭയിൽ ഇല്ലാത്തതാണ്. ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**14. കൊല്ലം :-** പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില നിശ്ചയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് സംബന്ധിച്ച തുടർനടപടി സ്വീകരിച്ചു വരുന്നു.

**15. കോതമംഗലം :-** നഗരസഭാ പരിധിയിൽ 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ നിരോധക്കപ്പെട്ടിരിക്കുന്നു. ആധുനിക

| | | |
|---|---|---|
| | | ഖരമാലിന്യ പ്ലാന്റിനോടനുബന്ധിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ട്.<br>**16. തൃശ്ശൂർ** :- പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ട് 2011 ജൂലൈ മുതൽ ഈ നഗരസഭയിൽ പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കി വരുന്നുണ്ട്. പേപ്പർ വേസ്റ്റ്, കുപ്പികൾ ഗ്ലാസ് വേസ്റ്റ്, പ്ലാസ്റ്റിക് തുടങ്ങിയ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 20 പ്രാദേശിക കളക്ഷൻ സെന്ററുകളും 3 പ്രാദേശികസംഭരണ കേന്ദ്രങ്ങളും 2 മെയിൻ സംഭരണ കേന്ദ്രങ്ങളും നഗരസഭയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.<br>**17. തിരുവല്ല** :- ഖരമാലിന്യ സംസ്ക്കരണത്തിന് പ്ലാസ്റ്റിക്കിന്റെ കടന്നുകയറ്റം തിരുവല്ല നഗരസഭയേയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ പ്ലാസ്റ്റിക് കവറിൽ കെട്ടി റോഡുവക്കിൽ വലിച്ചെറിയുന്നത് കാരണം മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കാൻ കഴിയാതെ വരുന്നു. ഇത്തരം നടപടികൾ ക്കെതിരെ നഗരസഭ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 2013 മുതൽ നഗരസഭയിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനർ ചംക്രമണ വിധേയമാക്കുന്ന ഏജൻസിയെ ഏല്പിച്ചുവരുന്നു. ആയത് വിജയപ്രദമായി നടന്നുവരുന്നു.<br>**18. പെരുമ്പാവൂർ** :- 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നഗരസഭയിൽ നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് നിരോധനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് കിറ്റുകൾ പിടിച്ചെടുക്കുകയും, പിടികൂടുന്ന കച്ചവട സ്ഥാപനങ്ങൾക്ക് ഫൈൻ ഈടാക്കുകയും ചെയ്തു വരുന്നു.<br>**19. തലശ്ശേരി** :- തലശ്ശേരി നഗരസഭയിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിന് 2013 നവമ്പർ 1 മുതൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ വിതരണം ചെയ്യുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരപരിധിയിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് കൊണ്ടുപോകുന്നതിന് ഒലിനൊ മഹിളാ സമാജം, കോഴിക്കോട് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**20. നെടുമങ്ങാട്** :- നഗരസഭ പ്ലാസ്റ്റിക് നിരോധിച്ച് ഉത്തരവിറക്കുകയും പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. |

**21. പുനലൂർ :-** 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗിന്റെ നിരോധനം തടയുന്നതിന്റെ ഭാഗമായി നഗരസഭ ഹെൽത്ത് സ്ക്വാഡ് നഗരസഭാ പിരിധിക്കുള്ളിലെ വിവിധ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കുകയും ചെയ്തു വരുന്നു എന്നുള്ള വിവരം റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

**22. പാലക്കാട് :-** പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് നഗരസഭ പ്രത്യേക ശേഖരണ കേന്ദ്രങ്ങൾ ആരംഭിച്ചു. എല്ലാ മാസവും 2,4 ശനിയാഴ്ചകളിൽ രാവിലെ 7 മുതൽ 12 വരെ ടി കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ കൈയ്യൊഴിയുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുക്കൽ, പിഴ ഈടാക്ക ൽ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു.

**23. തൊടുപുഴ :-** ബഹു:സർക്കാരിന്റെ G.O(M.S.)323/2011 L.S.G.D. പ്രകാരമുള്ള നിർദ്ദേശങ്ങൾ നഗരസഭയിൽ കാര്യക്ഷമമായ നടത്തി വരുന്നുണ്ടെങ്കിലും ദിനം പ്രതി ആയിര കണക്കിന് പേർ നിരവധി ആവശ്യങ്ങൾക്ക് നഗരത്തിൽ വന്നു പോകുന്നതിനാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി വർദ്ധിച്ച് വരുന്നത് നിയന്ത്രിക്കാനാകുന്നില്ല. പാതയോരങ്ങളിലും, സ്ഥാപനങ്ങളിലും വീടുകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി നഗരസഭ വെങ്ങല്ലൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന റീ സൈക്ലിംഗ് യൂണിറ്റ് പൊതുജന പ്രതിഷേധത്തെ തുടർന്ന് താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുന്നു. ഗാന്ധിജയന്തിദിനാചരണത്തോടനുബന്ധിച്ച് നഗരത്തിൽ നിന്നും ശേഖരിച്ച 2 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്.

**24. മലപ്പുറം :-** മലപ്പുറം നഗരസഭയിൽ മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കുടുംബശ്രീ പ്രവർത്തകർ സ്വകാര്യ ഏജൻസികൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കച്ചവട സ്ഥാപനങ്ങളിൽ റെയിഡ് ചെയ്ത് പിടിച്ചെടുക്കുകയും കുറ്റക്കാർക്ക് പിഴ ചുമത്തി വരികയും ചെയ്യുന്നുണ്ട്. നഗരസഭ പ്രദേശം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വ്യാപാരികൾ വീടുകൾ, ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രി അധികൃതർ എന്നിവരുടെ യോഗം വിളിച്ച് ബോധവൽക്കരണം നടത്തുകയും പ്ലാസ്റ്റിക് വിമുക്ത നഗരസഭയായി മാറ്റുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വഴി നഗരസഭ പ്രത്യേകമായി പ്ലാസ്റ്റിക് മാലിന്യ ശേഖരിക്കുന്നുണ്ട്. ഇത് ആഴ്ചയിൽ ഒരിക്കൽ തുടരുന്നതിനും

തീരുമാനിച്ചിട്ടുണ്ട്. നഗരസഭയിൽ പ്ലാസ്റ്റിക് ഷെഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**25. വർക്കല :-** 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപന നടത്തുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിയമനടപടി സ്വീകരിക്കുന്നു. 'അമൃതം ഗമയ' എന്ന പേരിൽ നഗരസഭ സമ്പൂർണ്ണ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനുവേണ്ടി പ്രോജക്ട് നടപ്പിലാക്കി വരുന്നു. തുണിസഞ്ചി ഉത്പാദനം നടത്തി വിതരണം ചെയ്യുന്നു. ക്യാരിബാഗുകൾക്കെതിരായുള്ള പ്രചാരണപരിപാടികൾ നടന്നു വരുന്നു. ബോധവത്ക്കരണപ്രവർത്തനത്തിൽ നോട്ടീസ്, മൈക്ക് അനൗൺസ്മെന്റ് , പരസ്യ ബോർഡുകൾ എന്നിവ അടിയന്തിരമായി നടപ്പിലാക്കുന്നതാണ്.

**26. നോർത്ത് പരവൂർ :-** പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നുണ്ട്. ഷ്രഡിംഗ് കഴിഞ്ഞ പ്ലാസ്റ്റിക് ആവശ്യാനുസരണം വിതരണത്തിന് തയ്യാറാണ്. പ്ലാസ്റ്റിക് ക്യാരി ബ്യാഗുകൾ നിയന്ത്രിക്കുന്നതിനായി കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. നഗരസഭാ പരിധിയിലെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു കൊണ്ടുപോകുന്നതിനായി പ്ലാൻ അറ്റ് എർത്ത് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിയ്ക്കുകയാണ്. കൂടാതെ ക്ലീൻ കേരള കമ്പനിയുടെ നിർദ്ദേശപ്രകാരവും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നു.

**27. കുന്നംകുളം :-** കുന്നംകുളം നഗരസഭ പ്രദേശത്ത് നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി ഇടവിട്ടുള്ള പരിശോധന നടത്തി വരുന്നുണ്ട്. തന്മൂലം നഗരപ്രദേശത്ത് ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നഗര മാലിന്യത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് കൈമാറുന്ന പ്രവർത്തനം നഗരസഭയിൽ ആരംഭിക്കുകയും ടി പ്രവർത്തനം ഒരു തുടർ പരിപാടിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് നഗരസഭ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബശ്രീ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

**28. മട്ടന്നൂർ :-** പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് ആയത് വാർഡ് തലത്തിൽ ശേഖരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ പരിധിയിൽ നിന്നും 2 ടൺ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് „ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവൃത്തി പൂർത്തിയാകുന്നതോടെ വാർഡുതലത്തിൽ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ വെച്ച് മാലിന്യം ഷ്രെഡ്ഡ് ചെയ്ത് റീസൈക്ലിംഗ് യൂണിറ്റുകൾക്ക്/

| | | |
|---|---|---|
| | | റോഡ് ടാറിംഗിന് കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br>**29. നിലമ്പൂർ :-** നഗരസഭാ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് നഗരസഭ ചുമതലപ്പെടുത്തിയ സ്വകാര്യ ഏജൻസിക്ക് കൈമാറുന്നുണ്ട്. പ്ലാസ്റ്റിക്ക് വിമുക്ത നഗരസഭയ്ക്കായി സന്ദേശ യാത്ര സംഘടിപ്പിക്കുകയും ബോധവൽകരണ ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| 3.1.6.1 | | **എല്ലാ നഗരസഭകളും മറുപടി ലഭ്യമാക്കേണ്ടതാണ്.**<br>1. **ആലുവ :-** ആശുപത്രി മാലിന്യങ്ങൾ, സ്ഥാപനങ്ങൾ തന്നെ സ്വന്തം നിലയ്ക്ക് ഇൻസിനറേറ്റർ തുടങ്ങിയവ സ്ഥാപിച്ച് സംസ്കരിക്കുന്നതിനും, ശേഷിക്കുന്നവ IMAGE തുടങ്ങിയ ഏജൻസികൾ വഴി സംസ്കരിക്കുന്നതിനും, പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന വിധത്തിൽ സംസ്ക്കരിച്ചു വരുന്നു.<br>2. **അങ്കമാലി :-** 1. അങ്കമാലി നഗരസഭയിൽ 4 സ്വകാര്യ ആശുപത്രികളും ഒരു ഗവൺമെന്റ് ഹോസ്പിറ്റലും ആണ് ഉള്ളത്. ഈ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ആശുപത്രി മാലിന്യങ്ങൾ ഇമേജ്, പാലക്കാട് ആണ് സംസ്ക്കരണത്തിനായി കൊണ്ടുപോകുന്നത്.<br>2. അങ്കമാലി നഗരസഭയിൽ ഇ-മാലിന്യങ്ങൾ വളരെ കുറവാണ് ഉണ്ടാകുന്നത്. അലക്ഷ്യമായി കാണപ്പെടുന്നവ നഗരസഭ ശേഖരിക്കുന്നു.<br>3. നിർമ്മാണ മേഖലയിൽ നിന്നുള്ള ഖരമാലിന്യങ്ങൾ നഗരസഭാ പ്രദേശത്ത് പാടം, തോട് എന്നിവയുടെ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഉപയോഗിച്ചു വരുന്നു. നഗരസഭയിൽ ഈ മാലിന്യങ്ങൾ കുറവായതിനാൽ കൈകാര്യം ചെയ്യേണ്ട ആവശ്യം വന്നിട്ടില്ലാത്തതാണ്.<br>3. **ചങ്ങനാശ്ശേരി :-** ആശുപത്രിമാലിന്യം അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ഇമേജുമായി കരാർ നൽകി സംസ്ക്കരിക്കുന്നു.<br>4. **ചെങ്ങന്നൂർ :-** ചെങ്ങന്നൂർ നഗരസഭയിലെ പ്രധാനപ്പെട്ട ആശുപത്രിയായ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2010 - 2011 മുതൽ മാലിന്യ സംസ്കരണത്തിനായി മൂലധന ചെലവിനത്തിലും പരിപാലന ചെലവിനത്തിലുമായി വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ച് ഇമേജ് എന്ന സ്ഥാപനം മുഖേന മാലിന്യ പരിപാലനത്തിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നഗരസഭാ പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. നഗരസഭാ പ്രദേശത്ത് സ്വകാര്യ ആശുപത്രികൾക്ക് പ്രവർത്തനാനുമതി നൽകുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഐ.എം.എ തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് പുതുക്കി നൽകാറുള്ളത്. മാലിന്യ സംസ്കരണം |

കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് നഗരസഭാ ഹെൽത്ത് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതും ഇത് സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുന്നപക്ഷം ടി വിഷയത്തിൽ കാര്യമായ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും ബഹു ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നതും പകർച്ച വ്യാധികൾക്കെതിരെ ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

5. കൽപ്പറ്റ :- കൽപ്പറ്റ നഗരസഭ പരിധിയിലുള്ള ആശുപത്രികൾമെഡിക്കൽ ലാബുകൾ എന്നിവയിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ ടി സ്ഥാപനങ്ങൾ ഇമേജുമായി സഹകരിച്ച് സംസ്കരിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്.

6. ഏലൂർ :- 1.ഐ.എം.എ. അധീനതയിലുള്ള ഇമേജ് മുഖേന മാലിന്യം കളക്ട് ചെയ്തു വരുന്ന ആശുപത്രികൾ , ക്ലിനിക്കുകൾ എന്നിവയുടെ രജിസ്ട്രേഷൻ പുതുക്കി വരുന്നു.

2.ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് വ്യവസായ ശാലകളിലെ ഇ വേയ്സ്റ്റ് നീക്കം ചെയ്യുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

3.പി.സി.ബി. യുടെ അനുമതി നിഷ്കർഷിച്ചു വരുന്നു.

പ്രധാനമായും ഈ നഗരസഭ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് സംവിധാനങ്ങൾ ഉള്ളതാണ്.

